റവ. ഫാ. ജി. ചേടിയത്ത്

# പാലസ്തീനയിലെ സന്ന്യാസികൾ

തിരുവനന്തപുരം

1994

www.malankaralibrary.com

റവ. ഫാ. ജി. ചേടിയത്ത്

# പലസ്തീനയിലെ സന്ന്യാസികൾ

സാബാസ്
യോഹന്നാൻ
കുറിയാക്കോസ്
തിയഡോഷ്യസ്
തെയോഗ്നിയുസ്
അബ്രാമിയുസ്

തിരുവനന്തപുരം

1994

www.malankaralibrary.com

G. CHEDIATH

**PALASTHINAYILE SANNYASIKAL**
(TRANSLATION)

A Publication of the St. Aloysius Seminary, Pattom
Thiruvananthapuram—695004.

First Edition 1994
Copyright: G. Chediath, 1994.
Price Rs. 20/-

Printed at: Bethany Press, Nedumangad.

www.malankaralibrary.com

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| | ആമുഖം | vi |
| I | വി. സാബാസിൻെറ ജീവചരിത്രം | 1 |
| | ആമുഖം | 1 |
| 1. | ജനനവും ബാല്യകാലവും | 2 |
| 2. | ഫ്ളാവിയാനേ ആശ്രമത്തിൽ | 3 |
| 3. | ആപ്പിളിൻെറ കഥ | 4 |
| 4. | താപസവൃത്തി | 5 |
| 5. | വിശ്വാസത്തിൻെറ തെളിവ് | 5 |
| 6. | ജറുസലേമിലേക്കുള്ള യാത്ര | 6 |
| 7. | എവുതീമിയസിൻെറ പക്കലേക്ക് | 7 |
| 8. | ആശ്രമത്തിലെ സുകൃതങ്ങൾ | 9 |
| 9. | അലക്സാന്ത്രിയായിലേക്കുള്ള യാത്ര | 9 |
| 10. | ഏകാന്തവാസി ആയിത്തീരുന്നു | 11 |
| 11. | എവുതീമിയസുമൊത്തു മരുഭൂമിയിൽ | 12 |
| 12. | മരുഭൂമിയിലെ പൈശാചിക പ്രലോഭനങ്ങൾ | 13 |
| 13. | നന്ദിയുള്ള അറബികൾ | 14 |
| 14. | അറബികളുടെ കടന്നാക്രമണം | 15 |
| 15. | ശീലോവാമിനടുത്തുള്ള ഗുഹയിൽ | 16 |
| 16. | ആദ്യശിഷ്യന്മാർ | 17 |
| 17. | ഉറവ കണ്ടെത്തൽ | 19 |
| 18. | ദൈവം നിർമ്മിച്ച ദേവാലയം | 20 |
| 19. | അദ്ദേഹം വൈദികനാകുന്നു | 22 |
| 20. | അർമേനിയർ ലൗറയിൽ | 24 |
| 21. | മെത്രാനായ യോഹന്നാൻ | 25 |
| 22. | ദീക്ഷ നഷ്ടപ്പെട്ട വിധം | 26 |
| 23. | ശിഷ്യനും സിംഹവും | 27 |
| 24. | സാബാസും ഏകാന്തവാസിയും | 28 |
| 25. | കുടുംബസ്വത്ത് | 29 |
| 26. | മേഘത്തിൻെറ അദ്ഭുതം | 30 |
| 27. | കന്യൊല്ലിയത്തെ സ്ഥാപനം | 30 |
| 28. | നോവീസസിൻെറ പരിശീലനം | 34 |
| 29. | സാബാസും തിയഡോഷ്യസും | 35 |
| 30. | ആർക്കിമൺട്രൈററുമാർ | 36 |
| 31. | വഴിയമ്പലങ്ങൾ സ്ഥാപിക്കുന്നു | 37 |
| 32. | പുതിയ പള്ളിയുടെ കൂദാശ | 38 |
| 33. | സിംഹത്തിൻെറ ഗുഹ | 40 |
| 34. | വിപ്രവാസത്തിലെ ശിഷ്യൻമാർ | 41 |

www.malankaralibrary.com

| | | |
|---|---|---|
| 35. | രണ്ടാം വിപ്രവാസം | 42 |
| 36. | പുതിയ ലൗറായുടെ സ്ഥാപനം | 45 |
| 37. | ഗുഹയിലെ ആശ്രമം | 49 |
| 38. | ഗോപുരത്തിലെ ആശ്രമം | 51 |
| 39. | യാക്കോബിന്റെ തന്നിഷ്ടവും സൗഖ്യവും | 53 |
| 40. | യാക്കോബും പയർതോരനും | 55 |
| 41. | യാക്കോബിന്റെ മരണം | 56 |
| 42. | സാന്നസ് ആശ്രമസ്ഥാപനം | 58 |
| 43. | അന്തീമൂസിന്റെ മരണം | 58 |
| 44. | അഫ്രോദീസിയൂസ് | 60 |
| 45. | ജറോൺസ്യൂസിന്റെ സൗഖ്യം | 62 |
| 46. | വീഞ്ഞിന്റെ അദ്ഭുതം | 63 |
| 47. | കണ്ണടക്കം | 64 |
| 48. | ചുരസ്ലായുടെ അദ്ഭുതം | 65 |
| 49. | സിംഹവും ഫ്ലാവിയൂസും കഴുതയും | 65 |
| 50. | കോൺസ്റ്റാന്റിനോപ്പിളിലേക്കുള്ള ദൗത്യം | 66 |
| 51. | അനസ്താസ്യൂസുമായുള്ള ആദ്യക്കൂടിക്കാഴ്ച | 69 |
| 52. | രണ്ടാം കൂടിക്കാഴ്ച | 71 |
| 53. | രാജസദസ്സിലെ സ്ത്രീകൾ | 73 |
| 54. | മൂന്നാം കൂടിക്കാഴ്ച | 73 |
| 55. | മടക്കയാത്ര | 76 |
| 56. | അസെഫലോയർക്കെതിരെ | 77 |
| 57. | ചക്രവർത്തിക്കുള്ള നിവേദനം | 82 |
| 58. | ക്ഷാമകാലത്തെ ആത്മധൈര്യം | 89 |
| 59. | ഗുഹസ്സടുത്തുള്ള ഇടയന്മാർ | 91 |
| 60. | ഏലിയാസിന്റെ മരണം | 92 |
| 61. | കേസറിയായിലും ഷിതോപ്പോളീസിലും | 94 |
| 62. | രക്തസ്രാവക്കാരി സ്ത്രീ | 95 |
| 63. | പിശാചു ബാധിച്ച പെൺകുട്ടി | 96 |
| 64. | ഉപവാസവും വിരുന്നും | 97 |
| 65. | സാബാസും തിയഡോഷ്യസും | 98 |
| 66. | ഗുഹയിലെ മഴയുടെ അദ്ഭുതം | 99 |
| 67. | വരൾച്ച അവസാനിക്കുന്നു | 100 |
| 68. | പാത്രിയർക്കീസിന്റെ സഹോദരി | 102 |
| 69. | ഷണ്ഡന്മാരുടെ ആശ്രമം | 103 |
| 70. | സമരിയാക്കാരുടെ ലഹള | 104 |
| 71. | ജസ്റ്റീനിയന്റെ കൊട്ടാരത്തിൽ | 106 |
| 72. | നിവേദനങ്ങൾ | 108 |
| 73. | ആവശ്യങ്ങൾ അംഗീകരിക്കപ്പെടുന്നു | 110 |
| 74. | തിരികെ പലസ്തീനയിലേക്ക് | 112 |
| 75. | ഷിതോപ്പോളീസിൽ | 114 |
| 76. | സാബാസിന്റെ മരണം | 116 |
| 77. | ശവസംസ്കാരം | 117 |
| 78. | വെള്ളിപ്പണിക്കാരന്റെ സാക്ഷ്യം | 118 |
| 79. | ബൂറിറായ് സഹോദരന്മാർക്ക് ദർശനം | 120 |
| 80. | തയ്യൽക്കാർക്ക് ദർശനം | 120 |
| 81. | ഒട്ടകത്തിന്റെ അദ്ഭുതം | 121 |

www.malankaralibrary.com

| | | |
|---|---|---|
| 82. | ഔക്സെൻസ്യസ് | 122 |
| 83. | വീണ്ടും ഒരിജനിസം | 123 |
| 84. | ഒരിജനിസ്ത്യർ പുതിയ ലൗറയിൽ | 125 |
| 85. | അവർക്കെതിരെ രാജകീയ വിളംബരം | 127 |
| 86. | വലിയ ലൗറയുടെ മേലുള്ള ആക്രമണം | 129 |
| 87. | ഒരിജനിസ്ത്യരുടെ വ്യർത്ഥവിജയം | 131 |
| 88. | കാസ്സിയൻ | 133 |
| 89. | ഒരിജനിസ്റ്റുകളുടെ ഇടയിലെ ശീശ്മ | 134 |
| 90. | കോൺസ്റ്റാൻറിനോപ്പിൾ സിനഡ് | 136 |

| | | |
|---|---|---|
| II | വി. യോഹന്നാൻെറ ജീവചരിത്രം | 139 |

| | | |
|---|---|---|
| 1. | ജനനവും മാതാപിതാക്കളും | 139 |
| 2. | ആശ്രമസ്ഥാപനം | 140 |
| 3. | കൊളോണിയാ മെത്രാനാകുന്നത് | 140 |
| 4. | കോൺസ്റ്റാൻറിനോപ്പിളിലേക്കുള്ള യാത്ര | 142 |
| 5. | വലിയ ലൗറയിൽ പ്രവേശിക്കുന്നു | 143 |
| 6–7. | ആദ്യത്തെ സന്ന്യാസജോലികൾ | 144 |
| 8–10. | മെത്രാൻസ്ഥാനം രഹസ്യമായിരിക്കുന്നു | 146 |
| 11. | റൂബാ മരുഭൂമിയിലേക്ക് പിൻവാങ്ങുന്നു | 148 |
| 12. | അദ്ഭുതകരമായ പരിപാലന | 149 |
| 13. | അറബികളുടെ കടന്നാക്രമണം | 151 |
| 14-15. | അവൻെറ നില വെളിപ്പെടുന്നു. | 152 |
| 16–17. | സാബാസിൻെറ മരണം | 154 |
| 18.19. | ശിഷ്യന്മാർ പറഞ്ഞ കഥകൾ | 155 |
| 20. | ഗ്രന്ഥകാരൻ യോഹന്നാൻെറ പക്കൽ | 156 |
| 21–22. | പിശാചിനെ പുറത്താക്കൽ | 158 |
| 23–24. | ബസിലീനായും അനന്തിരവനും | 159 |
| 25–26. | അത്തിമരത്തിൻെറ അദ്ഭുതം | 161 |
| 27–28. | സമാപനം | 162 |
| | അനുബന്ധം | 164 |

| | | |
|---|---|---|
| III | ആബാ കുറിയാക്കോസിൻെറ ജീവചരിത്രം | 165 |
| IV | വി. തിയഡോഷ്യസിൻെറ ജീവചരിത്രം | 183 |
| V | തെയോഗ്നിയൂസ് മെത്രാൻെറ ജീവചരിത്രം | 190 |
| VI | അബ്രാമിയൂസിൻെറ ജീവചരിത്രം | 193 |


www.malankaralibrary.com

# ആമുഖം

ഷിതോപ്പൊളീസിലെ സിറിം (+558) പലസ്തീനയിലെ സന്യാസികളുടെ ഏഴ് ജീവചരിത്രങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ഒന്നാമത്തേത് വി. എവുതീമിയസിൻേറതും രണ്ടാമത്തേത് വി. സാബാസിൻേറതുമാണ്. സാമാന്യം വിശദമായ ജീവചരിത്രങ്ങളാണ് ഇവ രണ്ടും. പലസ്തീനിയൻ സന്യാസത്തിലെ ഉജ്ജ്വലതാരങ്ങളും വലിയ പിതാക്കന്മാരുമാണ് എവുതീമിയസും സാബാസും. അവർ വെട്ടിത്തുറന്ന പാതയിലൂടെ നടന്നവരാണ് മററ് പലസ്തീനിയൻ സന്യാസ പിതാക്കന്മാരൊക്കെത്തന്നെ. വി. എവുതീമിയസിൻെറ ജീവചരിത്രം ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട് (1994). ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിൻെറ ഏറിയ പങ്കും വി. സാബാസിൻെറ ജീവചരിത്രമാണ് (പേജ് 1—138).

വി. യോഹന്നാൻ (പേജ് 139—164), ആബാ കുറിയാക്കോസ് (165—182), വി. തിയഡോഷ്യസ് (183—189) തെയോഗ്നിയൂസ് മെത്രാൻ (190—192), അബ്രാമിയൂസ് മെത്രാൻ (193—200) എന്നിങ്ങനെ അഞ്ചു് സന്യാസ പിതാക്കന്മാരുടെ ലഘു ജീവചരിത്രമാണ് ഈ ഗ്രന്ഥത്തിലെ തുടർന്നുള്ള പേജുകളിൽ കാണുക.

പലസ്തീനിയൻ സന്യാസത്തെപ്പററിയും സിറിലിനെ പററിയും ഒക്കെ എവുതീമിയസിൻെറ ജീവചരിത്രത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിലേക്ക് വായനക്കാരുടെ ശ്രദ്ധ തിരിച്ചുകൊള്ളട്ടെ (പേജ് V—IX). ഒരു കേന്ദ്രഭവനവും പള്ളിയും അതിനുചുററും പരിമിതമായ പരസ്പരബന്ധമുള്ള സന്യാസികളും ഉൾപ്പെടുന്ന താപസരീതിക്ക് ലൗറ എന്ന പേരു് പലസ്തീനയിൽ ഉടലെടുത്തു. ആഴ്ചയുടെ അവസാനം മാത്രം സന്യാസികൾ കേന്ദ്രഭവനത്തിൽ ഒന്നിച്ചു കൂടിയിരുന്നു. ആരാധനയ്ക്കും ഒന്നിച്ചുള്ള ഭക്ഷണത്തിനുമാണ് പ്രധാനമായി അവർ ഒന്നിച്ചു വന്നതു്. സാബാസിൻെറ വലിയ ലൗറായും പുതിയ ലൗറായും പലസ്തീനയിലെ പ്രശസ്താശ്രമങ്ങളായിരുന്നു.

www.malankaralibrary.com

''പലസ്തീനയിലെ സന്ന്യാസികഠം'' മലയാളത്തിൽ ആദ്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നതു്, ഇതിനാധാരമായി ഉപയോഗിച്ചിരിക്കുന്നതു് ''Cyril of Scythopolis, The Lives of the Monks of Palestine, by R. M. Price, (Cistercian Publications, Kalamazoo, Michigan, 1991, P. 93—280). മലയാള വിവർത്തനത്തിന്റെ കൈയെഴുത്തു പ്രതി സസൂക്ഷ്മം വായിച്ച് തിരുത്തിത്തന്ന ബ. ബേഥേൽ ഫിലിപ്പ് സാറിനു് (നാലാഞ്ചിറ) കൃതജ്ഞതയുടെ കൂപ്പുകൈ.

സന്ന്യാസ ചരിത്രം സംബന്ധിച്ച് പല്ലാഡിയൂസ് രചിച്ച **ലൗസിയാക് ചരിത്രം,** വി. അത്തനേഷ്യസ് രചിച്ച **വി. ആൻറണിയുടെ ജീവചരിത്രം,** തിയഡൊറെറ്റ് രചിച്ച **സിറിയൻ സന്ന്യാസചരിത്രം** എന്നിവ നേരത്തെ തന്നെ മലയാളത്തിൽ പ്രചരിച്ചിരുന്നല്ലോ. ഈ കൃതികളുടെ തുടർച്ചയാണ് ഇപ്പോഠം പ്രസിദ്ധീകരിക്കുന്ന ''പലസ്തീനയിലെ സന്ന്യാസികഠം.'' ഈ കൃതി ബഹുജനസമക്ഷം ഭക്ത്യാദരപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം, ഫാ. ജി. ചേടിയത്ത്
10—10—1994.

www.malankaralibrary.com

## പുതിയ പുസ്തകങ്ങൾ

### ജി. ചേടിയത്ത്

1. കേരളത്തിലെ ക്രൈസ്തവസഭകൾ
(മൂന്നാം പതിപ്പ്) P. XVI+464, Rs. 45/-
2. യഹോവാസാക്ഷികൾ
3. ശിശുസ്നാനം വേദാനുസൃതം
4. ത്രിയേകദൈവം
(ബഥനി പ്രസിദ്ധീകരണം)
5. മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ,
(രണ്ടാം പതിപ്പ്) 1992, P. 160. Rs. 15/-
6. ആദിമസഭാപിതാക്കന്മാർ, 1993, P. 356, Rs. 30/-
(രണ്ടാം പതിപ്പ്)
7. ഹെർമാസിന്റെ ഇടയൻ
(രണ്ടാം പതിപ്പ്) 1992, P. 144, Rs. 15/-
8. മലങ്കരസഭാചരിത്രം, (ഒന്നാം ഭാഗം) 1994, 92, Rs. 10/-
9. ആദിമസഭയുടെ സന്ദേശം
(മൂന്നാം പതിപ്പ്), 1994, P. 24+326, Rs. 30/-
10. വിശുദ്ധ എവുതീമിയസിന്റെ ജീവചരിത്രം, P.10+90
1994, Rs. 10/-
11. പലസ്തീനയിലെ സന്ന്യാസികൾ, P. 8+200,
1994, Rs. 20/-

---

കോപ്പികൾക്ക്:

1. *പൗരസ്ത്യ വിദ്യാപീഠം പി. ബി. 1, വടവാതൂർ, കോട്ടയം. 686010.*
2. *സെൻറ് അലോഷ്യസ് സെമിനരി, പട്ടം, തിരുവനന്തപുരം, 695004.*

www.malankaralibrary.com

# നമ്മുടെ പിതാവായ വിശുദ്ധ സാബാസിൻെറ ജീവചരിത്രം

## ആമുഖം

നമ്മുടെ കർത്താവേശുമിശിഹായുടെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. നമ്മുടെ വിശുദ്ധപിതാക്കന്മാരും മുൻഗാമികളുമായ എവുതീമിയസിൻെറയും സാബാസിൻെയും ദൈവത്തിനു പ്രീതികരമായ ജീവചരിത്രങ്ങൾ രേഖപ്പെടുത്തി അങ്ങേയ്ക്കയയ്ക്കുവാൻ എൻെറ നിസ്സാരതയെ നിർദ്ദേശിക്കാൻ അങ്ങയുടെ സുകൃതപരിപൂർണ്ണതയെ അവിടുന്നു പ്രേരിപ്പിച്ചു. അതുപോലെ തൻെറ അവാച്യകരുണയാൽ, അവരുടെ മാധ്യസ്ഥ്യം വഴി, അത്തരം പ്രയോജനപ്രദമായ നിർദ്ദേശങ്ങൾ പൂർത്തിയാക്കാനായി എൻെറ വായ് തുറക്കാൻ എൻെറ നികൃഷ്ടാവസ്ഥയിൽ അല്പം വാഗ്‌വിലാസം എന്നിൽ ഉത്തേജിപ്പിച്ചു.

ബഹുമാന്യപിതാവായ എവുതീമിയസിനെപ്പററി അദ്ദേഹത്തിൻെറ ആത്മാവിൻെറ മഹത്വത്തിനു് അനർഹമായ രീതിയിൽ ഞാൻ കുറേ നിസ്സാരസംഗതികൾ പറഞ്ഞുകഴിഞ്ഞു. എന്തുകൊണ്ടെന്നാൽ ദൈവത്തിങ്കലേക്കു് അദ്ദേഹം പുറപ്പെട്ടിട്ട് എൺപതു വർഷങ്ങൾ കഴിഞ്ഞതിനാൽ എനിക്കു് കൂടുതൽ ഒന്നും കണ്ടെത്താൻ സാധിച്ചില്ല; ഈ കുറേ കാര്യങ്ങളാകട്ടെ ഞാൻ അവിടെയും ഇവിടെയും ഓടിനടന്നു് ശേഖരിച്ച് പ്രയാസപ്പെട്ടു് കൂട്ടിച്ചേർത്തതാണു്. അദ്ദേഹത്തെപ്പററിയുള്ള മാതൃകാപരമായ സംഭവകഥകൾ കാലപ്പഴക്കത്തിൽ മറഞ്ഞുപോകാതിരിക്കാൻ വിദൂര കാലത്തിൻെറയും വിസ്‌മൃതിയുടെയും ഏതോ ആഴത്തിൽ നിന്നു് അവയെ രക്ഷിച്ചെടുത്താൽ എന്നവണ്ണം ഞാൻ അവതരിപ്പിച്ചു. എന്നാലിപ്പോൾ അങ്ങയുടെ നിർദ്ദേശങ്ങളുടെ ബാക്കിഭാഗം പൂർത്തിയാക്കാനും നമ്മുടെ വിഖ്യാതപിതാവായ സാബാസിനെപ്പററി കുറേ കാര്യങ്ങൾ രേഖപ്പെടുത്താനും അനുയോജ്യമായ നാഴിക ഇതാ സമാഗതമായിരിക്കുന്നു.

www.malankaralibrary.com

അദ്ദേഹത്തിൻെറ ശിഷ്യരും സഹപോരാളികളും ഇന്നു വരെ അദ്ദേഹത്തിൻെറ ജീവിതത്തെ അനുകരിക്കുന്നവരും ദൈവത്തിലേയ്ക്കുള്ള നമ്മുടെ പാതയെ പ്രകാശിപ്പിക്കുന്നവരും സത്യസന്ധരുമായ ഭക്തജനങ്ങളിൽ നിന്നു്, ശ്രദ്ധാപൂർവ്വം പണിപ്പെട്ടു് ശേഖരിച്ചിട്ടുള്ളതാണിവ. എൻെറ മുൻകൃതിയിൽ തന്നെ ഇതു ചേർക്കുവാൻ ഞാൻ നിശ്ചയിച്ചതാണു്. എൻെറ അയോഗ്യതയെക്കുറിച്ചും വിദ്യാഭ്യാസക്കുറവിനെക്കുറിച്ചും ഞാൻ തികച്ചും ബോധവാനാണു്. എന്നാൽ അവയെല്ലാം അതീതമായ കാര്യങ്ങളിലാണു് ഞാൻ കൈവച്ചിരിക്കുന്നതു്. മനസ്സിൻെറ അഹന്തകൊണ്ടല്ല, പിന്നെയോ, അനുസരണ രാഹിത്യം എന്ന അപകടത്തെ ഭയക്കുന്നതുകൊണ്ടും "ദുഷ്ടനും മടിയനുമായ ഭൃത്യാ, നീ എൻെറ താലന്തു് പണമിടപാടുകാരെ ഏല്പിക്കേണ്ടതായിരുന്നു" എന്ന ഭീകരമായ ന്യായവിധിയെപ്പററി ചിന്തിക്കുന്നതുകൊണ്ടും മാത്രമാണു്.

അതുകൊണ്ടു് ബലഹീനനായ എൻെറ നികൃഷ്ടജീവിതത്തിനും നിരവധിയായ പാപങ്ങൾക്കും മാപ്പുതരുന്നതിനു വേണ്ടി നാഥനായ മിശിഹായോടു് അപേക്ഷിക്കണമെന്നു് അതിശ്രേഷ്ഠപിതാവു മക്കളോടു് ഏററം വാത്സല്യം കാട്ടുന്നവനമായ പരിശുദ്ധപിതാവു് ഗീവർഗീസിനോടും ഈ ക്ലേശകരമായ കൃതി വായിക്കുന്ന അനുവാചകരോടും ഞാൻ ഒന്നാമതായി യാചിക്കുന്നു. രണ്ടാമതായി, ഞാൻ പറഞ്ഞിട്ടുള്ളവയെയും പറയാൻ പോകുന്നവയെയും അവിശ്വസിക്കരുതെന്നും അഭ്യർത്ഥിക്കുന്നു. ഈ കാര്യങ്ങളുടെ നിജസ്ഥിതിയെപ്പററി സൂക്ഷ്മമായ അന്വേഷണം നടത്താനായി അതുകൊണ്ടാണു് സമയം, സ്ഥലം, ആളുകൾ, പേരുകൾ എന്നിവ സംബന്ധിച്ചു് ഞാൻ കൃത്യമായ വിശദാംശങ്ങൾ കുറിച്ചതു്. ദൈവത്തിൻെറ സഹായത്തിലും തുണയിലും തുടർന്നും ആശ്രയിച്ചുകൊണ്ടു് സാബാസിനെപ്പററിയുള്ള എൻെറ വിവരണം ഞാൻ ആരംഭിക്കുന്നു.

## 1. ജനനവും ബാല്യകാലവും [1]

സ്വർഗ്ഗീയ പിതൃനഗരത്തിലെ പൗരനായിത്തീർന്ന സാബാസ് കപ്പഡോഷ്യാ രാജ്യത്തിലെ, കേസറിയാ മെത്രോപ്പോലീ

1. എവുതീമിയസിൻെറ ജീവചരിത്രത്തിനു മാത്രമേ ഗ്രീക്കുകൈയെഴുത്തുപ്രതികളിൽ തലക്കെട്ടുള്ളു. ഇതും തുടർന്നുള്ള തലക്കെട്ടുകളും വിവർത്തനത്തിൽ കൂട്ടിച്ചേർത്തതാണു്.

www.malankaralibrary.com

സിന്റെ വിധേയമായി മുതലസ്സാ ഗ്രാമവാസിയായിരുന്നു. വളരെ ചെറുതും അപ്രധാനവുമായ ഒരു ഗ്രാമം. അതിനാൽ മുമ്പ് ആരും കേട്ടിരിക്കയില്ല. എന്നാൽ ഈ പുണ്യപുരുഷൻമൂലം അവിടം സുപ്രസിദ്ധമായിത്തീന്നു. ആദ്യം അപ്രധാനവും ഗർഹണീയവുമായ റാമാതെം, ദൈവത്തിനു സമപ്പിക്കപ്പെട്ട ശാമുവേലിന്റെ ജന്മം നല്കിയതുമുതൽ വിഖ്യാതമായിത്തീന്നതുപോലെയാണിത്. സാബാസിന്റെ ജീവിതകാലഘട്ടം വളരെ കൃത്യമായി നമുക്കറിയാവുന്നതാണ്. തിയഡോഷ്യസിന്റെ പതിനേഴാം കോൺസുളേററുകാലത്ത്, പ്രശസ്ത ക്രിസ്തീയ മാതാപിതാക്കളായ ജോണിൽനിന്നും സോഫിയായിൽനിന്നും അദ്ദേഹം ജനിച്ചു. അധികം താമസിയാതെ ഇസൗറിയൻ റെജിമെൻറിൽ അലക്സാണ്ഡ്രിയയിൽ ജോലി ചെയ്യാനായി അദ്ദേഹത്തിന്റെ പിതാവ് നിയമിതനായപ്പോൾ ഭാര്യയോടുകൂടി കപ്പഡോഷ്യയിൽ നിന്ന് അലക്സാണ്ഡ്രിയായിലേയ്ക്കു പോയി. ഏതാണ്ട് അഞ്ചു വയസ്സുള്ള ഈ കുട്ടിയെ, ദൈവിക പരിപാലനയിൽ മുതലസ്സാ ഗ്രാമത്തിലെ തങ്ങളുടെ ഭവനത്തിൽ മാതൃസഹോദരനായ ഹെർമിയാസിന്റെകൂടെ വിട്ടു. അയാളുടെ ഭാര്യയുടെ ദുശ്ശീലം നിമിത്തം അസന്തുഷ്ടനായ കുട്ടി മൂന്നു മൈലകലെ സ്കാൻഡൂസ് എന്ന ഗ്രാമത്തിൽ പാത്തിരുന്ന പിതൃസഹോദരന്റെ പക്കലേക്ക് ഓടിപ്പോയി.

## 2. ഫ്ളാവിയാനേ ആശ്രമത്തിൽ പ്രവേശനം

അധികം താമസിയാതെ,[2] തന്റെ പിതൃസഹോദരന്മാരായ ഹെർമിയാസും, ഗ്രിഗറിയും തന്റെ പേരിലും തന്റെ പിതാവിന്റെ വസ്തുക്കളുടെ പേരിലും കലഹിക്കുന്നതു കണ്ടപ്പോൾ വലിയ ജറമിയാ പ്രവാചകനെപ്പോലെ ജനനത്തിനു മുമ്പേ ദൈവത്താൽ അറിയപ്പെട്ടുകയും ഗർഭപാത്രത്തിൽ വച്ചു തന്നെ വേർതിരിക്കപ്പെട്ടുകയും ചെയ്തിരുന്ന സാബാസാകട്ടെ ഈ ലോകവസ്തുക്കളെ ഒന്നൊഴിയാതെ നിന്ദിച്ചുകൊണ്ട്, ഫ്ളാവിയാനേ ആശ്രമത്തിൽ അഭയംതേടി. അത് മുതലസ്സാ ഗ്രാമത്തിൽ നിന്ന് ഇരുപത് സ്റ്റേഡിയാ ദൂരത്തിൽ ആയിരുന്നു. ആക്കിമൺഡ്റൈററ് അവരെ സ്വീകരിച്ച് അവിടത്തെ സമൂ

2. എട്ടാം വയസ്സിലാണ് ഇതു നടന്നതു്

www.malankaralibrary.com

ഹത്തിൽ പേരു് റജിസ്റ്റർ ചെയ്തു. സന്ന്യാസജീവിതത്തിൽ കൃത്യമായ ഒരു പരിശീലനം അവിടെ കിട്ടി. ചുരുങ്ങിയ സമയത്തിനുള്ളിൽ സങ്കീർത്തനവും സന്ന്യാസ നിയമങ്ങളും അഭ്യസിച്ചു. മേല്പറഞ്ഞ പിതൃസഹോദരൻ മറ്റെയാളുമായി ധാരണയിലെത്തിയിട്ടു്, ആശ്രമം ഉപേക്ഷിക്കാൻ നിരന്തരമായി സാബാസിനെ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. തന്റെ പിതാവിന്റെ സ്വത്തുക്കളുടെ ചുമതല ഏറ്റെടുക്കണം; വിവാഹം കഴിക്കണം എന്നൊക്കെയായിരുന്നു പറഞ്ഞുകൊണ്ടിരുന്നതു്. എന്നാൽ ദൈവസംരക്ഷിതനായി, ഈ ലോകത്തിന്റെ ഇളകിമറിയലിനേക്കാൾ, ദൈവഭവനത്തിൽ പാവപ്പെട്ടവനായി കഴിയാനാണു് സാബാസ് ഇഷ്ടപ്പെട്ടതു്. തത്ഫലമായി, ഈ വിശുദ്ധ ജീവിതപന്ഥാവിൽ നിന്നു് വിട്ടുപോകാൻ അവൻ അല്പംപോലും മനസ്സു കാണിച്ചില്ല. കർത്താവു തന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതു് അവൻ അനുസ്മരിച്ചു: ''കലപ്പയിൽ തന്റെ കൈവച്ചിട്ടു് പിൻതിരിഞ്ഞു നോക്കുന്നവൻ ദൈവരാജ്യത്തിനു് അർഹനല്ല'' (ലൂ. 9:62). അവൻ താഴെപ്പറയുംവിധം ചിന്തിച്ചു: ''കർത്തൃപാത ഉപേക്ഷിക്കണമെന്നു് എന്നെ ഉപദേശിക്കുന്നവരിൽ നിന്നു്, സർപ്പങ്ങളിൽ നിന്നെന്നവണ്ണം ഞാൻ ഓടിയകലണം; എന്തുകൊണ്ടെന്നാൽ നിരന്തരമായ സമ്മർദ്ദംകൊണ്ടു് ഞാൻ ബലഹീനനായിത്തീരുകയും ''നിന്റെ കല്പനകളിൽ നിന്നു് വിട്ടകലുന്നവർ ശപിക്കപ്പെട്ടവരാകട്ടെ'' എന്നു് പ്രവാചകൻ പറഞ്ഞ ശാപം (സങ്കീ. 118:21) ഏല്ക്കുകയും ചെയ്യുമോ എന്നു ഞാൻ ഭയപ്പെടുന്നു''. ശൈശവം മുതൽ ഈ രീതിയിൽ സാബാസ് ഭക്തിയെ സ്നേഹിച്ചിരുന്നു.

## 3. ആപ്പിൾ വേണ്ടെന്നു വയ്ക്കുന്നു

ഒരിക്കൽ സാബാസ് ആശ്രമത്തിലെ ഉദ്യാനത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഫലകാലത്തിനു മുമ്പുതന്നെ പാകമായ വിശേഷപ്പെട്ട ഒരാപ്പിൾ കണ്ടപ്പോൾ അതുതിന്നണമെന്ന തീവ്രമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായി. വികാരതീവ്രതയാൽ മരത്തിൽനിന്നു് ആ ആപ്പിൾ അദ്ദേഹം പറിച്ചു. എന്നാൽ വിചിന്തനഫലമായി അദ്ദേഹം തന്നെത്തന്നെ കീഴടക്കി. താഴെപ്പറയുന്ന രീതിയിൽ തനിക്കുതന്നെ ഒരു ഭക്തോപദേശം നൽകി: ''ആത്മാവിലൂടെ എനിക്കു മരണം വരുത്തിവച്ച പഴം കാഴ്ചയ്ക്കു് മനോഹരവും ഭക്ഷിക്കാൻ പാകവു

www.malankaralibrary.com

മായിരുന്നു. ബൗദ്ധിക സൗന്ദര്യത്തേക്കാറം ശാരീരകനയനങ്ങൾക്കാകർഷകമായതു് അവൻ ഇഷ്ടപ്പെട്ടു. ആത്മീക സന്തോഷത്തേക്കാറം വയറു നിറയ്ക്കുന്നതു് അവൻ തെരഞ്ഞെടുത്തു. അതിൻെറ ഫലമായി മരണം ലോകത്തിൽ പ്രവേശിച്ചു. എന്നാൽ ഞാൻ ആത്മീകമന്ദതയാൽ കീഴമർത്തപ്പെടാനും സ്വയം നിഗ്രഹത്തിൻെറ സൗന്ദര്യത്തിൽ നിന്നു് പിന്തിരിയാനും പാടില്ല. ഫലത്തിനു മുൻപു് പുഷ്പം എന്ന പോലെ എല്ലാ സൽപ്രവൃത്തികൾക്കും മുൻപു് സ്വയംനിഗ്രഹം ഉണ്ടു്.''— ഈ വിചിന്തനശക്തിയാൽ അവൻ തൻെറ ആഗ്രഹത്തെ കീഴമർത്തിയതോടൊപ്പം ആ ആപ്പിൾ താഴെയിട്ടു് ചവിട്ടിയരച്ചു. മരണം വരെ ആപ്പിൾ തിന്നുകയില്ലെന്നു് ആ നിമിഷം അവൻ ദൃഢപ്രതിജ്ഞചെയ്തു.

## 4. താപസവൃത്തി

ഇതുമുതൽ, ഉന്നതത്തിൽ നിന്നു് ശക്തി സ്വീകരിച്ചുകൊണ്ടു്, അശുദ്ധവിചാരങ്ങളെ കീഴമർത്തിക്കൊണ്ടും നിദ്രാഭാരത്തെ ജയിച്ചുകൊണ്ടും അവൻ സ്വയംനിഗ്രഹം അഭ്യസിച്ചു. ''എൻെറ എളിമപ്പെടുത്തലും അധ്വാനവും കണ്ടു് എൻെറ പാപങ്ങളെല്ലാം പൊറുക്കണമെ'' എന്നു് ദാവീദ് പാടിയ സങ്കീർത്തനം ഓർത്തുകൊണ്ടു് സ്വയംനിഗ്രഹത്തിനു പുറമെ അവൻ ശാരീരികാധ്വാനത്തിലും ഏർപ്പെട്ടു. അങ്ങനെ, ഉപവാസത്തിലൂടെ ആത്മാവിനെ എളിമപ്പെടുത്തുന്നതിലും, കഠിനാധ്വാനത്തിലൂടെ ശരീരത്തെ മെരുക്കുന്നതിലും, പരിപൂർണ്ണമായ തീക്ഷ്ണതയും ശുശ്രൂഷാന്തിയും കാണിച്ചു. അദ്ദേഹത്തിൻെറ കൂടെ അവിടെ ഫ്ളാവിയാനെ ആശ്രമത്തിൽ അറുപതോ എഴുപതോ സഹപോരാളികൾ ഉണ്ടായിരുന്നെങ്കിലും വിനയത്തിലും അനുസരണത്തിലും ഭക്തകൃത്യങ്ങളിലും അവൻ അവരെയെല്ലാം പിന്നിലാക്കി.

## 5. അവൻെറ വിശ്വാസത്തിൻെറ തെളിവ്

അവൻെറ ബാല്യകാലത്തെ താപസപോരാട്ടങ്ങളെപ്പറ്റിയുള്ള കഥകളിൽ താഴെപ്പറയുന്നതും ഉൾപ്പെടുന്നു. തണുപ്പുകാലത്തു്, ആശ്രമത്തിലെ റൊട്ടിക്കാരൻ, സൂര്യപ്രകാശമില്ലാത്തതിനാൽ, തൻെറ നനഞ്ഞവസ്ത്രങ്ങൾ ഉണക്കാൻ റൊട്ടിച്ചൂളയുടെ അകത്തു് വിരിച്ചിട്ടിരുന്നു. അവൻ അതേപ്പറ്റി പാടേ

www.malankaralibrary.com

മറന്നുപോയി. ഒരു ദിവസം കഴിഞ്ഞു് റൊട്ടി തീർന്നുപോയതിനാൽ ചില പിതാക്കന്മാർ റൊട്ടി ഉണ്ടാക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ സാബാസും ഉണ്ടായിരുന്നു. അവർ ചൂളയ്ക്കു് തീകൊടുത്തപ്പോഴാണു് തന്റെ വസ്ത്രങ്ങളെപ്പററി റൊട്ടിക്കാരൻ ഓർത്തതു്. ആ റൊട്ടിച്ചൂള വലുതായിരുന്നു. തീ വളരെ ശക്തിയായി കത്തിക്കൊണ്ടിരുന്നു. ഞാൻ പറഞ്ഞതുപോലെ പൂർണമായി തീ പിടിപ്പിച്ചതിനാൽ അതിനുള്ളിൽ കടക്കാൻ ആരും ധൈര്യപ്പെട്ടില്ല. അതുകൊണ്ടു് റൊട്ടിക്കാരനു് വലിയ ദുഃഖമുണ്ടായി. സാബാസ് അചഞ്ചല വിശ്വാസത്താൽ ശക്തിധരിച്ചുകൊണ്ടും കുരിശടയാളത്താൽ തന്നെത്തന്നെ ആയുധം ധരിപ്പിച്ചുകൊണ്ടും ചൂളയിലേക്കു കുതിച്ചു; തുണിയുമെടുത്തുകൊണ്ടു് കേടുകൂടാതെ പുറത്തുവന്നു. ഈ അസാധാരണമായ അത്ഭുതം കണ്ടു് പിതാക്കന്മാർ ആശ്ചര്യഭരിതരായി. ''ബാല്യത്തിൽത്തന്നെ ഇത്തരം കൃപ ലഭിച്ച ഈ കുട്ടി ആരായിത്തീരും?'' എന്നു് ദൈവത്തിനു് കൃതജ്ഞതയർപ്പിച്ചുകൊണ്ടു് അവർ പറഞ്ഞു. അവന്റെ ബന്ധുവായ ഗ്രിഗറി എന്ന വൈദികനിൽ നിന്നാണു് ഞാൻ ഈ കഥ കേട്ടതു്. ബാല്യം മുതലേ വിശ്വാസത്തിലും ധാരണാശക്തിയിലും ഉന്നത സുകൃതങ്ങളിലും ഈ കുട്ടി എത്രമാത്രം മികച്ചവനായിരുന്നു എന്നു വായനക്കാരെ ഗ്രഹിപ്പിക്കാനാണു് ഞാനീ കഥ പറഞ്ഞതു്.

## 6. അവൻ ജറുസലേമിലേക്കു പോകുന്നു

മഹത്വത്തിൽ നിന്നു മഹത്വത്തിലേക്കു പുരോഗമിക്കാനുള്ള താൽപര്യംകൊണ്ടും ഔന്നത്യത്തിനുള്ള പദ്ധതികൾ മനസ്സിൽ ആസൂത്രണം ചെയ്തുകൊണ്ടും, ആശ്രമത്തിൽ പത്തുവർഷം പൂർത്തിയാക്കിയിട്ടു് അവൻ വിശുദ്ധ നഗരത്തിലേക്കു പോയി. അതിനടുത്തുള്ള മരുഭൂമിയിൽ ഏകാന്തവാസം നയിക്കാനും ദൈവഹിതപ്രകാരമുള്ള ഒരാശയം അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ചു. കാരണം, അദ്ദേഹത്തിലൂടെ ഈ മരുഭൂമി ജനനിബിഡമാകേണ്ടതു് ആവശ്യമായിരുന്നു; അതുപോലെ വാചാലനായ ഏശായയുടെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടേണ്ടിയുമിരുന്നു (41:18-20;51:3). സാബാസ് ആശ്രമാധ്യക്ഷന്റെ പക്കൽ ചെന്നു് ഒരനുഗ്രഹത്തോടെ തന്നെ അവിടേയ്ക്കു് അയയ്ക്കണമെന്നപേക്ഷിച്ചു. എന്നാൽ അദ്ദേഹം വിസമ്മതിച്ചു. അപ്പോൾ അദ്ദേഹത്തിനു് ഒരു ദൈവികദർശനം ഉണ്ടായി. ''സാബാസ് മരുഭൂമിയിൽ എന്നെ ശുശ്രൂഷിക്കുന്നതിനായി

www.malankaralibrary.com

അവനെ പോകാനനുവദിക്കുക'' എന്നു് ഒരു സ്വരവും കേട്ടു. അപ്പോൾ അദ്ദേഹം അവനെ രഹസ്യമായി വിളിച്ചു് അവനോടു പറഞ്ഞു: ''എന്റെ കുട്ടീ, ദൈവികദർശനം എന്നെ കീഴ്പ്പെടുത്തിയിരിക്കുന്നതിനാൽ നിന്നെ ഞാൻ പോകാൻ അനുവദിക്കുന്നു. സമൂഹത്തിൽ ആരും അറിയാതെ സമാധാനത്താലെ പോകുക. കർത്താവു് നിന്നോടുകൂടെ ഉണ്ടായിരിക്കും.''

തദനുസരണം, ദൈവനിയുക്തനായി തന്റെ പതിനെട്ടാം വയസ്സിൽ, മാർസ്യന്റെ സദ്ഭരണത്തിന്റെ അന്ത്യത്തോടടുത്ത കാലത്തു് അവൻ ജറുസലേമിൽ വന്നു. വി. പസ്സാരിയോന്റെ ആശ്രമത്തിലെ ഒരു കപ്പദോഷ്യക്കാരൻ താപസൻ അദ്ദേഹത്തെ സ്വീകരിച്ചു. ആക്കിമൺററെറ്റ് എൽപീദിയുസായിരുന്നു അപ്പോൾ ആശ്രമം ഭരിച്ചിരുന്നതു്; ദൈവദാസനായ സാബാസ് തണുപ്പുകാലം അവിടെ കഴിച്ചുകൂട്ടി. ആ സമൂഹത്തിൽ[3] പേരെഴുതിക്കാൻ ശ്രേഷ്ഠൻ അവനെ നിർബന്ധിച്ചെങ്കിലും അവൻ നിരസിച്ചു. അതുപോലെ, വിവിധ സ്ഥലങ്ങളിലെ പല സമൂഹങ്ങളും അനുദിനസന്ധാരണം ഉറപ്പു നൽകിയെങ്കിലും, ബാല്യം മുതൽ ഏകാന്തത ഇഷ്ടപ്പെടുകയും ദൈവത്തിനു് സ്വയം സമർപ്പിക്കുകയും ചെയ്തതിനാൽ, അവരുടെയെല്ലാം വശീകരണങ്ങളെ പൂർണമായി നിരസിച്ചു.

## 7. അവൻ എവുതീമിയസിന്റെ പക്കലേക്കു പോകുന്നു

വിശുദ്ധ നഗരത്തിനു് കിഴക്കുള്ള മരുഭൂമിയിൽ അക്കാലത്തു് താപസകർമ്മങ്ങളനുഷ്ഠിച്ചുകൊണ്ടിരുന്ന എവുതീമിയസിനെപ്പററി മിക്കവാറും എല്ലാവരിൽ നിന്നും അവൻ കേൾക്കാനിടയായി. തന്റെ അത്ഭുതകിരണങ്ങൾ എല്ലായിടത്തും ചൊരിഞ്ഞുകൊണ്ടു് നക്ഷത്രസമാനം അദ്ദേഹം പ്രകാശിച്ചുകൊണ്ടിരിക്കുകയായിരുന്നു. സാബാസ് ആത്മാവിൽ സന്തോഷിക്കുകയും അദ്ദേഹത്തെ ഒന്നു് കാണാൻ ആഗ്രഹിക്കുകയും ചെയ്തു. അവൻ എൽപിദിയുസിന്റെ പക്കൽ പോയി തന്റെ

---

3. ജറുസലേമിലെ ഏതെങ്കിലും പള്ളിയുമായി ബന്ധപ്പെട്ടു കഴിഞ്ഞ സന്ന്യാസികളായിരുന്നു ഇവർ. ആരാധനയിൽ സഹായിക്കുക, തീർത്ഥാടകരെയും മററു് ആവശ്യക്കാരെയും സഹായിക്കുക തുടങ്ങിയ കാര്യങ്ങളിലൊക്കെ അവർ ഇടപെട്ടിരുന്നു.

www.malankaralibrary.com

ആഗ്രഹം അറിയിച്ചു. എൽപിദിയുസ് അവനെ അനുഗ്രഹിച്ച് ഒരു വഴികാട്ടിയെയും കൂട്ടി പറഞ്ഞയച്ചു.

വഴികാട്ടി ചൂണ്ടിക്കാണിച്ച സ്ഥലത്തെത്തിയപ്പോൾ അവൻ പിതാക്കന്മാരുടെ കൂടെ താമസം തുടങ്ങി. ശനിയാഴ്ച ദിവസം മഹാനായ എവുതീമിയസ് പള്ളിയിലേയ്ക്കു വരുന്ന വഴി അവൻ അദ്ദേഹത്തെ കണ്ടു; തന്നെയും അവിടുത്തെ സന്ന്യാസികളുടെ കൂടെ ചേർക്കണം എന്നു് കണ്ണുനീരോടുകൂടി അവൻ അപേക്ഷിച്ചു. മഹാനായ എവുതീമിയസ് അവനു് ഇപ്രകാരം ഉപദേശം നല്കി: ''എൻെറ കുട്ടീ, യുവാവായ നീ ലൗറായിൽ താമസിക്കുന്നതു് ഉചിതമാണെന്നു് എനിക്കു തോന്നുന്നില്ല. കാരണം, ഒരു യുവാവിനെക്കൊണ്ടു് ലൗറയ്ക്കു പ്രയോജനമില്ല; ഏകാന്തവാസികളുടെ ഇടയിൽ യുവാവു് താമസിക്കുന്നതും ഉചിതമല്ല. അതുകൊണ്ടു്, എൻെറ കുട്ടീ, നീ താഴത്തെ ആശ്രമത്തിൽ, ആബാ തെയോക്റ്റിസ്റ്റസിൻെറ അടുത്തേക്കു പോകുക, അവിടെ നിനക്കു വലിയ പ്രയോജനം ഉണ്ടാകും''. ഭാഗ്യവാനായ സാബാസ് പ്രത്യുത്തരിച്ചു: ''ബഹുമാന്യപിതാവേ, എല്ലാം നിയന്ത്രിക്കുകയും എൻെറ രക്ഷ ആഗ്രഹിക്കുകയും ചെയ്യുന്ന ദൈവം നിൻെറ കൈകളിൽ എന്നെ സമപ്പിക്കുവാൻ എന്നെ വഴിനടത്തിയിരിക്കുന്നു. നീ കല്പിക്കുന്നതെന്തും ഞാൻ ചെയ്യാം.'' അപ്പോൾ മഹാനായ എവുതീമിയസ് അവനെ ഭാഗ്യവാനായ തെയോക്റ്റിസ്റ്റസിൻെറ പക്കലേക്കയച്ചു. ക്രിസ്തുവിൻെറ കൃപയാൽ സന്ന്യാസ ജീവിതത്തിൽ ശ്രേഷ്ഠത പ്രാപിക്കാനുള്ള ഒരാളാണെന്ന നിലയിൽ അവൻെറ കാര്യത്തിൽ ശ്രദ്ധിച്ചുകൊള്ളണമെന്നു് തെയോക്റ്റിസ്റ്റസിനു നിർദ്ദേശവും നല്കി. മഹാനായ എവുതീമിയസ് ഈ രീതിയിൽ പ്രവർത്തിച്ചതു് ലക്ഷ്യമില്ലാതെയല്ല എന്നു് എനിക്കു തോന്നുന്നു. പിന്നെയോ, സാബാസ് പലസ്തീനായിലുള്ള എല്ലാ ഏകാന്തവാസികളുടെയും ആർക്കിമൺട്രൈറ്റ് ആയിത്തീരും എന്നു്, അല്ല, പലസ്തീനയിലെ എല്ലാ സന്ന്യാസാശ്രമങ്ങളെയും അതിശയിക്കുന്ന ഏററം വലുതും പ്രശസ്തവുമായ ആശ്രമം സ്ഥാപിക്കാൻ പോകയാണു് എന്നും, ഏകാന്തവാസം തെരഞ്ഞെടുക്കുന്ന എല്ലാവരുടെയും നേതാവും നിയമദാതാവുമായിരിക്കും എന്നും, രണ്ടാം ദർശനത്താൽ, എവുതീമിയസ് മുൻകൂട്ടി കണ്ടു.

അതുകൊണ്ടു്, ലൗറയിൽ യുവാവിനെ സ്വീകരിക്കാൻ പാടില്ലെന്നു് തൻെറ കാര്യം മാത്രകയായി എടുത്തുകൊണ്ടും

www.malankaralibrary.com

മററു ലൗറകളിലെ അധ്യക്ഷന്മാർക്ക് നിത്യനിയമമായും പുരാതന പിതാക്കന്മാരുടേതിനോടൊപ്പം നിലനില്ക്കുന്നതായുമുള്ള നിയമം കൈമാറിക്കൊടുക്കാനുമായി അവൻ ഒരു നിയമം നൽകി. എന്തുകൊണ്ടെന്നാൽ പൗരാണികമായവയെല്ലാം ബഹുമാനാർഹമാണ്.

## 8. ആശ്രമത്തിലെ അവൻെറ സുകൃതങ്ങൾ

ഭാഗ്യവാനായ തെയോക്ടിസ്റ്റസിൻെറ കീഴിൽ വന്ന ശേഷം നമ്മുടെ പിതാവായ സാബാസ് പരിപൂർണ്ണമായി ദൈവത്തിനു സ്വയം സമപ്പിച്ചു. തൻെറ പിതൃസ്വത്തായി കിട്ടിയവ ആശ്രമാധ്യക്ഷനെ ഏല്പിച്ചുകൊണ്ട് പോരാട്ടത്തിനു തന്നെത്തന്നെ സുസജ്ജനാക്കി. പകൽ ശാരീരികാധ്വാനങ്ങളിലും രാത്രി നിദ്രാരഹിതമായി ദൈവസ്തുതിപ്പുകളിലും ചെലവഴിച്ചു. അനുസരണവും എളിമയും തൻെറ ജീവിതത്തിൻെറ അടിസ്ഥാനവും അസ്ഥിവാരവുമായി അദ്ദേഹം സ്വീകരിച്ചു. വിശുദ്ധ ആരാധനക്രമശുശ്രൂഷകളിൽ അതീവ താൽപര്യവും തീക്ഷ്ണതയും പ്രദശിപ്പിച്ചു. പള്ളിയിൽ ആദ്യമെത്തുന്നതും അവിടെ നിന്നു് അവസാനം പുറത്തുപോകുന്നതും അദ്ദേഹമായിരുന്നു. ഈ ആത്മീക സുകൃതങ്ങൾക്കു പുറമേ, അദ്ദേഹം ശാരീരികമായി ഉയരമുള്ളവനും കലിനനുമായിരുന്നു. മററുള്ളവർ എല്ലാം ദിവസം ഓരോ കെട്ട് ചുള്ളിക്കമ്പ് മരുഭൂമിയിൽ നിന്നു് വെട്ടി ആശ്രമത്തിലെത്തിക്കുമ്പോൾ അദ്ദേഹം മൂന്നു കെട്ട് വെട്ടിക്കൊണ്ടുവന്നിരുന്നു. കൂടാതെ, വെള്ളം കോരിയും, വിറകു കൊണ്ടുവന്നും, മററ് ജോലികൾ ചെയ്തും ആശ്രമത്തിലെ ജോലിക്കാരെ താൽപര്യപൂർവ്വം അദ്ദേഹം സഹായിച്ചിരുന്നു. ഏറെക്കാലം അദ്ദേഹം കഴുതയോട്ടക്കാരനുമായിരുന്നു. കുററം കൂടാതെയും ആരോപണവിധേയനാകാതെയും തന്നെ ഏല്പിച്ച വിവിധ ജോലികൾ നിവ്വഹിച്ചു. യുവാവായ ഒരുവനിൽ ഇത്തരം സുകൃതവും അഭിരുചിയും കണ്ട് ആശ്രമത്തിലെ പിതാക്കന്മാർ അദ്ഭുത പരതന്ത്രരായി.

## 9. അലക്സാണ്ഡ്രിയായിലേക്കുള്ള യാത്ര

ജോൺ എന്നുപേരുള്ള ഒരു അലക്സാണ്ഡ്രിയാക്കാരൻ ആശ്രമത്തിൽ ഉണ്ടായിരുന്നു. തൻെറ മാതാപിതാക്കൾ മരിച്ചു എന്നറിഞ്ഞതിനാൽ അലക്സാണ്ഡ്രിയായിൽ പോയി തൻെറ കുടുംബ

www.malankaralibrary.com

സ്വത്തു് ശരിയായി ക്രമീകരിക്കാൻ തന്നെ അനുവദിക്കണമെന്നു് അയാൾ കുറേ നാളായി വിശുദ്ധ തെയോക്ടിസ്റ്റസിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവനു് അതിനു് അനുവാദം ലഭിച്ചപ്പോൾ, പ്രയാസങ്ങൾ സഹിക്കാൻ കഴിവുള്ളവനും വിശ്വസ്തസ്നേഹിതനും എന്ന നിലയിൽ ആബാ സാബാസിനെ കൂട്ടിക്കൊണ്ടുപോകാൻ അവൻ അനുവാദം ചോദിച്ചു; ഭാഗ്യവാനായ തെയോക്ടിസ്റ്റസ് അതനുവദിച്ചുകൊണ്ടു് ആബാ സാബാസിനെ അലക്സാന്ത്രിയായിലേക്കയച്ചു. അവർ അലക്സാന്ത്രിയായിലെത്തി ജോണിന്റെ കുടുംബകാര്യങ്ങൾ എങ്ങനെ ക്രമപ്പെടുത്താം എന്നു ചിന്തിച്ചുകൊണ്ടിരിക്കെ, ഭാഗ്യവാനായ സബാസ് തന്റെ അമ്മ സോഫിയായെയും തന്റെ പിതാവ് ജോണിനെയും തിരിച്ചറിഞ്ഞു. കോനോൻ എന്നു് ജോൺ പേരുമാററിയിരുന്നു; ഇസൗറിയൻ റജിമെൻറിന്റെ കമാൻഡറുമായിരുന്നു. അവിടെ താമസിക്കാൻ അവർ അവനെ നിർബന്ധിച്ചു. പട്ടാളത്തിൽ ചേർന്നു് സൈന്യത്തിന്റെ സെനററാകാം 4 എന്നു് പറഞ്ഞെങ്കിലും അവനതു നിരസിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "എല്ലാവരുടെയും രാജാവായ ദൈവത്തിന്റെ സൈന്യത്തിൽ ഒരിക്കൽ പേരെഴുതിയിട്ടു്, അതു് റദ്ദുചെയ്യാൻ സാധ്യമല്ല. അതിൽ നിന്നെന്നെ അകററാൻ ശ്രമിക്കുന്നവരെ എന്റെ മാതാപിതാക്കൾ എന്നു് എനിക്കു വിളിക്കാനാവില്ല. എന്റെ അന്ത്യശ്വാസംവരെ ദൈവത്തോടുള്ള ഉടമ്പടിയിൽ ഞാൻ നിലനില്ക്കും; സന്ന്യാസത്തിന്റെ പരിശുദ്ധ ജീവിതത്തിൽ മരിക്കാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു; അവരുടെ ഉപായങ്ങൾ കൊണ്ടൊന്നും അവന്റെ നിശ്ചയദാർഢ്യത്തെ ഇളക്കാനോ, തങ്ങളുടെ കൂടെ അവനെ താമസിപ്പിക്കാനോ സാധ്യമല്ലെന്നു കണ്ട മാതാപിതാക്കൾ, അവന്റെ ചെലവിനായി ഇരുപതു് നാണയങ്ങൾ5 കൊടുക്കാൻ ആഗ്രഹിച്ചു; ഈ സമ്മാനം അവൻ സ്വീകരിച്ചില്ല. അതിൽ അവർക്കുള്ള അഗാധദുഃഖം മനസ്സിലാക്കി അവരെ സന്തോഷിപ്പി

---

4. റോമൻ പട്ടാളത്തിലെ സെനററർ (senator) എന്ന സ്ഥാനം tribune എന്ന സ്ഥാനത്തേക്കാൾ രണ്ടുപടി താഴെയാണു്. സാബാസിന്റെ പിതാവ് നയിച്ചിരുന്ന സൈന്യം അപരിഷ്കൃതരുടെ ഒരു റെജിമെൻറായിരുന്നു (numerus). അവർ അവരുടെ ദേശീയ വസ്ത്രവും യുദ്ധരീതികളും നിലനിർത്തി.

5. Solidi

www.malankaralibrary.com

ക്കാനായി വെറും മൂന്നെണ്ണം എടുത്തു. ഉടൻതന്നെ തന്റെ സ്നേഹിതനായ ജോണുമൊത്തു് അദ്ദേഹം അലക്സാൺഡ്രിയാ വിട്ടു; ആശ്രമത്തിലെത്തിയ ഉടനെ മൂന്നു നാണയങ്ങളും മഹാനായ തെയോക്ടിസ്റ്റസിന്റെ കൈയിൽ കൊടുത്തു.

## 10. അദ്ദേഹം ഏകാന്തവാസി ആയിത്തീരുന്നു

അദ്ദേഹം ആശ്രമത്തിൽ ഏതാണ്ടു് പത്തുവർഷം പൂർത്തിയാക്കിയപ്പോൾ, നാലാം ഇൻഡിക്ഷനിലെ സെപ്തംബർ 3-നു് (ക്രി. വ. 466) ഏറ്റവും പരിശുദ്ധനായ തെയോക്ടിസ്റ്റസ് മരിച്ചു. മഹാനായ എവുതീമിയസ് ആ സ്ഥലത്തു് ഇറങ്ങിവരികയും ആ വിജയശ്രീലാളിതശരീരത്തെ സംസ്കരിക്കയും ബഹുമാന്യനായ ഒരു മാരീസിനെ പിൻഗാമിയായി നിയമിക്കയും ചെയ്തു. മാരീസ് രണ്ടുവർഷം അധ്യക്ഷനായിരുന്നശേഷം ദൈവത്തിനു പ്രീതികരമായ രീതിയിൽ കടന്നുപോയി. അപ്പോൾ മഹാനായ എവുതീമിയസ് വീണ്ടും താഴേക്കുവന്നു് ഭാഗ്യവാനായ തെയോക്ടിസ്റ്റസിന്റെ കല്ലറയിൽ അദ്ദേഹത്തെ സംസ്കരിച്ചു. സുകൃതവാനായ ഒരു ലൊൻഗിനുസിനെ ആശ്രമത്തിന്റെ ചുമതല ഭരമേല്പിച്ചു.

തദവസരം നമ്മുടെ പിതാവു് സാബാസിനു് മുപ്പതു വയസ്സു് പൂർത്തിയായിരുന്നു. ഉപവാസത്തിലും ജാഗരണത്തിലും വിനയത്തിലും അനുസരണയിലും ആശ്രമത്തിലെ എല്ലാപ്രായമുള്ള സന്യാസികളെയും അദ്ദേഹം അതിശയിച്ചിരുന്നു. ആശ്രമത്തിനു പുറത്തു് തെക്കുള്ള പാറയിടുക്കിലുള്ള ഒരു ഗുഹയിൽ ഏകാന്തജീവിതം നയിക്കാൻ തന്നെ അനുവദിക്കണമെന്നു് ആബാ ലൊൻഗിനുസിനോടു് അദ്ദേഹം അപേക്ഷിച്ചു. അദ്ദേഹത്തിന്റെ അസാധാരണ സുകൃതവും, സ്വഭാവദൃഢതയും, ജീവിതവിശുദ്ധിയും, തീക്ഷ്ണതയും, പ്രാർത്ഥനയിലുള്ള ഏകാഗ്രതയും കണ്ടു് ഈ കാര്യം മഹാനായ എവുതീമിയസിനോടു പറഞ്ഞു. അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: "തനിക്കിഷ്ടമുള്ളവിധം പേരോട്ടം നടത്തുന്നതിൽ നിന്നു് അവനെ തടയേണ്ട."

അതുകൊണ്ടു് ആഴ്ചയിൽ അഞ്ചുദിവസം മേല്പറഞ്ഞ ഗുഹയിൽ ഏകാന്തവാസം നയിക്കുന്നതിനു് അദ്ദേഹം അവനു് അനുവാദം നൽകി. താൻ തീവ്രമായി ആഗ്രഹിച്ചിരുന്ന കാര്യത്തിനുള്ള അനുവാദം ലഭിച്ചപ്പോൾ അഞ്ചുവർഷത്തോളം നമ്മുടെ

www.malankaralibrary.com

പിതാവായ സാബാസ് താഴെപ്പറയുന്ന ജീവിതക്രമം അനുവർത്തിച്ചു. ഞായറാഴ്ച വൈകിട്ടു് ആശ്രമത്തിൽ നിന്നു്, തനിക്കു് ആഴ്ചയിൽ ജോലി ചെയ്യാനുള്ള പനയോല എടുത്തുകൊണ്ടു് പുറപ്പെട്ടുപോകും. ഒരാഹാരവും കഴിക്കാതെ അഞ്ചു ദിവസം ചെലവഴിക്കും; ശനിയാഴ്ച രാവിലെ അഞ്ചുദിവസത്തെ അധ്വാനഫലമായ അൻപതു് കുട്ടകൾ എടുത്തുകൊണ്ടു് ആശ്രമത്തിൽ തിരികെയെത്തും.

## 11. എവുതീമിയസുമൊത്തു മരുഭൂമിയിൽ

അവൻെറ ഈ ജീവിതക്രമം ഗ്രഹിച്ച മഹാനായ എവുതീമിയസ് ജാനുവരി മാസം 14-ാം തീയതി അദ്ദേഹത്തെ, ഭാഗ്യവാനായ ഡൊമീഷ്യനോടുകൂടി ഉൾമരുഭൂമിയായ റൂബായിലേക്കു് കൂട്ടിക്കൊണ്ടുപോകുക പതിവായിരുന്നു. സാബാസിൽ അദ്ദേഹത്തിനു് തികഞ്ഞ ആത്മവിശ്വാസം ഉണ്ടായിരുന്നു; ''കുട്ടിയായ മൂപ്പൻ''[6] എന്നു് അദ്ദേഹത്തെ വിളിച്ചിരുന്നു. ഒരു നല്ല പരിശീലകൻ എന്ന നിലയിൽ അവനെ ഉന്നതസുകൃതങ്ങളിൽ അദ്ദേഹം പരിശീലിപ്പിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്തു. എല്ലാ മാനുഷിക ബന്ധങ്ങളിൽ നിന്നും അകന്നു് ഓശാന ഞായറാഴ്ചവരെ അവർ അവിടെ പാർത്തിരുന്നു.

റൂബാ മുതൽ ചാവുകടലിനപ്പുറത്തു് തെക്കോട്ടു് നീണ്ടുകിടക്കുന്ന മരുഭൂമി കടക്കണമെന്നു് ആഗ്രഹിച്ച മഹാനായ എവുതീമിയസ്, ഒരിക്കൽ സഹയാത്രികരായ ഡൊമീഷ്യനേയും സാബാസിനെയും കൂട്ടിക്കൊണ്ടു് ഇറങ്ങിപ്പുറപ്പെട്ടു. അവർ വെള്ളമില്ലാത്ത ഒരു സ്ഥലത്തെത്തി അവിടെ കുറേ സമയം ചെലവഴിച്ചു. അപ്പോൾ ഉഷ്ണത്തിൻെറ ആധിക്യത്താൽ ഭാഗ്യവാനായ സാബാസ് ദാഹാർത്തനായിത്തീർന്നു; മുന്നോട്ടു് ഒട്ടും നടക്കാൻ സാധിക്കാതെ അദ്ദേഹം ബോധം കെട്ടുവീണു. ചൂടിൻെറ ആധിക്യത്താൽ വയറിൻെറ നനവുകൂടി ഇല്ലാതായിപ്പോയെന്നു് എനിക്കു് തോന്നിപ്പോകുന്നു. അവനിൽ അനുകമ്പ തോന്നിയ മൂപ്പൻ ഒരു കല്ലേറു ദൂരേക്കു് മാറി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് ഇപ്രകാരം ദൈവത്തോടു് പ്രാർത്ഥിച്ചു: ''ദൈവമായ കർത്താവേ, എൻെറ ശിഷ്യൻെറ ദാഹം ശമിപ്പിക്കാനായി, ദാഹാർത്തയായ ഈ ഭൂമിക്കു് ജലം നൽകണമെ.'' ഈ പ്രാർത്ഥന

6. Paidariogeron (boy elder): Laus. His, 42. 15.

www.malankaralibrary.com

യ്ക്കു ശേഷം അദ്ദേഹം സാബാസിനെ വിളിച്ച്, ഒരു കരണ്ടി കൊണ്ടു മൂന്നാം പ്രാവശ്യം കുഴിച്ച സ്ഥലത്തു് ഒഴുകുന്ന വെള്ളം കാണിച്ചുകൊടുത്തു. വെള്ളം കുടിച്ച് സാബാസിനു് ബോധം തെളിഞ്ഞു; മരുഭൂമിയിലെ ജീവിത ക്ലേശങ്ങൾ സഹിക്കാനുള്ള കഴിവു് ഈ വെള്ളത്തിൽ നിന്നു് അദ്ദേഹത്തിനുകിട്ടി.

അധികം വൈകാതെ, നമ്മുടെ മഹാനായ പിതാവു് എവുതീമിയസ് നിദ്ര പ്രാപിച്ചു് സമാധാനത്തിൽ വിശ്രമിച്ചു. ജറുസലേമിലെ അനസ്റ്റാസ്യൂസിൻെറ ഭരണത്തിൻെറ പതിനഞ്ചാം വർഷമാണു് കർത്താവു് അവനെ പ്രത്യാശയിൽ ഇപ്രകാരം മാററി പാർപ്പിച്ചതു്.

## 12. മരുഭൂമിയിലെ പൈശാചിക പ്രലോഭനങ്ങൾ

ഭാഗ്യവാനായ സാബാസ് മുപ്പത്തഞ്ചു വയസ്സു് പൂർത്തിയാക്കിയ ഈയവസരം (ക്രി. വ. 474) വിശുദ്ധ ജറാസിമൂസിൻെറ കിഴക്കൻ മരുഭൂമിയിലേക്കു് പിൻവാങ്ങി. ആശ്രമപിതാക്കന്മാർ മരിച്ചതിനാൽ ആശ്രമ ജീവിതത്തിൽ തന്നെ മാററമുണ്ടായതായി കാണുകയാലത്രെ അപ്രകാരം ചെയ്തതു്. ജറാസിമൂസ് അക്കാലത്തു് നക്ഷത്രസമാനം പ്രശോഭിതനായിരുന്നു. യോർദ്ദാൻ മരുഭൂമിയിൽ ഭക്തിയുടെ വിത്തു വിതച്ചുകൊണ്ടിരിക്കുകയുമായിരുന്നു. നമ്മുടെ പിതാവായ സാബാസ് കുതീലായിലേയും റൂബായിലെയും മരുഭൂമിയിൽ ഇപ്പോൾ താമസിക്കുകയും "ഇതാ ഞാൻ വിദൂരത്തിൽ അലയുകയും മരുഭൂമിയിൽ പാർക്കുകയും ചെയ്തു" എന്ന ദാവീദിൻെറ വാക്യം തൻെറ പ്രവർത്തനങ്ങളിൽ പാടുകയും ചെയ്തിരുന്നു. "നിശ്ശബ്ദനായിരുന്നു് ഞാൻ ദൈവമാണെന്നറിയുക" എന്ന പ്രബോധനമനുസരിച്ചു് തൻെറ മനസ്സിനെ ദൈവത്തിനും ദൈവികകാര്യങ്ങൾക്കുമുള്ള കറയില്ലാത്ത കണ്ണാടിയാക്കിക്കൊണ്ടു്, ഏകാന്തതയ്ക്കും ഉപവാസത്തിനും നിരന്തരപ്രാർത്ഥനയ്ക്കുമായി അവൻ സ്വയം സമർപ്പിച്ചു. ഇതിൽ അസൂയാലുവായ പിശാചു്, ഈ ജീവിതരീതിയിൽ നിന്നു് അദ്ദേഹത്തെ പിൻതിരിപ്പിക്കാനായി അദ്ദേഹത്തിനെതിരായി പല പരീക്ഷകളും സംഘടിപ്പിച്ചു. ഒരിക്കൽ അർദ്ധരാത്രിയിൽ അദ്ദേഹം മണൽപ്പുറത്തു കിടക്കുമ്പോൾ, പാമ്പുകളുടെയും തേളുകളുടെയും രൂപമെടുത്തു് അദ്ദേഹത്തെ ഭയപ്പെടുത്താൻ പിശാചു് പരിശ്രമിച്ചു. പെട്ടെന്നുണ്ടായ ഞെട്ടലിൽ നിന്നു

www.malankaralibrary.com

ന്ന് അദ്ദേഹം പിശാചിന്റെ ദുഷ്ടത മനസ്സിലാക്കി. കുരിശടയാളം വരച്ചുകൊണ്ട് ഭയം ദൂരെയകററി. ധൈര്യപൂർവ്വം ചാടിയെഴുന്നേററ് ഇങ്ങനെ വിളിച്ചുപറഞ്ഞു: ''എന്നെ ഭയപ്പെടുത്താൻ നിനക്കു കഴിയുമ്പോൾ പോലും നീ പരാജിതനാകും'' കാരണം, എന്നോടുകൂടിയുള്ളത് ദൈവമായ കർത്താവാണ്. ''സർപ്പങ്ങളെയും തേളുകളെയും ശത്രുവിന്റെ എല്ലാ ശക്തിയേയും കാൽക്കീഴിലമർത്തുവാനുള്ള അധികാരം ഇതാ ഞാൻ നിനക്കു നല്കിയിരിക്കുന്നു'' എന്ന വാക്കുകളിലൂടെ അവിടുന്ന് ഞങ്ങൾക്കു നിന്റെ മേൽ അധികാരം നൽകിയിരിക്കുന്നു''. അവൻ ഈ വാക്കുകൾ പറഞ്ഞപ്പോൾ വിഷജന്തുക്കൾ അപ്രത്യക്ഷരായി.

മറെറാരവസരം പിശാച്, ഒരു ഭീകര സിംഹത്തിന്റെ രൂപമെടുത്ത് അവനെതിരെ ചാടി അവനെ ആക്രമിക്കാനടുക്കുന്നതായി അവനു കാണപ്പെട്ടു. ദുഷ്ടമൃഗത്തിന്റെ ഈ ഭീകര ദൃശ്യം കണ്ട് അദ്ദേഹം പറഞ്ഞു: ''നിനക്കു ദൈവത്തിൽനിന്ന് അധികാരമുണ്ടെങ്കിൽ, വൈകേണ്ട. ഇല്ലെങ്കിൽ, എന്തിനു വൃഥാ അധ്വാനിക്കുന്നു''? ദൈവത്തിൽനിന്ന് എന്നെ അകററാൻ നിന്നെക്കൊണ്ടാവില്ല. ''കാരണം സർപ്പത്തെയും അണലിയെയും നീ ചവിട്ടും; സിംഹത്തെയും പെരുമ്പാമ്പിനെയും നീ ചവിട്ടിമെതിക്കും'' എന്ന് പറഞ്ഞുകൊണ്ട് അവൻതന്നെ എനിക്ക് ആത്മധൈര്യം പകർന്നുതന്നിട്ടുണ്ട്. ഈ വാക്കു കേട്ട് ദുഷ്ടമൃഗം വേഗം മറഞ്ഞുപോയി. അപ്പോൾ മുതൽ എല്ലാ വിഷജന്തുക്കളെയും മാംസഭോജികളായ മൃഗങ്ങളെയും ദൈവം അവനു കീഴ്പ്പെടുത്തി; മരുഭൂമിയിൽ അവയോടൊപ്പം ജീവിച്ചിട്ട് അവന് ഒരുപദ്രവവും ഉണ്ടായില്ല.

## 13. നന്ദിയുള്ള അറബികൾ

ഈ സമയത്ത് തന്നെ വിശന്നു വലയുന്ന നാല് അറബികളെ അവൻ കണ്ടുമുട്ടി. താഴെയിരിക്കാൻ അവരോട് നിർദ്ദേശിച്ചിട്ട് തന്റെ ആട്ടിൻതോൽ സഞ്ചി അവരുടെ മുമ്പിൽ കുടഞ്ഞിട്ടു. മെലാഗ്രിയാകിഴങ്ങും മുളനാമ്പുകളുമല്ലാതെ മറെറാന്നും അതിൽ ഉണ്ടായിരുന്നില്ല. അവർ തിന്നു വയറുനിറച്ചപ്പോൾ, റുബായിലെ ഏതു ഗുഹയിലാണ് പാർക്കുന്നതെന്ന് അദ്ദേഹത്തോടവർ ചോദിച്ചു; കുറേ ദിവസങ്ങൾക്കുശേഷം, അവർക്ക് ഭക്ഷണസാധനങ്ങൾ വീണ്ടും ലഭിച്ചപ്പോൾ, അവർ കുറേ അപ്പവും പാൽക്കട്ടിയും പഴങ്ങളും കൊണ്ടുവന്നു. ഈ കീരാത

www.malankaralibrary.com

രുടെ കൃതജ്ഞതയിൽ അദ്ദേഹം ആശ്ചര്യപ്പെട്ടു. സഹതാപപൂർവ്വം കണ്ണുനീരോടുകൂടി നമ്മുടെ പിതാവായ സാബാസ് അവരോടു പറഞ്ഞു: ''ഇതാ, എന്റെ ആത്മാവേ, ഒന്നുമല്ലാത്ത ഒരു സേവനത്തിന് കൃതജ്ഞത പ്രദർശിപ്പിക്കാൻ ഈ കിരാതന്മാർ എന്തു പാടുപെട്ടു! എന്നാൽ അനുദിന ദൈവികകൃപകളും കാരുണ്യവും ദൈവത്തിൽ നിന്ന് സ്വീകരിക്കുന്നെങ്കിലും നിരുത്തരവാദപരമായും ധിക്കാരപരമായും ജീവിച്ച് ജീവിതം പാഴാക്കുന്ന നന്ദിയില്ലാത്ത നികൃഷ്ടരായ നാം എന്താണ് ചെയ്യേണ്ടത്? തന്റെ കല്പനകളനുസരിച്ചുകൊണ്ടും ''അവിടുത്തെ നാമത്തെ ഏറ്റുപറയുന്ന അധരഫലം ഇടതടവില്ലാതെ അർപ്പിച്ചുകൊണ്ടും'' ദാതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിക്കാൻ നാം കൂട്ടാക്കുന്നില്ല.'' രാപകലുകൾ മുഴുവൻ പ്രാർത്ഥനയർപ്പിച്ചുകൊണ്ട് ഈ സഹതാപാവസ്ഥയിൽ കുറേ നാൾ അദ്ദേഹം അങ്ങനെ അങ്ങ് ഇരുന്നുപോയി.

## 14. അറബികളുടെ ഒരു കടന്നാക്രമണം

ഈ റൂബാമരുഭൂമിയിൽ സ്മരണീയനായ അൻത്രൂസ് എന്നു പേരുള്ള ഒരു സന്ന്യാസി വന്ന് അദ്ദേഹത്തോടൊപ്പം താമസിച്ചു. അയാൾ കുറേക്കാലം കാതിസ്മാ പള്ളിയിൽ 7 അതിപരിശുദ്ധനായ ആബാതിയഡോഷ്യസിനോടു കൂടി താമസിച്ച ആളായിരുന്നു. അവർ ഈ മരുഭൂമിയിൽ താമസിക്കുമ്പോൾ ആറുപേരുള്ള അറബികളുടെ ഒരു കൂട്ടം അവരെ ആക്രമിക്കാൻ പദ്ധതിയിട്ടു അവർ കാടന്മാരും ദുഷ്ടത പ്രവർത്തിക്കുന്നവരുമായിരുന്നു. ദുഷ്പ്രേരണയാൽ, ഈ ഭാഗ്യവാന്മാരെ ആക്രമിക്കാനും അയാളെ എതിർത്താൽ ഇരുവരെയും തടവുകാരാക്കാനും ഏതാണ്ട് തീരുമാനിച്ചുകൊണ്ട് പരിശോധിച്ചുനോക്കാൻ അവരിലൊരുവനെ അവരയച്ചു. അവരുടെ ഉദ്ദേശ്യം മനസ്സിലാക്കിയ ഭാഗ്യവാന്മാരായ പിതാക്കന്മാർ ഭയചകിതരാകാതെ, ആത്മാവിന്റെ നയനങ്ങൾ ദൈവത്തിൻ പക്കലേക്കുയർത്തിക്കൊണ്ട്, ദുഷ്ടരായ ഈ കിരാതരുടെ പദ്ധതിയിൽ നിന്ന് തങ്ങളെ രക്ഷിക്കണമെന്ന് തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഉടനെതന്നെ ഭൂമിപിളർന്ന്, അവരെ പരിശോ

7. ജറുസലേമിൽ നിന്ന് രണ്ടുമൈൽ തെക്കായി ബേത ലഹേമിലേക്കുള്ള വഴിയിലാണ് ഈ പള്ളി. ഇന്നതു് 'റാമാത് റാഹേൽ' എന്നറിയപ്പെടുന്നു.

www.malankaralibrary.com

ധിക്കാൻ വന്ന കാട്ടാളനെ വിഴുങ്ങി. ബാക്കിയുള്ളവർ ഭീകരമായ ഈ അദ്ഭുതം കണ്ടതോടെ ഭയചകിതരായി പലായനം ചെയ്തു. അപ്പോൾ മുതൽ കിരാതരുടെ ഗൂഢാലോചനകളെപ്പററി ഭയമില്ലായ്മ എന്ന കൃപ നമ്മുടെ പിതാവായ സാബാസിനു ലഭിച്ചു. തന്റെ വിശുദ്ധവും സുപ്രസിദ്ധവുമായ ആശ്രമം സ്ഥാപിക്കുന്നതിനു മുൻപ്, ഭാഗ്യവാനായ അന്തൂസിനോടുകൂടി ജീവിക്കുന്നതുവഴി, ഭാഗ്യവാനായ ആബാതിയഡോഷ്യസ് നമ്മുടെ പിതാവായ സാബാസിനെ ആദ്യമായി അറിയാൻ ഇടയായതു് ഇങ്ങനെയാണ്.

## 15. ശീലോവാമിനടുത്തുള്ള ഒരു ഗുഹയിൽ

നമ്മുടെ വിശുദ്ധ പിതാവായ സാബാസ് ഈ മരുഭൂമിയിൽ നാലുവർഷം പൂർത്തിയാക്കുകയും കൂടുതൽ വിജനമായ സ്ഥലങ്ങൾ തേടിപ്പോകുകയും ചെയ്കവെ ഒരിക്കൽ ഒരുയർന്ന കുന്നിലെത്തി. ഭാഗ്യവതിയായ എവുഡോക്സ്യാ മഹാനായ എവുതീമിയസിന്റെ പ്രബോധനം ശ്രവിച്ചതു് അവിടെ വച്ചാണ്. അവിടെ അവൻ രാത്രി മുഴുവൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ പ്രകാശിക്കുന്ന വസ്ത്രങ്ങൾ ധരിച്ച ഒരു മാലാഖയുടെ രൂപം കാണപ്പെട്ടു. ശീലോവാമിൽ നിന്നാരംഭിച്ച് ഈ മലയുടെ തെക്കുഭാഗത്തേക്കു് ചരിഞ്ഞുകിടക്കുന്ന ഒരു മലയിടുക്ക് കാണിച്ചുകൊടുത്തുകൊണ്ടു് ദൂതൻ പറഞ്ഞു: ''ഈ മരുഭൂമി മനുഷ്യരെക്കൊണ്ടു നിറയ്ക്കാൻ നീ യഥാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ ഇവിടെ താമസിക്കുകയും ആ മലയിടുക്കിന്റെ കിഴക്കേഭാഗത്തുകൂടി കയറുകയും ചെയ്യുക. അവിടെ നല്ലൊരു ഗുഹ നേരേ കാണാം. അതു നിന്റെ ഭവനമാക്കുക. ''മൃഗങ്ങൾക്കും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും തങ്ങളുടെ ഭക്ഷണം നൽകുന്നവൻ'' നിന്റെ കാര്യം നോക്കിക്കൊള്ളും!

അങ്ങനെ പോയി ദർശനം. അദ്ദേഹം ദർശനത്തിൽ നിന്നുണർന്നു്, ദർശനം ചൂണ്ടിക്കാണിച്ച തെക്കുഭാഗത്തെ മലയിടുക്കു കണ്ടു. സന്തോഷത്തോടുകൂടി മലയിറങ്ങി; ദർശനത്തിൽ പറഞ്ഞതുപോലെ, ദൈവപരിപാലനയാൽ ഗുഹ കണ്ടെത്തി. അദ്ദേഹം അവിടെ കയറി, തന്റെ നാല്പതാം വയസ്സിൽ (ക്രി. വ. 478) അതു തന്റെ ഭവനമാക്കി. ആ വർഷമാണ് പത്തൊൻപതു വർഷം പാത്രിയർക്കീസായിരുന്നശേഷം, ജൂലൈ ആരംഭത്തിൽ

www.malankaralibrary.com

ജറുസലേം ആർച്ചുബിഷപ്പായിരുന്ന അനസ്താസ്യൂസ് മരിച്ചത്. മർതീരിയൂസ് അദ്ദേഹത്തിൻെറ പിൻഗാമിയായി. ആ വഷം തന്നെയാണ് റോമൻ ചക്രവത്തിയായ സേനോ, നഴഞ്ഞുകയററക്കാരനായ ബസിലിസ്കസിനെ കൊന്ന് തൻെറ സിംഹാസനം തിരിച്ചുപിടിച്ചത്. ഇരുപതു മാസത്തോളം ബസിലിസ്കസ് അധികാരം കൈയടക്കിയിരുന്നു.

നമ്മുടെ പിതാവായ സാബാസ് മേല്പറഞ്ഞ ഗുഹയെ തൻെറ താമസസ്ഥലമാക്കിയ അവസരത്തിൽ, കയറാനുള്ള പ്രയാസംകൊണ്ട് കയറാനും ഇറങ്ങാനുമായി ഗുഹയുടെ വാതിൽക്കൽ ഒരു കയർ തൂക്കിയിട്ടിരുന്നു. പതിനഞ്ചു സ്റ്റേഡിയ അകലെയുള്ള ഹെപ്തസ്തൊമൂസ് എന്ന ജലസംഭരണിയിൽ നിന്ന് അദ്ദേഹത്തിനു ജലം ലഭിച്ചിരുന്നു. കുറച്ചുകാലത്തിനു ശേഷം നാല് അറബികരം അവിടെ വന്നു; എന്നാൽ ഗുഹയിലേക്കു കയറുവാൻ അവർക്കു കഴിഞ്ഞില്ല. ഗുഹയിൽനിന്ന് അവരെ കണ്ട വിശുദ്ധീകരിക്കപ്പെട്ട സാബാസ്സ് കയർ താഴേക്കിട്ടുകൊണ്ട് കയറിവരാൻ അവരോടു പറഞ്ഞു. അവർ കയറിയപ്പോരം അദ്ദേഹത്തിന് ഒന്നുമില്ലെന്നു കണ്ട ആ കിരാതന്മാക്ക് അദ്ദേഹത്തിൻെറ സുകൃതത്തെയും സ്വമേധയാ ഉള്ള ദാരിദ്ര്യത്തെയും കുറിച്ച് മതിപ്പുണ്ടായി; അവർ അവിടെ നിന്ന് പോയശേഷം അവിടെ കൂടെക്കൂടെ വരികയും ഉണക്കറൊട്ടിയും പാൽക്കട്ടിയും പഴങ്ങളും തങ്ങരംക്കു കിട്ടുന്നതൊക്കെയും അദ്ദേഹത്തിന് കൊടുക്കുകയും ചെയ്തിരുന്നു.

## 16. അദ്ദേഹത്തിൻെറ ആദ്യശിഷ്യന്മാർ

ഈ മലയിടുക്കിൽ, ദൈവവുമായി സംസാരിച്ചുകൊണ്ടും തൻെറ ചിന്താനയനത്തെ ശുദ്ധീകരിച്ചുകൊണ്ടും അദ്ദേഹം തനിയെ അഞ്ചുവഷം ചെലവഴിച്ചു. കത്താവിൻെറ മഹത്ത്വം കണ്ണാടിയിലെന്നവണ്ണം, മൂടാത്ത മുഖത്തോടുകൂടി കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിൻെറ നിരന്തര പ്രാത്ഥനകൊണ്ടും ദൈവസാമീപ്യം കൊണ്ടും ദുഷ്ടാത്മാക്കളെ അദ്ദേഹം ജയിച്ചിരുന്നു. തദ്ഫലമായി, തൻെറ 45-ാം വയസ്സിൽ (ക്രി. വ. 483) ആത്മാക്കളുടെ സംരക്ഷണം ദൈവം അദ്ദേഹത്തെ ഏല്പിച്ചു; പരാജിതരാക്കപ്പെട്ട ശത്രുക്കരംക്കെതിരെ ഒരു

www.malankaralibrary.com

കാര്യവുമില്ലാതെ സമയം ചെലവഴിക്കേണ്ടതില്ലെന്നും പോരാളിയുടെ രീതിയിൽനിന്ന് തൻെറ ആത്മികശക്തികൾ ഉദ്ബുദ്ധമാക്കി മല്ലടിക്കുന്നവരെ സഹായിക്കാനായി "നിങ്ങളുടെ വാളുകൾ കലപ്പകളായും നിങ്ങളുടെ കുന്തങ്ങൾ വാക്കത്തിയായും തീർക്കുവിൻ" എന്ന പ്രവാചകവചനാനുസൃതം (ഏശാ 2:4) ആത്മനിയന്താവ് എന്ന നിലയിൽ അനേകരുടെ ഉന്നമനത്തിനായി വിനിയോഗിക്കണം എന്നും ദൈവവചനം അവനെ ബോധ്യപ്പെടുത്തി.

അതുകൊണ്ട്, തൻെറ പക്കൽ വന്നവരെയെല്ലാം അദ്ദേഹം സ്വീകരിക്കാൻ തുടങ്ങി. ചിതറിപ്പാർത്തിരുന്ന അനേകം ഏകാന്തവാസികളും കാടുകളിൽ പാർത്തിരുന്നവരും 8 അദ്ദേഹത്തിൻെറ പക്കലെത്തി. അവരുടെ കൂട്ടത്തിൽ, പില്ലാലത്ത് പുതിയ ലൗറായുടെ അധ്യക്ഷനായ വിശുദ്ധ ജോൺ, യോർദ്ദാൻതീരത്ത് 'ഗോപുരലൗറ'' സ്ഥാപിച്ച ഭാഗ്യവാനായ യാക്കോബ്, താപസനേട്ടങ്ങൾ നിമിത്തം ബഹുമാനിക്കപ്പെടുകയും പിന്നീട് കപ്പർബറീക്കാ ആശ്രമം പണിയുകയും ചെയ്ത സെവെരിയാനസ്, മക്മാസ് പ്രദേശത്ത് ലൗറാ സ്ഥാപിച്ച മഹാനായ ഫിർമീനസ്, യോർദ്ദാൻ തീരത്ത് നേൽകെറാബാ എന്നുവിളിക്കപ്പെടുന്ന ലൗറാ സ്ഥാപിച്ച, കർത്തൂസ് എന്ന മറുനാമമുള്ള ജൂലിയൻ എന്നിവരും, ജീവൻെറ പുസ്തകത്തിൽ പേരുള്ള മററനേകരും ഉണ്ടായിരുന്നു. അവരിൽ ഓരോരുത്തർക്കും തൻെറ പക്കൽ വന്നതനുസരിച്ച് ചെറിയൊരു മുറിയും ഒരു ഗുഹയും വീതം അദ്ദേഹം നല്കി. ദൈവകൃപയാൽ, ദൈവപ്രചോദിതരായി, ക്രിസ്തുവിനെ വഹിക്കുന്ന എഴുപതുപേരുള്ള സമൂഹമായി അതു വളർന്നു. മാലാഖമാരുടെ ഗായകസംഘമെന്നോ, എഴുപതു ശ്ലീഹാന്മാരുടെ ഗണമെന്നോ, അവരെ വിളിച്ചാൽ അതിൽ അതിശയോക്തി ഒന്നുമില്ല. അവൻ അവരുടെ അധ്യക്ഷനും നിയന്താവും ഇടയനുമായിരുന്നു.

ആരും സ്വന്തമാക്കുന്നതിനുമുൻപ് ആ സ്ഥലം കൈവശപ്പെടുത്താനായി, വളവു കഴിഞ്ഞ് മലയിടുക്കിൻെറ വടക്കെ

8. Boskos (Gracers): കാടുകളിൽ പാർക്കുന്ന കടുത്തതാപസ്സർ കാട്ടുകിഴങ്ങുകൾ ഭക്ഷിച്ചും കാട്ടരുവികളിലെ വെള്ളം കുടിച്ചും ജീവിച്ചു. യൂദാമരുഭൂമിയിൽ ഇത്തരക്കാർ ധാരാളമുണ്ടായിരുന്നെന്നു പറയപ്പെടുന്നു.

www.malankaralibrary.com

അററത്തായി കുന്നിൽ ആദ്യമായി അദ്ദേഹം ഒരു ഗോപുരം പണിതു. പിന്നീട്, തന്നെ നയിക്കുന്ന പരിശുദ്ധാത്മ സഹായത്താലും കൃപയാലും ലൗറാ സ്ഥാപിക്കാനാരംഭിച്ചു. മലയിടുക്കിൻെറ മധ്യത്തിൽ ഒരു ചെറിയ പ്രാർത്ഥനാലയവും കൂദാശ ചെയ്ത ബലിപീഠവും സ്ഥാപിച്ചു. വൈദികപട്ടം ഉള്ള സന്ദർശകർ വരുമ്പോഠം അവിടെ വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. അദ്ദേഹം പട്ടം ഏററില്ല, കാരണം അദ്ദേഹം ഏററവും വിനയവും അഗാധമായ താഴ്മയും ഉള്ളവനും, ''ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്നിൽ നിന്നു പഠിക്കുവിൻ'' എന്നു പറഞ്ഞ് തന്നെ അനുഗമിക്കാൻ ആഹ്വാനം ചെയ്തവനും സത്യദൈവവുമായ മിശിഹായെ ഈ കാര്യത്തിൽ അനുകരിക്കുന്നവനുമായിരുന്നു. ഈ മാതൃക നോക്കി അവൻ സ്വയം വിനീതനാക്കി; തൻെറ കീഴിലുള്ളവരുടെ ദാസനും എല്ലാവരിലും അവസാനത്തവനുമായി സ്വയം ആക്കിത്തീർത്തു.

എല്ലാം അനുഭവിച്ച അദ്ദേഹം, പിശാചിൻെറ പരീക്ഷണങ്ങളെ ധൈര്യപൂർവം എതിർക്കണമെന്നും ഒരിക്കലും കീഴടങ്ങരുതെന്നും പിശാചിൻെറ ബഹുവിധമായ ദുഷ്ടതയുടെ ഫലമായി നിരാശരാകരുതെന്നും ഓരോരുത്തരെയും ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ശുദ്ധീകരിക്കപ്പെടുകയും ദൈവത്തിനു സ്വയം സമർപ്പിക്കുകയും ചെയ്തവർ വരാനിരിക്കുന്ന നല്ല കാര്യങ്ങളുടെ പ്രത്യാശയിൽ ശക്തിസംഭരിക്കേണ്ടതു് അത്യാവശ്യമാണെന്നു് അവൻ പറയാറുണ്ടായിരുന്നു, കാരണം പൗരുഷം ഇല്ലാത്ത ആത്മാവ് നിരാശപ്പെടുത്തപ്പെടുക സ്വാഭാവികം മാത്രമാണ്. ഇതും ഈ രീതിയിലുള്ളതുമായ വാക്കുകളാൽ അവൻ അവരുടെ ആത്മാക്കളെ പോഷിപ്പിച്ചു. അവരെ നനച്ചു വളർത്തുന്നതിൽ നിന്ന് അവൻ വിരമിച്ചില്ല. അവൻ അവക്കു ചിറകു കൊടുത്തുകൊണ്ട് പറക്കാനും സ്വർഗത്തെ അളക്കാനും അവരെ പഠിപ്പിച്ചു.

## 17. ഒരുറവ കണ്ടെത്തൽ

ജലദൗർലഭ്യത്താൽ അവർ ഞെരുങ്ങിയപ്പോഠം ഒരു രാത്രിയിൽ അവൻ ഇപ്രകാരം പ്രാർത്ഥിച്ചു: സൈന്യങ്ങളുടെ ദൈവമായ കർത്താവേ, നിൻെറ വിശുദ്ധ നാമത്തിൻെറ മഹത്വത്തി

www.malankaralibrary.com

നായി ഈ സ്ഥലം സന്ന്യാസികളെക്കൊണ്ടു നിറയ്ക്കുന്നതു് നിൻെറ തിരുഹിതമാണെങ്കിൽ, ഞങ്ങൾക്കു് അല്പം വെള്ളം കല്പിച്ചു തരണമെ''. ചെറിയ പ്രാർത്ഥനാലയത്തിൽ അവൻ ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ താഴെ മലയിടുക്കിൽ കാട്ടുകഴുതയുടെ കുളമ്പടിശബ്ദം കേട്ടു. അന്നു് പൂർണചന്ദ്രനുദിച്ചുനിന്നിരുന്നു. അവൻ താഴേക്കു് ഒളിഞ്ഞുനോക്കിയപ്പോൾ ഒരു കാട്ടുകഴുത തൻെറ കുളമ്പുകൊണ്ടു് ഭൂമിയിൽ ആഴത്തിൽ മാന്തുന്നതായി കണ്ടു. അതു് വിശാലമായി കുഴിയുണ്ടാക്കിയിട്ടു് തൻെറ തല കടത്തി അതിൽനിന്നു് വെള്ളം കുടിക്കുന്നതു് അദ്ദേഹം ദർശിച്ചു. ദൈവം തങ്ങളെ സന്ദർശിച്ചു തൻെറ ദാസർക്കു് വെള്ളം തരുകയാണെന്നു മനസ്സിലാക്കി. അവൻ താഴേക്കിറങ്ങിവന്നു് ആ സ്ഥലം കുഴിച്ചപ്പോൾ വലിയൊരു നീരുറവ അവിടെ കണ്ടെത്തി. പിതാക്കന്മാർക്കു് വലിയ സമാശ്വാസം പ്രദാനം ചെയ്തുകൊണ്ടു്, ഇതാ, ലൗറായുടെ മധ്യത്തിൽ ഇപ്പോഴും ആ ഉറവ വററാതെ സ്ഥിതി ചെയ്യുന്നു; തണുപ്പുകാലത്തു് അതിൽ കൂടുന്നില്ല; എല്ലാവരും കോരിയെടുക്കുന്നെങ്കിലും ചൂടുകാലത്തു് ഇതു് വററിപ്പോകുന്നുമില്ല.

## 18. ദൈവം നിർമ്മിച്ച ദേവാലയം

മറെറാരു രാത്രിയിൽ ഭാഗ്യവാനായ സാബാസ് തൻെറ മുറിവിട്ടു് ദാവീദിൻെറ സങ്കീർത്തനങ്ങളാലപിച്ചുകൊണ്ടു് മലയിടുക്കിലൂടെ തനിയെ നടക്കുകയായിരുന്നു. പെട്ടെന്നു് മലയിടുക്കിൻെറ പടിഞ്ഞാറെ ചരുവിൽ, തറയിൽനിന്നു് ആകാശം മുട്ടിനില്ക്കുന്ന ഒരഗ്നിസ്തംഭം അദ്ദേഹം ദർശിച്ചു. ഇപ്പോഴുള്ള രണ്ടു പള്ളികൾക്കിടയ്ക്കു് അദ്ദേഹത്തിൻെറ അമൂല്യ തിരുശേഷിപ്പ് അടക്കം ചെയ്തിരുന്ന സ്ഥലത്തായിരുന്നു അതു്. ഈ ഭീതിജനകമായ കാഴ്ച കണ്ടു് ഒരേസമയം അദ്ദേഹത്തിനു് സംഭ്രമവും സന്തോഷവും ഉണ്ടായി. പിതാവായ യാക്കോബിനു് കാണപ്പെട്ട ഗോവണിയുടെ ബൈബിൾ വിവരണത്തെപ്പററി ചിന്തിച്ചുകൊണ്ടു് ''ഈ സ്ഥലം എത്ര ഭീതികരം, ഇതു് ദൈവഭവനമല്ലാതെ മറെറാന്നുമല്ല'' എന്നുച്ചരിച്ചുകൊണ്ടിരുന്നു (ഉല്പ. 28:17). നേരം വെളുക്കുന്നതുവരെ അദ്ദേഹം അവിടെ പ്രാർത്ഥനാനിരതനായിനിന്നു; അഗ്നിസ്തംഭം കാണപ്പെട്ട സ്ഥലം

www.malankaralibrary.com

കാണവാനായി ഭയത്തോടും വലിയ സന്തോഷത്തോടും കൂടി അദ്ദേഹം നടന്നു. അവിടെ ദൈവഭവനത്തിൻെറ ആകൃതിയുള്ള വലുതും മനോഹരവുമായ ഒരു ഗുഹ കണ്ടെത്തി. കിഴക്കേ ഭാഗത്തു ദൈവം നിർമ്മിച്ച ഒരു വളച്ചുവാതിൽ ഉണ്ടായിരുന്നു; വടക്കു് ഭാഗത്തു് ഒരു സാക്രിസ്റ്റി പോലെ തോന്നിക്കുന്ന ഒരു വിശാലമായ മുറി അവൻ കണ്ടു; സൂര്യപ്രകാശത്തിൽ നിന്നു് ആവശ്യത്തിനു് വെളിച്ചം കടന്നിരുന്ന വിശാലമായ പ്രവേശനഭാഗം തെക്കു്ഭാഗത്തു്. ദൈവസഹായത്താൽ വേണ്ട ക്രമീകരണം വരുത്തിയിട്ടു്, ശനിയാഴ്ചയും ഞായറാഴ്ചയുമുള്ള യാമനമസ്കാരങ്ങൾ അവിടെ വച്ചുനടത്താൻ അവൻ നിർദ്ദേശിച്ചു.

ദൈവസഹായത്താൽ കുറേശ്ശെകുറേശ്ശെ ഇതു വളന്നു് 150 പിതാക്കന്മാരുടെ സമൂഹമായിത്തീന്നു. സമൂഹം വളരുകയും മലയിടുക്കിൽ അവിടെയും ഇവിടെയും അറകളും മുറികളും വദ്ധിക്കയും ചെയ്തപ്പോൾ ലൗറസ്സും അതിൽ വസിക്കുന്നവക്കായി വാഹനമൃഗങ്ങളെ അദ്ദേഹം സമ്മാനിച്ചു. അവിടെ പാക്കുന്നവക്കാവശ്യമായവയൊക്കെ അവിടെ ലഭിക്കാൻ വേണ്ടിയാണിപ്രകാരം ചെയ്തതു്. അങ്ങനെ ബാഹ്യലോകത്തിലെബഹളങ്ങളിൽ നിന്നൊഴിഞ്ഞു് സ്വസ്ഥമായി ജീവിക്കാനാഗ്രഹിക്കുന്നവർ ജീവിതാവശ്യങ്ങൾക്കായി ലോകത്തിലേക്കു് വീണ്ടും പോകേണ്ട ആവശ്യമില്ലല്ലോ. അദ്ദേഹത്തിൻെറ നേതൃത്വവും നിയന്ത്രണവും അവർ സന്തോഷപൂവ്വം സ്വീകരിക്കുകയും തങ്ങളുടെ വിളിക്കനുസൃതമായ ഫലം പുറപ്പെടുവിക്കുകയും ഭാവിയിലെ വ്യതിയാനാതീതാവസ്ഥയ്ക്കു് മുൻപുതന്നെ തങ്ങളുടെ ശരീരത്തെ ആത്മീയമാക്കുകയും ചെയ്തു. ദൈവം നിമ്മിച്ച പള്ളി, അതായതു്, മേൽപ്പറഞ്ഞ ഗുഹ, കൂദാശ ചെയ്യുന്നതു് അദ്ദേഹം നീട്ടിവച്ചു; കാരണം, ഒരു വൈദികനാകാനോ, ഏതെങ്കിലും വൈദികസ്ഥാനിയായി നിയമിതനാകാനോ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. വൈദിക സ്ഥാനിയാകാനുള്ള ആഗ്രഹമാണു് അധികാരമോഹ ചിന്തകളുടെ ഉത്ഭവവും വേരും [9].

---

9. വൈദികപട്ടം സ്വീകരിക്കാൻ പല താപസ്സരും വിസമ്മതിച്ചു. തങ്ങളെ മെത്രാന്മാരാക്കാതിരിക്കാൻ നിത്രിയൻ മരുഭൂമിയിലെ മൂന്നു താപസ്സർ തങ്ങളുടെ ചെവി മുറിച്ചുകളഞ്ഞു.

www.malankaralibrary.com

ദൈവം നിർമ്മിച്ച ഗുഹയ്ക്കു മുകളിലായി നേരേ കിഴക്കോട്ടുക്കായി വളരെ ഉയർന്ന ഒരു പാറയുണ്ട്. അതിന്റെ മുകളിൽ നമ്മുടെ പിതാവായ സാബാസ് ഒരു സ്തംഭം നിർമ്മിച്ചു. വട്ടത്തിൽ ചുററിയുള്ള ഗോവണിപ്പടിപോലെ, ഗുഹയിൽനിന്ന് ഒരു രഹസ്യവഴി അദ്ദേഹം കണ്ടെത്തി. അതു് സാംക്രിസ്റ്റിയിൽ നിന്നാരംഭിച്ച് സ്തംഭത്തിൽ എത്തിയിരുന്നു. യാമനമസ്കാരത്തിനും മററ് ഭരണനടപടികൾക്കും അദ്ദേഹം അവിടെ പാർത്തു. അദ്ദേഹത്തിന്റെ കീർത്തി എങ്ങും പരന്നതിനാൽ പ്രത്യേകിച്ചു് അദ്ദേഹത്തിന്റെ മാലാഖാസദൃശ്യമായ ജീവിതവും പദാർത്ഥവിമുക്തമായ അസ്തിത്വവും കണ്ടു് നേർച്ചകാഴ്ചകളുമായി അനേകർ അവിടെയെത്തി. നേർച്ചകാഴ്ചകളിൽ കൂടിയ പങ്കും കെട്ടിട നിർമ്മാണത്തിനും സ്ഥലത്തിന്റെ അററകുററപ്പണികൾക്കുമായി ആ ഭാഗ്യവാൻ ചെലവാക്കി. ദൈവത്തിനു പ്രീതികരമെന്നു് അദ്ദേഹത്തിനു തോന്നിയവയെല്ലാം അദ്ദേഹം ചെയ്തു. ഒരു കാര്യത്തിലും തന്റെ കീഴിലുള്ളവരാരും അദ്ദേഹത്തെ എതിർത്തില്ല. ഇക്കാലത്താണ് മർത്തീരിയൂസ് മെത്രാനായതു്. മഹാനായ എവുതീമിയസിന്റെ കാലം മുതൽ അദ്ദേഹത്തിന് സാബാസിനെ അറിയാമായിരുന്നു; അദ്ദേഹത്തോടു് വലിയ സ്നേഹവുമായിരുന്നു.

## 19. അദ്ദേഹം വൈദികനാകുന്നു.

വിശുദ്ധനായ മർതീരിയൂസ് തന്റെ ഭരണത്തിന്റെ എട്ടാം വർഷം പൂർത്തിയാക്കാറായപ്പോൾ ഒൻപതാം ഇൻഡിക്ഷനിലെ ഏപ്രിൽ 13 നു് കർത്താവിലേയ്ക്കു് ആരോഹണം ചെയ്തു. സല്ലുസ്തിയൂസ് അദ്ദേഹത്തിന്റെ പിൻഗാമിയായി. അതു് നമ്മുടെ പിതാവായ സാബാസിന്റെ നാല്പത്തിയെട്ടാം വയസ്സിലായിരുന്നു (ക്രി. വ. 486). ചിന്തയിൽ ജഡികരും ബൈബിൾ ശൈലിയിൽ പറഞ്ഞാൽ "ആത്മാവില്ലാത്തവരും" ആയ ചിലർ ലൗറായിൽ ഉണ്ടായി. കുറേക്കാലത്തേക്കു് അവർ ചതുരുപായങ്ങൾ പ്രയോഗിക്കുകയും അദ്ദേഹത്തിന് എല്ലാത്തരം പ്രയാസങ്ങളും വരുത്തിവയ്ക്കുകയും ചെയ്തു. ശ്ലൈഹിക സമൂഹത്തിൽ ജീവിക്കാൻ യൂദാസിനും ഏലീശായോടൊപ്പം കുറേക്കാലത്തേക്കു് ഗേഹാസിക്കും ഇസഹാക്കിൽ

www.malankaralibrary.com

നിന്നു ജനിക്കാൻ ഏശാവിനും ഹാബേലിൻെറ സഹോദരനായിരിക്കാൻ കായേനും കഴിഞ്ഞല്ലോ.

ഞാൻ പറഞ്ഞ മേല്പറഞ്ഞ ശല്യക്കാർ ഒന്നിച്ചാലോചിച്ച് ജറുസലേമിൽ ചെന്നു് തങ്ങൾക്കൊരദ്ധ്യക്ഷനെ തരണമെന്നു് ആർച്ചുബിഷപ്പ് സല്ലുസ്റ്റിയുസിനോടപേക്ഷിച്ചു.

ആർച്ചുബിഷപ്പ് അവരോടു് ചോദിച്ചു: ''നിങ്ങൾ എവിടെനിന്നു വരുന്നു?''

അവർ മറുപടിപറഞ്ഞു: ''മരുഭൂമിയിലെ ഒരു മലയിടുക്കിൽ ഞങ്ങൾ പാർക്കുന്നു''.

നിർബന്ധിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞു: ''സാബാസിൻേറതു് എന്നു് ചിലർ പറയുന്നിടത്തു്.''

ആർച്ചുബിഷപ്പ് പറഞ്ഞു: ''അപ്പോൾ സാബാസ് എവിടെ''?

അവർ പ്രത്യുത്തരിച്ചു: ''അയാളുടെ തികഞ്ഞ ഗ്രാമ്യരീതി നിമിത്തം അവിടം ഭരിച്ചുകൊണ്ടുപോകാൻ അയാൾക്കു കഴിവില്ല. മററൊന്നുകൂടി കൂട്ടിച്ചേർക്കാനുണ്ടു്. അയാൾ പട്ടം സ്വീകരിച്ചിട്ടില്ല; മററാരാൾ വൈദികനാകാൻ അനുവദിക്കുന്നുമില്ല. പിന്നെങ്ങനെ 150 പേരുടെ സമൂഹത്തെ അയാൾ നയിക്കും?'' തദവസരം അവിടെ സന്നിഹിതനായിരുന്ന ഭാഗ്യസ്മരണാർഹനും പുരോഹിതനും തിരുവുത്ഥാനദേവാലയാദ്ധ്യക്ഷനും തിരുകുരിശിൻെറ സംരക്ഷകനുമായ ഒരു കുറിയാക്കോസ് ഇതു കേട്ടു് അവരോടു ചോദിച്ചു: ''ഈ സ്ഥലത്തു് നിങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയായിരുന്നോ അതോ, അദ്ദേഹം നിങ്ങളെ സ്വീകരിക്കുകയായിരുന്നോ''? അവർ പറഞ്ഞു: ''യഥാർത്ഥത്തിൽ അദ്ദേഹമാണു് ഞങ്ങളെ സ്വീകരിച്ചതു്; എന്നാൽ അദ്ദേഹത്തിൻെറ പ്രാകൃതരീതി നിമിത്തം ഞങ്ങളെ ഭരിക്കാൻ അദ്ദേഹത്തിനു കഴിവില്ല. ഞങ്ങൾ ഇപ്പോൾ വളരെ വർദ്ധിച്ചിരിക്കുന്നു''. അതിഭാഗ്യവാനായ കുറിയാക്കോസ് വീണ്ടും ചോദിച്ചു, ''നിങ്ങൾ പറയുന്നതുപോലെ, അദ്ദേഹമാണു് ഈ സ്ഥലത്തു് നിങ്ങളെ ഒന്നിച്ചുകൂട്ടി ഈ മരുഭൂമിയെ മനുഷ്യവാസം ഉള്ളതാക്കിത്തീർത്തതെങ്കിൽ മനുഷ്യരെക്കൊണ്ടു് നിറച്ച ഈ സ്ഥലവും ഐക്യത്തിൽ ഒന്നിച്ചു ചേർന്ന നിങ്ങളെയും ഭരിക്കാൻ എത്ര കൂടുതലായി അദ്ദേഹത്തിനു സാധിക്കുകയില്ല! നിങ്ങളെ

www.malankaralibrary.com

ഒന്നിച്ചു ചേർന്ന് ഈ സ്ഥലം ആശ്രമമാക്കാൻ സഹായിച്ച ദൈവം ഇതിനെ ഭരിക്കാൻ കൂടുതലായി അവനെ സഹായിക്കും''. അപ്പോൾ ആർച്ചുബിഷപ്പ് താഴെപ്പറയുന്ന വാക്കുകൾകൊണ്ടു് അവരെ പറഞ്ഞയച്ചു: ''തല്ക്കാലം നിങ്ങൾ പോയി, ചിന്തിച്ചിട്ട് നാളെ തിരികെ വരിക''.

മറേറതോ കാര്യം പറഞ്ഞു് അദ്ദേഹം ഭാഗ്യവാനായ സാബാസിനെയും അതുപോലെ അദ്ദേഹത്തിന്റെ മേൽ ആരോപണം ഉന്നയിച്ചവരെയും വരുത്തി. അവരുടെ മുമ്പിൽവച്ച് അദ്ദേഹം സാബാസിനെ വൈദികനാക്കിയിട്ട് അവരോട് പറഞ്ഞു: ''ഇതാ നിങ്ങളുടെ പിതാവും ലൗറയിലെ അധ്യക്ഷനും. മനുഷ്യനല്ല, മുകളിൽ നിന്നു് ദൈവം തെരഞ്ഞെടുത്തതാണിതു്. കൈവപ്പുവഴി ഞാൻ ഈ ദൈവിക തെരഞ്ഞെടുപ്പ് അംഗീകരിച്ചെന്നു മാത്രം''. ഇതു പറഞ്ഞിട്ട് അദ്ദേഹം സാബാസിനെയും ഈ മനുഷ്യരെയും വിശുദ്ധ കുരിശിന്റെ സംരക്ഷകനായ മുകളിൽ പറഞ്ഞ കുറിയാക്കോസിനെയും കൂട്ടി ലൗറായിലെത്തി ദൈവം നിർമ്മിച്ച പള്ളി കൂദാശ ചെയ്തു. ദൈവം നിർമ്മിച്ച വളച്ചുവാതിലിങ്കൽ ഒരു ബലിപീഠം സ്ഥാപിച്ചു. ബലിപീഠത്തിന്റെ താഴെ വിശുദ്ധരും വിജയശ്രീലാളിതരുമായ നിരവധി രക്തസാക്ഷികളുടെ തിരുശേഷിപ്പ് വച്ചു. അതു് പതിനാലാം ഇൻഡിക്ഷനിലെ ഡിസംബർ 12നായിരുന്നു. അതായതു് ഭാഗ്യവാനായ സാബാസിന്റെ അമ്പത്തിമൂന്നാം വയസ്സിൽ; സേനോ ചക്രവർത്തി മരിക്കുകയും അനസ്താസ്യോസ് സിംഹാസനാരൂഢനാകുകയും ചെയ്ത വർഷം (ക്രി. വ. 491).

## 20. അർമേനിയർ ലൗറയിൽ

ആ വർഷം തന്നെ ദൈവപ്രേരിതനും ദിവ്യവരങ്ങളാൽ അലംകൃതനും അർമേനിയാക്കാരനുമായ ഒരു ജറമിയാസിനെ സാബാസ് ലൗറയിൽ സ്വീകരിച്ചു. അയാളുടെ പോരാട്ടങ്ങളിലും ജീവിത രീതികളിലും പങ്കാളികളായ പത്രോസ്, പൗലോസ് എന്നിങ്ങനെ രണ്ടുപേരേക്കൂടി അയാൾ കൊണ്ടുവന്നിരുന്നു.

അവരുടെ ഭക്തി നിമിത്തം അവരുടെ വരവിൽ നമ്മുടെ പിതാവായ സാബാസ് സന്തുഷ്ടനായി. ആ മലയിടുക്കിൽ

www.malankaralibrary.com

അദ്ദേഹം തനിയെ ആയിരുന്നപ്പോൾ ആദ്യം താമസിച്ചിരുന്ന ഗുഹയുടെ വടക്കായി ഒരു ഗുഹയും ചെറിയൊരു മുറിയും അവക്കു കൊടുത്തു. ശനിയാഴ്ചയും ഞായറാഴ്ചയും ചെറിയ പ്രാർത്ഥനാലയത്തിൽ, അർമേനിയൻ ഭാഷയിൽ സങ്കീർത്തനാലാപം നടത്താൻ അദ്ദേഹം അവരോടു പറഞ്ഞു. തദ്ഫലമായി ലൗറയിൽ അർമേനിയരുടെ സംഖ്യ വദ്ധിച്ചു വന്നു. ഭാഗ്യവാനായ ജറമിയാസിന്റെ ശിഷ്യനും ദൈവപ്രേരിതനും വലിയ ലൗറയിൽ ഇന്നുവരെ ദൈവിക സുകൃതങ്ങളിൽ ശ്രേഷ്ഠനമായ പൗലോസ്, സാബാസിനെപ്പററി വിസ്മയകരമായ നിരവധി കഥകൾ പറഞ്ഞിട്ടുണ്ട്. ഈ വിവരണത്തിലെ അനേകം കഥകൾ അദ്ദേഹം പറഞ്ഞിട്ടുള്ളതാണ്.

## 21. മെത്രാനും ഏകാന്തവാസിയുമായ യോഹന്നാൻ

ദൈവം നിർമ്മിച്ച പള്ളി കൂദാശചെയ്ത വഷം തന്നെ നമ്മുടെ പിതാവും ദൈവ പ്രചോദിതനും മെത്രാനും ഏകാന്തവാസിയുമായ യോഹന്നാനെ പരിശുദ്ധാത്മാവ് ലൗറായിലേക്ക് ആനയിച്ചു. എവുതീമിയസിനെയും സാബാസിനെയും പററിയുള്ള പ്രയോജനകരമായ പലകഥകളും എന്നോടു പറയുകയും അവ എഴുതിവയ്ക്കാൻ എന്നെ നിർബന്ധിക്കുകയും ചെയ്തത് അദ്ദേഹമാണ്. നമ്മുടെ വിശുദ്ധ പിതാവായ സാബാസ് അദ്ദേഹത്തെ സമൂഹത്തിൽ സ്വീകരിച്ചു. അപ്പോൾ അദ്ദേഹത്തിനു 38 വയസ്സ് പ്രായമുണ്ടായിരുന്നു; അദ്ദേഹം പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരിക്കപ്പെട്ട ആലയമായിത്തീന്നു. ദൈവികവരങ്ങളാൽ നിറഞ്ഞവനും പ്രകാശവാഹിയുമായിരുന്നു അദ്ദേഹം. മാലാഖസമാനം ജീവിച്ചുകൊണ്ടും ദൈവത്തിലേക്കുള്ള നമ്മുടെ പാതയെ പ്രകാശിപ്പിച്ചുകൊണ്ടും അദ്ദേഹം ഇപ്പോഴും ജഡത്തിൽ ജീവിക്കുന്നു[10]. അദ്ദേഹത്തിന്റെ സുകൃതങ്ങളും നേട്ടങ്ങളും ഇപ്പോൾ വെറുതെ പരാമശിച്ചു് വിട്ടുകളഞ്ഞാൽ പോരാ. ദൈവേഷ്ടമാണെങ്കിൽ, ഈ ജോലി പൂത്തിയാക്കിക്കഴിഞ്ഞിട്ട്, മിക്കവൊറും എല്ലാവക്കും അറിയാവുന്നവയും അദ്ദേഹം തന്നെ എന്നോടു പറഞ്ഞ

10. ജോൺ മരിച്ചതു് 559 ലാണ്. സാബാസിന്റെ ജീവചരിത്രം സിറിലെഴുതിയതു് 555നും 557നും ഇടയ്ക്കാണ്.

www.malankaralibrary.com

ട്ടുള്ളവയുമായ അദ്ദേഹത്തെപ്പററിയുള്ള കുറേകാര്യങ്ങൾ മറെറാരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നതാണ്. അവ നിരവധിയാണ്; സ്വാധീനശക്തിയുള്ളവയുമാണ്. അവ ഒരുതരത്തിലും വിസ്മൃതിയിലാണ്ടുപോകാൻ പാടില്ല. കാരണം തന്റെ ജീവിതവും സുകൃതങ്ങളും നിമിത്തം നമ്മുടെ നാട്ടുമുഴുവൻ അദ്ദേഹം വിഖ്യാതനും ബഹുമാനിതനുമാണ്.

## 22. അദ്ദേഹത്തിന്റെ ദീക്ഷ നഷ്ടപ്പെട്ടവിധം

മഹാനായ എവുതീമിയസിന്റെ ജീവിതരീതികൾ എല്ലാം അനുകരിക്കാൻ നമ്മുടെ വിശുദ്ധ പിതാവായ സാബാസ് തൽപരനായിരുന്നു എന്ന് ഏകാന്തവാസിയും മെത്രാനും വലിയ സുകൃതവാനുമായ യോഹന്നാൻ എന്നോടു പറയുകയുണ്ടായി. എവുതീമിയസ് ജാനുവരി മാസത്തിലെ നിശ്ചിത തീയതിയിൽ ഉൾമരുഭൂമിയിലേയ്ക്കു പിൻവാങ്ങി നോമ്പുകാലം അവിടെ ചെലവഴിക്കുക പതിവായിരുന്നു. അതു പോലെ, ആ പതിവ് അല്പം വ്യത്യാസപ്പെടുത്തിക്കൊണ്ട് വിശുദ്ധ അന്തോണിയോസിന്റെ അനുസ്മരണയ്ക്കുശേഷം സാബാസും പുറപ്പെട്ടിരുന്നു. ജനുവരി 20 ന് മഹാനായ എവുതീമിയസിന്റെ ഓർമ്മ കൊണ്ടാടിയാലുടൻതന്നെ, ഓശാന ഞായറാഴ്ചവരെ, എല്ലാ മാനുഷിക സമൂഹങ്ങളിൽ നിന്നും അകന്ന് ഉൾമരുഭൂമിയിലേക്ക് അദ്ദേഹം പിൻവാങ്ങുമായിരുന്നു. മിക്കവാറും എല്ലാവർഷവും അദ്ദേഹം ഇപ്രകാരം പ്രവർത്തിച്ചിരുന്നു.

ഒരിക്കൽ ഇപ്രകാരം പുറപ്പെട്ട് ചാവുകടലിനടുത്തുകൂടെ സോവാറാ മരുഭൂമി കടക്കവെ കടലിൽ വളരെ ചെറിയ ഒരു ദ്വീപ് അദ്ദേഹം കണ്ടു. അവിടെ പോയി ഉപവാസ ദിവസങ്ങൾ തനിയെ അവിടെ ചെലവഴിക്കാൻ അദ്ദേഹത്തിനാഗ്രഹം ഉണ്ടായി. യാത്രാമദ്ധ്യേ, പിശാചിന്റെ കെണിയുടെ ഫലമായി, കടലിന്റെ താണുപോകുന്ന ഒരു ഭാഗത്ത് (Porous) അദ്ദേഹം ചവിട്ടുവാനിടയായി. അതിൽ നിന്ന് ചൂടുള്ള വായു ഉയർന്നുവന്നു. മീശയുൾപ്പെടെ അദ്ദേഹത്തിന്റെ മുഖവും മററു ശരീരഭാഗങ്ങളും വെന്തുപൊള്ളി. അശുദ്ധാത്മാക്കൾക്കെതിരായി ദിവ്യശക്തി വന്ന് അദ്ദേഹത്തെ സന്ദർശിച്ചു സുഖപ്പെടുത്തുന്നതുവരെ നിരവധി ദിവസത്തേക്ക് അദ്ദേഹം സംസാര

www.malankaralibrary.com

ശേഷിക്കുടി നഷ്ടപ്പെട്ട് ഒററക്കിടപ്പ് അവിടെ കിടന്നു. അതിന് ഒററ അനന്തരഫലമേ ഉണ്ടായുള്ളു: കത്തിക്കരിഞ്ഞുപോയ അദ്ദേഹത്തിൻെറ ദീക്ഷ പിന്നെ മുളച്ചു വരാത്തതിനാൽ അദ്ദേഹം ദീക്ഷാരഹിതനായിത്തീർന്നു. നോമ്പുകാലം കഴിഞ്ഞ് ലൗറയിൽ തിരിച്ചെത്തിയ അദ്ദേഹത്തെ അദ്ദേഹത്തിൻെറ ശബ്ദം കൊണ്ടും രീതികൾ കൊണ്ടും അല്ലാതെ തിരിച്ചറിയാൻ പിതാക്കന്മാർക്ക കഴിഞ്ഞില്ല. അദ്ദേഹത്തെ വിനീതനാക്കാനും തൻെറ ദീക്ഷയിൽ ഒട്ടും അഭിമാനിക്കാതിരിക്കാനും ദൈവ പരിപാലനയാൽ സംഭവിച്ചു എന്നു കരുതി തൻെറ ദീക്ഷ കരിച്ചുകളഞ്ഞതിന് അവൻ ദൈവത്തിന് നന്ദി പറഞ്ഞു.

## 23. ശിഷ്യനും സിംഹവും

തനിക്ക പതിവായിരുന്നതുപോലെ, പിറേറ വർഷം, അഗാപേററസ് എന്നു പേരുള്ള ഒരു ശിഷ്യനോടുകൂടി അദ്ദേഹം ഉൾമരുഭൂമിയിലേക്ക പുറപ്പെട്ടു. കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു രാത്രിയിൽ ക്ഷീണവും ഭക്ഷണക്കുറവും കൊണ്ട് അഗാപേററസ് കമിഴ്ന്നുകിടന്നുറങ്ങിപ്പോയി. അവൻ ഗാഢ നിദ്രയിലമർന്നപ്പോഴും ഭാഗ്യവാനായ സാബാസ് പ്രാർത്ഥനാ നിരതനായിരിക്കുകയായിരുന്നു. തദവസരം ഒരു വലിയ സിംഹം കടന്നുവന്ന് അഗാപേററസിനെ തല മുതൽ പാദം വരെ മണപ്പിച്ചു.

നമ്മുടെ പിതാവായ സാബാസ് അവനുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു. ചാട്ടയടി കൊണ്ടാലെന്നവണ്ണം, അദ്ദേഹത്തിൻെറ പ്രാർത്ഥനയാൽ, ഓടിക്കപ്പെട്ട സിംഹം വാൽകൊണ്ട് ശാന്തമായി അഗാപേററസിനെ സ്പർശിച്ച് ഉണർത്തിയിട്ട്, കടന്നുകളഞ്ഞു. കണ്ണുതുറന്ന അഗാപേററസ് ഭീകരസിംഹത്തെ കണ്ട് ഭയന്നുവിറച്ച് ഗുരുവിൻെറ പക്കലേക്ക് ഓടിക്കയറി. എന്നാൽ താഴെപ്പറയുന്ന ഉപദേശം നൽകിക്കൊണ്ട് ആ വൃദ്ധൻ അവനെ സ്വീകരിച്ചു: കെണിയിൽനിന്നു് കലമാനെന്നപോലെയും കുടുക്കിൽനിന്ന് പക്ഷിയെന്നപോലെയും നിന്നെത്തന്നെ രക്ഷിക്കുന്നതിന് "നിൻെറ നയനങ്ങളിൽനിന്നു നിദ്രയും നിൻെറ ഹൃദയത്തിൽനിന്ന് കരുതലില്ലായ്മയും ദൂരെയകററുക".

www.malankaralibrary.com

## 24. സാബാസും ഏകാന്തവാസിയും

ദൈവപ്രചോദിതനായ ഏകാന്തവാസി താഴെപ്പറയുന്ന കഥയും എന്നോടുപറഞ്ഞു: മററൊരവസരം, ഉരംമരുഭൂമിയിലേക്കു പുറപ്പെടുന്നതിനുമുൻപ് ഏതാണ്ട് പത്തൗൺസ് തൂക്കമുള്ള പത്തു് ഉണക്ക റൊട്ടിക്കഷണം ഒരു ആട്ടിൻതോൽ സഞ്ചിയിലാക്കി അഗാപേററസിനു കൊടുത്തു. അവർ യോർദ്ദാൻ തീരത്തേക്കു യാത്രപുറപ്പെട്ടു. വടക്കോട്ടു യാത്ര ചെയ്യാനായി യോർദ്ദാൻെറ പടിഞ്ഞാറെ കരയിൽക്കൂടി നടക്കുമ്പോരം ഒരുയന്നസ്ഥലം കണ്ടു. അതിൻെറ മുകളിൽ ഒരു ഗുഹയുണ്ടായിരുന്നു. ദൈവിക വെളിപാടിനാലാകാം ഉരംപ്രേരണ തോന്നിയ അദ്ദേഹം അഗാപേററസിനെയുംകൂട്ടി പ്രയാസപ്പെട്ട് അതിൻെറ മുകളിൽ കയറി. ഗുഹയിലേക്കു കടന്നപ്പോരം, രണ്ടാം ദർശനമുള്ള ഒരു ഏകാന്തവാസിയെ അതിനുള്ളിൽ കണ്ടെത്തി. അവരിരുവരും പ്രാത്ഥിച്ചുകഴിഞ്ഞപ്പോരം ഏകാന്തവാസി ഇപ്രകാരം പറയാൻ തുടങ്ങി: ''ദൈവദാസനായ സാബാസ് നിന്നെ ആരു് ഈ സ്ഥലം കാണിച്ചു? ദൈവസഹായത്താൽ, ഒരു മനുഷ്യജീവിയെയും കാണാതെ ഞാൻ മുപ്പത്തെട്ടു വർഷം ഈ ഗുഹയിൽ ചെലവഴിച്ചു. നീ എങ്ങനെ ഇപ്പോരം ഇവിടെ വന്നു''? ഭാഗ്യവാനായ സാബാസ് അവനോടു മറുപടി പറഞ്ഞു:'' എൻെറ നാമം നിനക്കു വെളിപ്പെടുത്തിയവൻ തന്നെ ഈ സ്ഥലം എനിക്കു കാണിച്ചുതന്നു''.

അവരിരുവരും പരസ്പരം ആലിംഗനം ചെയ്തശേഷം സാബാസും കൂടെയുള്ളയാളും അവരുടെ വഴിക്കുപോയി. തിബെരിയാസ് കടലിനും യോർദ്ദാനും ഇടയ്ക്കുള്ള സ്ഥലത്തുകൂടി ബഹുദൂരം നടന്നു; ക്രോസിയാ, ഹെപ്റ്റാപ്പെഗ്ഗസ് തുടങ്ങി പാനെയാസ് വരെയുള്ള വിശുദ്ധ സ്ഥലങ്ങരം സന്ദർശിച്ച് പ്രാത്ഥിച്ചിട്ട് തിരിച്ചുനടന്നു.11 അവർ ആ ഏകന്തവാസിയുടെ ഗുഹയ്ക്കടുത്തു വന്നപ്പോരം ഭാഗ്യവാനയ സാബാസ് പറഞ്ഞു: ''സഹോദരാ, നമുക്ക് കയറി ദൈവദാസനെ അഭിസംബോധന ചെയ്യാം.'' അവർ കയറിയപ്പോരം, കിഴക്കോട്ട്

---

11. ഗലീലാക്കടലിൻെറ തീരങ്ങളിലുള്ള സ്ഥലങ്ങരം. ഹെപ്റ്റാപ്പെഗ്ഗസിൽ വച്ചാണ് ആയിരം പേരെ തീററിതൃപ്തിപ്പെടുത്തിയതു്.

www.malankaralibrary.com

തിരിഞ്ഞ് അദ്ദേഹം മുട്ടുകുത്തി നിൽക്കുന്നതായി അവർ കണ്ടു. അയാറം പ്രാർത്ഥിക്കുകയാണെന്നുകരുതി മൂപ്പൻ ഏറെനേരം കാത്തുനിന്നു. അദ്ദേഹം അനങ്ങാതെ ദിവസം കടന്നുപോയി. അപ്പോറം ഭാഗ്യവാൻ പറഞ്ഞു, "പിതാവേ, ഞങ്ങറംക്കുവേണ്ടി ക്രിസ്തുവിനോടപേക്ഷിച്ചാലും." മറുപടി ഒന്നും ലഭിക്കായ്കയാൽ അവൻ അടുത്തുചെന്ന് അവനെ തൊട്ടു. അപ്പോഴാണ് അവൻ മരിച്ചുപോയി എന്ന് അവക്കു മനസ്സിലായത്. അപ്പോറം സാബാസ് പറഞ്ഞു: "എൻെറ കുട്ടീവരൂ; നമുക്കു് ഇദ്ദേഹത്തെ സംസ്കരിക്കാം. ഇതിനായിട്ടാണ് ദൈവം നമ്മെ അയച്ചത്." ശരീരത്തെ ബഹുമാനിച്ച്, പതിവുപ്രാർത്ഥനകറം ചൊല്ലി ആ ഗുഹയിൽ തന്നെ അദ്ദേഹത്തിൻെറ ശരീരം വച്ചു. വലിയ കല്ലുകറംകൊണ്ട് അവർ അതിൻെറ വാതിലടച്ചു. തുടന്ന് അവർ തങ്ങളുടെ യാത്ര പൂർത്തിയാക്കി.

ഓശാന ഞായറാഴ്ചയുടെ തലേന്നാറം അവർ ലൗറായിൽ എത്തിച്ചേന്നു. നോമ്പുദിവസം മുഴുവൻ സാബാസ് ഭക്ഷണം കൂടാതെ ചെലവഴിച്ചു. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും കർബാന സ്വീകരിച്ചിരുന്നു. അവരെടുത്ത പത്തു് റൊട്ടിക്കഷണങ്ങറം അഗാപേററസിൻെറ ആവശ്യത്തിനു് മതിയായിരുന്നു.

## 25. കുടുംബസ്വത്ത്

ദൈവം നിർമ്മിച്ച മേല്പറഞ്ഞ പള്ളി കൂദാശ ചെയ്ത വർഷം തന്നെ ആബാ സാബാസിൻെറ പിതാവും കോനോൻ എന്നു കൂടി പേരുള്ളവനുമായ യോഹന്നാൻ അലക്സാണ്ട്രിയായിൽ വച്ചു മരിച്ചു. ഇസൗറിയൻ റെജിമെൻറിൽ വലിയ സ്ഥാനവും അധികാരവും ലഭിച്ചയാളായിരുന്നു അദ്ദേഹം. തൻെറ മകനായ സാബാസ് സന്ന്യാസ ജീവിതത്തിൽ വിഖ്യാതനായിത്തീന്നെന്നറിഞ്ഞ ഭാഗ്യവതിയായ സോഫിയ, അപ്പോഴേയ്ക്കും പ്രായാധിക്യത്തിലെത്തിയിരുന്നു. അവറം തനിക്കുള്ള വസ്തുവകകളെല്ലാം വിററ് വലിയൊരു തുകയുമായി ജറുസലേമിൽ വന്നു. ഭാഗ്യവാനായ സാബാസ് അവളെ സ്വീകരിച്ചു. ഈ ലോകത്തിലെ എല്ലാ വസ്തുക്കളും ഉപേക്ഷിക്കാൻ അവൻ അവളെ പ്രേരിപ്പിച്ചു. അധികം താമസിയാതെ അവറം

www.malankaralibrary.com

മരിച്ചു. അവൻ അവളുടെ ശവസംസ്കാരം നടത്തി. അവിടെയുള്ള ഒരു വിശുദ്ധ കല്ലറയിൽ അവളെ സംസ്കരിച്ചു. അവളുടെ സമ്പത്ത് അവൻ തന്റെ ലൗറസ്സായി എടുത്തു. ഈ പണം കൊണ്ടാണ് ജറീക്കോയിൽ ഉദ്യാനത്തോടു കൂടിയ അതിഥിമന്ദിരം 12 വാങ്ങിയതും അവക്ക് ഒരു ജലസംഭരണി വാങ്ങിയതും പിതാക്കന്മാർക്കു വേണ്ടി ലൗറായിൽ അതിഥി മന്ദിരം പണിയിച്ചതും മററ് പല കാര്യങ്ങൾ ചെയ്തതും.

## 26. മേഘത്തിന്റെ അദ്ഭുതം

ലൗറയിൽ അതിഥിമന്ദിരം പണിതുകൊണ്ടിരുന്നപ്പോൾ ജോലിക്കാർക്കാവശ്യമുള്ള ഭക്ഷണം കൊണ്ടുവരുവാനായി വാഹനമൃഗങ്ങളുമായി ഒരു സഹോദരനെ ജറീക്കോയിലേക്കയച്ചു. അവൻ അവിടെച്ചെന്ന് ഭക്ഷണ സാധനങ്ങൾ കയററി ലൗറയിലേക്ക് മരുഭൂമിയിലൂടെ തിരികെ വരികയായിരുന്നു. പകലിന്റെ ചൂട് വളരെ കഠിനമായിത്തീർന്നതിനാൽ, ദാഹാർത്തനായിത്തീർന്ന സഹോദരൻ തല കറങ്ങി റോഡിന്റെ നടുക്ക വീണു. ശ്രേഷ്ഠനെ ഓർത്തുകൊണ്ട് അവൻ ഈ പ്രാർത്ഥന ചൊല്ലി: “കർത്താവേ, എന്റെ ആബാ സാബാസിന്റെ ദൈവമേ, എന്നെ ഉപേക്ഷിക്കല്ലേ''. പെട്ടെന്ന്, മേഘത്തൂണിൽ ഇസ്രായേലിനെ വഴി നടത്തിയ ദൈവം അവനെ സംരക്ഷിക്കാൻ ഒരു മേഘത്തെ വിരിച്ചു. അത് അവനു നവജീവൻ പകരുന്ന മഞ്ഞു പൊഴിക്കുകയും അവനു ശക്തി പകരുകയും ചെയ്തു. ആ മേഘം അവനെ ലൗറാവരെ അനുധാവനം ചെയ്തു അങ്ങനെ അവൻ ലൗറയിലെത്തി.

## 27 കസ്തെല്ലിയത്തെ സ്ഥാപനം

മഹാനായ സാബാസിന്റെ അൻപത്തിനാലാം വയസ്സിൽ ദൈവം നിർമ്മിച്ച പള്ളിയുടെ കൂദാശയുടെയും യോഹന്നാന്റെ വരവിന്റെയും രണ്ടാം വർഷം, പതിനഞ്ചാം ഇൻഡിക്ഷനിലെ ജനവരി 29ന് (ക്രി.വ.492) നമ്മുടെ വിശുദ്ധ പിതാവായ സാബാസ് കസ്തെല്ലിയം മലയിലേക്കുപോയി. ലൗറയിൽ

12. തീർത്ഥാടകർക്കുവേണ്ടിയുള്ള മന്ദിരങ്ങൾ സംരക്ഷിച്ചിരുന്നത് സന്യാസികളാണ്. തീർത്ഥാടകർ അവിടെ നേർച്ചകാഴ്ചകൾ സമർപ്പിച്ചിരുന്നു.

നിന്നു് 20 സ്റ്റേഡിയ വടക്കുകിഴക്കായിരുന്നു അതു്. അതൊരു ഭയങ്കര മലയായിരുന്നു. അവിടെയുണ്ടായിരുന്ന അസംഖ്യം പിശാചുക്കൾ നിമിത്തം അവിടം ആരും സന്ദർശിച്ചിരുന്നില്ല. അതിനടുത്തുപോകാൻ ഇടയന്മാരും തുനിഞ്ഞില്ല. എന്നാൽ ഈ വന്ദ്യവയോധികൻ അതു്ന്നതനെ തന്റെ ആശ്രയമാക്കിക്കൊണ്ടും വിശുദ്ധ കരിശിൽ നിന്നുള്ള തൈലം തളിച്ചുകൊണ്ടും നോമ്പുകാലം മുഴവൻ അവിടെ താമസിച്ചു; തന്റെ നിരന്തര പ്രാർത്ഥന കൊണ്ടും ദൈവികസ്തുതിപ്പുകൾ കൊണ്ടും അദ്ദേഹം ആ സ്ഥലത്തെ മെരുക്കിയെടുത്തു. ഈ മലയിൽ വച്ചു് പിശാചുക്കൾ അദ്ദേഹത്തെ പലരീതിയിൽ പരീക്ഷിച്ചു. ഭയചകിതനായി അവിടെ നിന്നു് പിന്മാറാൻ മനുഷ്യനെന്ന നിലയ്ക്കു് അദ്ദേഹം ആഗ്രഹിക്കേണ്ടതായിരുന്നു; എന്നാൽ മുമ്പു് മഹാനായ ആബാ അന്തോണിയോസിനു് കാണപ്പെട്ടവൻ അദ്ദേഹത്തിനും കാണപ്പെട്ടു് കരിശിന്റെ ശക്തിയിൽ ധൈര്യമവലംബിക്കാൻ നിർദ്ദേശിച്ചു; അങ്ങനെ ധൈര്യപ്പെട്ടു്, പിശാചിന്റെ ധിക്കാരത്തെ വിശ്വാസത്താലും സ്ഥിരതയാലും എതിരിട്ടു ജയിച്ചു.

അവൻ അവിടെ ഇടതടവില്ലാത്ത പ്രാർത്ഥനയിലും ഉപവാസത്തിലും മുഴകി. നോമ്പിന്റെ അവസാനത്തോടടുത്തപ്പോൾ, ഒരുദിവസം അദ്ദേഹം നിശാജാഗരണം നടത്തുകയായിരുന്നു. അവിടെ തമ്പടിച്ചിരുന്ന അശുദ്ധാത്മാക്കളിൽ നിന്നു് ആ സ്ഥലത്തെ ശുദ്ധീകരിക്കണമെന്നു് ദൈവത്തോടു് യാചിച്ചുകൊണ്ടിരുന്നു. പെട്ടെന്നു് പിശാചുകൾ കൊട്ടുന്ന ശബ്ദമുണ്ടാക്കുകയും പാമ്പിന്റെയും വന്യമൃഗങ്ങളുടെയും കാക്കകളുടെയും രൂപമെടുത്തു്, അദ്ദേഹത്തെ ഭയപ്പെടുത്താനായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ നിരന്തര പ്രാർത്ഥന അവരെ തകിടം മറിച്ചു. മാനുഷിക വാക്കുകളിൽ ഇപ്രകാരം തട്ടിവിട്ടുകൊണ്ടു് അവർ ആ സ്ഥലത്തുനിന്നോടിപ്പോയി: "സാബാസേ, ഇതെന്തു് ബലാല്ക്കാരമാണു്! നീ പാർക്കുന്ന മലയിടുക്കു് നിനക്കു മതിയായില്ലേ! ഞങ്ങളുടെ സ്ഥലത്തേക്കും നീ കടന്നുവന്നിരിക്കുകയാണോ? നിന്നെ സംരക്ഷിക്കുന്നതു് ദൈവമാകയാൽ നിന്നെ എതിർക്കാൻ ഞങ്ങൾക്കു കഴിയില്ല." ഇതും ഇതുപോലുള്ളതുമായ വാക്കുകൾ പറഞ്ഞുകൊണ്ടു് പാതിരാത്രി

www.malankaralibrary.com

തന്നെ തമ്പേറടിക്കുന്ന ശബ്ദം പോലെയും കാക്കക്കൂട്ടത്തിൻെറ കലപില ശബ്ദം പോലെയും ശബ്ദമുണ്ടാക്കിക്കൊണ്ട് അവരൊന്നടങ്കം ആ മലയിൽ നിന്നു പിൻമാറി;

ആ മലയ്ക്കുചുററും വയലുകളിൽ തങ്ങളുടെ ആടുകളെ സൂക്ഷിച്ചുകൊണ്ട് ഇടയന്മാരുണ്ടായിരുന്നു; കാക്കകളുടെ കലപിലശബ്ദവും കൂട്ടക്കരച്ചിലും കേട്ട് അവർ ഭയചകിതരായി പരസ്പരം പറഞ്ഞു: "കസ്റ്റെല്ലിയത്തു് ഏതോവിശുദ്ധൻ പാക്കുന്നുണ്ട്; അവിടെ തമ്പിടിച്ചിരുന്ന ചെകുത്താന്മാരെ അവിടെ നിന്നോടിച്ചതു് അദ്ദേഹമാണു്. നമുക്കു് മലയിൽ പോയി സംഭവിച്ചതു് എന്താണെന്നു് കാണാം. അവിടെ വിശുദ്ധനെ കണ്ടാൽ നമുക്കു് ബഹുമാനാദരവുകൾ അർപ്പിക്കാം" അതിരാവിലെ അവർ കസ്റ്റെല്ലിയത്തു് കയറിച്ചെന്നു. അവിടെ വന്ദ്യവയോവൃദ്ധനെ തനിയെകണ്ടപ്പോൾ രാത്രിയിൽ തങ്ങൾ കണ്ടതും കേട്ടതുമെല്ലാം അദ്ദേഹത്തെ അറിയിച്ചു. വിശുദ്ധൻ അവരോടുപറഞ്ഞു; "എൻെറ കുട്ടികളേ, സമാധാനത്തോടെ പോകുവിൻ; അവരെ നിങ്ങൾ ഭയപ്പെടേണ്ട." ഇതവക്കു ധൈര്യം പകർന്നുകൊടുത്തു; സമാധാനത്തിൽ അവൻ അവരെ അവരുടെ വഴിക്കു് പറഞ്ഞുവിട്ടു.

ഉപവാസ ദിവസങ്ങൾ പൂർത്തിയാക്കിയപ്പോൾ അദ്ദേഹം ലൗറയിലേക്കു മടങ്ങി. ഉയർപ്പു തിരുനാളാഘോഷാനന്തരം ചില പിതാക്കന്മാരെയുംകൂട്ടി അദ്ദേഹം കസ്റ്റെല്ലിയത്തു മടങ്ങിവന്നു. ആ സ്ഥലം തെളിച്ച് അവിടെക്കണ്ട സാധനങ്ങൾ ഉപയോഗിച്ചു് മുറികൾ നിർമ്മിക്കാൻ തുടങ്ങി. അവിടം തെളിച്ചപ്പോൾ നഷ്ടക്കുമ്പാരത്തിനടിയിൽ വിശാലവും മേല്ത്തട്ടുള്ളതും പാർക്കാൻ കൊള്ളാവുന്നതും വിശേഷപ്പെട്ട കല്ലുകൾ കൊണ്ടു പണിതതുമായ ഒരു മുറി കണ്ടുപിടിച്ചു മണ്ണും കല്ലും എല്ലാം മാററി വൃത്തിയാക്കിയെടുത്തു് അദ്ദേഹം അതൊരു പള്ളിയാക്കി മാററി. അപ്പോൾ മുതൽ അതു് ഒരാശ്രമമാക്കാൻ അദ്ദേഹം ഉദ്ദേശിച്ചു. അതു് അങ്ങനെ തന്നെ നടക്കുകയും ചെയ്തു.

ആഗസ്ററുമാസത്തിൽ, ഭക്ഷണസാധനങ്ങൾ കൂടാതെ, സഹോദരന്മാരുമൊത്തു് കസ്റ്റെല്ലിയത്തു് അദ്ദേഹം പണിയെടുത്തുകൊണ്ടിരുന്നപ്പോൾ, ബേത്ലഹേമിനടുത്തുള്ള ഒരാശ്രമം

www.malankaralibrary.com

മരിച്ചിരുന്ന വിശുദ്ധ മാർചിയാൻസിന് ഈ വന്ദ്യവയോധി കനെപ്പററി ഒരു ദർശനമുണ്ടായി. പ്രകാശിക്കുന്ന ഒരു മാലാഖ യുടെ രൂപത്തെ രാത്രിയിൽ അദ്ദേഹം കണ്ടു; രൂപം അവനോടു് പറഞ്ഞു: "മാർചിയൻ, ദൈവദാസനായ സാബാസ്, ഭക്ഷണ സാധനങ്ങളില്ലാതെ വിശന്നു വലഞ്ഞ് കസ്സെല്ലിയത്തു് ദൈവ സ്നേഹത്തെപ്രതി അത്യധ്വാനം ചെയ്യുമ്പോൾ, ശരീരത്തെ പോഷിപ്പിച്ചുകൊണ്ടു് നീ ഇവിടെ സുഖമായിരിക്കുന്നു. അയാൾ നഷ്ടധൈര്യനാകാതിരിക്കാൻ, അദ്ദേഹത്തിനു ഭക്ഷണം അയച്ചു കൊടുക്കാൻ ഉടൻതന്നെ തീരുമാനിക്കുക."

മഹാനായ മാർചിയൻ ഉടൻതന്നെ എഴുന്നേററ് ആശ്രമ ത്തിലെ വാഹനമൃഗങ്ങളെ ഒരുക്കാൻ നിർദ്ദേശിച്ചു. അവയുടെ പുറത്തു് വിവിധ ഭക്ഷണസാധനങ്ങൾ കയററി ചില സഹോദര ന്മാരെ കൂട്ടി കസ്സെല്ലിയത്തേക്കയച്ചു. ഭക്ഷണസാധനങ്ങളുമായി ഈ സഹോദരങ്ങളെ സ്വീകരിച്ച വന്ദ്യവയോധികൻ, ദൈവ പരിപാലന ഓർത്തു് ദാവീദിന്റെയും ദാനിയേലിന്റെയും കൃത ജ്ഞതാസ്തോത്രം ആലപിക്കുകയും ആശ്രമം പണിയിൽ കൂടുതൽ ശ്രദ്ധാലുവാകുകയും ചെയ്തു. പ്രസ്തുത ദർശനാനന്തരം നാലു മാസംകൂടിയേ വിശുദ്ധനായ മാർചിയൻ ജീവിച്ചുള്ളു. വാർദ്ധ ക്യമോ രോഗമോ കൂടാതെ ഒന്നാം ഇൻഡിക്ഷനിലെ നവംബർ 23 നു് അദ്ദേഹം മരിച്ചു (ക്രി.വ. 492). കസ്സെല്ലിയം സ്ഥാപനത്തിന്റെയും ദിവ്യനായ മാർചിയന്റെ മരണ ത്തിന്റെയും കൃത്യവർഷം ഇതാണ്.

ദൈവം തന്റെ അധ്വാനത്തിൽ സംപ്രീതനായെന്നു കണ്ടു നമ്മുടെ വലിയ പിതാവായ സാബാസ് വലിയ തീക്ഷ്ണ തയോടും താല്പര്യത്തോടുംകൂടെ ആശ്രമംപണി പൂർത്തിയാക്കി. അവിടെ ഒരു വലിയ സമൂഹം ഉണ്ടായി. ഒരു വന്ദ്യ ഏകാന്ത വാസിയായ പൗലോസിനെ അദ്ധ്യക്ഷനായും അദ്ദേഹത്തിന്റെ ശിഷ്യനായ തിയഡോറിനെ സ്ഥലത്തിന്റെ ചുമതലക്കാര നായും സാബാസ് നിയമിച്ചു. പൗലോസ് മരിച്ചപ്പോൾ തിയഡോർ അധ്യക്ഷനായി. തന്റെ സഹായികളായി തന്റെ സഹോദരൻ സേർജിയൂസിനെയും മാതൃസഹോദരനായ പൗലോസിനെയും നിയമിച്ചു. അവരെല്ലാം മിലിററീൻകാരാ യിരുന്നു. കസ്സെല്ലിയത്തെ ഉത്തമരായ അധ്യക്ഷന്മാരായിരുന്ന

www.malankaralibrary.com

ശേഷം അവർ അമാത്തുസ്, ഐലാ എന്നിവിടങ്ങളിലെ മെത്രാന്മാരായി. കസ്സെല്ലിയത്തെപ്പററി ഇത്രയും.

## 28. നോവീസസിൻെറ പരിശീലനം

കസ്സെല്ലിയം ആശ്രമം സ്ഥാപിച്ചശേഷം, സന്ന്യാസ ജീവിതത്തിൽ ശ്രേഷ്ഠമായ രീതിയിൽ പുരോഗമിച്ചവരെ അതിലേക്ക മാററാനായി നമ്മുടെ പിതാവായ സാബാസ് അത്യധ്വാനം ചെയ്തു. ലോകം ഉപേക്ഷിക്കാനാഗ്രഹിച്ചുകൊണ്ട് വന്നവരെ വന്നപാടെ അദ്ദേഹം കസ്സെല്ലിയത്തോ ലൗറയിലെ മുറിയിലോ പാർപ്പിച്ചിരുന്നില്ല. ലൗറയ്ക്കു വടക്കായി അദ്ദേഹം സ്ഥാപിച്ച ചെറിയ ആശ്രമത്തിൽ താപസരും വിവേകികളുമായ ആളുകളെ അദ്ദേഹം പാർപ്പിച്ചിരുന്നു. ലോകം ഉപേക്ഷിച്ചു വരുന്നവർ, സങ്കീർത്തനങ്ങളും സങ്കീർത്തനാലാപനവും പഠിച്ച്, കൃത്യമായ സന്ന്യാസപരിശീലനം ലഭിക്കുന്നതുവരെ, അവിടെ താമസിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം സദാ ഇപ്രകാരം പറയാറുണ്ടായിരുന്നു: ''മുറിയിൽ അടച്ചിരിക്കുന്ന സന്ന്യാസിക്ക് വിവേചനം എന്ന ദാനമുണ്ടായിരിക്കണം; അവൻ തീക്ഷ്ണനും, പോരാളിയും, അക്ഷോഭ്യനും സ്വയം നിഗ്രഹമുള്ളവനും ശിക്ഷണമുള്ളവനും, ആരെങ്കിലും പഠിപ്പിക്കേണ്ട ആവശ്യമില്ലാത്ത ഗുരുവും, എല്ലാ ഇന്ദ്രിയങ്ങളുടെയും മേൽ നിയന്ത്രണം ഉള്ളവനും തൻെറ മനസ്സിന്മേൽ കരുതലോടെ ജാഗ്രതയുള്ളവനുമായിരിക്കണം. ''അവിഭക്തമാനസനു പാർക്കാൻ കർത്താവ് ഒരു ഭവനം നൽകുന്നു'' എന്ന തിരുലിഖിത വചനമനുസരിച്ച് അത്തരക്കാർ ''അവിഭക്തമാനസർ'' എന്നു വിളിക്കപ്പെടുന്നു എന്ന് എനിക്കറിയാം. ലോകം ഉപേക്ഷിച്ചു വന്നവർ കൃത്യമായി സങ്കീർത്തനാലാപനം അഭ്യസിച്ചെന്നും, തങ്ങളുടെ മനസിന്മേൽ ജാഗ്രതയുള്ളവരായി ലൗകിക ചിന്തകളിൽ നിന്നു മനസ്സിനെ ശുദ്ധീകരിക്കാനും അന്യവിചാരങ്ങളെ എതിർക്കാനും കഴിവുള്ളവരായിത്തീർന്നെന്നും അദ്ദേഹത്തിനു ബോദ്ധ്യമാകുമ്പോഴം മാത്രമേ ലൗറയിൽ അദ്ദേഹം അവർക്ക മുറി അനുവദിച്ചുകൊടുത്തിരുന്നുള്ളു. ''ഈ സ്ഥലത്തു് ഒരു മുറി പണിയുകയോ പുതുക്കിപ്പണിയുകയോ ചെയ്യുന്നവർ ദൈവാലയം പണിയുന്നതായി പരിഗണിക്ക

www.malankaralibrary.com

പ്പെട്ടം'' എന്നു പറഞ്ഞുകൊണ്ട്, പണക്കാരായിരുന്ന താപസ രോട്ട് സ്വന്തമായി ഒന്നുണ്ടാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

## 29. സാബാസും തിയഡോഷ്യസും

ഈ നിയമങ്ങൾ പഠിപ്പിക്കുകയും നടപ്പാക്കുകയും ചെയ്തപ്പോൾ, ദീക്ഷ വച്ചിട്ടില്ലാത്ത യുവാക്കൾ ദുഷ്ടന്റെ കെണികൾ നിമിത്തം തന്റെ സമൂഹത്തിൽ താമസിക്കാൻ നമ്മുടെ പിതാവായ സാബാസ് ഒരിക്കലും അനുവദിച്ചിരുന്നില്ല. പക്വത വരാത്ത യുവാക്കൾ ലോകം ഉപേക്ഷിക്കാനാഗ്രഹിച്ചു വന്നാൽ, അദ്ദേഹം അവരെ സ്വാഗതം ചെയ്തു സ്വീകരിച്ചിട്ട് അതിഭാഗ്യവാനായ ആബാ തിയഡോഷ്യസിന്റെ പക്കലേക്ക് അയയ്ക്കുമായിരുന്നു. കത്തിസ്മാ പള്ളിയിൽനിന്നു മുമ്പ് വിരമിച്ചിട്ട് വിശുദ്ധ എവുതീമിയസിൽ നിന്നു പരിശീലനം ലഭിച്ച മരീനസിന്റെയും മെതോപായിലെ ലൂക്കോസിന്റെയും കീഴിൽ സന്ന്യാസ പരിപൂർണ്ണതയിൽ പുരോഗമിച്ചയാളായിരുന്നു ആബാ തിയഡോഷ്യസ്. ഫ്ലൊതീന്യാസിന്റെ പേരിൽ അറിയപ്പെടുന്ന ആശ്രമം സ്ഥാപിച്ചയാളാണു മരീനസ്. ആബാ തിയഡോഷ്യസ്, ലൗറയിൽനിന്നു 35 സ്റ്റേഡിയ പടിഞ്ഞാറായി താമസമാക്കി; ക്രിസ്തുവിന്റെ സഹായത്താൽ വളരെ കീർത്തികേട്ട ഒരാശ്രമം അവിടെ സ്ഥാപിച്ചു. നമ്മുടെ പിതാവായ സാബാസ്, നേരത്തെ പറഞ്ഞതുപോലെ, ഒരു സഹോദരനെ മഹാനായ ആബാ തിയഡോഷ്യസിന്റെ പക്കലയയ്ക്കുമ്പോൾ അയാളെ ഇപ്രകാരം ഉപദേശിച്ചിരുന്നു ''എന്റെ കുട്ടീ, ഇത്തരം ലൗറയിൽ യുവാക്കൾ ഉണ്ടായിരിക്കുക അനുയോജ്യമല്ല, യഥാർത്ഥത്തിൽ ഉപദ്രവകരമാണ്. ഷേതിലെ പുരാതന പിതാക്കന്മാർ ഉണ്ടാക്കിയ നിയമമാണിത്; നമ്മുടെ മഹാനായ പിതാവ് എവുതീമിയസ് ഇതെനിക്കു പകർന്നുതന്നു. കാരണം യുവാവായിരുന്ന ഞാൻ ലൗറയിൽ പാർക്കാൻ ആഗ്രഹിച്ചെങ്കിലും, യുവാവു ലൗറയിൽ താമസിക്കുന്നതു് അനുചിതവും ഉപദ്രവകരവുമാണെന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം എന്നെ ഭാഗ്യവാനായ തെയോക്ടിസ്റ്റസിന്റെ പക്കലേക്കയച്ചു. നീ ആബാ തിയഡോഷ്യസിന്റെ പക്കലേക്കു പോകുക; അതു നിനക്കു പ്രയോജനകരമായിരിക്കും''. മഹാനായ ആബാ തിയഡോ

www.malankaralibrary.com

ഷ്യസാകട്ടെ, സാബാസ് അയച്ചയാളെ, അയച്ചവനെപ്രതി, വളരെ താൽപര്യത്തോടെ എല്ലാ രീതിയിലും പരിശീലിപ്പിച്ചിരുന്നു. കാരണം, അവക്ക് ഏകമനസ്സും ഏകയാത്മാവും ആയിരുന്നു; വായുവിനേക്കാൾ കൂടുതൽ പരസ്പരം ശ്വസിച്ചിരുന്നു. അവരുടെ ദൈവികമായ ഹൃദയൈക്യവും യോജിപ്പും കണ്ട ജറുസലേം നിവാസികൾ അവരെ പുതിയ ശ്ലൈഹിക ജോഡികളായ പത്രോസ് എന്നും യോഹന്നാൻ എന്നും വിളിച്ചു.

## 30. സാബാസും തിയഡോഷ്യസും ആർക്കിമൺഡ്രൈറ്റുമാരായി തീരുന്നു.

സന്ന്യാസികളുടെയെല്ലാം അപേക്ഷപ്രകാരം, വിശുദ്ധ ആർച്ചുബിഷപ്പ് സല്ലുസ്റ്റിയൂസ് തന്റെ മരണത്തിനു മുൻപ് അവരിരുവരെയും ആർക്കിമൺഡ്രൈറ്റുമാരായും സന്ന്യാസികളുടെ എക്സാർക്കുമാരായും വാഴിച്ചു. അവരെ ഇപ്രകാരം ഉയർത്തിയതിന്റെ കാരണം ചുരുങ്ങിയ വാക്കുകളിൽ ഞാൻ വിവരിക്കാം. വിശുദ്ധ പസ്സാരിയോന്റെ പിൻഗാമികളായ എൽപീദിയുസിന്റെയും ഏലിയാസിന്റെയും മരണശേഷം—അവരെല്ലാം ഒന്നിനു പുറകെ ഒന്നായി അക്കിമൺഡ്രൈറ്റുമാരായിരുന്നു—ഒരു ലാസർ അവരുടെ പിൻഗാമിയായി. അതുപോലെ ഭാഗ്യവതിയായ മെലാനിയായുടെ പിൻഗാമിയും കാതോലിക കൂട്ടായ്മയിൽ നിന്നു് വേർപെട്ടവനുമായ ജറോൺസ്യൂസിന്റെ മരണശേഷം ഒരു അനസ്താസ്യൂസ് പിൻഗാമിയായി. ഒരുതരം അരാജകത്വം ഉടലെടുത്തു: സന്ന്യാസികളുടെ ഇടയിൽ നിരവധി അധ്യക്ഷന്മാരുണ്ടായി. അതു് ക്രമരാഹിത്യത്തിനും മത്സരത്തിനും വഴിതെളിച്ചു. അതിന്റെ ഫലമായി, സന്ന്യാസ പ്രസ്ഥാനം കത്തഴിഞ്ഞ മട്ടായി. ലാസറും അതിനു ശേഷം അനസ്താസ്യൂസും ആർക്കിമൺഡ്രൈറ്റുമാരായി. സന്ന്യാസ ജീവിതത്തിൽ ശിക്ഷണരാഹിത്യവും വളർന്നുവന്നു; അവർ ഭൗമിക കാര്യങ്ങളിലും ലൗകിക കാര്യങ്ങളിലും ശ്രദ്ധിക്കാൻ തുടങ്ങി. പ്രത്യേകിച്ച്, സേനോയുടെ പിൻഗാമിയായി അനസ്താസ്യൂസ് രാജഭരണമേറ്റപ്പോൾ മുതൽ അയാൾ അപ്പോസ്കിസ്റ്റുക്ക് പൂർണസ്വാതന്ത്ര്യം അനുവദിച്ചു. തദവസരം വിശുദ്ധ

www.malankaralibrary.com

സല്ലുസ്റ്റിയൂസ് കർമ്മോൽസുകനായി മുകളിൽ പറഞ്ഞ ആബാ മാർചിയനെ ആക്കിമൺഡ്രൈറ്റാക്കി. അധികം താമസിയാതെ മാർചിയൻ ക്രിസ്തുവിൽ നിദ്ര പ്രാപിച്ചപ്പോൾ, മരുഭൂമിയിലെ താപസരെല്ലാം രോഗിയായ പാത്രിയർക്കീസിന്റെ ചുറ്റും അരമനയിൽ ഒന്നിച്ചുകൂടി; ഏകയോഗമായി തിയഡോഷ്യസിനെയും സാബാസിനെയും യഥാർത്ഥ ഏകാന്തവാസികളും, സമ്പാദ്യമൊന്നുമില്ലാത്തവരും, ജീവിതത്തിലും പ്രസംഗത്തിലും അലംകൃതരും, ദൈവികവരങ്ങളാൽ നിറഞ്ഞവരും എന്ന നിലയിൽ വിശുദ്ധ നഗരത്തിന്റെ കീഴിലുള്ള എല്ലാ ആശ്രമങ്ങളുടെയും എക്സാർക്കുമാരായും ആക്കിമൺഡ്രൈറ്റുമാരായും നിയമിച്ചു. അപ്പോൾമുതൽ കൂട്ടജീവിതക്കാരുടെ തലവനും ആക്കിമൺഡ്രൈറ്റുമായി ആബാതിയഡോഷ്യസ് പ്രവർത്തിച്ചുവന്നു. ഭാഗ്യവാനായ മാരീയൂസിന്റെ ആശ്രമത്തിലെ അധ്യക്ഷനായ വിശുദ്ധ ആബാ പൗലോസ്, ആശ്രമസംബന്ധമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിൽ അദ്ദേഹത്തെ പിൻതുണച്ചുകൊണ്ടിരുന്നു. എന്നാൽ നമ്മുടെ പിതാവായ സാബാസ് എല്ലാ ഏകാന്തവാസികളുടേയും, ഗുഹകളിൽ താമസിക്കുന്നവരുടേയും നിയമദാതാവും ഭരണകർത്താവുമായി.

## 31. സാബാസ് ജറുസലേമിൽ വഴിയമ്പലങ്ങൾ സ്ഥാപിക്കുന്നു

ജറുസലേം സിംഹാസനത്തിൽ എട്ടുവർഷവും മൂന്നുമാസവും ഭരിച്ചശേഷം, രണ്ടാം ഇൻഡിക്ഷനിലെ ജൂലൈ 23 ന് ആർച്ചുബിഷപ്പ് സല്ലുസ്റ്റിയൂസ് ക്രിസ്തുവിൽ നിദ്രപ്രാപിച്ചു. വിശുദ്ധ എവുതീമിയസിനെപ്പററിയുള്ള വിവരണത്തിൽ കൂടെക്കൂടെ പരാമർശിക്കപ്പെട്ടിട്ടുള്ള ഏലിയാസ് പിൻഗാമിയായി. അന്ന് ഭാഗ്യവാനായ സാബാസിന് 56 വയസ്സായിരുന്നു. (ക്രി.വ.494). മെത്രാന്റെ വസതിക്കടുത്ത് ഏലിയാസ് പാത്രിയർക്കീസ് ഒരാശ്രമം പണിതു. ദാവീദിന്റെ ഗോപുരത്തിനു ചുററുമുള്ള പ്രദേശത്ത് ചിതറിപ്പാർത്തിരുന്നവരും തിരുവുത്ഥാനദേവാലയത്തിൽ ഉൾപ്പെട്ടവരുമായ താപസരെ അവിടെ വരുത്തി അവരോരോരുത്തർക്കും ഒരോ മുറിയും അതിൽ വേണ്ട ശാരീരിക സൗകര്യങ്ങളും ചെയ്തുകൊടുത്തു. അവർ ഒന്നിച്ചുകൂടിയപ്പോൾ, അവരിൽ നിന്ന് നമ്മുടെ പിതാവായ

www.malankaralibrary.com

സാബാസ് വിവിധ മുറികൾ വിലയ്ക്കു വാങ്ങി; ലൗറയ്ക്കു വേണ്ടി അവയെ ഒരു അതിഥി മന്ദിരമാക്കി.

ഈ മുറികളുടെ വടക്കു ഭാഗത്തായി വേറേ മുറികളും ഉണ്ടായിരുന്നു. പരദേശസന്ന്യാസികൾക്കായി അവകൂടി വാങ്ങാൻ അദ്ദേഹം ആഗ്രഹിച്ചു. അതിനാവശ്യമായ പണം സ്വരൂപിക്കാൻ നോക്കിയെങ്കിലും പകുതിയേ ലഭിച്ചുള്ളു. ദൈവത്തിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ഒരു ഡിപ്പോസിററായി അതു കൊടുത്തിട്ടു പറഞ്ഞു :''നാളെ ഞാൻ അതു മുഴുവനും തന്നു തീർക്കുന്നില്ലെങ്കിൽ, എനിക്കു ഡിപ്പോസിററ് നഷ്ടപ്പെടും''. ആ ദിവസം സൂര്യോദയത്തിനു മുൻപ്, ഇതേപ്പററി ചിന്തിച്ച് മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, തികച്ചും അപരിചിതനായ ഒരു മനുഷ്യൻ കടന്നുവന്ന് 150 നാണയം നൽകിയിട്ട്, തന്റെ പേരുപറയാതെ, ഉടൻ തന്നെ കടന്നുകളഞ്ഞു. ദൈവത്തിന്റെ ഈ പെട്ടെന്നുള്ള സഹായത്തിൽ ആശ്ചര്യപ്പെട്ടുകൊണ്ട് ഭാഗ്യവാൻ മുറികളുടെ വില നല്കി, രണ്ടാമതൊരു മന്ദിരം പരദേശ സന്ന്യാസികൾക്കായി സ്ഥാപിച്ചു. കസ്സെല്ലിയത്തിനുവേണ്ടിയും രണ്ടെണ്ണം വാങ്ങി; ഒന്ന്, ദാവീദിന്റെ ഗോപുരത്തിൽ നിന്ന് അകലെയല്ലാതെ വിശുദ്ധ നഗരത്തിലും, മററൊന്ന് ജറീക്കോയിൽ താൻ വാങ്ങിയ ഉദ്യാനങ്ങളിലൊന്നിലും.

## 32. പുതിയ പള്ളിയുടെ കൂദാശ

അതേ സമയത്ത് തെയോഡുളസ്, ജലാസിയൂസ് എന്നീ പേരുകളുള്ള ഇസൗറിയാക്കാരായ രണ്ട് സഹോദരൻമാരെ ദൈവം നമ്മുടെ പിതാവിന്റെ പക്കലേക്കയച്ചു. സാക്ഷ്യപേടകത്തിന്റെ നിർമാതാക്കളായ ബസാലേൽ, ഒഹോളിയാബ് എന്നിവരുടെ പേരുകൾ ഇവർക്ക് അനുയോജ്യമാണെന്നാണ് എന്റെ അഭിപ്രായം (പുറ.31:1-7). അവരുടെ സഹായത്തോടുകൂടി നമ്മുടെ പുതിയ മോശ തന്റെ പ്രശസ്ത ലൗറയ്ക്കും അതിനടുത്തുള്ള ആശ്രമത്തിനും വേണ്ടിയിരുന്നതെല്ലാം പണിയിച്ചു. ആദ്യമായി ലൗറയിൽ ഒരു ബേക്കറിയും ഒരു ചികിത്സാലയവും പണിതു; അവയ്ക്കു മുകളിലായി നിത്യകന്യകയും ദൈവമാതാവും എല്ലാവരും സ്തുതിക്കുന്നവളുമായ മറിയത്തിന്റെ

www.malankaralibrary.com

വലിയ ദേവാലയം സ്ഥാപിച്ചു. വളർന്നുവരുന്ന സമൂഹത്തിനു് ദൈവം നിർമ്മിച്ച ദേവാലയം ഇടുങ്ങിയതായിവന്നു; അതു പോലെ അർമേനിയർ വർദ്ധിച്ചുവരുന്നതിനാൽ അവരുടെ ചെറിയ പ്രാർത്ഥനാലയവും ഇടുങ്ങിയതായി തോന്നി; രണ്ടു പള്ളികൾക്കുമിടയ്ക്കുള്ള സ്ഥലം അദ്ദേഹം ഒരു അങ്കണമായിട്ടിട്ടു; അദ്ദേഹം മുമ്പു് അഗ്നിസ്തംഭം ദർശിച്ചതു് അവിടെയായിരുന്നു. മലയിടുക്കിൽ അദ്ദേഹം വിശാലമായ ജലസംഭരണികൾ നിർമ്മിച്ചു. വലിയ പള്ളി പണിതു് ഉപകരണങ്ങളെല്ലാം ക്രമീകരിച്ചുകഴിഞ്ഞപ്പോൾ, വിശുദ്ധ ആർച്ചുബിഷപ്പ് ഏലിയാസ് ലൗറയിൽ വന്നു് അതിൻെറ കൂദാശ നടത്തി; കൂദാശ ചെയ്തു ഒരു ബലിപീഠം അതിൽ സ്ഥാപിച്ചു. അതു് ഒൻപതാം ഇൻഡിക്ഷനിലെ ജൂലൈ ഒന്നിനു്, അതായതു് മഹാനായ സാബാസിൻെറ 63-ാം വയസ്സിലായിരുന്നു (ക്രി. വ. 501). പിന്നീടു് അദ്ദേഹം അർമേനിയരെ അർമേനിയൻഭാഷയിൽ സങ്കീർത്തനങ്ങൾ ആലപിക്കാൻ ചെറിയ പ്രാർത്ഥനമുറിയിൽനിന്നു് ദൈവം നിർമ്മിച്ച പള്ളിയിലേക്കു മാററി. സുവിശേഷവും യാമപ്രാർത്ഥനകളിലെ ബാക്കിയുള്ള ഭാഗങ്ങളും അർമേനിയൻ ഭാഷയിൽ നടത്താനും, ദിവ്യരഹസ്യങ്ങളിൽ പങ്കെടുക്കാനായി വിശുദ്ധ ബലിയുടെ സമയത്തു് ഗ്രീക്കു സംസാരിക്കുന്നവരുടെ കൂടെ കൂടാനും അദ്ദേഹം നിർദ്ദേശിച്ചു.

എന്നാൽ അവരിൽ ചിലർ പീററർ ഫുള്ളറിൻെറ കൂട്ടിച്ചേർക്കലായ ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ'' കൂട്ടിച്ചേർത്തു് ത്രൈശുദ്ധ കീർത്തനം പാടാൻ തുടങ്ങിയപ്പോൾ ഈ ദൈവിക വ്യക്തിക്കു് നീരസമുണ്ടായി. കത്തോലിക്കാ സഭയുടെ പുരാതന പാരമ്പര്യമനുസരിച്ചു്, ഗ്രീക്കുഭാഷയിൽ ഇതാലപിക്കാൻ അദ്ദേഹം കല്പിച്ചു; അല്ലാതെ എവുതീക്കസിൻെറ അഭിപ്രായങ്ങൾ സ്വീകരിച്ച പീററിൻെറ നവീകരണം അനുസരിച്ചല്ല. പീററർ ബലപ്രയോഗത്താൽ രണ്ടു പ്രാവശ്യം അന്ത്യോക്യൻ സിംഹാസനം കരസ്ഥമാക്കി; എന്നാൽ സഭാനിയമങ്ങളനുസരിച്ചു് അയാൾ നിഷ്കാസിതനായി. സേനോയുടെ ഭരണകാലത്തു്, ഇല്ലൂസ് ഇസൗരിയായിൽ നുഴഞ്ഞുകയററം, നടത്തിയശേഷം നിയമവിരുദ്ധമായി ഇമ്പീരിയൽ അധികാരമുപയോഗിച്ചു് അയാൾ മൂന്നാമതും സിംഹാ

www.malankaralibrary.com

സനം കവന്നെടുത്തു. അയാരംക്കെതിരെയുള്ള ശാപങ്ങരം നീക്കിയിരുന്നില്ല. അയാരം പൗരസ്ത്യദേശം മുഴവൻ കലാപത്തിലാഴ്ത്തി. അവസാനം അയാളുടെ പാഷണ്ഡത നിമിത്തവും മേല്പറഞ്ഞ കുട്ടിച്ചേക്കൽ നിമിത്തവും റോമൻപാപ്പായായ ഫേലിക്സ് അയാളെ മഹറോൻ ചൊല്ലി. അതുകൊണ്ടു് പീററർ കുട്ടിച്ചേർത്തവ നമ്മുടെ പിതാവായ സാബാസ് തള്ളിക്കളഞ്ഞതും സഭാപാരമ്പര്യം പിൻചെന്നതും ശരിയായും ഭക്തിപൂർവ്വവും ആയിരുന്നു. ശനിയാഴ്ച ദിവസങ്ങളിലെ യാമനമസ്കാരങ്ങരം ദൈവംനിർമ്മിച്ച പള്ളിയിലും ഞായറാഴ്ചത്തെ നമസ്കാര ശുശ്രൂഷകരം ദൈവമാതാവിൻെറ പള്ളിയിലും നടത്തപ്പെടണമെന്നും ഞായറാഴ്ചകളിലും നമ്മുടെ കർത്താവിൻെറ തിരുനാളുകളിലും തലേനാരം സന്ധ്യമുതൽ പിറേറദിവസം പ്രഭാതംവരെ ഇടമുറിയാതെ രണ്ടു പള്ളികളിലും ജാഗരണം അനുഷ്ഠിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

## 33. സിംഹത്തിൻെറ ഗുഹയിലേയ്ക്കുള്ള പിൻമാററം

ദൈവ കൃപയാൽ അദ്ദേഹം ചുരുങ്ങിയ സമയം കൊണ്ടു് ലൗറാ വികസിപ്പിച്ചു; സമൂഹം വളർന്നു; കന്സ്റ്റല്ലിയം ആശ്രമം സ്ഥാപിച്ചു; എല്ലാ ലൗറകളുടേയും ഏകാന്തവാസികളുടേയും എക്സാർക്കായി. അപ്പോരം, മുകളിൽ സൂചിപ്പിച്ച അദ്ദേഹത്തിൻെറ ശിഷ്യരും ആരോപകരുമായവർ, കന്സ്റ്റല്ലിയം സ്ഥാപിച്ചതിൽ കൂടുതൽ അസൂയാലുക്കളായിത്തീർന്നു. അവർ സമൂഹത്തിലെ മററുള്ളവരെ കള്ളസാക്ഷി പറയാൻ പ്രേരിപ്പിച്ചു. നാൽപതോളം പേർ ഏതോ പൈശാചിക പ്രേരണയാൽ അദ്ദേഹത്തിനെതിരായി കലഹം ഇളക്കിവിട്ടു. നമ്മുടെ പിതാവായ സാബാസ് പിശാചിനെതിരെയുള്ള പോരാളിയായിരുന്നെങ്കിലും മനുഷ്യരോടു് ശാന്തമായി പെരുമാറിയിരുന്നു. അതുകൊണ്ടു് അവർക്കു കീഴടങ്ങി. ഷിതോപ്പൊളിസ്സ് പ്രദേശത്തേക്കു പിൻവാങ്ങി; ഗദാരോൻ നദിക്കടുത്തുള്ള മരുഭൂപ്രദേശത്തു പാർത്തു. അവിടെ ഒരു വലിയ സിംഹം കിടന്നിരുന്ന ഒരു ഗുഹയിൽ കുറേനാരം അദ്ദേഹം പാർത്തു. പാതിരാത്രിയിൽ സിംഹം തിരിച്ചുവന്നു് ഉറങ്ങിക്കിടന്ന ഭാഗ്യവാനെ കണ്ടു. അദ്ദേഹത്തിൻെറ തുന്നിക്കൂട്ടിയ വസ്ത്രം കടിച്ചെടുത്തുകൊണ്ടു് അദ്ദേഹത്തെ ഗുഹയിൽ നിന്നിറക്കാനായി അതു് അദ്ദേഹത്തെ ഉന്താൻ തുട

www.malankaralibrary.com

ങ്ങി. അദ്ദേഹം എഴുന്നേററ് നിശാകീർത്തനങ്ങൾ ആലപിക്കാൻ തുടങ്ങിയപ്പോൾ സിംഹം ഗുഹയ്ക്കുപുറത്തുപോയി കാത്തിരുന്നു. അദ്ദേഹം തൻെറ യാമപ്രാർത്ഥന പൂർത്തിയാക്കി സിംഹം സാധാരണ കിടക്കാറുള്ളിടത്തു കിടന്നു. അപ്പോൾ അത് വീണ്ടും കടന്നുവന്ന് അദ്ദേഹത്തിൻെറ തുന്നിക്കൂട്ടിയ വസ്ത്രം കടിച്ചെടുത്തുകൊണ്ട്, അദ്ദേഹത്തെ ഗുഹയിൽ നിന്നിറക്കാൻ അദ്ദേഹത്തെ ഉന്താൻ തുടങ്ങി. ഗുഹ വിട്ടുപോകാൻ സിംഹം അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടിരുന്നപ്പോൾ ആത്മബലം സമ്പാദിച്ച് വൃദ്ധൻ പറഞ്ഞു: "നമുക്കു രണ്ടുപേർക്കും കൂടി താമസിക്കാൻ തക്കവണ്ണം ഈ ഗുഹ വിശാലമാണ്; കാരണം, നമുക്കിരുവർക്കും ഒരു സ്രഷ്ടാവേയുള്ളു. നിനക്കു വേണമെങ്കിൽ ഇവിടെ താമസിച്ചുകൊള്ളുക. ഇഷ്ടമില്ലെങ്കിൽ ഇവിടെ നിന്നുപോവുക. ദൈവകരങ്ങളാണ് എന്നെ മനഞ്ഞുണ്ടാക്കിയത്; അവൻെറ ഛായ ഞാൻ വഹിക്കുന്നു.'' ഇതു കേട്ട സിംഹം ലജ്ജിച്ച് ഗുഹ വിട്ടിറങ്ങിപ്പോയി.

## 34. വിപ്രവാസത്തിലെ ശിഷ്യൻമാർ

ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം അവിടെയും പ്രസിദ്ധനായി. ഷിതോപൊളിസിലും ഗദാറായിലും ഉള്ള ചിലയാളുകൾ അദ്ദേഹത്തെ സന്ദർശിക്കാനെത്തി. അക്കൂട്ടത്തിൽ സ്ഥലത്തെ പ്രമാണികളായ സെവേത്രൂസിൻെറയും സൊഫ്രോണിയുസിൻെറയും ബന്ധുവായ ബേസിൽ എന്നുപേരുള്ള ഷിതോപൊളിസുകാരനായ ഒരു യുവാവും ഉണ്ടായിരുന്നു. ദൈവിക പ്രേരണയാൽ അവൻ സാബാസിൻെറ അടുത്തു വന്ന്, ലോകം ഉപേക്ഷിച്ച്, കഠിന തപശ്ചര്യയിൽ ഉപദേശം സ്വീകരിച്ചു. ബേസിലിനെപ്പററി കേട്ട ചില കള്ളൻമാർ, അവൻെറ പക്കൽ പണമുണ്ടായിരിക്കും എന്നു കരുതി പാതിരാത്രിയിൽ അവരുടെ മേൽ കടന്നാക്രമണം നടത്തി. എന്നാൽ അവിടെ ലൗകികസമ്പത്തൊന്നും കണ്ടില്ല. അവരുടെ ദരിദ്രജീവിതം കണ്ട് അവർക്ക് മനഃപ്രബുദ്ധത കൈവന്നു. അവർ ഇറങ്ങിപ്പോയപ്പോൾ രണ്ടു വലിയ സിംഹങ്ങൾ അവർക്കെതിരെ വന്നു. ഭയചകിതരായി അവർ ഇപ്രകാരം വിളിച്ചു പറഞ്ഞു, ''ഞങ്ങൾ ആരുടെ സുകൃതങ്ങളെ ആലപിച്ചുകൊണ്ടിരുന്നുവോ ആ ആബാ സാബാസിൻെറ പ്രാർത്ഥനകളാൽ,

www.malankaralibrary.com

ഞങ്ങൾക്കു കടന്നുപോകുവാൻ വഴിമാറിത്തരണം.'' ആബാ സാബാസിന്റെ നാമശ്രവണത്തിൽ ചാട്ടയടിയേററവണ്ണം മൃഗങ്ങൾ ഓടിമറഞ്ഞു. കള്ളൻമാർ അത്ഭുതപരതന്ത്രരായി ഇപ്രകാരം വിളിച്ചു പറഞ്ഞു: ''ദൂരെയിരുന്നുപോലും അദ്ഭുതം പ്രവർത്തിക്കാൻ കഴിയുന്നെങ്കിൽ ഈ മൂപ്പൻ സത്യമായും ദൈവദാസനാണ്.'' അവർ ഒന്നിച്ച് തിരിച്ചുചെന്ന് അദ്ദേഹത്തിന്റെ പാദത്തിൽ വീണ് നടന്ന അദ്ഭുതം വിവരിച്ചു. ആരെയും മേലിൽ ഉപദ്രവിക്കുകയില്ലെന്ന് ദൈവത്തോടു് പ്രതിജ്ഞ ചെയ്തുകൊണ്ട് എല്ലാ നിയമരാഹിത്യവും അവസാനിപ്പിച്ചു. ആ സമയംമുതൽ അവർ അധ്വാനനിരതരായി മാറി.

ഈ കഥ ചുററും പ്രചരിച്ചപ്പോഴേയ്ക്കും ധാരാളമാളുകൾ അദ്ദേഹത്തിന്റെ പക്കൽ ഓടിക്കൂടി. ചുരുങ്ങിയ ദിവസത്തിനുള്ളിൽ അദ്ദേഹം ഒരു മുറിയുണ്ടാക്കി രണ്ടു സഹോദരന്മാരേക്കൂടി സ്വീകരിച്ചു. ഈ ലോകത്തിലെ മനുഷ്യരുടെ ശല്യം വദ്ധിച്ചപ്പോൾ, സഹോദരന്മാരെ ദൈവത്തിനു സമപ്പിച്ചുകൊണ്ട് അദ്ദേഹം രഹസ്യമായി പിൻവാങ്ങി. ആ സഹോദരന്മാർ മരിച്ചപ്പോൾ ഇസൗറിയാക്കാരനായ ഒരു എവുതീമിയസ് അവരുടെ മുറിക്കവകാശിയായി. അദ്ദേഹം അവിടെ ഒരാശ്രമം പണിതു് അവിടെ ഒരു സമൂഹത്തെ രൂപീകരിച്ചു. അതിൽപ്പെട്ടയാളായിരുന്നു വന്ദ്യനായ ആബാ തരാസിയുസ്. സുകൃതത്തിലും അധ്യക്ഷസ്ഥാനത്തും എവുമാതിയുസിന്റെ പിൻഗാമിയായിരുന്നു അദ്ദേഹം. അദ്ദേഹവും ഇസൗറിയാക്കാരനും സന്ന്യാസ പരിപൂർണതയിൽ ജീവിച്ചവരുമായിരുന്നു.

## 35. രണ്ടാം വിപ്രവാസം

ദുഷ്ടതയിലേക്കു് ചാഞ്ഞിരിക്കുന്ന മുകളിൽ പറഞ്ഞ നാല്പതു പേർ കുറേപ്പേരേക്കൂടി പ്രേരിപ്പിച്ചു. അവരുടെ സംഖ്യ അറുപതായി എന്നു് തന്റെ സ്വന്തം ലൗറയിൽ തിരിച്ചെത്തിയ വിശുദ്ധ സാബാസ് മനസ്സിലാക്കി. അദ്ദേഹം അതീവ ദുഃഖിതനായി; തന്റെ സമൂഹത്തിനുണ്ടായ നാശമോർത്തു് അദ്ദേഹം പൊട്ടിക്കരഞ്ഞു. അലസരെ ശ്രമരഹിതമായി തന്നിലേക്കടുപ്പിക്കുന്നതിൽ ദുഷ്ടത എത്രമാത്രം കർമ്മനിരതമാണ് എന്നതിൽ അദ്ദേഹം അദ്ഭുതപ്പെട്ടു. ആദ്യമാദ്യം അദ്ദേഹം അവരുടെ

www.malankaralibrary.com

കോപത്തെ ക്ഷമകൊണ്ടും വിദ്വേഷത്തെ സ്നേഹം കൊണ്ടും എതിരിട്ടു. ആത്മീയജ്ഞാനം കൊണ്ടും ആർജ്ജവം കൊണ്ടും അദ്ദേഹം തന്റെ നാവിനെ നിയന്ത്രിച്ചു. എന്നാൽ അവരുടെ ദുഷ്ടത വർദ്ധിക്കുന്നതായും അവർ ലജ്ജാകര കർമ്മങ്ങളിലേക്കു തിരിയുന്നതായും, ക്രിസ്തുവിന്റെ വിനീതപാതയിൽക്കൂടി നടക്കാൻ കൂട്ടാക്കാതെ തങ്ങളുടെ പാപങ്ങൾക്കു ന്യായീകരണവും തങ്ങളുടെ ദുരാശകളെ ന്യായീകരിക്കാൻ കാരണങ്ങളും കണ്ടുപിടിക്കുന്നതായും മനസ്സിലാക്കിയപ്പോൾ അവൻ എല്ലാം ദൈവകോപത്തിനു വിട്ടിട്ട് നിക്കോപ്പൊളീസ് പ്രദേശങ്ങളിലേക്കു പിൻവാങ്ങി. അവിടെ ഒരേയൊരു അമരി മരത്തണലിൽ, അമരിപ്പഴം തിന്നുകൊണ്ട് അനേക ദിവസം ഏകാന്തവാസിയായി ജീവിച്ചു. ഇതറിഞ്ഞ സ്ഥലത്തെ ഒരു പ്രധാനോദ്യോഗസ്ഥൻ അദ്ദേഹത്തെ സന്ദർശിച്ച് അവിടെത്തന്നെ അദ്ദേഹത്തിനൊരു മുറി പണിതുകൊടുത്തു. ക്രിസ്തുവിന്റെ കൃപയാലും സഹായത്താലും ഈ മുറി അധികം താമസിയാതെ ഒരാശ്രമം ആയിത്തീർന്നു.

അദ്ദേഹം അവിടെ താമസിച്ചുവരവെ, ലൗറായിലെ എതിരാളികൾ അദ്ദേഹത്തിന്റെ നീണ്ട അസാന്നിധ്യം മുതലെടുത്തു കൊണ്ട് ലൗറയ്ക്കു ചുററും ഇപ്രകാരം പ്രചരിപ്പിച്ചു: "ഞങ്ങളുടെ അധ്യക്ഷൻ മരുഭൂമിയിൽക്കൂടി അലഞ്ഞു നടക്കുമ്പോൾ വന്യമൃഗങ്ങൾ അദ്ദേഹത്തെ പിടിച്ചുതിന്നു." മററുള്ളവരെ വഞ്ചിച്ചുകൊണ്ട് അവർ വിശുദ്ധ നഗരത്തിൽ ചെന്ന് വിശുദ്ധ ആർച്ചുബിഷപ്പ് ഏലിയാസിനോടു പറഞ്ഞു: ചാവുകടൽ വഴി മരുഭൂമിയിലേക്ക് പിൻമാറവേ, ഞങ്ങളുടെ അധ്യക്ഷനെ സിംഹം പിടിച്ചു തിന്നു. ഞങ്ങൾക്കു മറെറാരധ്യക്ഷനെ തരാൻ നിർദ്ദേശം നൽകണമെ." എന്നാൽ വിശുദ്ധ എവുതീമിയസിന്റെ കാലം മുതൽ, യൗവനം തൊട്ടേ ദിവ്യനായ സാബാസിന്റെ ജീവിത രീതികൾ അറിയാവുന്ന ഏലിയാസ്, ദൈവത്തിന്റെ സത്യപ്രധാന പുരോഹിതൻ എന്ന നിലയിൽ അവരോടു പറഞ്ഞു: "ഞാൻ നിങ്ങളെ വിശ്വസിക്കുന്നില്ല; കാരണം, തന്റെ ദാസൻ വന്യമൃഗങ്ങൾക്കിരയാകുന്നതിന് കൈവിട്ടുകളയാൻ തക്കവണ്ണം ദൈവം നീതിരഹിതനല്ല. മറിച്ച്, പോയി നിങ്ങളുടെ അധ്യക്ഷനെ തേടിപ്പിടിക്കുക; അല്ലെങ്കിൽ ദൈവം അവനെ വെളിപ്പെടുത്തുന്നതുവരെ നിശ്ശബ്ദരായിരിക്കുവിൻ".

www.malankaralibrary.com

ദേവാലയ കൂദാശപ്പെരുന്നാൾ14 സമാഗതമായപ്പോൾ, ആശ്രമാധ്യക്ഷന്മാരുടെ പതിവനുസരിച്ച്, നിക്കോപ്പൊളീസി നടുത്തുള്ള ആശ്രമത്തിലെ ചില സഹോദരങ്ങളുമൊത്ത് അദ്ദേഹം വിശുദ്ധ നഗരത്തിലേയ്ക്കുപോയി.—നേരത്തേ പറഞ്ഞതുപോലെ അദ്ദേഹം അവിടെ ഒരാശ്രമം സ്ഥാപിച്ച് സഹോദരന്മാരെ അവിടേക്കാകർഷിച്ചിരുന്നു. എല്ലായിടത്തും എല്ലാ കാര്യങ്ങളിലും എല്ലാക്കാലത്തും ദൈവം അദ്ദേഹത്തെ സഹായിച്ചിരുന്നു.—മററുചില അധ്യക്ഷന്മാരുമൊത്ത് ആർച്ചുബിഷപ്പിനെ കാണാൻ അദ്ദേഹവും പോയി. ഈ വൃദ്ധനെ കണ്ട് പാത്രിയർക്കീസ് അതീവ സന്തുഷ്ടനായി; അദ്ദേഹത്തെ ഒരു വശത്തേക്കു മാററിനിർത്തിയിട്ട് തന്റെ ലൗറയിലേക്കു തിരിച്ചുപോകുവാൻ നിർദ്ദേശിച്ചു. തന്നോടു ക്ഷമിക്കണമെന്നും തന്നെക്കൊണ്ടിതു പററില്ലെന്നും സാബാസ് തീർത്തുപറഞ്ഞപ്പോൾ ആർച്ചുബിഷപ്പിനതു് അസഹ്യമായിതോന്നി. അദ്ദേഹം പറഞ്ഞു: ഇതു വിശ്വസിക്കുക; എന്റെ ഉപദേശവും നിർദ്ദേശവും നീ സ്വീകരിക്കാതിരുന്നാൽ, മേലിൽ നീയെന്റെ മുഖം കാണുകയില്ല. നിന്റെ അധ്വാനഫലം അന്യർ നിയന്ത്രിക്കുന്നതു കാണാൻ എനിക്കു സാധ്യമല്ല''. ആർച്ചുബിഷപ്പ് ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കല്പന അനുസരിക്കാമെന്ന് നമ്മുടെ പിതാവായ സാബാസ് സമ്മതിച്ചു; എന്നാൽ അറുപതു് ഗൂഢാലോചകരുടെ മത്സരത്തെപ്പററിയും പ്രശ്നം ഉണ്ടാക്കാനുള്ള അവരുടെ താല്പര്യത്തേപ്പററിയും അദ്ദേഹത്തിന് പറയേണ്ടിവന്നു. തദവസരം പാത്രിയർക്കീസ് കർമ്മനിരതനായി, ലൗറയിലുള്ളവർക്ക് താഴെപ്പറയുന്ന കത്തെഴുതി:

''വത്സല സഹോദരങ്ങളേ, നിങ്ങളുടെ പിതാവ് ജീവനോടിരിക്കുന്നെന്നും അദ്ദേഹത്തെ സിംഹങ്ങൾ തിന്നില്ലെന്നും നിങ്ങളറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പെരുന്നാളിന് ഇവിടെവന്നു. ദൈവസഹായത്താൽ അദ്ദേഹം അത്യധ്വാനംചെയ്തു സ്ഥാപിച്ച ലൗറാ വിട്ടുപേക്ഷിച്ചുപോകുന്നതിൽ

14. കോൺസ്റ്റന്റൈൻ ജറുസലേമിൽ പണികഴിപ്പിച്ച തിരുവുത്ഥാന ദൈവാലയ കൂദാശയുടെ (335) വാർഷികപ്പെരുന്നാൾ. സെപ്റ്റംബർ 13ന് ആരംഭിച്ച് ഒരാഴ്ച നീണ്ടുനിൽക്കുന്നതായിരുന്നു പ്രസ്തുത ആഘോഷം; എറജറിയാ ഇതേപ്പററി സൂചിപ്പിക്കുന്നു (The Travels of Egeria,48-49).

www.malankaralibrary.com

നിന്നു് അദ്ദേഹത്തെ നിരോധിച്ചുകൊണ്ടു് ഞാൻ അദ്ദേഹത്തെ ഇവിടെ തടഞ്ഞുവച്ചു. അതുകൊണ്ടു് വേണ്ടത്ര ബഹുമാനത്തോടുകൂടെ അദ്ദേഹത്തെ തിരികെ സ്വീകരിക്കുകയും എല്ലാ രീതികളിലും അദ്ദേഹത്തിനു വിധേയമായിരിക്കുകയും വേണം. കാരണം, നിങ്ങളദ്ദേഹത്തെ തെരഞ്ഞെടുക്കുകയല്ല ചെയ്തതു്. പിന്നെയോ, അദ്ദേഹമാണു് നിങ്ങളെ തെരഞ്ഞെടുത്തതു്. അതുകൊണ്ടാണു് നിങ്ങൾ അദ്ദേഹത്തിനു വിധേയരായിരിക്കേണ്ടതു്. വിനീതരാകാൻ കൂട്ടാക്കാതെ പിടലികട്ടത്തവരും അഹങ്കാരികളും അനുസരണയില്ലാത്തവരുമായി ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടെങ്കിൽ, അവർക്കവിടെ നിന്നുപോകാം. അദ്ദേഹത്തിൻെറ സ്വന്തം ആശ്രമം അദ്ദേഹത്തിനു് തിരികെ കൊടുക്കാതിരിക്കുന്നതു് അനുവദിച്ചുകൊടുക്കാൻ പാററില്ല''.

അനുസരണക്കേടു കാണിക്കാൻ അറിവില്ലാതിരുന്ന നമ്മുടെ പിതാവായ സാബാസ്, നിക്കോപ്പൊളീസുകാരനും സെവേത്രുസ് എന്നു പേരുള്ളവനുമായ തൻെറ ഒരു ശിഷ്യനെ, നിക്കോപ്പൊളീസിനടുത്തുള്ള ആശ്രമത്തിൻെറ അധ്യക്ഷനാക്കി. അയാൾ ഈ ആശ്രമത്തെ അനേകവർഷം ഭരിച്ചു. അയാൾ മരിച്ചപ്പോൾ ദോമ്നുസ് പിൻഗാമിയായി. ദീർഘകാലത്തിനുശേഷം ദോമ്നുസ് മരിച്ചപ്പോൾ സബറോൻ പിൻഗാമിയായി. ഈ സബറോൻ വൃദ്ധനായി ഇപ്പോഴും ആ ആശ്രമം ഭരിക്കുന്നു എന്നു് ഞങ്ങളറിഞ്ഞു.

## 36. പുതിയ ലൗറായുടെ സ്ഥാപനം

പാത്രിയർക്കീസിൻെറ കത്തുമായി വിശുദ്ധനായ സാബാസ് തൻെറ ലൗറായിലേക്കു തിരിച്ചു. കത്തു് പള്ളിയിൽ വായിച്ചപ്പോൾ, എതിർത്ത ആ അറുപതുപേർ ഭയങ്കരമായി രോഷാകുലരായി. തങ്ങളുടെ ദുഷ്ടതയാൽ അന്ധരായിത്തീർന്ന അവർ പരസ്പരം ആലോചിച്ച് ഏകയോഗമായി യുദ്ധത്തിനെന്നവണ്ണം വിശുദ്ധ പിതാവിനെതിരായി അണിനിരന്നു. അവരിൽ ചിലർ, ഗ്രൂപ്പിൻെറ വസ്ത്രങ്ങളും പെട്ടികളും സാധന സാമഗ്രികളും സജ്ജമാക്കി. ബാക്കിയുള്ളവർ കോടാലിയും കുന്താലിയും മൺവെട്ടിയും കരണ്ടിയും മററും എടുത്തു് സ്തംഭത്തിൽ കയറി രോഷാകുലരായി അതു് തറനിരപ്പ

www.malankaralibrary.com

വരെ ഇടിച്ചുതകർത്തു അതിൻെറ കല്ലും തടിയുമെല്ലാം മലയിടുക്കിലെറിഞ്ഞു. എന്നിട്ട് അവരുടെ ഭാണ്ഡക്കെട്ടുമെടുത്ത് ഇറങ്ങിനടന്നു. സൂക്കാലൗറായിലെത്തി അവിടെ പാർക്കാൻ അനുവാദം ചോദിച്ചു. അവരെപ്പററി അറിഞ്ഞ സൂക്കായിലെ അധ്യക്ഷനായ അകപിലീനുസ് അഭ്യർത്ഥന നിരസിച്ചു; അവരെ അവിടെ എടുത്തില്ല. അപ്പോഠം അവർ തെക്കോവായ്ക്കു തെക്കുള്ള മലയിടുക്കിലേക്കു നടന്നു. അവിടെ അവർ ജലവും ഒരിക്കൽ അപ്പോസ്കീസ്റ്റർ നിർമ്മിച്ച മുറികളും കണ്ടു. അവർ അവിടെ താമസിച്ചു; മുറികഠം പണിതു് പുതിയ ലൗറാ എന്നു് അതിനു പേരുമിട്ടു. ആ വൃദ്ധൻെറ ലൗറായിൽനിന്നു് ഈ രീതിയിൽ അവർ പുറപ്പെട്ടുപോയിക്കഴിഞ്ഞപ്പോഠം, കളകഠം നീക്കപ്പെട്ട ഗോതമ്പുവളരുന്നതുപോലെ, ബാക്കിയുള്ളവക്ക്, തടസ്സം കൂടാതെ തങ്ങളുടെ നിർമ്മലഹൃദയം കാഴ്ചയായി ദൈവത്തിനു് അർപ്പിക്കാൻ കഴിഞ്ഞു.

കുറേ നാളുകഠംക്കുശേഷം, തന്നെ ഉപേക്ഷിച്ച തൻെറ ശിഷ്യന്മാർ താമസിക്കുന്നതെവിടെയാണെന്നറിഞ്ഞ വിശുദ്ധ സാബാസ്, ലൗറയിലെയും കസ്റ്റെല്ലിയത്തിലെയും വാഹന മൃഗങ്ങളുടെ പുറത്തു ഭക്ഷണപദാർത്ഥങ്ങഠം കയററി അവരെ സന്ദർശിക്കാൻ അവിടേക്കു പുറപ്പെട്ടു. അദ്ദേഹം വരുന്നതു കണ്ടു അവരിൽ ചിലർ പറഞ്ഞു: ''കോങ്കണ്ണൻ ഇവിടേക്കു വരുന്നതു കാണുവിൻ''. അവക്കു പള്ളിയുമില്ല, തലവനുമില്ലാതെ വലിയ ഞെരുക്കത്തിലാണെന്നും തെക്കോവായിലെ വിശുദ്ധ ആമോസിൻെറ പ്രവാചക തീർത്ഥാടന കേന്ദ്രത്തിലാണു് ഞായറാഴ്ച വിശുദ്ധ കുർബ്ബാന സ്വീകരിച്ചിരുന്നതെന്നും അവർ ക്രമരാഹിത്യത്തിലും അരാജകത്വത്തിലുമാണെന്നും പരസ്പരം തക്കത്തിലും കലഹത്തിലുമാണെന്നും മനസ്സിലാക്കിയ വന്ദ്യവയോധികൻ അവരിൽ കരുണതോന്നി, അവക്കു സഹായം കൊടുക്കണം എന്നു പറഞ്ഞു് അവരുടെ കാര്യം പാത്രിയക്കീസിനെ അറിയിച്ചു. പാത്രിയക്കീസ് അദ്ദേഹത്തിൻെറ കൈയിൽ ഒരു പൗണ്ടു് സ്വർണ്ണനാണയം കൊടുത്തു. തൻെറ സ്വന്തം സമൂഹം എന്നപോലെ ആ സ്ഥലത്തിന്മേലും അവിടെ വസിക്കുന്നവരുടെ മേലും പാത്രിയക്കീസ് അദ്ദേഹത്തിനു് അധികാരം നൽകി. ആ വന്ദ്യവയോവൃദ്ധൻ വിദഗ്ദ്ധ ശില്പികളെയും കൂട്ടി അവശ്യസാധന സാമഗ്രികളു

www.malankaralibrary.com

മായി തിരിച്ചുചെന്നു് അവരുടെകൂടെ അഞ്ചുമാസം താമസിച്ചു. അദ്ദേഹം അവർക്കൊരു ബോർമയും ഒരു പള്ളിയും പണിതു കൊടുത്തു. പള്ളി വേണ്ടവണ്ണം മോടിപിടിപ്പിച്ചശേഷം തന്റെ 69-ാം വയസ്സിൽ (ക്രി.വ. 507) അതു് കൂദാശ ചെയ്തു.

തന്റെ സ്വന്തം ലൗറായിലെ ഏകാന്തവാസിയായ യോഹന്നാനെ വിളിച്ചു വരുത്തി പുതിയ ലൗറായുടെ അധ്യക്ഷനാക്കി. ഈ യോഹന്നാൻ ഗ്രീക്കുകാരനും പ്രവചനവരമുള്ളവനുമായിരുന്നു. നമ്മുടെ കാലത്തു് പുതിയ ലൗറായ്ക്കു് സംഭവിക്കുന്നവ പ്രവചിക്കാൻ ഈ യോഹന്നാനെ ദൈവം പ്രചോദിപ്പിച്ചു; അവൻ കർത്താവിൽ നിദ്രപ്രാപിക്കാൻ തുടങ്ങിയപ്പോൾ, സമൂഹത്തിലെ തലവന്മാരെല്ലാം ചുററുംകൂടി നില്ക്കുകയായിരുന്നു. അദ്ദേഹം പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു: "ഈ ഭവനത്തിലെ അന്തേവാസികൾ വളരെ അഹങ്കാരികളായിത്തീർന്നു് സത്യവിശ്വാസത്തിൽ നിന്നകലുന്ന ദിവസങ്ങൾ വരുന്നു; എന്നാൽ അവർ വിനീതരാക്കപ്പെടും; അവരുടെ ധിക്കാരത്തിനു് അവർ പീഡിപ്പിക്കപ്പെടുകയും ചെയ്യും". ഇതു പറഞ്ഞിട്ടു് അദ്ദേഹം തന്റെ വിശ്രമതുറമുഖം പ്രാപിച്ചു. ഈ ലൗറായെ ദൈവഹിതപ്രകാരം ഏഴുവർഷം ഭരിക്കുകയും അത്ഭുത ശക്തികൾ കാണിക്കുകയും ചെയ്തു. നമ്മുടെ പിതാവായ സാബാസിന്റെ ഉപദേശപ്രകാരം അവിടെയുള്ള പിതാക്കന്മാർ പൗലോസ് എന്നു പേരുള്ള ഒരു റോമാക്കാരനെ അധ്യക്ഷനായി നിയമിച്ചു. അയാൾ ഋജുമാനസനും ലൗകിക കാര്യങ്ങളിൽ നിന്നു് അകന്നവനും ദൈവികസുകൃതങ്ങളാൽ പ്രശോഭിതനുമായിരുന്നു.

തന്റെ ഹിതത്തിനെതിരായി ആറുദിവസം ഈ ലൗറായെ ഭരിച്ചശേഷം ആബാപൗലോസ് അറേബ്യയിലേക്കും പിന്നീടു് കപർബറിക്കായിലേക്കും ഓടിപ്പോയി അവിടെ വച്ചു മരിച്ചു. മുകളിൽ പറഞ്ഞ സെവെരിയാനസ് അവിടെയായിരുന്നു ആശ്രമം പണിതുകൊണ്ടിരുന്നതു്. പൗലോസിന്റെ ഒളിച്ചോട്ടത്തെപ്പററി പുതിയ ലൗറയിലെ പിതാക്കന്മാർ വന്ദ്യവയോധികനെ അറിയിച്ചു. അവരുടെ നിരന്തരമായ അഭ്യർത്ഥനയുടെ ഫലമായി, മുകളിൽ പറഞ്ഞ തന്റെ ശിഷ്യനായ അഗാപേററസിനെ അധ്യക്ഷനായി അവർക്കു ലഭിച്ചു.

www.malankaralibrary.com

അഗാപേററസ് പുതിയ ലൗറയിലെ അധ്യക്ഷനായ പ്പോരം, ഋജ്ജുമാനസനായ പൗലോസ് സമൂഹത്തിൽ സ്വീകരിച്ച നാല് സന്യാസികളെ കണ്ടു. അവർ രഹസ്യമായി ഒരിജൻെറ പ്രബോധനങ്ങരം മന്ത്രിച്ചിരുന്നു. ഈ കാര്യം പൗലോസിന് അറിവില്ലായിരുന്നു. അവരുടെ തലവൻ, പലസ്തീനാക്കാരനായ ഒരു നോണ്ണൂസായിരുന്നു. ക്രിസ്ത്യാനിയും ക്കേതനമായി അയാരം നടിച്ചിരുന്നെങ്കിലും നിരീശ്വരരായ ഗ്രീക്കുകാരുടെയും, യൂദരുടെയും മാനിക്കേയരുടെയും പ്രബോധനങ്ങരം, അതായത്, ഒരിജനും എവാഗ്രിയസും ദിദീമുസും പഠിപ്പിച്ച "പ്രിസ്ഥിതിതത്വം" എന്ന മിത്ത്, വച്ചുപുലത്തിയിരുന്നു.

ഈ പാഷണ്ഡതയുടെ ദൂഷിപ്പിക്കൽ മററുള്ളവരിലേയ്ക്കു വ്യാപിക്കും എന്നു കണ്ട അഗാപേററസ്, വിശുദ്ധ ആർച്ചുബിഷപ്പ് ഏലിയാസിൻെറ കല്പനയാലെയും സമ്മതത്തോടു കൂടിയും പുതിയ ലൗറായിൽ നിന്ന് അവരെ പുറംതള്ളി. പുറത്താക്കപ്പെട്ട അവർ തങ്ങളുടെ ദൂഷിച്ച കളകരം വിതയ്ക്കാനായി സമതലത്തിലേയ്ക്കു പോയി. കുറേക്കാലം കഴിഞ്ഞപ്പോരം ആർച്ചുബിഷപ്പ് ഒരു ഗൂഢാലോചനയുടെ ഇരയായിത്തീന്നു. അതേപ്പററി പിന്നാലെ ചച്ച് ചെയ്യാം. നോണ്ണൂസ്സും അയാളുടെ സ്നേഹിതനും വിശുദ്ധ നഗരത്തിൽ ചെന്ന് ഏലിയാസിൻെറ പിൻഗാമിയോട് പുതിയ ലൗറായിൽ തിരിച്ചു പോകാൻ തങ്ങളെ അനുവദിക്കണം എന്നപേക്ഷിച്ചു.

ദൈവിക വിവേകത്താൽ അലംകൃതനായിരുന്ന അദ്ദേഹം വിശുദ്ധ സാബാസിനെയും ഭാഗ്യവാനായ അഗാപേററസിനെയും വിളിച്ചുവരുത്തി, അവരെ സ്വീകരിക്കാൻ സാധിക്കുമോ എന്നാരാഞ്ഞു. അപ്പോരം അഗാപേററസ് മറുപടി പറഞ്ഞു, "ഒരിജൻെറ പ്രബോധനങ്ങരം പ്രചരിപ്പിക്കുന്നതു വഴി അവർ സമൂഹത്തെ ദൂഷിപ്പിക്കുന്നു. എൻെറ ചുമതലയേല്പിക്കപ്പെട്ടിരിക്കുന്ന സമൂഹത്തോടുകൂടെ ഈ മനുഷ്യൻ ഇടപഴകുന്നതിനേക്കാരം ആ സ്ഥലത്തുനിന്ന് മാറിപ്പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു". അപ്പോരം ആർച്ചുബിഷപ്പ് പറഞ്ഞു, "അങ്ങയുടെ തീരുമാനം വളരെ നല്ലതും ദൈവത്തിനു സ്വീകാര്യവും ആണു",

www.malankaralibrary.com

ആർച്ചുബിഷപ്പ് അനുവാദം കൊടുക്കുകയില്ലെന്നു കണ്ട ഈ മനുഷ്യർ സമതലത്തിലേക്കു പോയി. ഭാഗ്യവാനായ അഗാപേററസ് അഞ്ചു വർഷം പുതിയ ലൗറായെ നന്നായി ഭരിച്ച ശേഷം മരിച്ചു; പുതിയ ലൗറായിലെ സന്ന്യാസികൾ ഒരു മാമാസിനെ അധ്യക്ഷനായി നിയമിച്ചു. അഗാപേററസിന്റെ മരണത്തെപ്പററിയും മാമാസിന്റെ നിയമനത്തെപ്പററിയും അറിഞ്ഞ നോണ്ണസ്സും അവന്റെ സ്നേഹിതരും മാമാസിന്റെ പക്കൽ വന്നു. അദ്ദേഹം അവരെ പുതിയ ലൗറായിൽ രഹസ്യമായി സ്വീകരിച്ചു. അവർ അവരുടെ ഉള്ളിൽ ദുഷ്ടതകൾ വച്ചുപുലർത്തിയെങ്കിലും നമ്മുടെ വിശുദ്ധ പിതാവായ സാബാസിനെ ഭയന്നു് സന്ന്യാസികൾ കേൾക്കെ പരസ്യമായി പറയാതെ അതിരഹസ്യമായി സൂക്ഷിച്ചു. കാരണം, അദ്ദേഹം ജീവിച്ചിരുന്നിടത്തോളംകാലം മരുഭൂമിയിലെ സന്ന്യാസികൾക്കെല്ലാം ഒരേ ഒരു വിശ്വാസപ്രഖ്യാപനം മാത്രമേയുള്ളു. പുതിയ ലൗറായിലെ സന്ന്യാസികളെപ്പററി ഇപ്പോൾ ആവശ്യത്തിനു പറഞ്ഞുകഴിഞ്ഞു. ആ വന്ദ്യവയോധികന്റെ നേട്ടങ്ങൾ ഒന്നിനു പിറകെ ഒന്നായി വിവരിക്കുന്നതിലേക്കു് ഞാൻ തിരിയുന്നു.

## 37. "ഗുഹയിലെ" ആശ്രമസ്ഥാപനം

നമ്മുടെ ദൈവപ്രചോദിത പിതാവായ സാബാസിന്റെ ദിവ്യവരങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ജീവിതരീതി മഹനീയവും പെരുമാററം സുകൃതപൂർണ്ണവും വിശ്വാസം ഓത്തഡോക്സും ആയിരുന്നു. മേല്പറഞ്ഞതിൽ നിന്നു് അതു ഭാഗികമായി കാണിച്ചിട്ടുണ്ടു്; ദൈവവചനം എന്റെ വാക്കുകളെ നയിക്കുകയാണെങ്കിൽ ഇനിയും പറയാൻ പോകുന്നതുവഴി അതു് കൂടുതൽ പൂർണ്ണമായി കാണിക്കാം.

കസ്റ്റെല്ലിയത്തുവച്ചു് ദുഷ്ടാത്മാക്കളുടെമേൽ വിജയിയായി വെളിപ്പെടുത്തപ്പെട്ടവനും വിശുദ്ധീകരിക്കപ്പെട്ടവനുമായ സാബാസ്, മരുഭൂമിയെ ഒരു നഗരമാക്കി മാററുന്നതിലുള്ള തന്റെ താൽപര്യത്താൽ, തന്നിലുള്ള പരിശുദ്ധാത്മാവിന്റെ സഹായത്താൽ മറെറാരു ഭക്തവാസസ്ഥലം ഉണ്ടാക്കി. മേൽ പറഞ്ഞ മത്സരക്കാർ പിന്മാറി പുതിയ ലൗറാ സ്ഥാപിച്ചു

www.malankaralibrary.com

കഴിഞ്ഞപ്പോൾ സാബാസിൻെറ ശിഷ്യരെ കെണിയിൽപ്പെടുത്താൻ പിശാച് ആഗ്രഹിച്ചെങ്കിലും അവനെ സാബാസ് കെണിയിലാക്കി. സാബാസ് പിന്നീട് അവനെതിരായി മറെറാരു വിജയസ്തംഭം ഉയർത്തി.

പുതിയ ലൗറായിൽ നിന്നു് തിരിയെവന്നു് ചെറിയൊരു കാന്തതയ്ക്കുശേഷം നോമ്പുകാലത്തു് അനേകം നേട്ടങ്ങളാൽ എണ്ണപ്പെട്ട ഒരു മൂപ്പനായിരുന്ന ഒരു പൗലോസിനെയും കൂട്ടിക്കൊണ്ടു് അദ്ദേഹം വലിയ ലൗറായിൽ നിന്നു് പതിനഞ്ചു് സ്റ്റേഡിയാ അകലെ, കസ്റ്റെല്ലിയുമിനടുത്തു്, പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു മലയിടുക്കിലേക്കു പോയി. അതിൻെറ വടക്കുഭാഗത്തു് വിശാലവും കേടുപാടുകൾ ഇല്ലാത്തതുമായ ഒരു ഗുഹ കാണപ്പെട്ടു. ഓശാനഞായറാഴ്ചവരെ പൗലോസുമൊത്തു് അദ്ദേഹം അവിടെ താമസിച്ചു. ഉയിർപ്പുതിരുനാൾ കഴിഞ്ഞു് തെയോഡുലസ്, ജലാസിയൂസ്, പൗലോസ് എന്നിവരെയും മററുചിലരെയും കൂട്ടി അദ്ദേഹം അവിടെ വന്നു. ഒററവാക്കിൽ, ആ ഗുഹയെ ദൈവസഹായത്താൽ അദ്ദേഹം ഒരു പള്ളിയാക്കിമാററി; സാവധാനം, പ്രശസ്തമായ ഒരാശ്രമം സ്ഥാപിച്ചു. ''ഗുഹയിലെ'' ആശ്രമം എന്നു് അതിനു് പേരുമിട്ടു. ഭാഗ്യവാനായ പൗലോസിനെ സ്ഥലത്തിൻെറ ഭരണമേല്പിച്ചു. ഗീവർഗീസ്, കുറിയാക്കോസ്, എവുസ്റ്റാത്യോസ് എന്നീ സഹോദരന്മാരെയും ലൗറയിൽ നിന്നു് അദ്ദേഹത്തിനു് വിട്ടുകൊടുത്തു്. ദൈവതിരുവിഷ്ടത്താൽ അതു വളർന്നു വളരെ വലുതായി. ഞാൻ എന്തിനാണു് കൂടുതൽ പറയുന്നതു്? നമ്മുടെ പിതാവായ വിശുദ്ധ സാബാസ് കഠിനാധ്വാനംചെയ്തു സ്ഥാപിച്ച 'ഗുഹയിലെ ആശ്രമം' ഇതാ നമ്മുടെ കൺമുമ്പിൽ കിടക്കുന്നു.

ഭാഗ്യവാനായ പൗലോസ് ക്രിസ്തുവിൽ മരിച്ചപ്പോൾ കുറിയാക്കോസും പിന്നെ എവുസ്റ്റാത്യോസും അവരുടെ മരണശേഷം സേർജിയൂസും അധ്യക്ഷന്മാരായി. ഗീവർഗീസ് അലക്സാണ്ഡ്രിയായിലേക്കു് അയയ്ക്കപ്പെട്ടു; അവിടെവച്ചു് ആർച്ചുബിഷപ്പ് സൊയിലൂസ് അദ്ദേഹത്തെ പെലൂസിയത്തിലെ മെത്രാനായി വാഴിച്ചു.—'ഗുഹയിലെ' ആശ്രമത്തെപ്പററി ഇത്രയും മതി.

www.malankaralibrary.com

തിരുവുത്ഥാന ദേവാലയത്തിലെ ഒരു വൈദികനും വിശുദ്ധ സീഭയാനിലെ അധ്യക്ഷനുമായ ഒരു മാർസ്യൻ നിരവധി നേർച്ചകാഴ്ചകളുമായി നമ്മുടെ വിശുദ്ധ പിതാവായ സാബാസിനെ കൂടെക്കൂടെ സന്ദർശിക്കാറുണ്ടായിരുന്നു. വിശ്വാസത്താൽ പ്രേരിതനായി, ഞാനിപ്പോഠം സൂചിപ്പിച്ച വിശുദ്ധ സ്ഥലത്തെ കെട്ടിടത്തിൽ അധ്വാനിക്കുന്നവരെ തൻെറ മക്കളായ അന്തോണിയോടും യോഹന്നാനോടും കൂടെ, അദ്ദേഹം തൻെറ സ്വന്തം കൈകൊണ്ട് അധ്വാനിച്ച് സഹായിച്ചിരുന്നു; അത്ര വലുതായിരുന്നു അയാളുടെ വിശ്വാസം. ആർച്ചുബിഷപ്പ് ഏലിയാസ് അദ്ദേഹത്തെ സ്നേഹിക്കുകയും സെബസ്റ്റ്യയുടെ മെത്രാനായി വാഴിക്കുകയും ചെയ്തു; അന്തോണിയെ അസ്കലോൺസഭയുടെ മെത്രാനായും യോഹന്നാനെ[15] തിരുവുത്ഥാന ദേവാലയത്തിലെ ഡീക്കനായും വാഴിച്ചു. എന്നാൽ വന്ദ്യവയോധികൻെറ നേട്ടങ്ങളെപ്പററിയുള്ള എൻെറ വിവരണത്തിലേക്ക് ഞാൻ തിരിയേണ്ടിയിരിക്കുന്നു.

## 38. ഗോപുരത്തിലെ ആശ്രമത്തിൻെറ സ്ഥാപനം

എവുതീമിയസിൻെറ ജീവചരിത്രത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കിഴക്കൻ മരുഭൂമിയിലെ ഏററവും ഉയന്ന മലയിൽ ഭാഗ്യവതിയായ എവുഡോഷ്യാ നിർമ്മിച്ച ഗോപുരം, ദിയസ്കോറോസിൻെറയും എവുതീക്കസിൻെറയും വിഭ്രാന്തിയെ പിൻതുണച്ച സന്ന്യാസികളുടെ നിയന്ത്രണത്തിലായി. രണ്ടാമത്തെ ഐക്യത്തിൽ, ജറോൺസ്യസിൻെറയും റൊമാനസിൻെറയും പുറംതള്ളലിൽ അവർ ഭാഗഭാക്കായി. തുടന്ന് അഭക്തനായ നെസ്തോറിയുസിൻെറ പാഷണ്ഡതയുടെ വക്താക്കളായ മററു രണ്ടു സന്ന്യാസികഠം അവിടെ പാക്കാൻ തുടങ്ങി. വി. കന്യകമറിയം കൃത്യമായും സത്യമായും ദൈവമാതാവാണ് എന്ന് പ്രഖ്യാപിക്കാത്തവരായിരുന്നു അവർ. അതുപോലെ ക്രിസ്തു വിശുദ്ധവും സമസത്തയുമായ ത്രിത്വത്തിലൊരുവനാണെന്ന് വിശ്വസിച്ചിരുന്നുമില്ല.[16] തൻെറ മൂന്ന്

---

15. പിന്നീട് ജറുസലേം പാത്രിയക്കീസായി.
16. ജസ്റ്റീനിയൻെറ Confessio Fidei, 92ൽ നിന്ന് എടുത്തിട്ടുള്ള ആശയങ്ങളാണിവ.

www.malankaralibrary.com

ആശ്രമങ്ങരംക്കും മുകളിലായി സ്തംഭത്തിനു മുകളിൽ ഈ മനുഷ്യർ താമസിക്കുന്നതു് നമ്മുടെ പിതാവായ സാബാസിനെ വളരെ ദുഃഖിതനാക്കി. അദ്ദേഹത്തെ അതു് വളരെ അസഹ്യപ്പെടുത്തിയിരുന്നു. ഈ അവസരം അദ്ദേഹം താഴെപ്പറയുന്ന ഒരു ദർശനം കണ്ടു. തിരുവുത്ഥാന ദേവലേയത്തിൽ വി. കുർബ്ബാനാവസരം അദ്ദേഹം തന്നെത്തന്നെ ദർശിച്ചു. ഏതോ മർദ്ദകർ വന്നു് ഭീഷണിമുഴക്കികൊണ്ടു് ഈ സന്ന്യാസികളെ പുറത്താക്കാൻ ശ്രമിച്ചു. അപ്പോരം, വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ അവരെ അനുവദിക്കണമെന്നു പറഞ്ഞ് താൻ ദണ്ഡകരെ പ്രേരിപ്പിക്കുകയായിരുന്നു. ഉറച്ച ശബ്ദത്തിൽ അവർ അദ്ദേഹത്തോടു പറഞ്ഞു: "അവക്കു കുർബ്ബാന സ്വീകരിക്കാൻ സാധ്യമല്ല, കാരണം, ക്രിസ്തു ദൈവമാണെന്നും വിശുദ്ധ മറിയം ദൈവമാതാവാണെന്നും പ്രഖ്യാപിക്കാത്തതിനാൽ അവർ യഹൂദരാണ്".

ആ നിമിഷം മുതൽ വൃദ്ധനു് അവരുടെ മേൽ അലിവു് തോന്നി. അവർ സത്യം തിരിച്ചറിയുന്നതിനും നെസ്തോറിയുസിൻെറ പാഷണ്ഡതയിൽ നിന്നു മോചനം പ്രാപിക്കുന്നതിനും അവക്കുവേണ്ടി ദൈവത്തോടു് തീക്ഷ്ണമായി പ്രാത്ഥിച്ചു. അദ്ദേഹം അവരെ ഉപദേശിച്ചുകൊണ്ടും നിർബന്ധിച്ചുകൊണ്ടും സത്യവിശ്വാസ പ്രബോധനങ്ങരം വിശദീകരിച്ചുകൊണ്ടും കുറേക്കാലത്തേക്കു് തുടരെത്തുടരെ അവരെ സന്ദർശിച്ചു. തൻെറ നിരവധിയായ പ്രാത്ഥനയാലും ഉപദേശത്താലും കഠിനാധ്വാനം ചെയ്തു്, ദൈവകൃപയാൽ നെസ്തോറിയുസിൻെറ പ്രബോധനങ്ങരം ശപിക്കുന്നതിനും കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്കു് പ്രവേശിക്കുന്നതിനും നമ്മുടെ പിതാവായ സാബാസ് അവരെ പ്രേരിപ്പിച്ചു.

അവരെ ഇപ്രകാരം നേടിയശേഷം, ഭാഗ്യവാനായ തിയഡോഷ്യസിനു് അവരെ അദ്ദേഹം ഭരമേല്പിച്ചു അവൻെറ ശിഷ്യരിലൊരുവനും ബഹുമാന്യനും ബിസൻെറയിൻകാരനും സ്കോളാരികളുടെ ഒന്നാം സ്കോളാ 17 ഏകാന്തജീവിതത്തെപ്രതി ഉപേക്ഷിച്ചു് വലിയ ലൗറായിൽ വിജയപ്രദമായി സന്യാസ

17. ചക്രവത്തിയുടെ കൊട്ടാരത്തിലുള്ള ഏഴുഗണം കാവൽഭടന്മാരാണു സ്കോളാരിയി (scholarii).

www.malankaralibrary.com

ജീവിതം നയിച്ചവനുമായ യോഹന്നാൻ എന്നു വിളിക്കപ്പെട്ട ന്നയാളെ ഈ ഗോപുരത്തിൻെറ ഭരണകർത്താവും അധ്യക്ഷനു മായി അദ്ദേഹം നിയമിച്ചു. അദ്ദേഹം ദൈവിക വിവേക ത്താൽ അലംകൃതനും സ്ഥലത്തിൻെറ ചുമതല ഏറ്റെടുക്കാൻ കഴിവുററവനുമായിരുന്നു. ലൗറയിൽ നിന്നുള്ള സഹോദരന്മാ രെയും ആവശ്യമുള്ള സാധനങ്ങളും അദ്ദേഹം അവനു് കൊടുത്തു എന്നിട്ടു് അദ്ദേഹം അവിടെച്ചെന്നു്, ദൈവസഹായത്താൽ ഗോപുരത്തെ ഒരാശ്രമമാക്കിത്തീർക്കുന്നതുവരെ അധ്വാനിക്കു കയും ശ്രദ്ധചെലുത്തുകയും ചെയ്തു. സ്കൊളാരിയുസ് ഒരു വലിയ സമൂഹത്തെ ഇതിലേക്കു് ആകർഷിച്ചു. ക്രാതെയാ മെത്രാനായ വന്ദ്യനായ അബ്രാമിയുസ് ഈ സമൂഹത്തിൽപ്പെട്ട ആളായി രുന്നു. സ്കൊളാരിയുസ് മുപ്പത്തഞ്ചുവർഷം അവിടെ പൂർത്തി യാക്കി. താപസകർമ്മങ്ങളിലും സത്യവിശ്വാസത്തിലും അദ്ദേഹം മികച്ചവനായിരുന്നു. ഈ ആശ്രമം പണിയുന്നതിനും സ്ഥാപിക്കുന്നതിനും നമ്മുടെ വിശുദ്ധ പിതാവായ സാബാസ് കഠിനാധ്വാനം ചെയ്തു. മരണം വരെ ഇവിടം സന്ദർശിക്കുകയും ഇതിൽ അനുഗ്രഹവർഷം ചൊരിയുകയുംചെയ്തു.

## 39. യാക്കോബിൻെറ തന്നിഷ്ടവും സൗഖ്യവും

ജറുസലേംകാരനും യാക്കോബെന്നു പേരുള്ളവനുമായ, വലിയ ലൗറായിലെ ഒരു സന്ന്യാസി തന്നിഷ്ടം തോന്നി മഹാ നായ മാർ സാബാസ് വലിയ മരുഭൂമിയിലേക്കു പോയ തക്ക ത്തിനു്, ലൗറയിലെ ചില സന്ന്യാസികളെക്കൂട്ടി ഹെപ്തസ് തോമുസ് എന്നറിയപ്പെടുന്ന ജലസംഭരണിയുടെ മുകളിൽ മുറി കരം പണിതു് അവിടൊരു ലൗറ സ്ഥാപിക്കാൻ പദ്ധതിയിട്ടു. ലൗറയിലെ പിതാക്കന്മാർ ഇതിൽ നീരസപ്പെട്ടു് പണി തട യാൻ ശ്രമിച്ചെങ്കിലും വിശുദ്ധ പിതാവിൻെറ കല്പന യാണെന്നു് പച്ചക്കള്ളം തട്ടിവിട്ടു; ഇതുകേട്ട പിതാക്കന്മാർ വളരെ ദുഃഖിച്ചെങ്കിലും പിന്നെ അവർ പണി തടഞ്ഞില്ല. പെരുന്നാളിനു് വലിയ പിതാവു് തിരിച്ചെത്തിയപ്പോറം ഈ പണികണ്ടു. അദ്ദേഹം യാക്കോബിനെ വിളിച്ചു പറഞ്ഞു: ''എൻെറ കുട്ടീ, ദൈവം നിൻെറ ജോലിയിൽ സംപ്രീതനല്ല; ലൗറായുടെ അതേ ജില്ലയിൽ പ്രത്യേകിച്ചു് ലൗറയിലെ പിതാ ക്കന്മാർ അംഗീകരിക്കാത്തപ്പോറം, മറെറാന്നു സ്ഥാപിക്കു

www.malankaralibrary.com

നാതു് നന്നല്ല. അതു് റോഡിലും നമ്മുടെ ജലസംഭരണി കൂടെത്തും ആണെന്നതിൽ അവർക്കു് വളരെ ആശങ്കയുണ്ടു്. കെട്ടിടം ലൗറായുടെ കീഴിലായിരിക്കും എന്നു് ആരെങ്കിലും പറഞ്ഞാൽ, ലൗറ അത്രയും വിസ്തീർണ്ണമാക്കാൻ ഞാനാഗ്രഹിക്കു ന്നില്ല. പരിചയക്കുറവിനാലോ തെററുകൊണ്ടോ തങ്ങളുടെ ശക്തിക്കും വിലയ്ക്കും അതീതമായി പ്രവർത്തിക്കുവാൻ തുനിയുന്നവരോടു പ്രവാചകൻ ഉപദേശിക്കുന്നതു് കേൾക്കുക: ''നിങ്ങളുടെ കലപ്പകൾ വാളുകളായും നിങ്ങളുടെ വാക്കത്തി കൾ കുന്തങ്ങളായും രൂപാന്തരപ്പെടുത്തുവിൻ'' (യോവേൽ 3:10) നാടു യുദ്ധഭീഷണിയിലായിരിക്കുമ്പോൾ കൃഷി ചെയ്യുന്നതു കൊണ്ടെന്തു പ്രയോജനം? ശരീരത്തിൻെറയും ആത്മാവിൻെറയും ദുർവികാരങ്ങളെ ഇപ്പോഴും ജയിക്കാതെയും, ഇപ്പോഴും സുഖാ സ്വാദനത്തിലും വ്യർത്ഥാഭിമാനത്തിലും കഴിയുകയും ചെയ്യുന്ന നിങ്ങളെങ്ങനെയാണു് മററുള്ളവരുടെ രൂപീകരണം ഏറെറടു ക്കുന്നതു്? യാക്കോബു് ഇതിനു വഴങ്ങാതെ എതിർത്തുകൊണ്ടി രുന്നപ്പോൾ ശ്രേഷ്ഠൻ അവനോടു പറഞ്ഞു: ''എൻെറ കുട്ടീ, നിനക്കു പ്രയോജനകരം എന്നു് എനിക്കു തോന്നുന്ന ഉപദേശ മാണു് ഞാൻ നിനക്കു നൽകുന്നതു്. എന്നാൽ നീ അനുസരണ ക്കേടിൽ നിലനില്ക്കുന്നതിനാൽ, ''ദുഷ്ടമനുഷ്യർ കലഹം ഇളക്കി വിടുന്നു; കർത്താവു് അവനെതിരെ ദയയില്ലാത്ത ഒരാത്മാ വിനെ അയയ്ക്കുന്നു'' എന്ന തിരുലിഖിതം (സുഭാ. 17:11) സത്യമാണെന്നു് അനുഭവം കൊണ്ടു നീ പഠിച്ചുകൊള്ളും. വിശുദ്ധൻ ഇതു പറഞ്ഞിട്ടു് ചെറിയൊരു സ്തംഭത്തിലേക്കു് പിൻവാങ്ങി. ഉടനെ യാക്കോബിനു് ഭയങ്കരമായ പനിയും വിറയലും അനുഭവപ്പെട്ടു. ഏഴുമാസത്തോളം അവൻ ഇതിനടി പ്പെട്ടു. നിരാശനായ അവൻ, നവംബർ മാസത്തിൽ, തന്നെ എടുത്തു് ലൗറയിലെ പള്ളിയിൽ കൊണ്ടുചെന്നു്, മരിക്കുന്ന തിനു മുൻപു് മാപ്പു് ലഭിക്കുന്നതിനായി, വിശുദ്ധൻെറ പാദ ത്തിൽ വയ്ക്കാൻ അപേക്ഷിച്ചു. അവർ അപ്രകാരം ചെയ്ത പ്പോൾ വിശുദ്ധൻ പറഞ്ഞു: ''തന്നിഷ്ടത്തിൻെയും കലഹ ത്തിൻെറയും ഫലം എന്താണെന്നു് നിനക്കു മനസിലായോ? നിൻെറ ധിക്കാരത്തിൽ നിന്നു നീ പാഠം പഠിച്ചോ?'' അവൻ വളരെ വിഷമിച്ചു് തൻെറ വായ് തുറന്നു പറഞ്ഞു: ''പിതാവേ,

www.malankaralibrary.com

എന്നോട്ട ക്ഷമിക്കണമേ''. ''ദൈവം നിന്നോട്ട ക്ഷമിക്കും'' എന്ന വിശുദ്ധൻ പറഞ്ഞു. കൈകൊടുത്തു് അവനെ എഴുന്നേൽപ്പിച്ചിരുത്തിയിട്ട് കളങ്കരഹിതമായ ദിവ്യരഹസ്യം അവന നൽകി. അതുകഴിഞ്ഞ ഉടൻ തന്നെ അവൻ ഭക്ഷണം കഴിച്ച് ശക്തി വീണ്ടെടുത്തു. യാക്കോബിൽ പെട്ടെന്നുണ്ടായ മാററത്തിൽ എല്ലാവരും അത്ഭുതപ്പെട്ടുപോയി. അതിൽ പിന്നെ അവൻ ആ കെട്ടിടത്തിലേക്ക തിരിഞ്ഞു നോക്കിയിട്ടേ ഇല്ല.

ഇതറിഞ്ഞ ആർച്ചുബിഷപ്പ് ഏലിയാസ്, യാക്കോബിൻെറ കെട്ടിടം പൊളിച്ചുകളയാൻ ചിലരെ അയച്ചു നമ്മുടെ വിശുദ്ധ പിതാവായ സാബാസ്, ലൗറയിലെ ചില കഴിവുള്ള സന്യാസികളെയും കൂട്ടി, പൊളിച്ചുകളയുന്ന കെട്ടിടത്തിൻെറ വടക്കായി അഞ്ചു് സ്റ്റേഡിയാ അകലെ ഒരു പ്രാർത്ഥനാലയവും മുറികളും പണികഴിപ്പിച്ചു. അവിടെ പൗലോസ് എന്നും അന്ത്രയോസ് എന്നും പേരുള്ള വലിയ ലൗറായിൽപ്പെട്ട ഗ്രീക്കകാരായ രണ്ടു സഹോദരന്മാരെ ചുമതലക്കാരായി നിയമിച്ചു. മററു് സഹോദരന്മാരെയും അവിടെയാക്കി ''ഹെപ്താസ്തോമസ്'' എന്ന ലൗറ അവിടെ സ്ഥാപിച്ചു. ബെതാബുദിസ്സേക്കാരനായ സനഗോണാണ് ആ സ്ഥലം അദ്ദേഹത്തിന നല്കിയതു്. അദ്ദേഹം ആ ആശ്രമത്തെ പ്രത്യേകം പരിലാളിച്ചു. ആശ്രമത്തിൽ എന്തെങ്കിലും പെരുന്നാളാഘോഷം വന്നാൽ, ആ ആശ്രമത്തോടുള്ള സ്നേഹം നിമിത്തം, ഭക്ഷണത്തിൽ ഒരു പങ്ക് അവിടെയുള്ള സന്യാസികൾക്ക് അയച്ചുകൊടുക്കമായിരുന്നു.

## 40. യാക്കോബും പയർതോരനും

കുറേക്കാലം കഴിഞ്ഞു് മേൽപ്പറഞ്ഞ യാക്കോബിനു് വലിയ ലൗറായിലുള്ള സന്ദർശന ഭവനത്തിലെ പാചകത്തിൻെറ ചുമതല കിട്ടി. 'ഹഗററ്' ശേഖരിക്കാൻ മരുഭൂമിയിലേക്കുപോയവർക്കുള്ള ഭക്ഷണം അദ്ദേഹം തയ്യാറാക്കേണ്ടിയിരുന്നു. ഒരിക്കൽ അവൻ കുറെയേറെ പയർ വേവിച്ചു. നാം അതിനെ 'പിസാരിയോൻ' എന്നാണു വിളിക്കുക. അയാറം രണ്ടുദിവസം അടുപ്പിച്ചു് അല്പം കൂടുതൽ അതുതന്നെ പാചകം

www.malankaralibrary.com

ചെയ്തു. അധികം വന്നതു് ജനലിലൂടെ അവൻ മലയിടുക്കി ലേക്കെറിഞ്ഞുകളഞ്ഞു. സ്തംഭത്തിൽ നിന്നു് ഇതു കണ്ട ശ്രേഷ്ഠൻ രഹസ്യമായി ഇറങ്ങിവന്നു്, ദൂരെയെറിഞ്ഞ പിസാ രിയോൻ പെറുക്കിയെടുത്തു് നിരത്തി ഉണക്കി. കുറേനാരം കഴിഞ്ഞു് യാക്കോബിൻെറ ആ സേവനം തീരാറായപ്പോരം താൻെറ ഒരു ഭക്ഷണത്തിനായി ശ്രേഷ്ഠൻ അവനെ തൻെറ പക്ക ലേക്കു ക്ഷണിച്ചു. അദ്ദേഹം ആ ഉണക്കപിസാരിയോൻ രുചി കരമായി പാകം ചെയ്തു് യാക്കോബിനു വിളമ്പി. അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോരം മൂപ്പൻ പറഞ്ഞു: ''സഹോദരാ, ക്ഷമിക്കണം നന്നായി ഭക്ഷണം പാകം ചെയ്യാൻ എനിക്കറി യില്ല. ഒരു പക്ഷേ നിനക്കിതു് ഇഷ്ടപ്പെട്ടുകാണില്ല''. അവൻ മറുപടി പറഞ്ഞു: ''വന്ദ്യപിതാവേ, എനിക്കിതു വളരെ ഇഷ്ട പ്പെട്ടു. വളരെക്കാലമായി ഇത്ര രുചികരമായ ഭക്ഷണം ഞാൻ കഴിച്ചിട്ടില്ല''.

അപ്പോരം ആ വൃദ്ധൻ[18] പറഞ്ഞു: ''എൻെറ കുട്ടീ, എന്നെ വിശ്വസിക്കുക. നീ സന്ദർശകഭവനത്തിൽ നിന്നു് മല യിടുക്കിലേക്കെറിഞ്ഞ പിസാരിയോൻ ആണിതു്. ഇതു് അറിഞ്ഞിരിക്കുക. സസ്യപദാർത്ഥങ്ങളൊന്നും ഒരിക്കലും നഷ്ട പ്പെടുത്തരുതു്. തൻെറ ചുമതലയിലുള്ളവരുടെ ആവശ്യങ്ങരം സാധിച്ചുകൊടുക്കാൻവേണ്ടി ഒരു പാത്രം സസ്യങ്ങരം ഉപയോ ഗിക്കാൻ കഴിവില്ലാത്തവനു്, ഒരു സമൂഹത്തെ ഭരിക്കാൻ സാധ്യമല്ല. ''തൻെറ സ്വന്തം ഭവനം ഭരിക്കാൻ അറിവില്ലാ ത്തവനു് ദൈവത്തിൻെറ സഭയെ ഭരിക്കാൻ എങ്ങനെ സാധി ക്കും'' എന്നു് ശ്ലീഹാ പറയുന്നതുപോലെ (1 തിമോ. 3:5) ആണിതു്. ഇതിൽനിന്നു് വളരെ പ്രയോജനം ലഭിച്ചവനായി യാക്കോബ് തൻെറ മുറിയിലേക്കു പോയി.

## 41. യാക്കോബിൻെറ മരണം

ഈ യാക്കോബ് തൻെറ മുറിയിൽ ഏകാന്തജീവിതം നയി ക്കുമ്പോരം വ്യഭിചാരത്തിൻെറ പിശാച് അവനെ കഠിനമായി

18. 'വൃദ്ധൻ' എന്നു് സാബായെ വിളിക്കാൻ സിറിൽ ഇഷ്ടപ്പെട്ടി രുന്നു. സുറിയാനിയിൽ സാബാ എന്നാൽ വൃദ്ധനെന്നർത്ഥം. പശ്ചിമേഷ്യയിൽ സന്യാസിയെക്കുറിക്കാൻ ഈ പദം ഉപയോ ഗിച്ചിരുന്നു.

www.malankaralibrary.com

പ്രലോഭിപ്പിച്ചു. വളരെക്കാലത്തെ പോരാട്ടത്തിനുശേഷം, പൈശാചികപ്രലോഭനങ്ങൾ വദ്ധിച്ചപ്പോൾ പോരാട്ടത്തിൽ മനസ്സു മടുത്തു് അജ്ഞതകൊണ്ടോ ദൈവികവും സ്വഭാവപരവുമായ കാനോനാകൾ മറന്നുപോയതുകൊണ്ടോ ഒരു കത്തിയെടുത്തു് സാഹസികമായി സ്വയം ഷണ്ഡനാക്കി. നില്ക്കാത്ത രക്തമൊഴുക്കും വേദനയും നിമിത്തം അവൻ തന്റെ അയല്ക്കാരെ വിളിച്ചുകൂട്ടി. അവർ വന്നു് മുറിവു കണ്ടു. ലൗറയിലെ ഭിഷഗ്വരനെ വിളിച്ചു. അയാൾ അവനെ പരിചരിച്ചു. ഇതുകേട്ട വിശുദ്ധ സാബാസ് അവൻ സുഖമായപ്പോൾ, ആത്മഹത്യ എന്ന കുററത്താൽ, യാക്കോബിനെ ആശ്രമത്തിൽ നിന്നു പുറത്താക്കി. മഹാനായ തിയഡോഷ്യസ് അവനെ തന്റെ ആശ്രമത്തിൽ സ്വീകരിച്ചു; സംഗതികളെല്ലാം തിരക്കിയിട്ടു് അവനെ ലൗറയിൽ കൂട്ടിക്കൊണ്ടുപോയി. തക്ക പ്രായശ്ചിത്തം ചെയ്തിട്ടു് അവനെ തിരികെ എടുക്കണമെന്നു് ശ്രേഷ്ഠനോടു് അപേക്ഷിച്ചു. തന്റെ മുറിയിൽ ഏകാന്തമായി കഴിഞ്ഞുകൂടണമെന്നും, അതിൽ നിന്നൊരിക്കലും പുറത്തുപോകരുതെന്നും, അയാളെ ശുശ്രൂഷിക്കാനെത്തുന്ന സഹോദരനല്ലാതാരെയും മുറിയിൽ പ്രവേശിപ്പിക്കരുതെന്നും കശനമായി കല്പിച്ചു. യാക്കോബ് ശ്രേഷ്ഠന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ചു; ദീർഘകാലം കണ്ണുനീരോടുകൂടി ദൈവത്തോടപേക്ഷിച്ചു. യാക്കോബിന്റെ അനുതാപം ദൈവം സ്വീകരിച്ചിരിക്കുന്നു എന്നു് ദൈവം ശ്രേഷ്ഠനു് അപ്പോൾ വെളിപ്പെടുത്തികൊടുത്തു. പ്രകാശം ബഹിർഗമിപ്പിക്കുന്ന ഒരു മനുഷ്യനെ അവൻ ദശിച്ചു. യാക്കോബിന്റെ മുമ്പിൽ നീണ്ടു നിവന്നുകിടക്കുന്ന ഒരു ജഡം അയാൾ അവനെ കാണിച്ചു. യാക്കോബാകട്ടെ പ്രാത്ഥനാനിരതനായി നില്ക്കുകയായിരുന്നു. "യാക്കോബേ, നിന്റെ പ്രാത്ഥന കേൾക്കപ്പെട്ടിരിക്കുന്നു. നിന്റെ കൈ നീട്ടി ഈ നിവന്നുകിടക്കുന്ന മനുഷ്യനെ എഴുന്നേൽപ്പിക്കുക" എന്നു് യാക്കോബിനോടു് പറയപ്പെട്ടു. അവൻ മരിച്ചവനെ എഴുന്നേൽപ്പിച്ചപ്പോൾ, പ്രകാശിക്കുന്ന രൂപം ശ്രേഷ്ഠനോടു പറഞ്ഞു: "ഈ ജഡം ഇന്നു് എഴുന്നേൽപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിനെ എഴുന്നേൽപ്പിച്ചവനെ ഭാരപ്പെടുത്തുന്ന ചങ്ങലകൾ നീയും അഴിച്ചുകളയണം." സുബോധം വന്നപ്പോൾ ശ്രേഷ്ഠൻ ഈ

www.malankaralibrary.com

ദർശനം വ്യാഖ്യാനിച്ചു; യാക്കോബിന്റെ പള്ളിയിൽ കയറാൻ അനുവദിച്ചു. അവൻ പള്ളിയിൽ കയറി സാബാസിനെയും പിതാക്കന്മാരെയും ആശ്ലേഷിച്ചു. പിന്നീട് ഭാഗ്യവാനായ തിയഡാഷ്യസിനെയും സന്ദർശിച്ച് ആശ്ലേഷിച്ചു. ദർശനത്തിന്റെ ഏഴാംദിവസം സന്തോഷത്തോടുകൂടെ യാക്കോബ് മരിച്ചു.

## 42. സാന്നുസ് ആശ്രമസ്ഥാപനം

ഹെബ്രോൻ പ്രദേശത്തു നിന്നു് സാന്നുസ് എന്നും ബെന്യാമിൻ എന്നും പേരുള്ള രണ്ടു സഹോദരന്മാർ വലിയ ലൗറായിൽ ഉണ്ടായിരുന്നു. ദൈവത്തോടുള്ള തങ്ങളുടെ മനോഭാവത്തിൽ ഐക്യപ്പെട്ടിരുന്നവരും ദൈവിക സുകൃതങ്ങളിൽ സമൃദ്ധരുമായിരുന്നു അവർ. ലൗറായുടെ തെക്കുപടിഞ്ഞാറായി ഏതാണ്ട് പതിനഞ്ചു സ്റേറഡിയാ അകലെ, വിശുദ്ധ സാബാസ് തനിക്കായി നിർമ്മിച്ച ഏകാന്തവാസിയുടെ അറ അവക്കു കൊടുക്കണമെന്ന് ഏകസ്വരത്തിൽ അവർ അപേക്ഷിച്ചു. അവർ ദൈവത്തിന്റെ ജോലിക്കാരാണ് എന്നു മനസ്സിലാക്കി മഹാനായ വൃദ്ധൻ അവരുടെ അഭ്യർത്ഥനയെ മാനിച്ച് അവക്ക് ആ അറ കൊടുത്തു. അവർ ഏകാന്തവാസിയുടെ അറയും ലൗറയിൽ തങ്ങൾക്കുള്ള മുറിയും മാറി മാറി ഉപയോഗിച്ചിരുന്നു. ഈ ഏകാന്തവാസിയുടെ മുറിയിൽ കഠിനാധ്വാനം ചെയ്തും പാടുപെട്ടും അവർ അതിനെ ഒരാശ്രമമായി പകർത്തി. വിശുദ്ധ പിതാവായ സാബാസ് അവക്കുവേണ്ട സഹായങ്ങളെല്ലാം നൽകി; ആഹാരവും മററു സാധനങ്ങളും കൊടുത്തുകൊണ്ടിരുന്നു. അവിടെ സഹോദരന്മാർ വർദ്ധിച്ചപ്പോൾ, അവനൊരു പള്ളി പണിയിച്ച്, കൂദാശ ചെയ്തു. തന്റെ മററ ആശ്രമങ്ങൾക്കുള്ള നിയമങ്ങൾ അവൻ ഇതിനും നൽകി. ദൈവകൃപയാൽ ഇന്നുവരെ, ഭാഗ്യവാനായ സാന്നുസിന്റെ നാമത്തിൽ ഉള്ള ഈ ആശ്രമം നിലനില്ക്കുന്നു.

## 43. അന്തിമൂസിന്റെ മരണം

നിരവധി സന്യാസ നേട്ടങ്ങളോടുകൂടെ ഈ ലോകത്തിൽ നിന്നു കടന്നുപോയ ഒരു ശ്രേഷ്ഠൻ ഈ ലൗറയിൽ ഉണ്ടായിരുന്നു.

www.malankaralibrary.com

ബിഥീനിയാക്കാരനായ അദ്ദേഹത്തിൻെറ നാമം അന്തീമൂസ് എന്നായിരുന്നു. നമ്മുടെ വിശുദ്ധ പിതാവായ സാബാസിൻെറ ഗോപുരത്തിൻെറ എതിർ വശത്തായി മലയിടുക്കിൻെറ മറേറ വശത്തു് കിഴക്കായി തനിക്കുവേണ്ടി ഒരു മുറി പണിതു കൊണ്ടാണ് അദ്ദേഹം തൻെറ സന്ന്യാസജീവിതം ആരംഭിച്ചതു്. അവിടെ അദ്ദേഹം മുപ്പതു വർഷത്തോളം ജീവിച്ചു. അദ്ദേഹം വൃദ്ധനായപ്പോഠം വളരെ ബലഹീനനായി കിടപ്പിലായി. ശാരീരികമായി വളരെ ബലഹീനനായി അദ്ദേഹത്തെ കണ്ട ഭാഗ്യവാനായ സാബാസ് പള്ളിക്കടുത്തുള്ള ഒരു മുറിയിലേക്കു മാറാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അങ്ങനെ ചെയ്താൽ അദ്ദേഹത്തെ എളുപ്പത്തിൽ ശുശ്രൂഷിക്കാനാവും. എന്നാൽ അദ്ദേഹം വിസമ്മതിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: ''ഈ മുറിയിൽ ആരംഭം മുതൽ ജീവിക്കാൻ എനിക്കവസരം തന്ന ദൈവം ഈ മുറിയിൽനിന്നുതന്നെ എൻെറ ആത്മാവിനെ സ്വീകരിക്കും എന്നു് ദൈവത്തിൽ എനിക്കു് ആത്മവിശ്വാസമുണ്ടു്.''

കുറേക്കാലം കഴിഞ്ഞു് ഒരു രാത്രിയിൽ മണിയടിക്കുന്നതിനുമുമ്പുള്ള മണിക്കൂറിൽ വിശുദ്ധൻ എഴുന്നേററപ്പോഠം വലിയ ഒരു സമൂഹം സങ്കീർത്തനമാലപിക്കുന്നതുപോലുള്ള ശബ്ദം കേട്ടു. പള്ളിയിൽ സമയം തെററി യാമപ്രാർത്ഥന ആരംഭിച്ചതാകാം എന്നു് കരുതി. തൻെറ അനുവാദമില്ലാതെ പതിവിനു വിപരീതമായതു് സംഭവിക്കുന്നതിൽ അദ്ദേഹം ആശ്ചര്യപ്പെട്ടു. അദ്ദേഹം വേഗം നടന്നുചെന്നപ്പോഠം പള്ളി അടച്ചിരിക്കുന്നതായി കണ്ടു. അപ്പോഠം തിരികെ തൻെറ ഗോപുരത്തിൽ വന്നപ്പോഠം താഴെപ്പറയുന്ന വാക്യം മാത്രം മാധുര്യമേറിയ ഗീതമായി ഒരു കൂട്ടം പാടുന്നതായി കേട്ടു: ''ആഹ്ലാദാരവത്തോടും കൃതജ്ഞതാഗീതങ്ങളോടും കൂടെ, അത്ഭുതകരമായ കൂടാരത്തിൻെറ സ്ഥലത്തുകൂടെ ദൈവഭവനത്തിലേക്കു ഞാൻ കടന്നുപോകും'' (സങ്കീ. 42:4). ആ കീർത്തനം വന്ന സ്ഥലം മനസ്സിലാക്കി, മണിയടിക്കുന്നയാളെ വിളിച്ചുണർത്തി എല്ലാവരെയും വിളിച്ചു കൂട്ടാനുള്ള മണികൊട്ടിച്ചു. ധൂപകലശവും തിരികളുമായി ആ ശ്രേഷ്ഠൻെറ മുറിയിലേക്കു് അവർ നടന്നടുത്തപ്പോഠം, മരിച്ച ശ്രേഷ്ഠനെയല്ലാതെ മററാരെയും അവിടെ കണ്ടില്ല. അധ്യക്ഷൻെറ കൂടെവന്ന സകലരെയും ഇതു് അദ്ഭുതപരതന്ത്ര

www.malankaralibrary.com

രാക്കി. അവർ ആ ശരീരത്തെ ഒരുക്കി; പള്ളിയിലേക്ക് ആ അമൂല്യ തിരുശേഷിപ്പ് കൊണ്ടുവന്നു. മരിച്ചവർക്കുവേണ്ടിയുള്ള പതിവ് ശുശ്രൂഷകൾ നടത്തിയശേഷം, തൻെറ വിശുദ്ധരെ മഹത്വപ്പെടുത്തുന്ന ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ഒരു വിശുദ്ധ കല്ലറയിൽ അദ്ദേഹത്തിൻെറ ശരീരം സംസ്കരിച്ചു.

## 44. സഹോദരൻ അഫ്രോദീസിയൂസ്

ഭാഗ്യവാനായ തിയഡോഷ്യസിൻെറ ആശ്രമത്തിൽ അഫ്രോദീസിയൂസ് എന്നുപേരുള്ള ഒരു ഏലുഷ്യാക്കാരൻ ഉണ്ടായിരുന്നു. കഴുതയോട്ടമായിരുന്നു അദ്ദേഹത്തിനു ജോലി. ഒരു കഴുതപ്പുറത്തുകയററാവുന്ന പന്ത്രണ്ടളവ് ഗോതമ്പ് പരസഹായം കൂടാതെ ഉയർത്തി അദ്ദേഹം തൻെറ തോളിൽ വയ്ക്കുമായിരുന്നു. ആശ്രമത്തിലുള്ള എല്ലാവരേക്കാളും ശാരീരിക കാര്യത്തിൽ അദ്ദേഹം മികച്ചുനിന്നു. ഒരിക്കൽ റോഡിൽവച്ച് അദ്ദേഹത്തിൻെറ സമനില തെററി; ഒരു വാഹനമൃഗത്തിൻെറ തലയ്ക്ക് കൈകൊണ്ട് ഒരടി കൊടുത്ത് അതിൻെറ തലപൊട്ടിച്ചു. അത് ഉടനെ താഴെവീണുചത്തു. അഫ്രോദീസിയൂസ് അതിനെ അതിൻെറ പുറത്തുള്ള ചുമടോടുകൂടി പൊക്കിയെടുത്ത് ആശ്രമത്തിലേക്ക മടങ്ങിവന്നു. ആ മൃഗത്തെ കൊന്നതിന് മഹാനായ തിയഡോഷ്യസ് അയാളെ ആശ്രമത്തിന് പുറത്താക്കി. അയാൾ യോർദ്ദാനിലേക്ക് ചെന്നു, ഈജിപ്തുകാരൻ യോഹന്നാൻെറ പക്കൽ തൻെറ കുററം ഏററു പറഞ്ഞു. അദ്ദേഹം സുകൃതങ്ങളാൽ കൊസീബായിൽ പരിലസിച്ചിരുന്ന കാലമായിരുന്നു. അദ്ദേഹം പറഞ്ഞു: ''നിനക്ക് രക്ഷിക്കപ്പെടാൻ ആഗ്രഹമുണ്ടെങ്കിൽ, നമ്മുടെ പിതാവായ സാബാസിൻെറ അടുത്തുപോയി അദ്ദേഹം പറയുന്നതുപോലെ പ്രവർത്തിക്കുക.'' ധൃതിപ്പെട്ട് സാബാസിൻെറ പക്കലെത്തി കുററം ഏററുപറഞ്ഞു. രക്ഷാകരവചനം കേൾക്കാനിടയാകണം എന്നപേക്ഷിച്ചു. നമ്മുടെ പിതാവായ സാബാസ് അവന് ഒരു മുറി നൽകിക്കൊണ്ടുപറഞ്ഞു: ''നിൻെറ മുറികൊണ്ടു തൃപ്തനാകുക. മററൊരു മുറി സന്ദർശിക്കുകയോ ലൗറയ്ക്ക് പുറത്തുപോകുകയോ അരുത്. നിൻെറ നാവിനെയും വയറിനെയും നിയന്ത്രിക്കുക, നീ രക്ഷിക്കപ്പെടും''. ഈ കല്പന സ്വീകരിച്ചുകൊണ്ടും ഇതിൽ നിന്ന് അണുവിട പിൻമാറാതെയും മുപ്പതുവർഷത്തേക്ക് അഫ്രോദീ

www.malankaralibrary.com

സിയൂസ് ലൗറയ്ക്കു പുറത്തുപോകുകയോ മറെറാരു മുറിയിൽ കയറുകയോ ചെയ്തില്ല. അയാൾക്കു് മൺപാത്രങ്ങളോ ചെമ്പു പാത്രങ്ങളോ, അടുപ്പോ പായോ ഒന്നുമില്ലായിരുന്നു. വീഞ്ഞോ, കലർത്തിയ പാനീയങ്ങളോ കുടിച്ചിരുന്നില്ല, രണ്ടുടുപ്പുകളും ഇല്ലായിരുന്നു. അദ്ദേഹം വൈക്കോൽപുറത്തു് പുല്ലുകൊണ്ടുള്ള പായിൽ തുന്നിത്തൈച്ച തുണിവിരിച്ചാണു് കിടന്നുറങ്ങിയിരുന്നതു്. കാര്യസ്ഥൻെറ പക്കൽ നിന്നു് പനയോല വാങ്ങി ഓരോമാസവും തൊണ്ണൂറു് കൂടകൾ നിർമ്മിച്ചുകൊടുത്തിരുന്നു. പാചകം ചെയ്ത ഭക്ഷണസാധനങ്ങൾ അധികം വരുന്നതു്, പയർവർഗ്ഗങ്ങളാകട്ടെ, മററിനങ്ങളാകട്ടെ ഒരുപാത്രത്തിൽ ഒന്നിച്ചുകൂട്ടിയിട്ടു് ദിവസവും അതിൽ നിന്നു് അല്പം ഭക്ഷിച്ചു് തൃപ്തിപ്പെട്ടിരുന്നു. പാത്രത്തിലെ ഭക്ഷണം വളിക്കുകയോ പുഴുക്കുകയോചെയ്താലും അതു് ദൂരെ കളയാതെ പിന്നെയും കിട്ടുന്ന അവശിഷ്ടങ്ങളും അതോടുകൂടി ചേർത്തിരുന്നു. രാത്രിമുഴുവനുമുള്ള അയാളുടെ നിലവിളി അയൽക്കാർക്കു് അസഹനീയമായിരുന്നു.

നേരത്തെ പറഞ്ഞതുപോലെ ഈ രീതിയിൽ മുപ്പതു വർഷം ജീവിച്ചിട്ടും അയാൾ രോഗബാധിതനായില്ല, മനസ്സു മടുത്തില്ല, വയറിനു് കുഴപ്പം സംഭവിച്ചുമില്ല. മറിച്ചു് രണ്ടാം ദർശനം എന്ന വരം സമ്പാദിച്ചു. തൻെറ മരണത്തിനൊരാഴ്ച മുൻപ് അതേപ്പററിയുള്ള മുന്നറിവു് അദ്ദേഹത്തിനുണ്ടായിരുന്നു. അയാൾ പള്ളിയിൽചെന്നു്, ഭാഗ്യവാനായ തിയഡോഷ്യസിൻെറ ആശ്രമം സന്ദർശിക്കുന്നതിനു് ഒരു ദിവസത്തെ ലീവ് തരണമെന്നു് നമ്മുടെ പിതാവായ സാബാസിനോടപേക്ഷിച്ചു. അയാളുടെ അന്ത്യമടുത്തു എന്നു ഗ്രഹിച്ച ശ്രേഷ്ഠൻ കൂട്ടായിട്ടു്, വൈദികനും ജലാസിയൂസിൻെറ സഹോദരനുമായ തിയോഡുളൂസിനെ താഴെപ്പറയുന്ന സന്ദേശവുമായി ഭാഗ്യവാനായ തിയഡോഷ്യസിൻെറ പക്കലേക്കയച്ചു: ''ഇതാ, ഞാൻ നേരത്തെ ഒരു മനുഷ്യനെന്നനിലയിൽ അഫ്രോദീസിയൂസിനെ സ്വീകരിച്ചു; ഇപ്പോൾ ക്രിസ്തുവിൻെറ കൃപയാൽ ഒരു മാലാഖയായി അവനെ നിൻെറ പക്കലേക്കു് ഞാൻ അയയ്ക്കുന്നു''.

ഭാഗ്യവാനായ തിയഡോഷ്യസ് സന്തോഷപൂർവ്വം അവനെ സ്വീകരിച്ചു് ആശ്ലേഷിച്ചു. പൊതുഭക്ഷണത്തിനു്

www.malankaralibrary.com

സ്നേഹപൂർവ്വം അവനെ ക്ഷണിച്ചു. പിന്നീട് അവനെ സമാധാനപൂർവ്വം യാത്രയാക്കി. ലൗറയിൽ തിരിച്ചെത്തിയിട്ട്, ചെറിയൊരസുഖത്തിനുശേഷം അഫ്രോദീസിയൂസ് സന്തോഷപൂർവ്വം മരിച്ചു. പിതാക്കന്മാർ അവൻെറ ശരീരം ഒരുക്കി, പുരോഹിതരോടുകൂടി അവനെ സംസ്കരിച്ചു. ശവക്കോട്ടയിൽ പോകുന്ന പിതാക്കന്മാർ ദീർഘകാലത്തേക്കു് അവൻെറ അമൂല്യമായ തിരുശേഷിപ്പ് തിരിച്ചറിഞ്ഞു് വന്ദിക്കാനായി അതിനെ കുരിശാകൃതിയിൽ വയ്ക്കാൻ ഭാഗ്യവാനായ സാബാസ് കല്പിച്ചു.

## 45. ജറോൺസ്യൂസിൻെറ സൗഖ്യം

യോർദ്ദാൻെറ കിഴക്കുഭാഗത്തു്, അറേബ്യയ്ക്കു കീഴിലുള്ള ഒരു നഗരമാണു് മെദാബാ. അവിടെ വസിക്കുന്നവർ ആത്മീയാനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും ലൗറകൾക്കും ആശ്രമങ്ങൾക്കും ധാന്യങ്ങളും പയറുവർഗ്ഗങ്ങളും നൽകുന്നതിനുമായി നമ്മുടെ വിശുദ്ധ പിതാവിനെ സന്ദർശിക്കുക പതിവായിരുന്നു. അവരുടെകൂട്ടത്തിൽ ജറോൺസ്യൂസ് എന്ന മനുഷ്യനുണ്ടായിരുന്നു. ശാരീരികരോഗം നിമിത്തം വിശുദ്ധനഗരത്തിൽ തങ്ങിയ അയാൾ സ്വർഗാരോഹണ ദേവാലയത്തിൽ പോയി പ്രാർത്ഥിക്കാൻ ആഗ്രഹിച്ചു. ഒരു മൃഗത്തിൻെറ പുറത്തുകയറി, ജോലിക്കാരാൽ അനുഗതനായി അയാൾ യാത്രപുറപ്പെട്ടു. മലകയററത്തിനിടയിൽ വാഹനമൃഗം എന്തോ കാരണത്താൽ ഞെട്ടിത്തിരിഞ്ഞപ്പോൾ ജറോൺസ്യൂസ് താഴെ വീണു. അയാൾ വളരെ മുറിവേററു. സൗഖ്യംതന്നെ അസാധ്യമെന്നു് കൂടെവന്ന ഭിഷഗ്വരൻ കരുതി. എന്നാൽ ആരോടും ഒന്നും ഉരിയാടാതെ, അയാളുടെ ഇളയസഹോദരനായ പൊർഫീരി ലൗറായിൽവന്നു് വിശുദ്ധ സാബാസിനെകണ്ടു് ജറോൺസ്യൂസിനെ സന്ദർശിക്കണമെന്നു് അപേക്ഷിച്ചു. ജറോൺസ്യൂസിനു് സംഭവിച്ചതിനെപ്പററി കേട്ട വൃദ്ധനു് വളരെ ദുഃഖമുണ്ടായി. അയാൾ ഉടനെ വിശുദ്ധ നഗരത്തിൽ പോയി ജറോൺസ്യൂസിനെ സന്ദർശിച്ചു. അവനുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും കുരിശിൽനിന്നുള്ള തൈലത്തിൽ അവനെ പൂശുകയും ചെയ്തപ്പോൾ അവൻ സൗഖ്യം പ്രാപിച്ചു. പെട്ടെന്നുള്ള മാററത്തിലും അസാധാരണ സൗഖ്യത്തിലും എല്ലാവരും അത്ഭുതപ്പെട്ടു.

www.malankaralibrary.com

## 46. വീഞ്ഞിൻെറ അദ്ഭുതം

വളരെ നാളുകറംക്കശേഷം ഈ ജറോൺസ്യൂസിൻെറ മകനായ തോമസ് ഒരു ക്ഷാമകാലത്ത് സന്ധ്യ വളരെ വൈകി വലിയ ലൗറയുടെ ജറീക്കോയിലെ അതിഥിമന്ദിരത്തിലെത്തി. അവിടെ വിശുദ്ധ സാബാസിനെയും 'കസ്തെല്ലിയോൺ', 'ഗുഹയിലെ' എന്നീ ആശ്രമങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്ന തിയഡോറിനെയും പൗലോസിനെയും കണ്ടുമുട്ടി. അവനെ കണ്ടപ്പോറം ഭാഗ്യവാനായ സാബാസ് അതീവ സന്തുഷ്ടനായി; ആ ഭവനത്തിലെ കാര്യസ്ഥനോട് ''ഞങ്ങറംക്ക് വിരുന്നൊരുക്കുക'' എന്നു പറഞ്ഞു. 'വീഞ്ഞുണ്ടോ' എന്ന് ആഹാരസമയത്ത് ചോദിച്ചപ്പോറം 'ഇല്ല' എന്നു കാര്യസ്ഥൻ മറുപടിപറഞ്ഞു എന്നാൽ പയർ തയാറാക്കാൻ ഒരു ചൊരക്കുടുക്ക വിനാഗിരിയുണ്ട് എന്നു പറഞ്ഞു. അപ്പോറം വിശുദ്ധൻ പറഞ്ഞു: ''ആ ചൊരക്കുടുക്ക ഇവിടെ എൻെറ പക്കൽ കൊണ്ടുവരിക. അവിടുത്തെപ്രതി സന്തോഷിക്കുവാൻ ഞങ്ങറംക്കു കഴിയുന്നതിനാൽ കർത്താവ് വാഴ്ത്തപ്പെട്ടവനാകട്ടെ. എന്തുകൊണ്ടെന്നാൽ വെള്ളത്തെ വീഞ്ഞാക്കിയ നമ്മുടെ ദൈവമായ ക്രിസ്തുവിനു് ഈ വിനാഗിരിയെയും വീഞ്ഞാക്കാൻ കഴിയും''. വിശുദ്ധൻ ഈ വാക്കുകറം പറഞ്ഞപ്പോറം അവർ ചൊരക്കുടുക്ക കൊണ്ടുവന്നു. അതിലുള്ള വിനാഗിരി ഉത്തമ വീഞ്ഞായി മാറിയിരുന്നു. ഈ അസാധാരണമായ അദ്ഭുതം കണ്ട് തോമസ് ആശ്ചര്യപ്പെട്ടു. ഭാഗ്യവാനായ സാബാസ് കാര്യസ്ഥനോടു പറഞ്ഞു: ''കത്തിച്ചുവന്ന കരിക്കട്ട ഉടനെ കൊണ്ടുവന്ന് അതിൽ കുന്തിരിക്കം ഇടുക. കാരണം ഈ നാഴികയിൽ ദൈവം നമ്മെ സന്ദർശിച്ചിരിക്കുന്നു. മൂന്നു ദിവസത്തേക്ക് എല്ലാവരും കുടിച്ചിട്ടും ചൊരക്കുടുക്കയിലെ വീഞ്ഞ് തീർന്നുപോയില്ല. ഇതു കണ്ട് തോമസ് അദ്ഭുതപരതന്ത്രനായി. ആ കുടുക്ക തൻെറ ഭവനത്തിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കണമെന്ന് ശ്രേഷ്ഠനോടപേക്ഷിച്ചു. വിശുദ്ധൻ അവനു് അതു് കൊടുത്തു. തോമസ് അവിടെ നിന്നു പോയപ്പോറം അതു് കൂടെ കൊണ്ടുപോയി. മെദാബായിലേക്കുള്ള വഴി മുഴുവൻ അവനും അവൻെറ കൂട്ടുകാരും മതിവരുവോളം വീണ്ടും അതിൽനിന്നു കുടിച്ചു.

www.malankaralibrary.com

ജറോൺസ്യൂസിന്റെ പൗത്രനും തോമസിന്റെ മകനും ഇപ്പോഴം വിശുദ്ധ എവുതീമിയൂസിന്റെ ആശ്രമത്തിന്റെ കാര്യസ്ഥനുമായ ആബാ ജറോൺസ്യൂസാണു് ഇതു് എന്നോടു് പറഞ്ഞതു്. താഴെപ്പറയുന്നതും അവൻ ഈ കഥയോടുകൂട്ടി ച്ചേർത്തു; അനേകം വർഷം ഈ കുടുക്ക അയാളുടെ ഭവനത്തിലു ണ്ടായിരുന്നു. ആരെങ്കിലും രോഗിയായാൽ വീട്ടിലുള്ളവർ വെള്ളം നിറച്ചു് രോഗിയുടെമേൽ തളിച്ചിരുന്നു. വെറും തളിക്കൽ കൊണ്ടു് രോഗിയുടെ ശാരീരികരോഗങ്ങളെല്ലാം മാറിയിരുന്നു''

## 47. കണ്ണടക്കം കാക്കുന്നതിനു് ഒരു പാഠം

ഒരിക്കൽ ജറീക്കോയിൽ നിന്നു് യോർദാനിലേക്കു് യാത്ര ചെയ്കവെ ഈ ഭക്ത സന്ന്യാസി അൽമായരായ കുറേ ആളു കളുടെ കൂടെ കൂടേണ്ടിവന്നു. അവരുടെ കൂടെ സുന്ദരിയായ ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ, തന്റെ ശിഷ്യനെ പരീക്ഷിക്കാനായി ശ്രേഷ്ഠൻ ചോദിച്ചു: ''ആ പോയ ഒററക്കണ്ണുള്ള പെണ്ണിനെപ്പററി എന്തു പറയുന്നു?'' സഹോദരന്റെ മറുപടി; ''ഇല്ല, പിതാവേ, അവൾക്കു് രണ്ടു് കണ്ണുകളുമുണ്ടു്.'' ശ്രേഷ്ഠൻ പറഞ്ഞു: ''എന്റെ കുട്ടി, നിനക്കു് തെററുപററി. അവൾക്കു് ഒരു കണ്ണേയുള്ളു.'' അവൾ ഒററക്കണ്ണി യല്ലെന്നും വളരെ മനോഹരമായ നയനങ്ങളാണു് അവൾക്കുള്ള തെന്നും തനിക്കറിയാമെന്നു് മററെയാൾ തീർത്തുപറഞ്ഞു. മൂപ്പൻ ചോദിച്ചു: 'ഇത്രവ്യക്തമായി നിനക്കെങ്ങനെ അറിയാം?' അവൻ പറഞ്ഞു: പിതാവേ, ഞാൻ അവളെ സൂക്ഷിച്ചുനോക്കി. അവൾക്കു് രണ്ടുകണ്ണുകളും ഉണ്ടെന്നു് ഞാൻ മനസ്സിലാക്കി.'' അപ്പോൾ ശ്രേഷ്ഠൻപറഞ്ഞു: ''നിന്റെ നയനങ്ങൾ അവളിൽ ഉറപ്പിക്കരുതു്; അവളുടെ പുരികംകണ്ടു് നീ ഭ്രമിച്ചുപോകരുതു്'' എന്നു പറയുന്ന കല്പന നീ എവിടെ കൊണ്ടുവച്ചിരിക്കുന്നു? താല്പര്യപൂർവകമായ നോട്ടങ്ങളിൽ നിന്നുയരുന്ന വികാരം ജ്വാലസമാനമാണു്. ഇതു മനസ്സിലാക്കുക; വേണ്ടതുപോലെ നീ നിന്റെ കണ്ണുകളെ നിയന്ത്രിക്കാത്തതിനാൽ ഇന്നുമുതൽ നീ എന്റെ കൂടെ മുറിയിൽ പാർക്കേണ്ട''. അയാളെ കസ്റ്റെല്ലി യമിലേക്കു് പറഞ്ഞയച്ചു. അവിടെ ആവശ്യത്തിനുള്ള കാലം ചെലവഴിച്ചു് തന്റെ നയനങ്ങളെയും ചിന്തകളേയും നിയന്ത്രി

www.malankaralibrary.com

ക്കാൻ പഠിച്ചുകഴിഞ്ഞപ്പോൾ ഒരേകാന്തവാസി എന്ന നിലയിൽ അയാളെ ലൗറയിൽ അദ്ദേഹം സ്വീകരിച്ചു.

## 48. ചുരയ്ക്കായുടെ അദ്ഭുതം

ജോലിക്കാർക്കുവേണ്ടി ലൗറയിലെ പാചകക്കാരൻ ഒരിക്കൽ ചുരയ്ക്കാപുഴുങ്ങി. ഭക്ഷണസമയത്തു് രുചിച്ചുനോക്കിയപ്പോൾ കൈയ്പുതോന്നി. അവിടെ മറെറാന്നും ഇല്ലാതിരുന്നതിനാൽ പാചകക്കാരൻ വിഷണ്ണനായി. അവർ ഓടി ശ്രേഷ്ഠൻെറ പാദത്തിൽ വീണു് നടന്ന സംഗതി അറിയിച്ചു. വിശുദ്ധൻ വന്നു് കലത്തിന്മീതെ കുരിശടയാളം വരച്ചുകൊണ്ടു പറഞ്ഞു: ''എടുത്തുകൊള്ളൂ. കർത്താവു് വാഴ്ത്തപ്പെടട്ടെ. വിളമ്പിക്കൊള്ളുക''. ഉടൻതന്നെ ചുരയ്ക്കാ മധുരമുള്ളതായി മാറി. എല്ലാവരും തിന്നു തൃപ്തരായി ദൈവത്തിനു് മഹത്വം കരേററി.

## 49. സിംഹവും ഫ്ളാവിയുസും കഴുതയും

ഈ വന്ദ്യവയോധികൻ ഒരിക്കൽ റൂബായിൽ നിന്നു് യോർദ്ദാനിലുള്ള കലമോൻ ആശ്രമത്തിലേക്കു്[19] യാത്രചെയ്യുകയായിരുന്നു. അപ്പോൾ മുടന്തി നടന്ന ഒരു വലിയ സിംഹത്തെ അദ്ദേഹം കണ്ടു. അതു് അദ്ദേഹത്തിൻെറ പാദത്തിൽവീണു് സഹായം അഭ്യർത്ഥിക്കുന്നതുപോലെ അതിൻെറ പാദം കാണിച്ചു. സിംഹത്തിൻെറ വേദന മനസ്സിലാക്കി നമ്മുടെ പിതാവായ സാബാസ് താണിരുന്നു് അതിൻെറ പാദത്തിൽ കുത്തിക്കയറിയിരുന്ന ഒരു മുള്ളു് വലിച്ചൂരി എടുത്തു. വേദന കുറഞ്ഞപ്പോൾ സിംഹം എഴുന്നേററു് അതിൻെറ വഴിക്കു പോയി. അന്നുമുതൽ നോമ്പുകാലത്തു് അതു് അദ്ദേഹത്തെ അനുധാവനം ചെയ്യുകയും സഹായം ചെയ്തുകൊടുക്കുകയും ചെയ്തു. അക്കാലത്തു് ഈ വന്ദ്യവയോധികനു് ഫ്ളാവിയുസ് എന്നപേരുള്ള ഒരു സിറിയൻ ശിഷ്യനുണ്ടായിരുന്നു. താഴെ റൂബായിൽ അവനൊരു കഴുതയുണ്ടായിരുന്നു. സാബാസ്

---

19. കലമോണിയ (നല്ല വാസസ്ഥലം): ഈജിപ്റ്റിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ യൗസേപ്പും അമ്മയും കുഞ്ഞും ഈ സ്ഥലത്തു തങ്ങിയതായി പാരമ്പര്യം. ജറീക്കോവിൽനിന്നു് അഞ്ചുമൈൽ തെക്കുകിഴക്കു്, ദയർ ഹജ്‌ലായിൽ.

www.malankaralibrary.com

അവൻെറ എവിടെങ്കിലും അയസ്സമ്പോഴാം കഴുതയെ നോക്കാൻ സിംഹത്തെ അദ്ദേഹം ചുമതലപ്പെടുത്തിവന്നു. രാവിലെ സിംഹം കഴുതയുടെ കയറിൻററം കടിച്ചുപിടിച്ചുകൊണ്ടു പോകും. കഴുത ദിവസം മുഴുവൻ പുല്ലുതിന്നും, പിന്നെ വെള്ളത്തിനരികിലേക്കു കൊണ്ടുപോകും; അതിനുശേഷം തിരികെ കൊണ്ടുവരും. കുറേക്കാലത്തിനുശേഷം, സിംഹം ഈ ജോലി ചെയ്തുകൊണ്ടിരിക്കെ, ഫ്ളാവിയുസിനെ ഏതോ കാര്യത്തിന് മൂപ്പനയച്ചു. ഫ്ളാവിയുസ് തൻെറ രക്ഷയെപ്പററി അനുസ്മരിക്കാതെ അഹങ്കാരത്തിന് അടിപ്പെട്ടു.; തുടർന്നുള്ള തിരസ്കൃതാവസ്ഥയിൽ അവൻ വേശ്യാവൃത്തിക്കു വിധേയനായി. ആ ദിവസം തന്നെ സിംഹം കഴുതയെ കൊന്നുതിന്നു. ഇതറിഞ്ഞ ഫ്ളാവിയൻ, തൻെറ പാപമാണ് കഴുതയുടെ മരണത്തിനു കാരണമെന്നു മനസ്സിലാക്കി മൂപ്പൻെറ മുൻപാകെ പ്രത്യക്ഷപ്പെടാൻ തുനിഞ്ഞില്ല. അവൻ നിരാശയിൽ തെററായി നിപതിച്ചു., അവൻ അവിടെ നിന്നുപോയി തൻെറ പാപത്തെപ്പററി കരഞ്ഞുകൊണ്ട് തൻെറ സ്വന്തം പറമ്പിൽ പാർത്തു. എന്നാലാവന്ദ്യവയോധികൻ തൻെറ യജമാനൻെറ കാരുണ്യത്തെ അനുകരിച്ചുകൊണ്ട്, അവനെ നിന്ദിക്കാതെ അവനെ എല്ലായിടത്തും തേടിയിറങ്ങി. ക്രിസ്തുവിൻെറ കൃപയാൽ അവനെ കണ്ടുമുട്ടിയപ്പോഴാം ഗുണദോഷിക്കുകയും ഉപദേശിക്കുകയും വീഴ്ചയിൽ നിന്നുയർത്തുകയും രക്ഷിക്കുകയും ചെയ്തു. ഫ്ളാവിയസ് ഏകാന്തവാസിയായിത്തീർന്നു; ആത്മാവിൻെറ ആഴത്തിൽ നിന്നു് അനുതപിക്കുകയും ദൈവത്തിനേററം പ്രിയങ്കരനായിത്തീരുകയും ചെയ്തു.

## 50. കോൺസ്ററാൻറിനോപ്പിളിലേക്കുള്ള ദൗത്യം

ചില ആശ്രമാധ്യക്ഷന്മാരെ കോൺസ്റ്റാൻറിനോപ്പിളിലേക്കയയ്ക്കാൻ ആഗ്രഹിച്ച ആർച്ചുബിഷപ്പ് ഏലിയാസ്, നമ്മുടെ പിതാവായ സാബാസിനെ വിളിച്ച്, അവരോടൊത്തു പോകുവാനും കലക്കത്തിൽ നിന്നു് സഭകളുടെ മാതാവിനെ സംരക്ഷിക്കാൻ തൻെറ കഴിവിൽപെട്ടതെല്ലാം ചെയ്യുവാനും ആവശ്യപ്പെട്ടു. അതു് മഹാനായ സാബാസിൻെറ 63-ാം വയസ്സിലായിരുന്നു. അനസ്താസ്യസ് ചക്രവർത്തി കടുത്ത കോപാവേശത്താൽ പലസ്തീൻ സഭാസംഗതികളെല്ലാം

www.malankaralibrary.com

തകിടം മറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആർച്ചു ബിഷപ്പിനോട്ട് ചക്രവർത്തിക്കുള്ള കോപത്തിൻെറയും കാലുഷ്യത്തിൻെറയും കാരണം ആരംഭംമുതൽ ചുരുങ്ങിയ വാക്കുകളിൽ ഞാൻ വിവരിച്ചുതരാം.

അനസ്താസ്യൂസിൻെറ ഭരണത്തിൻെറ മൂന്നാംവർഷം, ഭാഗ്യവാനായ ഏലിയാസ് ജറുസലേം മെത്രാനായപ്പോഴും മൂന്നുതരം വിഭജനംവഴി ദൈവത്തിൻെറ സഭ വലിയ കുഴപ്പത്തിലായിരുന്നു. റോമാക്കാർ ബിസാൻസ്യത്തിലുള്ളവരോട്ട് പിണക്കത്തിലായിരുന്നു. കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായിരുന്ന അകാചിയൂസിൻെറ പേരു് ബിസൻറയിൻകാർ അനുസ്മരണ പട്ടികയിൽ ചേർത്തതായിരുന്നു കാരണം. അദ്ദേഹം റോമാക്കാരുടെ കാർക്കശ്യം സ്വീകരിച്ചില്ല എന്നായിരുന്നു ആരോപണം. ബിസൻറയിൻകാർ അലക്സാണ്ഡ്രിയാക്കാരോട്ട് പിണക്കത്തിലായിരുന്നു. അലക്സാണ്ഡ്രിയാക്കാർ കാൽസിഡൺ കൗൺസിലിനെ ശപിച്ചതിനാലും, ആ കൗൺസിൽ സ്ഥാനഭ്രഷ്ടനാക്കിയ ദിയസ്കോറോസിനോട്ട് കൂട്ടായ്മ പുലർത്തിയതിനാലും ആയിരുന്നതു്. ബിസാൻസ്യത്തിലെ എവുതേമിയസുമായി മാത്രമേ ഏലിയാസ് കൂട്ടായ്മ പുലർത്തിയിരുന്നുള്ളു. നേരത്തെ പറഞ്ഞതുപോലെ പാശ്ചാത്യർ പിരിഞ്ഞുപോയിരുന്നു. രാജാവിനെ പ്രീതിപ്പെടുത്താൻ അന്ത്യോക്യയിലെ പല്ലാഡിയൂസ് കാൽസിഡൺെറ ഡോഗ്മാററിക് ഡിക്രിയെ ശപിക്കുകയും അലക്സാണ്ഡ്രിയാക്കാരുടെ കൂട്ടായ്മ അംഗീകരിക്കുകയും ചെയ്തു. ഈയവസരം, ഒരു ദുരാരോപണത്തിൻെറ വെളിച്ചത്തിൽ കോൺസ്റ്റാൻറിനോപ്പിളിലെ എവുഫേമിയസ് സിംഹാസനത്തിൽ നിന്നു നിഷ്കാസിതനായി. അദ്ദേഹം കാൽസിഡൺെറ സിനഡിക്കൽ ഡിക്രിക്ക് സിനഡിക്കൽ അംഗീകാരം നൽകിയിരുന്നു. അലക്സാണ്ഡ്രിയയിലെയും അന്ത്യോക്യയിലെയും മെത്രാന്മാർ എവുഫേമിയസിൻെറ നിഷ്കാസനം അംഗീകരിച്ചു. മെത്രാനായി രണ്ടു വർഷം പൂർത്തിയാക്കാത്ത ഏലിയാസിനു് അംഗീകാരം നൽകാൻ കഴിഞ്ഞില്ല. എന്നാൽ പട്ടമേററ മാസിഡോണിയസ് സത്യവിശ്വാസിയാണെന്നു് അദ്ദേഹത്തിൻെറ സിനഡിക്കൽ കത്തുകളിൽനിന്നു് കാണുകയാൽ അദ്ദേഹത്തെ കൂട്ടായ്മയിലേക്കു സ്വീകരിച്ചു. ഇതു് ആരംഭത്തിൽ ചക്രവർത്തിയെ വളരെ പ്രകോപിപ്പിച്ചു. അങ്ങനെ 'മാസി

www.malankaralibrary.com

ഡോണിയുസും ഏലിയാസും തമ്മിൽ ധാരണയുണ്ടായിരുന്നു. പല്ലാഡിയസിൻെറ മരണശേഷം ഫ്ളാവിയനു് അന്ത്യോക്യ സിംഹാസനം കിട്ടിയപ്പോഠം അവരുമായി രമ്യതയിലായി. അവരുടെ ഈ ഐകമത്യം, ഭക്തിക്കെതിരെ നിലകൊണ്ട ചക്രവർത്തിക്കിഷ്ടപ്പെട്ടില്ല. അവരെ നാടുകടത്താൻ ഭ്രാന്തുപിടിച്ച് താൽപര്യംകാട്ടി. ആദ്യമായി മാസിഡോണിയസിനെതിരെ പല ദുരാരോപണങ്ങഠം നടത്തി. സിംഹാസനത്തിൽനിന്നു പുറംതള്ളിയിട്ട് തിമോതിയെ അവിടെ നിയമിച്ചു. അയാഠം ഫ്ളാവിയൻെറയും ഏലിയാസിൻെറയും സമ്മതം ചോദിച്ചു. മാസിഡോണിയസിനെ സ്ഥാനഭ്രഷ്ടനാക്കിയതു് അംഗീകരിക്കാതെ, തിമോതിയുടെ സിനഡിക്കൽ കത്തുകഠം അംഗീകരിച്ചു. ചക്രവർത്തി അവർക്കിരുവർക്കും എതിരായി കുപിതനായ ഈ അവസരം ഇരുസഭകളുടേയും മുകളിൽ ഭയങ്കര കൊടുങ്കാററ് രൂപംകൊണ്ടു.

ഇക്കാരണത്താലാണ് ഭാഗ്യവാനായ ഏലിയാസ്, നേരത്തെ പറഞ്ഞതുപോലെ, നമ്മുടെ പിതാവായ സാബാസിനെയും മററ് ആശ്രമശ്രേഷ്ഠരെയും ചക്രവർത്തിക്കുള്ള ഒരു കത്തുമായി കോൺസ്റ്റാൻറിനോപ്പിളിലേക്ക് അയച്ചതു്: "ഉത്തമരും വിശ്വസ്തരും മരുഭൂമിയിലെ നേതാക്കന്മാരും ആയ ദൈവദാസരിൽ പ്രമുഖരെ, പലസ്തീനാ മുഴുവൻ ഉജ്ജ്വലതാരവും നമ്മുടെ മരുഭൂമിയുടെ സംരക്ഷകനും അവിടെ മനുഷ്യരെകൊണ്ടു നിറച്ചവനുമായ നമ്മുടെ നാഥൻ സാബാസിനോടുകൂടെ അങ്ങയോടപേക്ഷിക്കാൻ ഞാൻ അയയ്ക്കുന്നു.'' അങ്ങനെ പോകുന്ന ആർച്ചുബിഷപ്പ് ഏലിയാസിൻെറ കത്ത് അക്കാലത്തു് കൊടുങ്കാററിൽ ആടിയുലഞ്ഞ് അപകടത്തിലപ്പെട്ട കാതലിക്-ഓർത്തഡോക്സ് വിശ്വാസത്തെ, കഴിയുമെങ്കിൽ, സഹായിക്കാനുള്ള താല്പര്യത്താലാണ് നമ്മുടെ പിതാവായ സാബാസ്, മെത്രാനെ അനുസരിച്ചതു്. അദ്ദേഹം യാത്രയായി, ഏതാണ്ട് യാത്ര പൂർത്തിയാക്കാറായപ്പോഠം, അനസ്താസ്യൂസ് ചക്രവർത്തി പാത്രിയർക്കീസുമാരായ ഫ്ളാവിയനും ഏലിയാസിനും എതിരെ അനിയന്ത്രിതകോപം കൊണ്ട് ജ്വലിച്ചു. പൗരസ്ത്യരും പലസ്തീനിയരുമായ മെത്രാന്മാരുടെ ഒരു സിനഡ് സീദോനിൽ സമ്മേളിക്കണമെന്നു് കല്പിച്ചു. കപ്പഡോഷ്യയിലെ കേസറിയ

www.malankaralibrary.com

മെത്രാൻ സൊതെരിക്കസും ഹിയെരാപ്പൊളീസിലെ ഫീലൊ ക്സേനോസും സിനഡിൻെറ അധ്യക്ഷന്മാരായിരിക്കണമെന്നും തീരുമാനിച്ചു. കാൽസിഡൻെറ ഡോക്മാററിക് ഡിക്രീകളെ ശപിക്കുന്നതിനും എവുതീക്കെസിനെയും ദിയൊസ്കോറോസിനെയും അവരുടെ പാഷണ്ഡതയെയും സ്വീകരിക്കുന്നതിനും ഹേതുവായിത്തീർന്നത് ഫീലൊക്സേനോസായിരുന്നു.

## 51. അനസ്താസ്യൂസുമായുള്ള സാബാസിൻെറ ആദ്യകൂടിക്കാഴ്ച

നമ്മുടെ വിശുദ്ധ പിതാവായ സാബാസ് തൻെറ കൂടെയുള്ള മററ് പിതാക്കന്മാരുമൊത്ത് രാജകീയ നഗരത്തിലെത്തിയപ്പോൾ ചക്രവർത്തിയെ വിവരം അറിയിച്ചു; ഉടനെ അവർക്കു രാജസന്നിധിയിൽ പ്രവേശനം ലഭിച്ചു. തന്നെ മഹത്വപ്പെടുത്തുന്നവനെ മഹത്വപ്പെടുത്തുന്ന ദൈവം, തൻെറ ദാസനായ സാബാസിനെ അനുധാവനം ചെയ്യുന്ന കൃപ വെളിപ്പെടുത്താനായി, താഴെപ്പറയുന്നത് സംഭവിക്കാൻ ഇടയാക്കി. അവർ കൊട്ടാരത്തിൽ പ്രവേശിച്ച്, സിലെൻസിയാരിയോൻ[20] എന്നു പറയപ്പെടുന്നിടത്തെത്തിയപ്പോൾ അവിടെ വാതിൽക്കലുള്ള ക്രമപാലകർ മററുള്ളവരെ കടത്തിവിട്ടിട്ട് ഈ ഉജ്ജ്വല താരത്തെ തടഞ്ഞുനിർത്തി. തൻെറ വിനയത്താൽ അദ്ദേഹം എല്ലാവരിലും അവസാനത്തവനായി സ്വയംകരുതി. മുഷിഞ്ഞതും വളരെ കീറിപ്പറിഞ്ഞതുമായ അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ നിമിത്തം അദ്ദേഹം ഒരു യാചകനെപ്പോലെയും ഏററം നിന്ദ്യനെപ്പോലെയും അവർക്കു കാണപ്പെട്ടു. അനസ്താസ്യൂസ് ചക്രവർത്തി അവരെ വളരെ സ്നേഹപൂർവ്വം സ്വീകരിച്ചു. സ്തുതിച്ചു പറഞ്ഞിരിക്കുന്ന വിശുദ്ധ സാബാസിനെ അദ്ദേഹം തിരക്കി. സാബാസ് തങ്ങളിൽ നിന്ന് എങ്ങനെ വേർപെട്ടു എന്നറിയാതിരുന്ന പിതാക്കന്മാർ എല്ലാവശത്തേക്കും തിരഞ്ഞുനോക്കി. അദ്ദേഹത്തെപ്പററി സൂക്ഷ്മമായി അന്വേഷിക്കാൻ ചക്രവർത്തി കല്പിച്ചു. കാവൽക്കാർക്ക് അങ്കലാപ്പായി. ക്രമപാലകർ ഇറങ്ങിനോക്കിയപ്പോൾ സന്ദർശകമുറി എന്നു വിളി

20. Silentiarion ചക്രവർത്തി സന്ദർശകരെ സ്വീകരിച്ചിരുന്ന മുറി.

www.malankaralibrary.com

ക്കപ്പെട്ടന്ന ഹാളിൻെറ ഒരു മൂലയിൽ തനിയെ മാറിനിന്നു കൊണ്ടു അദ്ദേഹം ദാവീദിൻെറ സങ്കീർത്തനങ്ങൾ ചൊല്ലുന്നതായി കണ്ടു. അവർ അദ്ദേഹത്തെപ്പിടിച്ച് അകത്തേക്കു കൊണ്ടുവന്നു. അദ്ദേഹം വിരിയുടെ മറവിൽ നിന്നു കടന്നു വന്നപ്പോൾ ഒരു മാലാഖാ അദ്ദേഹത്തിൻെറ മുമ്പിൽ വരുന്നതായി ചക്രവർത്തിക്കുതോന്നി. എഴുന്നേററ് നിന്ന് ഉപചാരപൂർവം അദ്ദേഹത്തെ സ്വീകരിച്ചിട്ട്എല്ലാവരോടും ഇരിക്കാൻ കല്പിച്ചു. സത്യവിശ്വാസത്തിനെതിരെ പോരാടാൻ ചിലർ അദ്ദേഹത്തെ പ്രേരിപ്പിച്ചെങ്കിലും സന്ന്യാസികളോടു സ്നേഹമുള്ള ആളായിരുന്നു അദ്ദേഹം.

പല വിഷയങ്ങളും ഉന്നയിച്ചതിനിടയ്ക്കു് ഓരോ സന്ന്യാസിയും തൻെറ ആശ്രമകാര്യങ്ങളിൽ താൽപര്യം കാണിച്ചു. ഒരാൾ തൻെറ ആശ്രമത്തിൻെറ ചുററുമുള്ള സ്ഥലം വേണമെന്നു് അപേക്ഷിച്ചു; മറെറാരാൾ മറെറന്തോ ഇമ്പീരിയൽ കല്പന കിട്ടാൻ ശ്രമിച്ചു. ഓരോരുത്തരുടെയും ആഗ്രഹം സാധിച്ചു കൊടുത്തിട്ടു് ചക്രവർത്തി വിശുദ്ധ സാബാസിനോടു് ചോദിച്ചു: ''വന്ദ്യപിതാവേ, അങ്ങേയ്ക്കു് ഒരഭ്യർത്ഥനയുമില്ലെങ്കിൽ അങ്ങു് എന്തിനാണു് ക്ലേശകരമായ ഈ യാത്രചെയ്തതു്?'' ശ്രേഷ്ഠൻ പ്രത്യുത്തരിച്ചു: ''ഞാൻ ശരീരത്തിലായിരിക്കുമ്പോൾ തന്നെ അങ്ങയുടെ പാദം മുത്തുവാനാണു് പ്രധാനമായി ഞാനിവിടെ വന്നതു്; രണ്ടാമതു് ദൈവത്തിൻെറ വിശുദ്ധ നഗരമായ ജറുസലേമിനും അതിൻെറ അതിഭക്തനായ ആർച്ചുബിഷപ്പിനും വേണ്ടി അങ്ങയോടപേക്ഷിക്കാനുമാണു്. ഞങ്ങളുടെ വിശുദ്ധ പള്ളികൾക്കു് സമാധാനം വർഷിക്കണം; അവയിലെ വൈദികർക്കു് ശല്യം കൂടാതെ അവിടെ പാർക്കാൻ സാധിക്കണം. അങ്ങനെ സഭകളിലെ സമാധാനം നിമിത്തം ഞങ്ങൾക്കു് സ്വച്ഛതയിൽ കഴിയാൻ സാധിച്ചാൽ സുകൃതത്തിലുള്ള വളർച്ച ഉണ്ടാകും; ഞങ്ങൾ അങ്ങയുടെ ഭക്തി നിറഞ്ഞ നിയമങ്ങളിലാശ്രയിച്ചുകൊണ്ടു് രാപകൽ അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

ഒരായിരം നാണയം കൊണ്ടുവരാൻ ചക്രവർത്തി കല്പിച്ചു. എന്നിട്ടുപറഞ്ഞു: ''പിതാവേ, ഇതു സ്വീകരിച്ചിട്ടു് എനിക്കു വേണ്ടിപ്രാർത്ഥിച്ചാലും; അങ്ങേയ്ക്കു് മരുഭൂമിയിലെ നിരവധി

www.malankaralibrary.com

ആശ്രമങ്ങളുടെ ചുമതലയുണ്ടെന്നു് ഞാൻ കേട്ടിരിക്കുന്നു.'' മഹാനായ സാബാസ് മറുപടിപറഞ്ഞു; ''തണുപ്പുകാലം ഇവിടെ ചെലവഴിച്ചു് അങ്ങയെ വന്ദിക്കാൻ എന്നെ അനുവദിക്കണം എന്നു് എനിക്കാഗ്രഹമുണ്ടു്.'' തദവസരം ചക്രവർത്തി മററു് അധ്യക്ഷന്മാരെ പലസ്തീനയിലേക്കു് തിരികെ അയച്ചു; തണുപ്പുകാലം അവിടെ ചെലവഴിക്കാനും മുന്നറിയിപ്പുകൂടാതെ സ്വതന്ത്രമായി കൊട്ടാരത്തിൽ കയറാനും അനുവദിച്ചു.

## 52. അനസ്താസ്യൂസുമായുള്ള രണ്ടാം കൂടിക്കാഴ്ച

കുറേ ദിവസങ്ങൾക്കുശേഷം ചക്രവർത്തി അദ്ദേഹത്തെ വിളിച്ചുവരുത്തി ഇപ്രകാരം പറഞ്ഞു: ''നിങ്ങളുടെ ആർച്ചുബിഷപ്പു്, നെസ്തോറിയുസിൻെറ പ്രബോധനങ്ങൾ അംഗീകരിച്ച കാൽസിഡൻെറ വക്താവായിത്തീർന്നിരിക്കുന്നു''. അതിനുംപുറമേ, അദ്ദേഹം അന്ത്യോക്യയിലെ ഫ്ളാവിയനെ അസ്ഥിരനാക്കി, തൻെറ കൂടെ കൂട്ടി. തദ്ഫലമായി, സീദോനിൽവച്ചു് അടുത്തകാലത്തു കൂടിയ സിനഡിൽവച്ചു് കാൽസിഡൻെറ ഡോഗ്മാററിക് ഡിക്രിയെ കാനോനികമായി ഉത്താണ്ടു് ശപിക്കാൻ തുടങ്ങിയതു് അന്ത്യോക്യയിലെ ഫ്ളാവിയനോടു ചേർന്ന് അയാൾ ഒരാളാണു് കലക്കിക്കളഞ്ഞതു്. കൂടാതെ, അയാളുടെ വീക്ഷണങ്ങളെ സംബന്ധിച്ചു്, നമുക്കെഴുതിയ കത്തിൽ അയാൾ നമ്മെ കബളിപ്പിക്കുകയും ചെയ്തു. അയാളുടെ തന്നെ വാക്കുകൾ ഇപ്രകാരമാണു്: ''സത്യവിശ്വാസത്തിനെതിരായി എന്തെങ്കിലും നവീനത്വം അവതരിപ്പിക്കുന്ന എല്ലാ പാഷണ്ഡതകളെയും നാം തള്ളിക്കളയുന്നു. കാൽസിഡണിൽ നിന്നുടലെടുത്ത ഇടർച്ച നിമിത്തം അവിടെ ചെയ്തവ നാം അംഗീകരിക്കുന്നതേയില്ല''. കൗൺസിൽ ഫലരഹിതമായി പിരിച്ചുവിടണമെന്നു് നാം തീർപ്പു കല്പിച്ചപ്പോൾ ഈ വാക്കുകൾകൊണ്ടു് തൻെറ വീക്ഷണം സംബന്ധിച്ചു് അയാൾ നമ്മെ വഞ്ചിച്ചു. എവുപ്രേമിയുസ്, മാസിഡോണിയുസ് എന്നീ നെസ്തോറിയന്മാരെ സ്ഥാനഭ്രഷ്ടരാക്കുന്ന ഡിക്രി അംഗീകരിക്കാൻ അയാൾ വിസമ്മതിച്ചപ്പോൾ, അയാൾ കാൽസിഡൺ കൗൺസിലിൻെറയും നെസ്തോറിയൻ പാഷണ്ഡതയുടെയും വക്താവാണു് എന്നു് മുമ്പിലത്തെപ്പോലെ ഇപ്പോഴും നമുക്കറിവുള്ളതാണു്. തദ്ഫലമായി, ദൂഷിപ്പിക്കുന്നവൻ എന്ന

www.malankaralibrary.com

നിലയിൽ അയാളെ നാം നിഷ്കാസനം ചെയ്യുന്നു; അതിൻപ്രകാരം സത്യവിശ്വാസിയും ആ വിശുദ്ധ അപ്പസ്തോലിക സിംഹാസനത്തിനു് അർഹനുമായ ഒരാളെ നാം നിയമിക്കുന്നു. അങ്ങനെ ദൈവത്തിനു് ആതിഥ്യം അരുളിയ ആ ബഹുമാന്യ പ്രദേശം നെസ്തോറിയുസിന്റെ പ്രബോധനങ്ങളാൽ മലിനമാകാതിരിക്കട്ടെ.

ചക്രവർത്തി ഇപ്രകാരം സംസാരിച്ചു. നമ്മുടെ വിശുദ്ധ പിതാവായ സാബാസ് പ്രത്യുത്തരിച്ചു: "മരുഭൂമിയിലെ പുരാതന പ്രകാശസ്തംഭങ്ങളും അത്ഭുതപ്രവർത്തകരായ പിതാക്കന്മാരും അന്നു് ദൈവത്തിന്റെ വിശുദ്ധ നഗരത്തിലെ ആർച്ചുബിഷപ്പിനെ മതസംബന്ധമായ കാര്യങ്ങളിൽ പരിശീലിപ്പിച്ചതു് എന്നു് അങ്ങു് ഉറപ്പായി ഗ്രഹിച്ചാലും. അദ്ദേഹം നെസ്തോറിയുസിന്റെ വിഭജനവും എവുത്തീക്കിയസിന്റെ കൂട്ടിക്കുഴച്ചിലും ഒരുപോലെ ഉപേക്ഷിച്ചിട്ടു് ഓർത്തഡോക്സു സഭയുടെ മധ്യമാർഗ്ഗം പിൻചെല്ലുന്നു. തിരുലിഖിത ശൈലിയിൽ ഇടത്തോട്ടോ വലത്തോട്ടോ വ്യതിചലിക്കാൻ അനുവദിക്കുന്നുമില്ല. അദ്ദേഹം അലക്സന്ത്രിയായിലെ ആർച്ചുബിഷപ്പായ സിറിലിന്റെ ദൈവിക പ്രബോധനങ്ങളാണു് പഠിപ്പിക്കുന്നതെന്നും അദ്ദേഹത്തിന്റെ പ്രബോധനങ്ങളെ എതിർത്തവരെയും എതിർക്കുന്നവരെയും ശപിക്കുന്നു എന്നും ഞങ്ങൾക്കറിയാം. അതുകൊണ്ടു് ഞങ്ങളുടെ ഹയരാർക്കിക്കു് ശല്യമുണ്ടാക്കാതെ, നമ്മുടെ വിശ്വാസത്തിന്റെ മഹാരഹസ്യം വെളിപ്പെടുത്തപ്പെട്ട വിശുദ്ധ ജറുസലേം നഗരത്തെ ശല്യപ്പെടുത്തലിൽ നിന്നു് സംരക്ഷിക്കണമെന്നു് അങ്ങയോടു് ഞങ്ങൾ അപേക്ഷിക്കുന്നു." ഈ വൃദ്ധന്റെ വിശുദ്ധിയും ആർജ്ജവത്വവും ആത്മീയ ധാരണയും കണ്ടു് ചക്രവർത്തി പറഞ്ഞു: "വന്ദ്യപിതാവേ, ആർജ്ജവത്വത്തിൽ നടക്കുന്നവൻ ആത്മധൈര്യത്തോടെ നടക്കുന്നു എന്നു് ദിവ്യഗ്രന്ഥത്തിൽ സത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ആകാംക്ഷാരഹിതനായി വ്യാപരിച്ചു് ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചാലും. അങ്ങയെ പ്രതി നിങ്ങളുടെ ആർച്ചുബിഷപ്പിനെതിരായി ഞാൻ ഒന്നും പ്രവർത്തിക്കുന്നില്ല. അങ്ങയെ അങ്ങയുടെ പാതയിൽ തിരിച്ചയയ്ക്കുമ്പോൾ അങ്ങേയ്ക്കാവശ്യമുള്ള സേവനങ്ങളെല്ലാം ചെയ്യാൻ ഞാൻ ശ്രമിക്കാം.

www.malankaralibrary.com

## 53. രാജസദസ്സിലെ സ്ത്രീകളെ കാണുന്നു

ആ വൃദ്ധൻ രാജസന്നിധിയിൽ നിന്നു് അഗ്ഗസ്താ അരിയാദ്നെയെ21 കാണാൻ പോയി. അവളെ ആശീർവദിച്ചിട്ടു്, അവളുടെ പിതാവും മഹാനായ ചക്രവർത്തിയുമായ വിശുദ്ധ ലെയോയുടെ വിശ്വാസം മുറുകെപിടിക്കാൻ അവളെ ഉപദേശിച്ചു. അവൾ അവനോടു് മറുപടിയായി പറഞ്ഞു: 'വന്ദ്യപിതാവേ, നമ്മെ ശ്രവിക്കുന്ന ആരും ഉള്ളതുപോലെ, അങ്ങു് നന്നായി സംസാരിക്കുന്നു.'' അവളുടെ സന്നിധിയിൽ നിന്നു് പോയിട്ടു് അദ്ദേഹം പട്ടണം വിട്ടു; നഗരത്തിന്റെ ആരവാരങ്ങളിൽ നിന്നു് ഓടിയകന്നു് ദെമോസ്ത്രാത്തുസിന്റെ കൈവശമിരുന്ന റുഫീനസിന്റെ പ്രാന്തപ്രദേശത്തു് പോയി താമസിച്ചു.

വലൻറീനിയൻ ചക്രവർത്തിയുടെ പൗത്രിയും പട്രീഷ്യനമായ ജൂലിയാനായും, പോംപെയുസ് എന്ന പട്രീഷ്യന്റെ ഭാര്യയും സന്യാസനേട്ടങ്ങളിൽ ഒലിവുമലയിൽ ഇപ്പോഴും ഗണനീയയുമായ അനസ്താസ്യായും അദ്ദേഹം താമസിച്ചിരുന്നിടത്തു് വന്നു് തങ്ങളുടെ സ്നേഹാദരവുകൾ അർപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ ദൈവികപ്രബോധനം സ്വീകരിക്കുന്നതിനുമായി അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. കാരണം സത്യവിശ്വാസത്തിനും മററു സുകൃതങ്ങൾക്കും ഈ സ്ത്രീകൾ മികച്ചവരും വലിയ വിശ്വാസം ഉള്ളവരുമായിരുന്നു.

## 54. അനസ്താസ്യൂസുമായുള്ള മൂന്നാം കൂടിക്കാഴ്ച

അധികം കഴിയുന്നതിനുമുൻപ് ചക്രവർത്തി അദ്ദേഹത്തെ തന്റെ പക്കലേക്കു വിളിച്ചു. വിശുദ്ധ നഗരത്തെക്കുറിച്ചുള്ള ചർച്ചവന്നപ്പോൾ അദ്ദേഹം താഴെപ്പറയുന്ന അഭ്യർത്ഥന നടത്തി: ഈ കഴിഞ്ഞ പതിമൂന്നുവർഷം 'കൊള്ളാസ്യോലുസ്ത്രാലിസ്''22 എന്ന പരമദുഷ്ടനികുതി റോമൻസാമ്രാജ്യം

---

21. ലെയോചക്രവർത്തിയുടെ (487-474) മകൾ; ആദ്യം സേനോയുടെയും പിന്നെ അനസ്താസ്യൂസിന്റെയും ഭാര്യ (+515).

22. കോൺസ്ററൻടൈൻ ചക്രവർത്തി കച്ചവടക്കാരുടെമേലും കൊത്തുപണിക്കാരുടെമേലും വേശ്യകളുടെമേലും ഏർപ്പെടുത്തിയിരുന്ന നികുതി.

www.malankaralibrary.com

മുഴുവനിലും നിന്നു് നീക്കിക്കളഞ്ഞതിനു് എല്ലാവരും അങ്ങയോടു് നന്ദിയുള്ളവരാണു്. ദരിദ്രരോടും നിസ്വരോടും ബന്ധപ്പെടുത്തി തിരുവുത്ഥാനദേവാലയത്തിന്മേലും വിശുദ്ധ നഗരത്തിലെ ഭൂവുടമകളുടെമേലും ചുമത്തിയിരിക്കുന്ന 'Superflua discriptio'[23] എന്ന നികുതിയും നീക്കിത്തരണമെന്നു് നാം അങ്ങയോടു് അഭ്യർത്ഥിക്കുന്നു. അക്കാലത്തെ പലസ്തീനയിലെ നികുതി ചുമതലയുള്ള tractores ഉം vindices ഉം ദരിദ്രരും പാപ്പരുമായ ആളുകളുടെ മേൽ ചുമത്തിയിരുന്ന നൂറു് പൗണ്ടു് സ്വർണം കിട്ടാതെവന്നപ്പോൾ, ജറുസലേമിലെ നികുതിദായകരുടെ സിൻഡിക്കേററിലേക്കു് ഓരോ അംഗത്തിന്റെയും കഴിവനുസരിച്ചു്, ഈ നികുതി കൈമാററം ചെയ്തു. മേല്പറഞ്ഞ രീതിയിൽ നൂറു് പൗണ്ടു് സ്വർണം പങ്കിട്ടുകൊടുത്തപ്പോൾ, തിരുവുത്ഥാന ദേവാലയവും മററു് വിശുദ്ധ സ്ഥലങ്ങളും സ്ഥലയുടമകളും superflua discripta എന്ന നികുതിക്കുവേണ്ടി രജിസ്റ്റർ ചെയ്യപ്പെട്ടു. ഈ നികുതി നീക്കിത്തരണമെന്നാണു് ഞങ്ങൾ അപേക്ഷിക്കുന്നതു്. ഈ വന്ദ്യവയോധികന്റെ വിശുദ്ധി പരിഗണിച്ചു് ചക്രവർത്തി അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ചു. പ്രെത്തോറിയൻ പ്രീഫെക്ട് സോതിക്കൂസിനെ വിളിച്ചു്, പലസ്തീനയിലെ നികുതി രജിസ്റ്ററിൽ നിന്നു് മേല്പറഞ്ഞ നികുതി എഴുതിത്തള്ളാനും ഈ ആനുകൂല്യം വിശുദ്ധനഗരത്തിനു് നൽകാനും നിർദ്ദേശം കൊടുത്തു.

ഇതംഗീകരിച്ചു കഴിഞ്ഞപ്പോൾ, ഏററവും നീതികെട്ടവനും രാജ്യകാര്യങ്ങൾ നിയന്ത്രിച്ചു കൊണ്ടിരുന്നവനും തന്റെ ഇഷ്ടാനുസരണം എളുപ്പം വളയ്ക്കാവുന്ന ചക്രവർത്തിയുടെ മനസ്സിനെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരുന്നവനുമായ ഒരു മരീനസ്[24] ഈ ആനുകൂല്യം സംബന്ധിച്ചുള്ള ചക്രവർത്തിയുടെ തീരുമാനം അറിഞ്ഞു. അയാൾ പെട്ടെന്നു് കടന്നുവന്നു് ഈ ആനുകൂല്യം നടപ്പാക്കുന്നതു തടഞ്ഞു. വിശുദ്ധ

---

23. കൊടുത്തു തീർക്കാനുള്ള നികുതികളുടെ പുനർവിതരണം. ഇവിടെ, കൊടുത്തു തീർക്കാനുള്ളതെല്ലാം കൂടി തിരുവുത്ഥാന ദേവാലയം കൊടുക്കണം എന്നു നിശ്ചയിച്ചിരിക്കുന്നു.

24. ഏകസ്വഭാവ ചായ്‌വുള്ള ധനകാര്യമന്ത്രി. ജസ്റ്റിന്റെ കീഴിൽ (518-527) പ്രെത്തോറിയൻ പ്രീഫെക്ടായി.

www.malankaralibrary.com

നഗരത്തിലുള്ളവരെ അവൻ നെസ്തോറിയർ എന്നും യൂദർ എന്നും ചക്രവർത്തിയുടെ ആനുകൂല്യത്തിനു് അനർഹരെന്നും വിളിച്ചു. അപ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വിശുദ്ധ സാബാസ് മരീനുസിനോടു പറഞ്ഞു: ''ചക്രവർത്തിയുടെ സന്മനസ്സിനെ തടയുന്നതു നിർത്തു. ദൈവത്തിന്റെ വിശുദ്ധ സഭകൾക്കെതിരെ യുദ്ധം ചെയ്യുന്നതു നിർത്തു. നിന്റെ ദുഷ്ടതയും പണക്കൊതിയും നിർത്തു. നിന്നെത്തന്നെ സൂക്ഷിച്ചു കൊള്ളുക. നീ എന്നെ അവഗണിച്ചാൽ ചുരുങ്ങിയ സമയം കൊണ്ടു് നിനക്കു ഭയങ്കരമായ ദൗർഭാഗ്യമുണ്ടാകും; ചക്രവർത്തിക്കും വിശുദ്ധ നഗരത്തിനും നീ വരുത്തിക്കൂട്ടുന്നതു് കൊടിയ വിപത്തായിരിക്കും. ഒരു നിമിഷം കൊണ്ടു് നിനക്കുള്ളതെല്ലാം നിന്നിൽ നിന്നു് എടുക്കപ്പെടും. നിന്റെ വീടിനു് തീ പിടിക്കും.'' ഗ്രഹണശക്തിയോടും ആത്മാർത്ഥതയോടും കൂടെ രാജസദസ്സിൽ വച്ചു് മരീനുസിനോടു് ഇപ്രകാരം പറഞ്ഞ ശേഷം പലസ്തീനയിലേക്കു തിരികെ പോകാൻ തന്നെ അനുവദിക്കണമെന്നു് വിശുദ്ധ ശ്രേഷ്ഠൻ അപേക്ഷിച്ചു. ചക്രവർത്തി ആയിരം നാണയംകൂടി നേരിട്ടു് നൽകി; അഞ്ചാം ഇൻഡിക്ഷനിലെ മെയ് മാസത്തിൽ (ക്രി.വ.512) പലസ്തീനയിലേക്കു കപ്പൽ കയറി.

പാപ്പരായവരുടെ നികുതി ഈ രീതിയിലാണ് അനസ്താസ്യൂസിന്റെ കാലത്തു് എഴുതിത്തള്ളിയതു്. എന്നാൽ നമ്മുടെ പിതാവായ സാബാസിന്റെയും മരുഭൂമിയിലെ മററു് അധ്യക്ഷന്മാരുടെയും അഭ്യർത്ഥനയാൽ, അതിന്റെ ഒരു ഭാഗം ജസ്റ്റിന്റെ ഭക്തഭരണകാലത്താണ് നീക്കിയതു്. ബാക്കിയുള്ളതു് മുഴുവനായി എഴുതിത്തള്ളിയതു് നമ്മുടെ പിതാവായ എവുസേബിയസിന്റെ മാധ്യസ്ഥ്യം വഴി ജസ്റ്റീനിയന്റെ ഇപ്പോഴത്തെ ദൈവസംരക്ഷിതഭരണകാലത്താണ്; ഇതേപ്പററി പിന്നീടു് വിവരിക്കാം.

മരീനുസിനോടു് ആ വന്ദ്യവയോധികൻ പറഞ്ഞ പ്രവചനം തെററിയില്ല. കുറേ മാസങ്ങൾക്കു ശേഷം ഒരു ജനമുന്നേററത്തിന്റെ ഫലമായി[25] മരീനുസിന്റെ ഭവനം അഗ്നിക്കിര

---

25. പീററർ ഫുള്ളർ ത്രൈശുദ്ധ കീർത്തനത്തിൽ ''ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമെ'' എന്നു് കൂട്ടിച്ചേർത്തതാണ് ജനമുന്നേററത്തിനു കാരണം. കോൺസ്റ്റാൻറിനോപ്പിളിലെ വലിയ പള്ളിയിൽ 412 നവംബർ 4 ഞായറാഴ്ചയാണ് കൂട്ടിച്ചേർക്കൽ നടന്നതു്.

www.malankaralibrary.com

യായി; വിശുദ്ധൻെറ പ്രവചനം അക്ഷരശ്ശനിറവേറി. അന സ്റ്റാസ്യാ എന്ന താപസിയാണ് എന്നോടിതു പറഞ്ഞതു്. ഒലിവുമലയിൽ താപസജീവിതം നയിച്ചുകൊണ്ടു് ദിവ്യവര ങ്ങളാൽ പ്രശോഭിക്കുന്ന അവരും ഇതറിഞ്ഞതു്, ചക്രവർത്തി യുടെ അനന്തിരവനും അവളുടെ ഭർത്താവുമായ പോംപെയിൽ നിന്നാണ്.

## 55. അദ്ദേഹം കോൺസ്റ്ററാൻറിനോപ്പിളിൽ നിന്നു മടങ്ങുന്നു.

നമ്മുടെ പിതാവായ സാബാസ്, തൻെറ മാതാപിതാക്ക ളുടെ ഭവനം വിശുദ്ധ കോസ്മാസിൻെറയും ദമിയാൻെറയും പള്ളിയാക്കാനായി ബിസാൻസ്യത്തിൽനിന്നു് വളരെയധികം പണം തൻെറ ജന്മനാടായ മുതലസ്കായിലേക്കയച്ചുകൊടുത്തു; പണി പൂർത്തിയാക്കുകയും ചെയ്തു.

എലെവുതെരോപ്പൊളീസിനടുത്തുള്ള അപ്പോസ്ക്കിസ്റ്റ് സന്ന്യാസികളുടെ ആർക്കിമൺഡ്രൈററായ ഒരു മാമാസും അസെഫലോയരുടെ 26 തലവനായ സേവേരൂസും കൂടി സത്യവിശ്വാസത്തിനെതിരെ പോരാട്ടം നടത്താനായി കോൺ സ്റ്റാൻറിനോപ്പിളിലേക്കു പോയി. അവിടെ സാബാസ് രാജ സന്നിധിയിൽ ധൈര്യപൂർവ്വം സംസാരിക്കുകയും സെവേരൂസു മായി ശക്തമായ അഭിപ്രായവ്യത്യാസം ഉണ്ടാകുകയും ചെയ്തു. നമ്മുടെ പിതാവായ സാബാസ് അയാളെ തൻെറകൂടെ ജറുസ ലേമിൽ കൂട്ടിക്കൊണ്ടു വരികയും അസെഫലോയരുടെ പാഷ ണ്ഡത ഉപേക്ഷിച്ച് കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്കു പ്രവേശിക്കാൻ നിർബന്ധിക്കുകയും ചെയ്തു. ഇതിനായി തുടരെ ത്തുടരെ അയാളെ ഉപദേശിച്ചിട്ടു് അയാളെ ഏലിയാസ് പാത്രി യർക്കീസിൻെറ പക്കലേക്കു് കൂട്ടിക്കൊണ്ടുപോയി. അവിടെ വച്ച് അയാരം കാൽസിഡൺ കൗൺസിൽ അംഗീകരിക്കുകയും

---

26. അസെഫലോയ് (acephaloi) എന്ന സംജ്ഞ ആദ്യമാദ്യം ഈജിപ്തിലെ ഏകസ്വഭാവവാദികളെ കുറിക്കാൻ ഉപയോ ഗിച്ച പദമാണ്. അവർ പീററർ മോങ്ഗൂസ് പാത്രിയർക്കീ സിൻെറ (482–490) അധികാരം അംഗീകരിക്കാൻ കൂട്ടാക്കി യില്ല. പിന്നീടതു് എല്ലാ കാൽ ഡിസൺ വിരുദ്ധരുടെയും പേരായി.

www.malankaralibrary.com

കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് വരികയും ചെയ്തു. അയാറം എവുതീക്കെസിനെയും ദിയസ്കോറോസിനെയും ശപിച്ചു. തൻെറ മാതൃകകൊണ്ട് അനേകരെ സഭയിലേക്കാനയിച്ചു. ഏലിയാസ് പാത്രിയർക്കീസിനോട് അനസ്താസ്യൂസ് ചക്രവർത്തിക്ക് നീരസം വർദ്ധിക്കാനുള്ള ഒരു പ്രധാന കാരണം ഇതായിരുന്നു.

ഈ വന്ദ്യവയോധികൻ ബിസാൻസ്യൂത്തുനിന്നുകൊണ്ടു വന്ന പണം തൻെറ കീഴിലുള്ള ആശ്രമങ്ങൾക്ക് വിതരണം ചെയ്തു. ബിസാൻസ്യൂത്ത് തൻെറ കൂടെയുണ്ടായിരുന്ന ശിഷ്യർ പണം വിതരണം സംബന്ധിച്ച് വളരെ കുണ്ഠിതരായപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു: നമ്മുടേത് ശാരീരികാധ്വാനമായിരുന്നു; അവനാകട്ടെ ആധ്യാത്മികമായി പരിശ്രമിച്ചു. അവരുടെ പ്രാർത്ഥനയാൽ ദൈവം നമ്മെ വിട്ടുവിച്ചു. ദാവീദിൻെറ മാതൃകയനുസരിച്ചാണ് അദ്ദേഹം ഇതു ചെയ്തത് എന്ന് എനിക്കു തോന്നുന്നു. യുദ്ധം ചെയ്തവർക്കും ക്യാമ്പിൽ കാവൽ നിന്നവർക്കും ദാവീദ് തുല്യമായി കൊള്ള പങ്കിട്ടു (1 ശാമു. 30:24).

## 56. അസെഫലോയർക്കെതിരെ ജറുസലേമിലെ മത്സരം

ഈ വന്ദ്യവയോധികനും മരുഭൂമിയിൽ അദ്ദേഹത്തോടൊപ്പം ഗണനീയരായിത്തീർന്ന വിശുദ്ധ പിതാക്കന്മാരും വിശ്വാസത്തിനുവേണ്ടി നടത്തിയിട്ടുള്ള പരസ്യ പോരാട്ടങ്ങളെ, അവരുടെ രഹസ്യ നേട്ടങ്ങളോടും പോരാട്ടങ്ങളോടുംകൂടി ചേർക്കുവാൻ ഇപ്പോൾ സമയമായി എന്ന് എനിക്ക് തോന്നുന്നു. നേരത്തെ പറഞ്ഞതുപോലെ പാത്രിയർക്കീസുമാരായ ഫ്ളാവിയനും ഏലിയാസും സീദോനിലായിരുന്നു. സത്യവിശ്വാസത്തിനെതിരായി അവിടെ കൂടിയ സിനഡ്, ചക്രവർത്തിയെ പുകഴ്ത്തിയും സ്വാധീനിക്കത്തക്ക കത്തുകളെഴുതിയും, ചക്രവർത്തിയെ കൊണ്ട് പിരിച്ചുവിടീക്കാൻ അവർക്കു കഴിഞ്ഞു. അതിനുശേഷം അവർ തങ്ങളുടെ ഭ്രപതകളിലേക്കു മടങ്ങി. പാത്രിയർക്കീസുമാരുടെ ചതിപ്രയോഗത്താൽ താൻ വഞ്ചിത

www.malankaralibrary.com

നായിരിക്കുകയാണ് എന്നു് രാജാവിനെ ധരിപ്പിച്ച് അദ്ദേഹത്തെ അനിയന്ത്രിതമാംവിധം രോഷാകുലനാക്കാൻ, നിരാശരായ സൊത്തേരിക്കുസിനും ഫിലോക്സീനോസിനും അവരുടെ ഗ്രൂപ്പിനും സാധിച്ചു. ആഗ്രഹിച്ചത്ര അധികാര പത്രങ്ങളോടുകൂടി അന്ത്യോക്യയിൽ വന്ന് അവിടുത്തുകാക്ക് ധാരാളം പണം വാരിക്കോരിച്ചൊരിഞ്ഞു. കാൽസിഡൺ കൗൺസിലിനെ ശപിക്കാൻ, ഏതാണ്ട് തൊണ്ടയ്ക്കു ഞെക്കിപ്പിടിച്ചുകൊണ്ട് എന്നവണ്ണം, ഫ്ളാവിയനെ നിർബന്ധിച്ചു. പിന്നീട് അദ്ദേഹത്തെ സിംഹാസനത്തിൽ നിന്നു പുറത്താക്കി നാടുകടത്തി. ഇതു കേട്ട് വളരെ സന്തോഷിച്ച ചക്രവർത്തി, അസെഫലൊയരുടെ നേതാവായ സെവേരുസിനെ അന്ത്യോക്യയിൽ മെത്രാനായി നിയമിച്ചു. പാത്രിയർക്കാസിംഹാസനം കരസ്ഥമാക്കിയശേഷം, തന്നോടു കൂട്ടായ്മയില്ലാത്തവരോട് അയാരം വളരെ ക്രൂരമായി പെരുമാറി. അദ്ദേഹം തൻെറ സിനഡിക്കൽ കത്തുകരം ആർച്ചുബിഷപ്പ് ഏലിയാസിനു് അയച്ചുകൊടുത്തു. അവ അംഗീകരിക്കാതെ വന്നപ്പോരം അയാരം ഏലിയാസിനെതിരായി ചക്രവർത്തിയെ രോഷാകുലനാക്കി. ആറാം ഇൻഡിക്ഷനിലെ മെയ്മാസത്തിൽ (ക്രി.വ.513) അതേ സിനഡിക്കൽ കത്തുകരം, ഒരു പററം വൈദികരോടും രാജകീക പട്ടാളക്കാരോടുംകൂടെ വീണ്ടും ജറുസലേമിലേക്കു് കൊടുത്തയച്ചു. ഇതറിഞ്ഞ നമ്മുടെ വിശുദ്ധ പിതാവ് സാബാസ് മരുഭൂമിയിലെ മററ് അധ്യക്ഷന്മാരോടൊപ്പം ജറുസലേമിലേക്കു പോയി. സെവേരുസിൻെറ സിനഡിക്കൽ കത്തുകളോടൊപ്പം വന്നവരെ വിശുദ്ധനഗരത്തിൽ നിന്നു് ആട്ടിപുറത്താക്കി. എല്ലായിടത്തുനിന്നും സന്യാസികളുടെ കൂട്ടങ്ങളെ ജറുസലേമിൽ വരുത്തി. കാൽവരിയിലെ വിശുദ്ധ ദൈവാലയത്തിൻെറ മുമ്പിൽ ജറുസലേം നിവാസികളോടൊപ്പം തടിച്ചുകൂടി ഇപ്രകാരം വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു: “സെവേരുസിനും അയാളോട് കൂട്ടായ്മയുള്ളവർക്കും ശാപം.” കത്തു കൊണ്ടുവന്ന ഇമ്പീരിയൽ പടയാളികളും ചക്രവർത്തിയയച്ച ന്യായാധിപന്മാരും മററു പടയാളികളും എല്ലാം നോക്കി കണ്ടുനിന്നതേയുള്ളു.

കടുത്ത ധാർഷ്ട്യം നിറഞ്ഞ ഈ സെവേരുസ്, രാജകീയ അധികാരത്തിൽ ആശ്രയിച്ചുകൊണ്ട് കാൽസിഡൺ കൗൺ

www.malankaralibrary.com

സിലിനെതിരെ നിരവധി ശാപങ്ങൾ പുറപ്പെടുവിച്ചു. എവുതീക്കെസിന്റെ പാഷണ്ഡത പ്രചരിപ്പിക്കാനായി, 'ദൈവപുത്രനും ഗുരുവുമായ ക്രിസ്തുവിന് കന്യകയിൽ നിന്ന് ജഡം ധരിച്ച് മനുഷ്യനായ ശേഷം അഴിവിന് വിധേയമായ ഏകസ്വഭാവമാണ്'' എന്ന് പഠിപ്പിച്ചു. ജനമുന്നേററത്താൽ പ്രലോഭിതനായി, സഭയുടെ ശരിയായ ഡോഗ്മാകൾക്കും ഡിക്രികൾക്കും വിരുദ്ധമായി പല പുതിയ കാര്യങ്ങളും പ്രചരിപ്പിച്ചു. എഫേസോസിലെ രണ്ടാം സിനഡ്, അതായത് അഭക്തമായ തസ്കരസിനഡ്, അയാൾ അംഗീകരിച്ചു. എഫേസോസിൽ ആദ്യം കൂടിയ സിനഡിന് തുല്യമാണിതെന്ന് പഠിപ്പിച്ചു. മഹാനും ദൈവപ്രചോദിതനും അലക്സാന്ത്രിയാ ആർച്ചുബിഷപ്പുമായ സിറിലും ദിയസ്കോറോസും പ്രബോധകർ എന്ന നിലയിൽ ഒരുപോലെയാണെന്ന് പ്രസ്താവിച്ചു. ഇമ്പീരിയൽ നഗരത്തിലെ ആർച്ചുബിഷപ്പും സത്യവിശ്വാസിയും അതിപരിശുദ്ധനുമായ ഫ്ളാവിയാനെ സ്ഥാനഭ്രഷ്ടനാക്കി കൊല്ലുകയും പാഷണ്ഡിയായ എവുതീക്കെസിനെ അതേ മനസ്ഥിതി ഉണ്ടായിരുന്നതിനാൽ കൂട്ടായ്മയിലേക്ക് സ്വീകരിക്കുകയും ചെയ്തത് ദിയസ്കോറോസ് ആയിരുന്നു. അങ്ങനെ ആർത്തിയിൽ മുന്നിട്ടുനിന്നുകൊണ്ട്, ദൈവദൂഷണത്തിനായി തന്റെ നാവിനെ അവൻ സുസജ്ജമാക്കി. ത്രിത്വത്തിൽ ഏററവും അവിഭാജ്യവുമായ ദൈവത്വത്തെ തന്റെ വാക്കുകളിൽ അയാൾ വിഭജിച്ചു; ആൾ സ്വഭാവമാണെന്നും സ്വഭാവം ആൾ ആണെന്നും സങ്കല്പിച്ചുകൊണ്ടും പറഞ്ഞുകൊണ്ടും, ഈ പദങ്ങൾ തമ്മിൽ ഒരു വ്യത്യാസവും അംഗീകരിക്കാതെയും, ദൈവിക ആളുകളുടെ വിശുദ്ധവും ആരാധ്യവും സമസത്തയുമായ ത്രിത്വം സ്വഭാവങ്ങളുടെയും ദൈവത്വങ്ങളുടെയും ദൈവങ്ങളുടെയും ത്രിത്വമാണ്''' എന്നു പറയാൻ തക്ക ഔദ്ധത്യം അയാൾ കണ്ടായിരുന്നു.

ആത്മാക്കൾക്ക് കൊടിയനാശം വരുത്തുന്ന ഇയാളെ തന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കണമെന്ന് അനസ്താസ്യൂസ് ചക്രവർത്തി ആർച്ചുബിഷപ്പ് ഏലിയാസിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഒരു തരത്തിലും അദ്ദേഹം ഇപ്രകാരം പ്രവർത്തിക്കുകയില്ലെന്നു കണ്ട് ചക്രവർത്തി രോഷാ

www.malankaralibrary.com

കലനായി; ഏതുവിധേനയായാലും ശരി ഏലിയാസിനെ തന്റെ സിംഹാസനത്തിൽ നിന്നു് നിഷ്ക്കാസനം ചെയ്യാൻ, കാൽസിഡണെ നിരാകരിക്കുന്നതും സീതോനിൽവച്ചു് എഴുതിയതുമായ കത്തുകളുമായി പലസ്തീനയിലെ സൈന്യാധിപനായ, കേസറിയായിലെ ഒളിംപ്യസിനെ, ജറുസലേമിലേക്കയച്ചു. അയാളും ഒരു രാജകീയ സൈന്യത്തോടുകൂടിവന്നു്, കൊണ്ടുവന്ന കത്തുകാണിച്ചും ചതുരുപായങ്ങളും പ്രയോഗിച്ചും ഏലിയാസിനെ തന്റെ സിംഹാസനത്തിൽനിന്നു് നിഷ്കാസനം ചെയ്തു് ഐലായിലേക്കു നാടുകടത്തി. പത്താം ഇൻഡിക്ഷന്റെ ആരംഭത്തിൽ, സെപ്തംബർ ഒന്നിനു് മാർസിയന്റെ മകനായ ജോണിനെ ജറുസലേം മെത്രാനായി വാഴിച്ചു. കാൽസിഡൺ കൗൺസിലിനെ ശപിക്കാമെന്നും സെവേരുസിനെ കൂട്ടായ്മയിലേക്കു് സ്വീകരിക്കാമെന്നും അയാളും വാഗ്ദാനം ചെയ്തു. ഇതറിഞ്ഞ വിശുദ്ധ സാബാസും മരുഭൂമിയിലെ പിതാക്കന്മാരും ഒന്നിച്ചുകൂടി, സെവേരുസിനെ കൂട്ടായ്മയിലേക്കു് സ്വീകരിക്കരുതെന്നും തന്റെ സ്നേഹിതരായ അവരെല്ലാവരോടും കൂടെ കാൽസിഡൺ കൗൺസിലിനു വേണ്ടി പോരാട്ടത്തിന്റെ ആഘാതം ഏൽക്കണമെന്നും അയാളെ പ്രേരിപ്പിച്ചു. അതുകൊണ്ടു് പിതാക്കന്മാരോടുള്ള ബഹുമാനാർത്ഥം ജോൺ സൈന്യാധിപനോടു[27] ചെയ്ത ഉടമ്പടി ലംഘിച്ചു. ഇതറിഞ്ഞു് കലിപൂണ്ട ചക്രവർത്തി, ജോണിനെ കൊണ്ടു് കാൽസിഡൺ കൗൺസിലിനെ ശപിപ്പിക്കാനും സെവേരുസിനെ കൂട്ടായ്മയിൽ സ്വീകരിക്കാനും, അപ്രകാരം ചെയ്തില്ലെങ്കിൽ നിഷ്ക്കാസനം ചെയ്യാനും ആയി പംഫീലുസിന്റെ പുത്രനും പലസ്തീനയിലെ സൈന്യാധിപനുമായ അനസ്താസ്യൂസിനെ അയച്ചു.—ഒളിംപ്യസിന്റെ കാലാവധി അപ്പോഴേക്കും കഴിഞ്ഞിരുന്നു.— ജറുസലേമിൽ വന്നയുടൻ അനസ്താസ്യൂസ് ആർച്ചുബിഷപ്പിന്റെ അടുത്തുചെന്നു് അദ്ദേഹത്തെ പിടിച്ചു് പൊതു കാരാഗൃഹത്തിലിട്ടു. അയാളും ആർച്ചുബിഷപ്പ് ഏലിയാസിനെതിരായി ഗൂഢാലോചന നടത്തി അദ്ദേഹത്തെ ഒററിക്കൊടുത്തതിനാൽ, ഇതു വിശുദ്ധ നഗരത്തിലുള്ള സർവമനുഷ്യർക്കും ഇഷ്ടപ്പെട്ടു.

---

27. Dux: മൂന്നു് പലസ്തീനിയൻ പ്രദേശങ്ങളിലും അധികാരമുള്ള സൈന്യാധിപൻ.

www.malankaralibrary.com

കേസറിയായിലെ ഗവർണറായ ഒരു സക്കറിയാസ് രഹസ്യമായി ജയിലിൽകയറി ജോണിനെ ഇപ്രകാരം ഉപദേശിച്ചു: "നന്നായിട്ടു പ്രവർത്തിക്കുകയും നിന്റെ സിംഹാസനം നിനക്കു നഷ്ടമാകാതിരിക്കുകയും ചെയ്യണമെങ്കിൽ, സെവേറ്യൂസിനെ കൂട്ടായ്മയിലേക്കു സ്വീകരിക്കുന്നതു സംബന്ധിച്ചു് നീ ആരുടേയും സ്വാധീനം സ്വീകരിക്കേണ്ട. സൈന്യാധിപനുമായി ഒരു ധാരണ ഉണ്ടാകുന്നതായി നടിച്ചു് ഇപ്രകാരം പറയുക: ഞാൻ ചെയ്ത വാഗ്ദാനം നിറവേററാൻ ഇനി താമസിക്കുകയില്ല. എന്നാൽ ഞാൻ ബലപ്രയോഗത്താൽ ഇപ്രകാരം ചെയ്തു എന്നു് ആരും പറയാതിരിക്കാൻ, എന്നെ ഇവിടെനിന്നു് മോചിപ്പിക്കുക; രണ്ടു ദിവസത്തിനകം അടുത്ത ഞായറാഴ്ച ഞാൻ സ്വമേധയാ നിന്റെ കല്പനകൾ നടപ്പിൽ വരുത്തിക്കൊള്ളാം". ഈ വാക്കിൽ വിശ്വസിച്ചു് സൈന്യാധിപൻ അയാൾക്കു തന്റെ സിംഹാസനം തിരികെ കൊടുത്തു.

ജയിൽ വിമുക്തനായ ജോൺ പട്ടണത്തിലെ സന്യാസികളെ രാത്രിയിൽതന്നെ എല്ലായിടത്തുനിന്നും ഒന്നിച്ചുകൂട്ടി. അവരുടെ സംഖ്യ പതിനായിരം വരുമെന്നാണു് കണക്കെടുത്തവർ പറയുന്നതു്. ഇത്രവലിയ സമൂഹത്തെ ഉൾക്കൊള്ളാൻ തക്ക വലിപ്പം ഒരു പള്ളിക്കും ഇല്ലാതിരുന്നു. അതിനാൽ ഇത്രയും പേരെ ഉൾക്കൊള്ളാൻ കഴിവുള്ള, ആദ്യത്തെ രക്തസാക്ഷിയായ വിശുദ്ധ സ്തേഫാനോസിന്റെ പള്ളിയിൽ ഒന്നിച്ചു കൂടാൻ തീരുമാനിച്ചു. കൂടാതെ ചക്രവർത്തിയുടെ അനന്തിരവനായ ഹിപാസ്യൂസിനെ കാണാനും കൂടിയാണു് അവർ ഒന്നിച്ചു കൂടിയതു്. വിതാലിയന്റെ ബന്ധനത്തിൽനിന്നു വിമുക്തനായി നേർച്ചനിറവേററാൻ ജറുസലേമിൽ വന്നതായിരുന്നു അയാൾ.[28] മേല്പറഞ്ഞ ബഹുമാന്യാശ്രമത്തിൽ എല്ലാ സന്യാസികളും ജറുസലേംനിവാസികളും തടിച്ചുകൂടിയപ്പോൾ സൈന്യാധിപനായ അനസ്താസ്യൂസും കോൺസലായ സക്കറിയാസും അവരോടൊപ്പം ചേർന്നു. ഹിപാസ്യൂസ് ആദ്യരക്ത

28. കരിങ്കടൽ തീരത്തുള്ള ഒഡേസ്സയിൽ വച്ചു് 514-ൽ ഹിപ്പ്യാസ്യൂസിനെ വിതാലിയൻ ബന്ധനസ്ഥനാക്കി അ വർഷം തന്നെ അയാളെ മോചിപ്പിച്ചു.

www.malankaralibrary.com

സാക്ഷിയുടെ ആശ്രമത്തിലേക്ക് ജനക്കൂട്ടത്തോടുകൂടെ പോയി. ചക്രവർത്തിയുടെ ഇംഗിതം നടപ്പാക്കാൻ സൈന്യാധിപൻ ധൃതിപൂണ്ടു. തദവസരം സന്യാസാധ്യക്ഷന്മാരും നേതാക്കന്മാരുമായ തിയഡോഷ്യസിനാലും സാബാസിനാലും അനുഗതനായി, ജോൺ പ്രസംഗപീഠത്തിൽ കയറിനിന്നു. സമൂഹം മുഴുവൻ ഇപ്രകാരം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു: ''പാഷണ്ഡികളെ ശപിക്കുക; കൗൺസിലിനെ ഉറപ്പിക്കുക''. ഈ മൂവരും താമസിയാതെ, നെസ്തോറിയുസിനെയും എവുതിക്കെസിനെയും സെവേത്രുസിനെയും കപ്പദോഷ്യയിലെ കേസറിയാമെത്രാൻ സൊതേരിക്കുസിനെയും, കാൽസിഡൺ അംഗീകരിക്കാത്ത മററെല്ലാവരെയും ശപിച്ചു. ഈ മൂവരും ഇപ്രകാരം പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ അവർ താഴെയിറങ്ങി. എന്നാൽ ആബാ തിയഡോഷ്യസ് വീണ്ടും കയറി സമൂഹത്തോട് താഴെപ്പറയുന്നത് അറിയിച്ചു: ''നാലു് സുവിശേഷങ്ങളെപ്പോലെ നാല് കൗൺസിലുകൾ അംഗീകരിക്കാത്തവർ ശപിക്കപ്പെട്ടവരാകട്ടെ''.

ഇത്രയുമായപ്പോഴേക്കും സന്യാസസമൂഹത്തെ ഭയന്നു് സൈന്യാധിപൻ കേസറിയായിലേക്ക് ഓടിപ്പോയി. ഹിപാസ്യൂസ് പിതാക്കന്മാർക്ക് ഇപ്രകാരം ഉറപ്പുനല്കി: ''സെവേത്രുസുമായുള്ള കൂട്ടായ്മയിലല്ല ഞാൻ വന്നിരിക്കുന്നതു്, പിന്നെയോ, നിങ്ങളുമായുള്ള കൂട്ടായ്മയെ ബഹുമാനിക്കാനുള്ള താല്പര്യത്താലാണു്''. അവൻ നൂറ് പൗണ്ട് സ്വർണനാണയം വീതം തിരുവുത്ഥാനദേവാലയത്തിനും കാൽവരിക്കും വന്ദ്യകുരിശിനും നൽകി. ആ പ്രദേശത്തെ സന്യാസികൾക്ക വിതരണം ചെയ്യാനായി നൂറ് പൗണ്ടു് സ്വർണനാണയം തിയഡോഷ്യസിനെയും സാബാസിനെയും ഏല്പിച്ചു. ഇതറിഞ്ഞ അനസ്താസ്യൂസ് ചക്രവർത്തി ആർച്ചുബിഷപ്പ് ജോണിനെയും അദ്ദേഹത്തിന്റെ കൂടെ പ്രസംഗപീഠത്തിൽ കയറിയ തിയഡോഷ്യസിനെയും സാബാസിനെയും ബലപ്രയോഗത്താൽ നാടുകടത്താൻ തീരുമാനിച്ചു.

## 57. ചക്രവർത്തിക്കുള്ള നിവേദനം

ഈ പദ്ധതി ജറുസലേമിൽ അറിഞ്ഞപ്പോൾ, സന്യാസികളുടെ തലവന്മാരും ഭക്തികൂടുതലുള്ള പോരാളികളും

www.malankaralibrary.com

സത്യവിശ്വാസത്തിന്റെ ജനറൽമാരും നേതാക്കന്മാരുമായ തിയഡോഷ്യസും സാബാസുംകൂടി മരുഭൂമിയിലെ സന്യാസികളെയെല്ലാം വിളിച്ചുകൂട്ടി; അവർ ഏകകയോഗമായി ചക്രവർത്തിക്ക് താഴെപ്പറയുന്ന അപേക്ഷ അഥവാ അഭ്യർത്ഥന എഴുതി അയച്ചു:

ദൈവത്തിനേററം ഇഷ്ടമുള്ളവനും അതിഭക്തനും ദൈവേഷ്ടത്താൽ അഗസ്റ്റസും ചക്രവർത്തിയും, ക്രിസ്തുവിന്റെ സ്നേഹിതനും ആയ ഫ്ളാവിയുസ് അനസ്താസ്യൂസിനു്: ആർക്കിമൺഡ്രൈററുമാരായ തിയഡോഷ്യസും സാബാസും, മററ് അധ്യക്ഷന്മാരും, ദൈവത്തിന്റെ വിശുദ്ധനഗരത്തിലും അതിനു് ചുററുമുള്ള മരുഭൂമിയിലും യോർദ്ദാനിലും പാർക്കുന്ന സന്യാസികളും അയയ്ക്കുന്ന അപേക്ഷയും അഭ്യർത്ഥനയും:

സകലരുടെയും സാർവത്രികരാജാവും, ദൈവവും ഗുരുവും, ഏകജാതനായ ദൈവപുത്രനുമായ യേശുക്രിസ്തു, തനിക്കുശേഷം സാമ്രാജ്യത്തിന്റെ ചെങ്കോൽ ദൈവത്തിനിഷ്ടപ്പെട്ട അങ്ങയെ ഭരമേല്പിച്ചിരിക്കുന്നു. തന്റെ എല്ലാവിശുദ്ധ പള്ളികളിന്മേലും, പ്രത്യേകിച്ച്, സഭകളുടെ മാതാവായ സീയോന്മേലും മഹാദാനമായ സമാധാനം ചൊരിയപ്പെടണമെന്നുള്ള ആഗ്രഹത്താലാണിപ്രകാരം ചെയ്തതു്. ലോകരക്ഷയ്ക്കുവേണ്ടിയുള്ള ഭക്തിയുടെ മഹാരഹസ്യം വെളിപ്പെട്ടതും പൂർത്തീകരിക്കപ്പെട്ടതും അവിടെയാണു്. പിന്നീട്, ജറുസലേമിൽ ആരംഭിച്ച്, ദൈവികമായ സുവിശേഷപ്രഘോഷണത്താൽ ഭൂമിയുടെ അതിർത്തികറം വരെയും സത്യപ്രകാശം ഉയർത്തപ്പെട്ടിരിക്കുന്നു. ഈ വന്ദ്യവും അസാധാരണവുമായ ക്രിസ്തുരഹസ്യം സംബന്ധിച്ച് വിജയശ്രീലാളിതവും വന്ദ്യവുമായ സ്ളീബായാലും ജീവദായകമായ ഉത്ഥാനത്താലും വിശുദ്ധവും ബഹുമാന്യവുമായ എല്ലാ സ്ഥലങ്ങളാലും, ഭാഗ്യവാന്മാരും വിശുദ്ധരുമായ ശ്ലീഹന്മാർവഴി ആരംഭംമുതലേ ഈ വിശുദ്ധ നാട്ടിലെ നിവാസികളായ ഞങ്ങറം സാങ്കല്പികമായിട്ടല്ല, പിന്നെയോ സത്യവിശ്വാസവും സത്യവിശുദ്ധ പ്രഖ്യാപനവും സ്വീകരിച്ചിരിക്കുന്നു.

ക്രിസ്തുവിൽ ഇതു ഞങ്ങറം കാത്തുസൂക്ഷിച്ചു. തെററു കൂടാതെയും മാററിമറിക്കൽ കൂടാതെയും ശ്ലൈഹികോപദേശം അനുസരിച്ച്, ഒരു കാര്യത്തിലും എതിരാളികളെ ഭയപ്പെടാതെയും,

www.malankaralibrary.com

ഞങ്ങളുടെ കൗശലത്താലും ദുഷ്ടതനിറഞ്ഞ അഭിപ്രായത്താലും സത്യവിശ്വാസത്തിന്റെ സ്വച്ഛന്ദപ്രവാഹത്തെ തടസ്സപ്പെടുത്തു കയും സാധാരണക്കാർക്ക് ആത്മനാശം വരുത്തുന്ന കുതർക്കങ്ങൾ കൊണ്ട് ചതിക്കുകയും ചെയ്യുന്ന മനുഷ്യരുടെ ദുഷ്പ്രബോധന ങ്ങളുടെ കാററിൽ അങ്ങോട്ടുമിങ്ങോട്ടും ആടിയുലയാതെയും ദൈവകൃപയിൽ എപ്പോഴും അതു കാത്തുസൂക്ഷിക്കുന്നതാണ്.

ഈ വിശുദ്ധവും കററമററതുമായ വിശ്വാസത്തിലാണല്ലോ ക്രിസ്തുസ്നേഹിതനായ അങ്ങ് ജനിച്ചുവളർന്നത്. ഞങ്ങൾ വിശ്വസിക്കുന്നതുപോലെ, സൂര്യനുകീഴിലുള്ള മിക്കവാറും എല്ലാ നാടുകളുടെ മേലുമുള്ള അധികാരം ദൈവത്തിൽനിന്ന് അങ്ങ് പ്രാപിച്ചിരിക്കുന്നു. എന്നാൽ ദൈവത്തിന് പ്രീതി കരനായ അങ്ങയുടെ ഭരണകാലത്ത് ദൈവത്തിന്റെ വിശുദ്ധ നഗരമായ ജറുസലേമിൽ ഇപ്രകാരമുള്ള കലഹവും ശല്യവും വർദ്ധിച്ചതിൽ ഞങ്ങൾ അത്ഭുതപ്പെടുന്നു. എല്ലാസഭകളുടെയും മാതാവായ സീയോനും രക്ഷയാവശ്യമുള്ളവരും പാപികളു മായി ലോകം മുഴുവനിലും നിന്നുള്ളവരുടെ അഭയകേന്ദ്രവും വിശ്രമസ്ഥലവുമായ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ തിരു വുത്ഥാനസ്ഥലവും ഒരു പൊതുചന്തസ്ഥലവും അശുദ്ധസ്ഥലവും ആയിത്തീർന്നിരിക്കുന്നു. ദൈവത്തിന്റെ സ്ഥാനത്തും സാദൃശ്യ ത്തിലും ആധ്യക്ഷ്യം വഹിക്കുന്ന പ്രധാനാചാര്യനും അദ്ദേ ഹത്തിനുചുററും ശുശ്രൂഷിക്കുന്ന ശുശ്രൂഷകരും ഏകാന്തജീവിത ത്തിൽ പ്രവേശിച്ചവർ പോലും യൂദരുടെയും പുറജാതികളുടെയും ശത്രുയരുടെയും കൺമുൻപാകെ, പരസ്യമായും ബലപ്രയോഗ ത്താലും വിശുദ്ധസീയോനിൽനിന്നും വന്ദ്യമായ തിരുവുത്ഥാന ദേവാലയത്തിൽ നിന്നും പുറന്തള്ളപ്പെട്ട്, അശുദ്ധവും നിന്ദ്യവു മായ സ്ഥലത്തേക്ക് നഗരത്തിലൂടെ വലിച്ചിഴയ്ക്കപ്പെട്ടു. വിശ്വാ സത്തിന് ഉപദ്രവകരമായവ ചെയ്യാൻ അവർ നിർബന്ധിക്ക പ്പെടുന്നു. തത്ഫലമായി, അതിനുശേഷം അവിടെ പ്രാർത്ഥന യ്ക്കായി സന്നിഹിതരായവരോ സന്നിഹിതരായിരിക്കുന്ന വരോ അനുഗ്രഹവും സന്മാതൃകയും സ്വീകരിച്ചുകൊണ്ട് തങ്ങ ളുടെ നാടുകളിലേക്ക് പോകുന്നതിനുപകരം ഇടർച്ചയുമായി ട്ടാണ് പോകുന്നത്.

പ്രവാചക വചനമനുസരിച്ച്, "സീയോനിൽ നിന്ന് നിയമം പുറപ്പെടും; ജറുസലേമിൽ നിന്ന് കർത്താവിന്റെ

www.malankaralibrary.com

വചനവും'', ദൈവത്തിന്റെ വിശുദ്ധ നഗരമായ ജറുസലേം ലോകം മുഴുവന്റെയും നയനവും ജ്യോതിസ്സും സുവിശേഷ വചനം സ്വീകരിച്ചവളുമാണ്. അവിടെയുള്ള നിവാസികരം തങ്ങളുടെ കൈകരം കൊണ്ടെന്നവണ്ണം ഓരോ ദിവസവും ഈ വന്ദ്യസ്ഥലങ്ങളിലൂടെ സത്യത്തെ സ്പർശിക്കുന്നവരാണ്. നമ്മുടെ രക്ഷകനായ മഹാദൈവത്തിന്റെ മനുഷ്യാവതാര രഹസ്യം നടന്നതു് ഇവിടെയാണല്ലോ. കർത്താവിന്റെ വരവിനുശേഷം അഞ്ഞൂറിലധികം വർഷങ്ങരം കഴിഞ്ഞല്ലോ. ഈ ബഹളമെല്ലാം ഈ നഗരത്തിനെതിരായി ഇളക്കിവിട്ടതു് വിശ്വാസത്തെ പ്രതിയാണെങ്കിൽ, ജറുസലേം നിവാസികളായ ഞങ്ങരം വിശ്വാസം എന്താണെന്ന് പഠിക്കണമോ?

തദ്ഫലമായി ക്രിസ്തുവിലുള്ള മുൻവിശ്വാസത്തിനു് ഇപ്പോരം നിർദ്ദേശിച്ചിരിക്കുന്ന തിരുത്തൽ സത്യമായും യഥാർത്ഥ ക്രിസ്തുവിന്റെ പ്രബോധനമല്ല; എതിർക്രിസ്തുവിന്റേതാണ്. ദൈവത്തിന്റെ സഭകളുടെ സമാധാനവും ഐക്യവും തകർക്കാനും എല്ലാവരെയും കലക്കവും അരാജകത്വവുംകൊണ്ട് നിറയ്ക്കാനുമാണ് അവൻ നോക്കുന്നതു്. ഇതിന്റെ ഹേതുഭൂതനും വ്യാപകനും അസെഫലോസായ സെവേരൂസാണ്. ആരംഭംമുതൽ അയാരം അപ്പോസ്കിസ്റ്റാണ്. അയാരം തന്റെ ആത്മനാശത്തിനും മററുള്ളവരുടെ നാശത്തിനുമായി, നമ്മുടെ പാപങ്ങളെപ്രതി ദൈവം അനുവദിച്ചതിനാൽ, അന്ത്യോക്യൻ മെത്രാനായി നിയമിതനായിരിക്കുന്നു. നിഖ്യായിൽ സമ്മേളിച്ച പിതാക്കന്മാർ നിർവചിച്ച് കൈമാറിത്തന്നതും നാമെല്ലാം സ്നാനപ്പെട്ടതുമായ ശ്ലൈഹിക വിശ്വാസത്തെ എല്ലാരീതികളിലും ഉറപ്പിച്ച നമ്മുടെ വിശുദ്ധ പിതാക്കന്മാരെ അയാരം ശപിച്ചു. ഈ അസെഫലോസുമായുള്ള കൂട്ടായ്മയും ഐക്യവും പൂർണമായും നിരസിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. എല്ലാസഭകളുടെയും മാതാവും ദൈവത്തിനു് പ്രിയംകരനായ അങ്ങയുടെ ഭരണത്തിന്റെ സംരക്ഷകയും ഏററം നിന്ദ്യമായി പീഡിപ്പിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തവളുമായ സീയോനോട് കരുണ കാണിക്കണമെന്ന് ഞങ്ങരം അങ്ങയോട് അപേക്ഷിക്കുന്നു. ദൈവത്തിന്റെ വിശുദ്ധ നഗരത്തിനുമുകളിൽ ഉരുണ്ടുകൂടിയ

www.malankaralibrary.com

കൊടുങ്കാററിനെ പൂർണ്ണമായി തടയാൻവേണ്ട ഡിക്രി പുറപ്പെടുവിച്ചാലും.

ഞങ്ങളുടെ വിശ്വാസ വിവരണമനുസരിച്ചാണ് ജീവനും മരണവുമെങ്കിൽ ഞങ്ങൾ മരണം തെരഞ്ഞെടുക്കുന്നു. ദൈവത്തിൻെറ സഭയുടെ ശത്രുക്കളുമായും അവരുടെ അർത്ഥശൂന്യമായ ശാപങ്ങളുമായും ഞങ്ങൾ ഒരിക്കലും ഒരു തരത്തിലും ഒരു കാരണത്താലും കൂട്ടായ്മയിലേക്ക് പ്രവേശിക്കയില്ല; മറിച്ച്, ദൈവസഹായത്താൽ, ഞങ്ങൾ ശ്ലൈഹികവിശ്വാസം കാത്തുസൂക്ഷിക്കും. ''അതിൽ ഞങ്ങൾ ഉറച്ചുനില്ക്കും; ദൈവമഹത്വത്തിൻെറ പ്രത്യാശയിൽ അതിൽ ഞങ്ങൾ സന്തോഷിക്കുന്നു''. (റോമ. 5:2). ദൈവകൃപയാൽ, ഈ വിശുദ്ധനാട്ടിലെ നിവാസികളായ ഞങ്ങളെല്ലാവരും ഏകമനസ്സും ഏകവിശ്വാസവും ഉള്ളവരാണ്. തുല്യബഹുമാനമുള്ളതും സുവിശേഷങ്ങളുടെ വന്ദ്യമുദ്ര വഹിക്കുന്നതുമായ നാലു വിശുദ്ധ സുന്നഹദോസുകളും ഒരേ ആത്മാവോടും ഒരേ മനസ്സോടുംകൂടെ സന്തോഷപൂർവ്വം ഞങ്ങൾ സ്വീകരിക്കുന്നു. പാഷണ്ഡതകളുടെ ബഹുമുഖമായ തെററുകൾക്കെതിരായി ദൈവിക പ്രചോദനത്താൽ വിവിധ കാലങ്ങളിലും വിവിധ സ്ഥലങ്ങളിലുംവച്ച് കൂടിയെങ്കിലും, ദൈവം രചിച്ച സുവിശേഷങ്ങളുടെ രൂപവും അർത്ഥവുംപോലെ അർത്ഥത്തിലല്ല പദപ്രയോഗങ്ങളിൽ മാത്രമേ അവ തമ്മിൽ വ്യത്യാസമുള്ളു. ഈ വിശുദ്ധ കൗൺസിലുകളിൽ ഏററവും പ്രധാനപ്പെട്ടത്, നിരീശ്വരനായ ആരിയൂസിനെതിരായി നിഖ്യായിൽ സംബന്ധിച്ച 318 വിശുദ്ധ പിതാക്കന്മാരുടെ സിനഡാണ്. മററ് മൂന്നു സിനഡുകളും എല്ലാ കാര്യങ്ങളിലും ഇതിനെ പിൻചെന്നു. അതായത്, പരിശുദ്ധാത്മാവിൻെറ ശത്രുവായ മാസിഡോണിയസിനെതിരായി കൂടിയ 150 പേരുടേത്. മനുഷ്യാരാധകനായ നെസ്തോറിയസിനെതിരായി എഫേസോസിൽ കൂടിയത്; അഭക്തനായ നെസ്തോറിയൂസിനെതിരെയുള്ള ശാപങ്ങൾ ഉറപ്പിക്കാനും നാസ്തികനായ എവുതീക്കെസിനെ പുറംതള്ളി ശപിക്കാനുമായി കാൽസിഡൺ നഗരത്തിൽ കൂടിയത്.

ഞങ്ങൾ തുടരെത്തുടരെ പറഞ്ഞതുപോലെ, ഈ വിശുദ്ധ നാട്ടിൽ പാർക്കുന്ന ഞങ്ങൾക്ക് ഈ നാല് വിശുദ്ധ കൗൺസി

www.malankaralibrary.com

ലുകളിലൂടെ അതുല്യമായ അപ്പസ്തോലിക വിശ്വാസം കൈവന്നു. ദൈവകൃപയാൽ അതിൽ ഞങ്ങരം ഉറച്ചിരിക്കുന്നു. നിരവധിയാളുകരം മരിക്കേണ്ടിവന്നാലും വ്യത്യസ്ത മനഃസ്ഥിതിയുള്ളവരായി ഈ കൗൺസിലുകരം അംഗീകരിക്കാത്തവരോട് ഞങ്ങളെ ഐക്യപ്പെടുത്താൻ ആർക്കും ഒരു തരത്തിലും സാധ്യമല്ല.

അങ്ങയുടെ ഉറപ്പിനുവേണ്ടി മുകളിൽ പറഞ്ഞതിനോടു കൂടി താഴെപ്പറയുന്നതു കൂട്ടിച്ചേർക്കുന്നു: നമ്മുടെ ദൈവമായ ക്രിസ്തുവിനെതിരായിട്ടുള്ള എല്ലാ പാഷണ്ഡതകളോടൊന്നപോലെ നെസ്തോറിയുസും അയാളുടെ വീക്ഷണങ്ങരം പുലർത്തുന്നവരും ദൈവപുത്രനും, ഏകജാതനും നമുക്കുവേണ്ടി മരിച്ചവനുമായ യേശുക്രിസ്തു രണ്ടു പുത്രന്മാരാണെന്ന് കരുതുകയോ, ദൈവികവും അഗ്രാഗ്യവുമായ ഐക്യത്തെ രണ്ടു് വേർതിരിക്കപ്പെട്ട സ്വഭാവങ്ങളായി വേർപെടുത്തുകയോ, ഏതെങ്കിലും തരത്തിൽ എന്തെങ്കിലും കാരണത്താൽ അത്തരം വിഭ്രാന്തിക്കു സമ്മതിക്കുകയോ ചെയ്യുന്നവരും ശപിക്കപ്പെടട്ടെ. അവരോടു കൂടി എവുതീക്കെസും ശപിക്കപ്പെടട്ടെ. ദൈവിക മനുഷ്യാവതാരം മായയാണെന്നോ, വ്യതിയാനം ഉരംക്കൊള്ളുന്നതാണെന്നോ അയാരം കരുതി.

വിഭജനമോ കൂട്ടിക്കുഴച്ചിലോ കൂടാതെ, ഹൃപ്പൊസ്റ്റാററിക് ഐക്യത്തിൽ, സത്യദൈവമായ ഏക കർത്താവേശുക്രിസ്തുവിൻെറ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഉള്ള വ്യത്യാസം അയാരം പൂർണ്ണമായി നിഷേധിക്കുകയും ശപിക്കുകയും ചെയ്തു. മേല്പറഞ്ഞ വിശുദ്ധ പിതാക്കന്മാർ ദൈവനിഷേധിയായ നെസ്തോറിയുസിനോടുകൂടെ അയാളെയും ശപിച്ചു.

എളിയവരായ ഞങ്ങളുടെ ലിഖിത ഉറപ്പോടുകൂടിയുള്ള ഈ അപേക്ഷ അനുഭാവപൂർവ്വം അങ്ങു് സ്വീകരിക്കുന്ന അവസരം മുതൽ, ദൈവത്തിൻെറ വിശുദ്ധ നഗരത്തിനും അതിഭക്തനായ ഞങ്ങളുടെ ആർച്ചുബിഷപ്പ് ജോണിനും എതിരായി, അങ്ങയുടെ നാമത്തിൽ സത്യവിരോധികരം ഓരോദിവസം കാട്ടിക്കൂട്ടുന്ന സാഹസികമായ വിക്രിയകളും തുടരെത്തുടരെയുള്ള ലഹളകളും അവസാനിപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിക്കണം. നൈയാമികവും കാനോനികവുമായ തീരുമാനംകൂടാതെ മേല്പ

www.malankaralibrary.com

റഞ്ഞ അപ്പോസ്തൊലന്മാരുമായുള്ള ഐക്യം ഒരു രീതിയിലും ഒരു കാരണത്താലും ഞങ്ങൾ അംഗീകരിക്കുകയില്ലെന്നും യാതൊരു കാരണത്താലും വിശ്വാസം സംബന്ധിച്ചുള്ള നവീനത്വത്തിന് ഞങ്ങൾ സമ്മതിക്കുകയില്ലെന്നും അസെഫലോയരിൽ ഒരുവൻെറ ബലാല്ക്കാരമുള്ള പട്ടം എപ്പോഴുള്ളതായാലും ഞങ്ങൾ അംഗീകരിക്കയില്ലെന്നും ദൈവത്തിൻെറയും തൻെറ തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരുടെയും മുൻപാകെ അങ്ങേയ്ക്ക് ബോധ്യപ്പെട്ടാലും. ഞങ്ങളുടെ പാപങ്ങൾനിമിത്തം അത്തരം ദൗർഭാഗ്യം ഉണ്ടാകാൻ ഇടയായാൽ, ഞങ്ങളെല്ലാവരുടെയും രക്തം സ്വമേധയാ ചിന്തപ്പെടട്ടെ എന്നും ദൈവത്തിൻെറ വിശുദ്ധ നഗരത്തിൽ അങ്ങനെയൊന്ന് സംഭവിക്കുന്നതിനു മുൻപ് എല്ലാ വിശുദ്ധ സ്ഥലങ്ങളും വെന്തെരിഞ്ഞുപോകട്ടെയെന്നും വിശുദ്ധവും സമസത്തയുള്ളതുമായ ത്രിത്വത്തിൻെറ മുൻപാകെ ഞങ്ങൾ അങ്ങയോട് തുറപ്പിച്ചുപറയുന്നു. കാരണം, വിശുദ്ധസ്ഥലങ്ങൾ കൊള്ളയടിക്കപ്പെട്ട് അപമാനിക്കപ്പെട്ടിട്ട്, വിശുദ്ധസ്ഥലം എന്ന വെറും നാമം കൊണ്ടെന്തുപ്രയോജനം? എല്ലാ അറിവിനെയും അതിശയിക്കുന്ന ദൈവത്തിൻെറ സമാധാനം തൻെറ വിശുദ്ധ സഭയെ സംരക്ഷിക്കുകയും അങ്ങയുടെ കല്പനയാൽ തൻെറ മഹത്വത്തിനും ദൈവത്തിന് പ്രിയകരമായ അങ്ങയുടെ ഭരണത്തിൻെറ വിജയത്തിനും അതിന്മേലുള്ള ഇടർച്ച നീക്കിക്കളയുകയും ചെയ്യട്ടെ.

തിമോതിയുടെ മരണശേഷം കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായി അഭിഷിക്തനായ ജോണിന് നമ്മുടെ പിതാക്കന്മാർ ഈ അപേക്ഷയുടെ ഒരു കോപ്പി അയച്ചുകൊടുത്തു. അനസ്താസ്യൂസ് ചക്രവർത്തി വിതാലിയൻെറ കിരാതന്മാരുടെ ആക്രമണത്തെ നേരിടുകയായിരുന്നു. അതുകൊണ്ട് അപേക്ഷ കിട്ടിയിട്ട് തൽക്കാലത്തേക്ക് ജറുസലേമിലുള്ളവരെ സമാധാനത്തിൽ വിട്ടു; അങ്ങനെ ജോണിനെ സിംഹാസനത്തിൽ നിന്നു നീക്കിയില്ല.

നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ ഒന്നിച്ചുള്ള പോരാട്ടത്തെപ്പററിയുള്ള വിവരണം ഞാൻ അവസാനിപ്പിക്കുന്നു. നമ്മുടെ വിശുദ്ധ പിതാവായ സാബാസിൻെറമാത്രം ജീവചരിത്രത്തിലേക്കു തിരിഞ്ഞ്, ദൈവകൃപയാൽ അദ്ദേഹ

www.malankaralibrary.com

ത്തിൻെറ എടുത്തുപറയത്തക്ക വ്യക്തിപരമായ നേട്ടങ്ങൾ വിവരിക്കാം.

## 58. ക്ഷാമകാലത്തെ ആത്മധൈര്യം

പിതാവായ ദൈവത്തിൻെറ കാരുണ്യത്താലും ക്രിസ്തുവിൻെറ സഹായത്താലും പരിശുദ്ധാത്മാവിൻെറ പ്രേരണയാലും ഭൂമിയിലെ മാലാഖയും സ്വർഗീയ മനുഷ്യനുമായ ഈ സാബാസ് സന്യാസികളുടെ വലിയ കൂട്ടങ്ങളെകൊണ്ട് മരുഭൂമി മുഴവൻ നിറച്ചു; മേൽവിവരിച്ച പ്രകാരം അവിടെ ഏഴ് വിഖ്യാതമായ ആശ്രമങ്ങൾ സ്ഥാപിച്ചു. അദ്ദേഹം ജ്ഞാനവും അറിവുമുള്ള ഗുരുവായിരുന്നു; സത്യവിശ്വാസത്തിൻെറ വക്താവും പാഷണ്ഡതയുടെ ശത്രുവുമായിരുന്നു. വിശ്വസ്തനും വിവേകിയുമായ കലവറക്കാരനായി അദ്ദേഹം സ്വയം തെളിയിച്ചു. ദൈവം നൽകിയ താലന്തുകൾ അദ്ദേഹം വർദ്ധിപ്പിച്ചു. അദ്ദേഹം ഉന്നതത്തിൽനിന്നുള്ള ശക്തി ധരിച്ചിരുന്നു. താഴെപ്പറയുന്നവയാണ് അദ്ദേഹം സ്ഥാപിച്ച ആശ്രമങ്ങൾ; ലൗറകളുടെ കൂട്ടത്തിൽ അദ്ദേഹത്തിൻെറ വലിയ ലൗറാ. പലസ്തീനയിലെ ലൗറാകളിൽ ഒന്നാമത്തേതാണിത്. രണ്ടാമത്തേത് പുതിയ ലൗറാ. ഹെപ്തസ്തോമുസ് എന്നു പറയപ്പെടുന്ന ഒന്ന്. ആശ്രമങ്ങളുടെ കൂട്ടത്തിൽ കസ്റ്റെല്ലിയും, ഗുഹയിലേത്, സ്കോളാരിയുസിൻെറയും സന്നൂസിൻെയും പേരിൽ അറിയപ്പെടുന്നവ. നമ്മുടെ വിശുദ്ധ പിതാക്കന്മാരായ എവുതീമിയസിൻെറയും തെയോക്ടിസ്റ്റസിൻെയും രണ്ട് പുരാതന ആശ്രമങ്ങൾക്കും അദ്ദേഹം വലിയ സഹായം ചെയ്തു.

ഈ ഏഴ് ആശ്രമങ്ങൾ പരിപാലിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്തെങ്കിലും അവയ്ക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാക്കാൻ അദ്ദേഹം ഒന്നും ചെയ്തില്ല. കൂടാതെ ദൈവത്തിലുള്ള വിശ്വാസത്തിലും ആത്മധൈര്യത്തിലും ഉറച്ചു നിന്നതിനാൽ ഉത്ക്കണ്ഠനിമിത്തമുള്ള നൈരാശ്യത്തിൽ പ്രത്യേകിച്ച് ക്ഷാമകാലത്ത് അദ്ദേഹം ഒരിക്കലും നിപതിച്ചില്ല. അതേസമയം ആർച്ചുബിഷപ്പ് ഏലിയാസിനോടുകൂടി അഞ്ചുവർഷത്തോളം ഭൂമിയിൽ മഴ പെയ്യാതെ ആകാശം അടഞ്ഞുകിടന്നു; വരൾച്ചയ്ക്കുപുറമേ, ധാരാളം വെട്ടുക്കിളികളു

www.malankaralibrary.com

ടെയും എണ്ണമററ പെരുച്ചാഴികളുടെയും കഠിനമായ കടന്നാക്രമണം ഉണ്ടായി. നാടുമുഴവൻ അവകൊണ്ടു് നിറഞ്ഞു. വെട്ടുകിളിവന്ന വർഷത്തിനുശേഷം വെട്ടുക്കിളികളുടെ മറെറാരാക്രമണംക്കൂടി ഉണ്ടായി. അവ ആകാശം മൂടി; വയലിലെ വൃക്ഷങ്ങളെല്ലാം തിന്നുതീർത്തു. കഠിനമായ ക്ഷാമവും മരണവും ഉണ്ടായി. ആർച്ചുബിഷപ്പ് ഏലിയാസിനെതിരായി പാപം ചെയ്തതിനാലാണു് ഇപ്രകാരം സംഭവിച്ചതെന്നു ജറുസലേം നിവാസികൾ പറയാൻ തുടങ്ങി. ശാരീരിക കാര്യങ്ങളെപ്പററി ഒട്ടും ഉത്കണ്ഠാകുലരാകേണ്ടതില്ല എന്നു് തദവസരം നമ്മുടെ പിതാവായ സാബാസ് ആശ്രമാദ്ധ്യക്ഷന്മാരെ ഉദ്ബോധിപ്പിച്ചു. കർത്തൃവചനങ്ങൾ അവൻ അവരെ അനുസ്മരിപ്പിച്ചു. "എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ എന്തു ധരിക്കുമെന്നോ ഓർത്തു് ഉൽക്കണ്ഠാകുലരാകേണ്ട. കാരണം നിങ്ങൾക്കിതെല്ലാം ആവശ്യമാണെന്നു് നിങ്ങളുടെ സ്വർഗ്ഗീയപിതാവിനു് അറിയാം. നിങ്ങൾ ആദ്യമേ അവൻെറ രാജ്യവും അവൻെറ നീതിയും അന്വേഷിക്കുക; ഇവയെല്ലാം നിങ്ങൾക്കു നൽകപ്പെടും" (മത്താ. 6:35—33) ഈ വന്ദ്യവയോധികൻെറ ചിന്തകളും പ്രബോധനങ്ങളും ഇത്തരത്തിലുള്ളവയായിരുന്നു. ദൈവം അദ്ദേഹത്തിൻെറ ആവശ്യങ്ങൾ കുറവു കൂടാതെ സാധിച്ചുകൊടുത്തു. തൻെറ കീഴിലുള്ള ആശ്രമങ്ങളല്ല, വസ്തുവകകളും സമ്പാദ്യങ്ങളും ഉള്ളവരാണു് യഥാർത്ഥത്തിൽ വിഷമിച്ചതു്.

ഈ ക്ഷാമത്തിൻെറ അവസരം വലിയ ലൗറയിലെ കാര്യസ്ഥൻ അദ്ദേഹത്തിൻെറ അടുത്തു വന്നുപറഞ്ഞു: " പിതാവേ, ഈ ശനിയാഴ്ചയോ, ഞായറാഴ്ചയോ നമുക്കു് മണിയടിക്കാൻ സാധ്യമല്ല, കാരണം നമുക്കൊന്നുമില്ല; ഒന്നിച്ചുകൂടുന്ന പിതാക്കന്മാർക്കു് വായു് കഴുകാൻ വേണ്ട വെള്ളം പോലുമില്ല." മൂപ്പൻ മറുപടി പറഞ്ഞു: ദൈവാരാധന ഞാൻ തടയില്ല. അവശ്യവസ്തുക്കളില്ലെങ്കിൽ, നേർച്ചകാഴ്ചകളുടെ ചുമതലയുള്ള സന്യാസിയെ ഒരമൂല്യ പാത്രമോ, വസ്ത്രമോ കൊടുത്തു് പട്ടണത്തിലേയ്ക്കു് പള്ളിയിലെ ചുമതലക്കാരൻ അയക്കണം. നമുക്കു് ദൈവാരാധന നടത്താനായി, അവനതു വിററു് അവശ്യസാധനം വാങ്ങട്ടെ." എന്നാൽ 'നാളയെപ്പററി നിങ്ങൾ ആകുലരാകേണ്ട' എന്നുപറഞ്ഞവൻ വിശ്വസ്തനാകുന്നു. വെള്ളിയാഴ്ച

www.malankaralibrary.com

ദിവസം ഷേഷന്റെ മക്കരം എന്നുവിളിക്കപ്പെട്ടന്ന ഭക്ഷണസാധനക്രയവിക്രയക്കാർ വിശുദ്ധ നഗരത്തിൽ നിന്നു് മുപ്പതു് വാഹന മൃഗങ്ങളുടെ പുറത്തായി വീഞ്ഞു്, അപ്പം, ധാന്യം, എണ്ണ, തേൻ, പാല്ക്കട്ടി ആദിയായവയുമായി അവിടെ വന്നു. എല്ലാത്തരം നല്ല പദാർത്ഥങ്ങളും കൊണ്ടു് അവർ റസ്റ്റാർമുറി നിറയ്ക്കുകയും പിതാക്കന്മാർക്കു് ഒരു വലിയ വിരുന്നൊരുക്കുകയും ചെയ്തു.

മൂപ്പൻ കാര്യസ്ഥനെ ഇപ്രകാരം കുററപ്പെടുത്തി: '' പ്രിയ കാര്യസ്ഥാ, നിനക്കെന്തു പറയാനുണ്ടു് ? വായു് കഴുകാൻ വെള്ളമില്ലാത്തതിനാൽ നാം മണികൊട്ടേണ്ടേ?''

അപ്പോൾ കാര്യസ്ഥനു സുബോധം വന്നു. അയാൾ മൂപ്പന്റെ പാദത്തിൽ വീണു് മാപ്പിരന്നു. മൂപ്പൻ അവനെ അനുഗ്രഹിച്ചിട്ടു് അവനോടു് പറഞ്ഞു: ''ഒരിക്കലും സംശയിക്കരുതു്; വിശ്വാസം കൊണ്ടു് ശക്തിസംഭരിക്കുക. നിന്റെ ആകുലതയെല്ലാം കർത്താവിൽ ഭാരമേൽപ്പിക്കുക; അവൻ നിന്നെ പരിപാലിച്ചുകൊള്ളും.''

## 59. ഗുഹയ്ക്കടുത്തുള്ള ഇടയന്മാർ

ഗുഹയിലെ ആശ്രമത്തിൽ താമസിക്കുന്ന പിതാക്കന്മാർ ഒരിക്കൽ വിശുദ്ധ ശ്രേഷ്ഠന്റെ അടുത്തുവന്നു് ചില ഇടയന്മാരുടെ ശല്യത്തെപ്പററി അദ്ദേഹത്തോടു പരാതിപറഞ്ഞു. ആശ്രമപറമ്പിൽ കയററി ആടു് മേയ്ക്കുക അവർക്കു് പതിവായിരുന്നു. ധിക്കാരപൂർവ്വം ഭക്ഷണസാധനങ്ങളും ആവശ്യപ്പെട്ടിരുന്നു. 'തദ്ഫലമായി അവർ ഞങ്ങളുടെ സ്വൈരം കെടുത്തുന്നു.' ഇതറിഞ്ഞ മൂപ്പൻ അവരെ കുററപ്പെടുത്തുകയും മേലിൽ ആശ്രമത്തിന്റെ സമീപത്തു് പോകരുതെന്നു് താക്കീതു് നൽകുകയും ചെയ്തു. അവരതു് കൂട്ടാക്കാതെ പോയപ്പോൾ ആടുകളുടെ അകിടിൽ പാൽ വററുകയും ആട്ടിൻകുട്ടികൾ വീണു മരിക്കുവാൻ തുടങ്ങുകയും ചെയ്തു. അപ്പോഴാണു് ഇടയന്മാർക്കു് സുബോധം വന്നതു്. തങ്ങളുടെ അനുസരണക്കേടാണു് മൃഗങ്ങൾ ചാകാൻ കാരണം എന്നു് അവർ മനസ്സിലാക്കി. അവർ ഓടിക്കിതച്ചു് മൂപ്പന്റെ പക്കലെത്തി പാദത്തിൽ വീണു്, മേലിൽ ആശ്രമപരിസരത്തു് പോകില്ലെന്നുറപ്പുനൽകി. ഈ ഉറപ്പിൻ

www.malankaralibrary.com

മേൽ ശ്രേഷ്ഠൻ അവർക്കുവേണ്ടി പ്രാത്ഥിച്ച് അനുഗ്രഹം കൊടുത്തു് അവരെ പറഞ്ഞുവിട്ടു. ശ്രേഷ്ഠൻ പ്രാത്ഥിച്ച് അവരെ അനുഗ്രഹിച്ച നിമിഷം മുതൽ അകിട്ടിൽ നിന്നു് തടസ്സം കൂടാതെ പാൽ ഒഴുകാൻ തുടങ്ങി എന്നു് തിരിച്ചെത്തിയവർ ഗ്രഹിച്ചു. അവർ അത്ഭുതസ്തബ്ധരായി ദൈവത്തിനു് സ്തുതി അർപ്പിച്ചു.

## 60. ഏലിയാസിൻെറയും അനസ്താസ്യൂസിൻെറയും മരണം

നമ്മുടെ പിതാവായ സാബാസ് തൻെറ എൺപതാം വയസ്സിൽ പതിനൊന്നാം ഇൻഡിക്ഷനിലെ കർക്കിടക സംക്രാന്തിയോടുകൂടി (ക്രി. വ. 518 ജൂൺ 21), ദൈവപരിപാലനയാൽ ആർച്ചുബിഷപ്പ് ഏലിയാസിനെ കാണാൻ ഐലായിലേക്കു പോയി. മഹാനായ എവുതീമിയസിൻെറ ആശ്രമത്തിലെ അധ്യക്ഷനായ സ്റ്റീഫനെയും ജറീക്കോയിൽ, ഭാഗ്യവാനായ ഏലിയാസിൻെറ തന്നെ ആശ്രമത്തിലെ അധ്യക്ഷനായ എവുതാലിയൂസിനെയും കൂടെ കൊണ്ടുപോയിരുന്നു. ഏലിയാസ് അവരെ സന്തോഷപൂർവ്വം സ്വീകരിക്കുകയും കുറേ ദിവസം തൻെറ കൂടെ താമസിപ്പിക്കുകയും ചെയ്തു. ഈ കാലത്തു് സന്ധ്യാപ്രാത്ഥനയുടെ അവസാനം മുതൽ പിറേറദിവസം ഒൻപതാം മണിവരെ അവൻ അവരുമായി ഇടപെട്ടിരുന്നില്ല. ഒൻപതാം മണിക്കു് അദ്ദേഹം പുറത്തുവന്നു്, അവരുമായി സംഭാഷിക്കുകയും ഭക്ഷിക്കുകയും സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം വിശ്രമിക്കുകയും ചെയ്തിരുന്നു. ഇതായിരുന്നു അദ്ദേഹത്തിൻെറ പതിവു്. ജൂലൈ 7-നു് അദ്ദേഹം പതിവുപോലെ പുറത്തുവന്നില്ല. ഒന്നും സംസാരിക്കാതെയും ഭക്ഷിക്കാതെയും മൂന്നു പിതാക്കന്മാരും കാത്തുനിന്നു. രാത്രി ആറാം യാമത്തിൽ അദ്ദേഹം പുറത്തുവന്നുപറഞ്ഞു: ''നിങ്ങൾ ഭക്ഷിച്ചുകൊള്ളുവിൻ. എനിക്കു ഭക്ഷിക്കുവാൻ സമയമില്ല.'' വിശുദ്ധ സാബാസ് അദ്ദേഹത്തെ തടഞ്ഞുനിർത്തി കാര്യമെന്തെന്നു പറയാൻ നിർബന്ധിച്ചപ്പോൾ, അദ്ദേഹം പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു: ''ഇപ്പോൾ ഈ മണിക്കൂറിൽ അനസ്താസ്യൂസ് ചക്രവർത്തി മരിച്ചു. ഞാനും മടികൂടാതെ പത്തു ദിവസം

www.malankaralibrary.com

കഴിഞ്ഞു് പോയി അവന്റെ കൂടെ വിസ്തരിക്കപ്പെടണം." തന്റെ ആശ്രമങ്ങളെപ്പററി അദ്ദേഹം വേണ്ട ഏർപ്പാടുകൾ ചെയ്തു. എവുതാലിയുസിന്റെ മരണശേഷം നെസ്റ്റാബൂസും പിന്നീടു് സക്കറിയാസും അദ്ധ്യക്ഷന്മാരാകണം. ആരും ഈ ആശ്രമങ്ങളെ വേർപെടുത്തരുതു്. ഈ ക്രമീകരണങ്ങൾ വരുത്തിയിട്ടു് ദർശനാനന്തരം എട്ടുദിവസങ്ങൾ കുർബാന സ്വീകരണവും കലർത്തിയ പാനീയവും മാത്രം[29] കഴിച്ചു് അദ്ദേഹം ചെറുതായി രോഗഗ്രസ്തനായി. തന്റെ സ്നേഹിതന്മാർ മൂന്നു ദിവസം കിടക്കയ്ക്കുചുററും നിന്നു. എൺപത്തെട്ടു് വർഷം ജീവിച്ചിട്ടു് അവസാനം ജൂലൈ 20നു് കുർബാനസ്വീകരണവും പ്രാർത്ഥനയും കഴിഞ്ഞു് ആമ്മീൻ പറഞ്ഞിട്ടു് അദ്ദേഹം ഗാഢനിദ്രയിലമരുകയും സമാധാനത്തിൽ വിശ്രമിക്കുകയും ചെയ്തു.

ഭാഗ്യവാനായ സാബാസു് ആ ദിവസം ഓർത്തിരുന്നു. ഭാഗ്യവാനായ ഏലിയാസിനു ദർശനമുണ്ടായ രാത്രി, ജൂലൈ 10 നു്, രാജകൊട്ടാരത്തിന്മേൽ ഇടിയും മിന്നലും പൊതിഞ്ഞു. അതു് അനസ്താസ്യൂസിനെ, അയാളെ മാത്രം, വിഴുങ്ങിക്കളഞ്ഞു എന്നു് ജറുസലേമിൽ തിരിച്ചെത്തിയപ്പോൾ സാബാസു് മനസ്സിലാക്കി. ചക്രവർത്തി ഭയന്നുവിറച്ചു് മുറികൾ തോറും ഓടി നടന്നു. ഒരു കിടക്കമുറിയിൽ വച്ചു് ദൈവകോപം അവനെ പിടികൂടി, മറിച്ചിട്ടു് കൊന്നുകളഞ്ഞു; അങ്ങനെ അയാൾ പെട്ടെന്നു മരിച്ചു. അനസ്താസ്യൂസു് ഇങ്ങനെ മരിച്ചപ്പോൾ ജസ്റ്റിൻ പിൻഗാമിയായി. അനസ്താസ്യൂസു് നാടുകടത്തിയവരെയെല്ലാം അയാൾ തിരികെ വിളിക്കാനും കാൽഡിസൺ കൗൺസിൽ അനുസ്മരണപ്പട്ടികയിൽ ചേർക്കാനും കല്പിച്ചു.

ജസ്റ്റിൻ ചക്രവർത്തിയുടെ ഡിക്രികൾ ജറുസലേമിൽ എത്തിയപ്പോൾ സന്ന്യാസികളുടെയും അൽമായരുടെയും ഒരു വലിയകൂട്ടം ഒന്നിച്ചുകൂടി; വിശുദ്ധ സാബാസും മെത്രാന്മാരുടെ സിനഡും ധൃതിയിൽ സമ്മേളിച്ചു. ആഗസ്റ്റു് ആറിനുള്ള ഒരു തിരുനാളിൽവച്ചു് രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി.

---

29. Eucraton-കലർത്തിയ പാനിയം: കുരുമുളകു്, cumin, aniseed എന്നിവ ചേർത്തുള്ള പാനീയം ആശ്രമങ്ങളിൽ സാധാരണമായിരുന്നു.

www.malankaralibrary.com

വിശുദ്ധ അനുസ്മരണയിൽ നാല് കൗൺസിലുകളും ഉൾപ്പെടുത്തുകയും ചെയ്തു.

## 61. സാബാസ് കേസറിയായിലും ഷിതോപ്പൊളീസിലും

ചക്രവർത്തിയുടെ കത്തു പ്രസിദ്ധീകരിക്കുന്നതിനും രണ്ടു നഗരങ്ങളിലും വിശുദ്ധ അനുസ്മരണയിൽ നാലു കൗൺസിലുകൾ ചേർക്കുന്നതിനുമായി മരുഭൂമിയിലെ ചില അധ്യക്ഷന്മാരുമൊത്ത് കേസറിയായിലേക്കും ഷിതോപ്പൊളീസിലേക്കും പോകാൻ നമ്മുടെ വിശുദ്ധ പിതാവായ സാബാസിനെ ജറുസലേമിലെ ആർച്ചുബിഷപ്പ് ജോൺ ഈയവസരം നിർബന്ധിച്ചു. കേസറിയായിലെത്തിയപ്പോൾ അവിടെ മെത്രാനായി നിയമിക്കപ്പെട്ട കൊസീബായിലെ ജോൺ അവരെ സ്വീകരിച്ചു. അവിടെ നിർദ്ദേശങ്ങൾ നടപ്പാക്കിയശേഷം അവർ ഷിതോപ്പൊളീസിലേക്കു പോയി. അവിടെ വിശുദ്ധ തോമായുടെ ലൈഹിക തീർത്ഥാടന കേന്ദ്രത്തിൽ വച്ച് അവരെ സ്വീകരിക്കാൻ ജനങ്ങളെല്ലാം തങ്ങളുടെ അതിവിശുദ്ധ മെത്രാപ്പോലിത്താ ആയ തിയഡോഷ്യസിനോടുകൂടി ഒന്നിച്ചുകൂടി. സങ്കീർത്തനങ്ങളോടുകൂടി അവർ പ്രവേശിച്ചു; പഴയ പള്ളിയിൽ വിശുദ്ധ കർബാന അർപ്പിച്ചു; ചക്രവർത്തിയുടെ കത്തു വായിക്കയും നാല് കൗൺസിലുകൾ അനുസ്മരണപ്പട്ടികയിൽ ചേർക്കുകയും ചെയ്തു.

കരക്കടിശ്ലിക പിരിക്കുന്ന ഒരാളുടെ മകനായി ജോൺ എന്നു പേരുള്ള ഒരു വക്കീൽ ഷിതോപ്പൊളീസിൽ ഉണ്ടായിരുന്നു. അയാൾ ബുദ്ധിമാനും ദൈവപ്രചോദിതനുമായിരുന്നു. അയാൾ വിശുദ്ധ സാബാസിനെ കാണാൻ മെത്രാന്റെ വസതിയിൽ വന്നു. സമറിയാക്കാരനായ ഒരു സിൽവാനുസിനെപ്പററി ദീർഘനേരം സംസാരിച്ചു. ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അയാൾക്ക് കുറേ അധികാരം ഉണ്ടായിരുന്നു. അയാൾ ക്രിസ്ത്യാനികൾക്കെതിരെ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്നു. അയാളുടെ ദുഷ്ടതയും ദൈവത്തിനെതിരെയുള്ള യുദ്ധവും വിവരിച്ചു കേൾപ്പിച്ചു. ഇതുകേട്ട് നമ്മുടെ വിശുദ്ധ പിതാവായ സാബാസ് പരിശുദ്ധാത്മാവിനാൽ

www.malankaralibrary.com

നിറഞ്ഞ് മെത്രാനോടും സന്നിഹിതരായവരോടും പറഞ്ഞു: നഗരമദ്ധ്യത്തിൽ വച്ച് സിൽവാനസ് അഗ്നിക്കിരയാകും. അൻപത്തിരണ്ടാം സങ്കീർത്തനം അയാളെ സംബന്ധിച്ച് നിറവേറുന്ന ദിവസങ്ങൾ വരുന്നു എന്ന് കർത്താവ് അരുളം ചെയ്യുന്നു (52:1–7). ഇതാണ് സിൽവാനസിനെപ്പററി അവൻ നടത്തിയ പ്രവചനം.

## 62. രക്തസ്രാവക്കാരി സ്ത്രീ

വിശുദ്ധ യോഹന്നാന്റെ പള്ളിയുടെ ചുററുമുള്ള ജില്ലയിൽ എന്തെമനെയ്ത് എന്നുപേരുള്ള ഒരാശ്രമം ഉണ്ട്. അവിടെ യോഹന്നാൻ എന്ന പേരോടു കൂടിയ ഒരു ഏകാന്തവാസി ഉണ്ടായിരുന്നു. അയാൾ ആത്മാവിൽ പ്രചോദിതനും രണ്ടാംദർശനം എന്ന വരത്താൽ നിറഞ്ഞവനുമായിരുന്നു. തന്റെ സമ്പൂർണ്ണ നിശാജാഗരണത്താലും നിരന്തര കണ്ണുനീരാലും പ്രായാധിക്യത്താലും അയാളുടെ കാഴ്ച നഷ്ടപ്പെട്ടുപോയി. അദ്ദേഹത്തിനു് വയസ്സ് നൂറുകഴിഞ്ഞെന്നും എൺപതുവർഷം ആശ്രമത്തിൽ ചെലവഴിച്ചെന്നും അതിലൻപതുവർഷം ഒരിക്കലും ആശ്രമത്തിനു പുറത്തു പോയിട്ടില്ലെന്നും പറയപ്പെടുന്നു. വന്ദ്യവയോധികനായ സാബാസ് ഈ വിശുദ്ധനെ കാണാൻ പുറപ്പെട്ടു. വിശുദ്ധ യോഹന്നാന്റെ 'വളച്ചവാതിൽ' എന്നു് വിളിക്കപ്പെടുന്ന നഗരമദ്ധ്യത്തിലൂടെ അദ്ദേഹം കടന്നുപോയി. തെരുവിന്റെ പടിഞ്ഞാറെ സ്തൂപികകൾക്കിടയിൽ രക്തസ്രാവക്കാരിയായ ഒരു സ്ത്രീ കിടക്കുന്നുണ്ടായിരുന്നു. അവൾ വളരെ നാളുകളായി കഷ്ടപ്പെടുന്നു; രോഗം കൊണ്ടുള്ള ദുർഗന്ധം നിമിത്തം ആർക്കും അവളുടെ സമീപത്തുപോകാൻ സാധിച്ചില്ല. അവൾ നമ്മുടെ വിശുദ്ധപിതാവായ സാബാസിനെപ്പററി കേട്ടിരുന്നു. ജനക്കൂട്ടത്തോടൊപ്പം അദ്ദേഹം കടന്നുപോയപ്പോൾ അവൾ ഇപ്രകാരം നിലവിളിച്ചു; "ദൈവദാസനായ സാബാസേ, എന്റെമേൽ കനിവുണ്ടായി, എന്നെ അലട്ടുന്ന രോഗത്തിൽ നിന്നു് എന്നെ വിടുവിക്കേണമെ." അവളുടെ നിലവിളി കേട്ട് അദ്ദേഹത്തിനു് അവളിൽ ദയ തോന്നി. സ്തൂപങ്ങൾക്കിടയിൽ അവളുടെ അടുത്തേയ്ക്ക് അദ്ദേഹം വന്നിട്ട് പറഞ്ഞു "നിനക്കു് തരാൻ എനിക്കൊന്നുമില്ല. എന്നാൽ എനിക്കുള്ളതു നിനക്കു തരുന്നു. എന്റെ ഈ കൈ നിനക്കു ഞാൻ

www.malankaralibrary.com

കടം തരുന്നു. നിന്റെ വേദനയുള്ള ഭാഗത്ത് ഇതു വയ്ക്കുക. നിനക്ക് സൗഖ്യം കിട്ടുമെന്ന്, ഞാൻ ആരാധിക്കുന്ന ദൈവത്തിൽ ഞാൻ പ്രത്യാശിക്കുന്നു.''

അവരം അദ്ദേഹത്തിന്റെ കൈപിടിച്ച് തന്റെ ഗുഹ്യ ഭാഗത്തു വച്ചു; ഉടൻ തന്നെ അവളുടെ രക്തസ്രാവം നിലച്ചു; ആ നിമിഷം മുതൽ അവരം സൗഖ്യമുള്ളവളായിത്തീർന്നു. വന്ദ്യ പിതാവേ, നിനക്കറിയാവുന്നതുപോലെ ഇന്നും ഈ അത്ഭുതം ഞങ്ങളുടെ ഇടയിൽ അനുസ്മരിക്കുന്നു.

## 63. പിശാചു ബാധിച്ച പെൺകുട്ടി

പിശാചു ബാധിച്ച മകളുണ്ടായിരുന്ന ഒരാരം ഈ മെത്രോപ്പോളീസിൽ ഉണ്ടായിരുന്നു. പൂർണവിശ്വാസത്തോടുകൂടി അവളെയും കൂട്ടി അയാരം ഈ എന്തെമനെയ്ത് ആശ്രമത്തിൽ വന്നു ദുഷ്ടപിശാച് അവളോടു കാട്ടുന്ന ക്രൂരതകളെപ്പററി വിവരിച്ചു. അദ്ഭുതപ്രവർത്തകനായ വൃദ്ധന് അയാളിൽ അനുകമ്പ തോന്നി. വിശുദ്ധ കുരിശിൽ നിന്നുള്ള തൈലം കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. ആ കുട്ടിയേയും പിതാവിനെയും തനിച്ച് ഒരുദ്യാനത്തിലേക്ക് കൊണ്ടുപോയി അവളുടെ വസ്ത്രമെല്ലാം നീക്കി. അവളുടെ ശരീരം തലമുതൽ പാദംവരെയും മുൻപിലും പിൻപിലും എണ്ണ പുരട്ടി. ഉടൻ തന്നെ അശുദ്ധാത്മാവ് അവളെ വിട്ടുപോയി; ആ നിമിഷം മുതൽ ആ പെൺകുട്ടി സൗഖ്യമുള്ളവളായി. ജോൺ എന്നു വിളിക്കപ്പെടുന്ന എന്റെ പിതാവ് ഈ അദ്ഭുതത്തിന്റെ ദൃക്സാക്ഷിയും സഹായിയുമായിരുന്നു. അന്നുമുതൽ അദ്ദേഹം ആ മൂപ്പൻ അവിടെ താമസിച്ചകാലത്തോളം അയാളെ വിട്ടുപിരിഞ്ഞില്ല. അദ്ദേഹം ഇക്കാലത്തു് ഞങ്ങളുടെ ഭവനം സന്ദർശിച്ച് ഞങ്ങളെ ബഹുമാനിച്ചിട്ടുണ്ട്; എന്റെ അമ്മയെ അനുഗ്രഹിക്കുകയും ഞങ്ങരംക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിട്ടുമുണ്ട്.

നിനക്കു കൃത്യമായി അറിയാവുന്ന ചില കാര്യങ്ങരം, നിനക്കെഴുതുന്ന ഈ വിവരണത്തിൽ ഞാൻ ചേർത്തതിൽ നീ അദ്ഭുതപ്പെടുകയില്ലെന്നു കരുതുന്നു. ഞാനിവ അറിഞ്ഞതു തന്നെ അങ്ങിൽ നിന്നാണ്. വന്ദ്യപിതാവേ, എന്റെ വായനക്കാരുടെ പ്രയോജനം എന്ന ഒററ ലക്ഷ്യത്തെ പ്രതിയാണ് ഞാനിപ്രകാരം ചെയ്തതു്.

www.malankaralibrary.com

## 64. അദ്ദേഹത്തിൻെറ ഉപവാസവും വിരുന്നും

അദ്ദേഹം ഷീതോപ്പൊളീസിൽ നിന്ന തിരികെ വന്നപ്പോൾ ആർച്ചുബിഷപ്പ് യോഹന്നാൻ അദ്ദേഹത്തെ ഒരു ഊണിനു് ക്ഷണിച്ചു. മരുഭൂമിയിലെ മററു് അധ്യക്ഷന്മാരെയും തൻെറ സഹോദരനും അസ്കലോൻ മെത്രാനുമായ ആന്തോണിയേയും അദ്ദേഹം ക്ഷണിച്ചിരുന്നു. വിശുദ്ധ സാബാസിനു് മററു വരങ്ങൾ കൂടാതെ ഈ വരവും ഉണ്ടായിരുന്നു; നോമ്പുകാലം മുഴുവൻ ഭക്ഷണമില്ലാതെ ജീവിക്കത്തക്കരീതിയിൽ അദ്ദേഹം ഉപവസിച്ചിരുന്നു, തദവസരം മിക്കപ്പോഴും കഠിനമായ ചൂടിൽ പണിയെടുത്തിട്ടും അദ്ദേഹം ക്ഷീണിച്ചിരുന്നില്ല. തൻെറ ജീവിതകാലം മുഴുവൻ ഇടദിവസം മുഴുവൻ ഉപവസിക്കാൻ അദ്ദേഹം പഠിച്ചിരുന്നു; എന്നാൽ അദ്ദേഹം ആരെയെങ്കിലും സൽക്കരിക്കുകയോ, ഒരു വിരുന്നിനു പോവുകയോ ചെയ്താൽ ദിവസം രണ്ടു പ്രാവശ്യം ഭക്ഷിക്കുന്നതിനും, വയറു കേടുകൂടാതെ മതിവരുവോളം ഭക്ഷിക്കുന്നതിനും അദ്ദേഹത്തിനു കഴിയുമായിരുന്നു.

അദ്ദേഹത്തെ തൻെറ അരികിൽ പിടിച്ചിരുത്തിയിട്ടു് അദ്ദേഹത്തിൻെറ മുമ്പിൽ ആർച്ചുബിഷപ്പ് ചുരുളുകളും മററു സാധനങ്ങളും നിരത്തി. അസ്കലോൺ മെത്രാൻ അന്തോണിയാകട്ടെ അദ്ദേഹത്തിൻെറ വലത്തുവശത്തു് അദ്ദേഹത്തോടു് ചേർന്നിരുന്നു. തൻെറ മുമ്പിൽ കിട്ടിയതെല്ലാം ആ വന്ദ്യവയോധികൻ നേരേയങ്ങു ഭക്ഷിച്ചു. അദ്ദേഹത്തിൻെറ രണ്ടു വശത്തും ഇരുന്ന സഹോദരന്മാർ പിന്നെയും പിന്നെയും അദ്ദേഹത്തിനു കൊടുക്കുവാൻ താല്പര്യം കാണിച്ചു. അപ്പോൾ, അദ്ദേഹം പറഞ്ഞതു ഞാൻ കൃത്യമായി ഓർക്കുന്നെങ്കിൽ, ഇപ്രകാരമാണു്: "പിതാക്കന്മാരേ, എന്നെ വിടുവിൻ, എനിക്കാവശ്യമുള്ളതു ഞാൻ ഭക്ഷിച്ചോളാം."

തദവസരം സന്നിഹിതനായിരുന്ന ആബാതീയ ഡോഷ്യസ്സു് സന്തോഷപൂർവം പറഞ്ഞു: "നാഥനായ സാബാസ്സു് വളരെ വിശന്നുപോയി. ഈ ക്ഷാമകാലത്തു് പ്രത്യേകമായി പാലസ്തീനായെ തീററിപ്പോററുന്ന നിങ്ങൾ രണ്ടുപേരും അദ്ദേഹത്തിനു ഭക്ഷണം നൽകാൻ മത്സരിക്കുകയാണു്." ആർച്ചുബിഷപ്പ് മറുപടി പറഞ്ഞു: "പിതാക്ക

www.malankaralibrary.com

ന്മാരേ, ഇതനുവദിക്കുവിൻ. നമുക്ക് ഉപവസിക്കാനും കഴിയില്ല, തൃപ്തരാകാനും കഴിവില്ല. എന്നാൽ ഈ ദൈവമനുഷ്യന് ദാരിദ്ര്യത്തിലിരിക്കാനും സമൃദ്ധിയിൽ കഴിയാനും, ഏതു് സാഹചര്യത്തിലും എല്ലായ്പ്പോഴും ആഘോഷിക്കാനും വിശന്നിരിക്കാനും, സമൃദ്ധിയിലിരിക്കാനും ദാരിദ്ര്യത്തിലിരിക്കാനും അറിയാം. തന്നെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിൽ എല്ലാററിനും അദ്ദേഹം ശക്തനാണ്'' (ഫിലി 4:12–13).

## 65. സാബാസും തിയഡോഷ്യസും

നമ്മുടെ പിതാവായ സാബാസ് ആത്മാവിൽ വിനീതനും പെരുമാററത്തിൽ ശാന്തനും സ്വഭാവത്തിൽ ഏററവും സരളനും ആത്മീയവിവേകത്തിലും വിവേചനത്തിലും പൂർണമായി നിറഞ്ഞവനും ആയിരുന്നു. മേല്പറഞ്ഞ ആബാ തിയഡോഷ്യസിനോട് അദ്ദേഹത്തിന് ഏററവും നിഷ്കപടവും ആത്മാർത്ഥവുമായ സ്നേഹം ഉണ്ടായിരുന്നു. അദ്ദേഹവും അതുപോലെ നമ്മുടെ പിതാവായ സാബാസിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു.

സത്യമായും അവരിരുവരും 'പ്രകാശത്തിന്റെ മക്കളും ദിവസത്തിന്റെ മക്കളും' (ഫിലി. 4:12-13), ദൈവത്തിന്റെ മക്കളും, വിശ്വസ്തദാസരും, ലോകത്തിൽ പ്രകാശിക്കുന്ന താരങ്ങളും, ജീവന്റെ വചനത്തിനായി സമർപ്പിതരും (ഫിലി. 2:15–16), സത്യത്തിന്റെ തൂണുകളും അടിസ്ഥാനവും (1 തിമോ. 3:15), ഉന്നതാഗ്രഹങ്ങളുള്ള മനുഷ്യരും ആയിരുന്നു. അവർ എല്ലാ സന്ന്യാസികളെയും സ്വർഗ്ഗരാജ്യത്തിലേക്ക് ആനയിച്ചു. നേരത്തെ പറഞ്ഞതുപോലെ, വിശുദ്ധ തിയഡോഷ്യസ്, വിശുദ്ധ നഗരത്തിനുകീഴിലുള്ള എല്ലാ ആശ്രമങ്ങളുടെയും അധ്യക്ഷനും ആർക്കിമൺഡ്രൈററുമായിരുന്നു. വിശുദ്ധ സാബാസാകട്ടെ, എല്ലാ ഏകാന്തവാസികളുടെയും അറകളിൽ താമസിക്കുന്നവരുടെയും ഭരണകർത്താവും നിയമദാതാവുമായിരുന്നു. യഥാർത്ഥ സന്ന്യാസികളും ലൗകികാസക്തികളിൽ നിന്നു് വിമുക്തരും, ദൈവികകാര്യങ്ങളിൽ കൃത്യമായി പരിശീലിപ്പിക്കപ്പെട്ടവരും, സന്ന്യാസനിഷ്ഠയിലെത്തിയവരും, ദൈവികമായ അറിവിലേക്ക് അനേകരെ ആനീതരാക്കിയവരും എന്ന നിലയിൽ സന്ന്യാസസമൂഹം മുഴുവന്റെയും

www.malankaralibrary.com

അഭ്യർത്ഥനയാൽ ഈ രണ്ടു് ആർക്കിമൺഡ്റൈറ്റുമാരെയും നിയമിച്ചതു് വിശുദ്ധ സല്ലസ്റ്റിയുസാണു്. ആത്മാർത്ഥമായി, ആത്മീയ സ്നേഹത്തോടുകൂടെ അവർ പരസ്പരം സന്ദർശിക്കുന്നതും സംസാരിക്കുന്നതും കാണാമായിരുന്നു. ഈ സംഭാഷണങ്ങളിൽ വിശുദ്ധ സാബാസ് വിശുദ്ധ തിയഡോഷ്യസിനോടു് കൂടെക്കൂടെ താഴെപ്പറയുന്ന റിമാർക്കു് പറയുമായിരുന്നു: ''എൻെറ നാഥനായ ആബാ, അങ്ങു് കുട്ടികളുടെ സൂപ്പീരിയറാണു്. എന്നാൽ ഞാനാകട്ടെ സൂപ്പീരിയർമാരുടെ സൂപ്പീരിയറാണു്. കാരണം, എൻെറ കീഴിലുള്ള ഓരോരുത്തനും സ്വതന്ത്രമായി, തൻെറ അറയിലെ സൂപ്പീരിയറാണു്.'' തിയഡോഷ്യസ് ഇപ്രകാരം മറുപടി പറയും: ''അങ്ങയുടെ റിമാർക്കു് കഠിനമായി ഞാൻ പരിഗണിക്കുന്നില്ല. പിന്നെയോ, അതു് തികച്ചും രസകരമാണു്. കാരണം, കേൾക്കുന്നതും അനുഭവിക്കുന്നതുമെല്ലാം സഖിതം സഹിക്കുന്നു.''—ഇവരെപ്പററി ഇത്രയും.

## 66. ഗുഹയിലെ മഴയുടെ അത്ഭുതം

വരൾച്ചയുടെ നാലാംവർഷം ഏതാണ്ടു് തീരാറായപ്പോൾ (ക്രി.വ. 520) വിശുദ്ധ പിതാവിൻെറ, ഗുഹയിലെ ശിഷ്യൻമാർ അദ്ദേഹത്തെ കാണാൻ വലിയ ലൗറായിലേക്കു ചെന്നു് പറഞ്ഞു: ''ഞങ്ങൾക്കു വെള്ളമില്ലാത്തതിനാൽ അങ്ങയുടെ ആശ്രമത്തിൽ താമസിക്കാൻ ഞങ്ങൾക്കു സാധ്യമല്ല. അതുപേക്ഷിച്ചു പോകാൻ ഞങ്ങൾക്കു് അനുവാദം തരണം; മെയ്മാസം കഴിഞ്ഞിരിക്കുന്നു; മഴക്കാലവും തീർന്നു.''

ഭാഗികമായി അവരെ കുററപ്പെടുത്തിക്കൊണ്ടും ഭാഗികമായി അവരെ ഉപദേശിച്ചുകൊണ്ടും വരുന്നതെല്ലാം നന്ദിപൂർവ്വം സ്വീകരിക്കണമെന്നു് അദ്ദേഹം പറഞ്ഞു: ''നിങ്ങളുടെ ജലസംഭരണികളെല്ലാം മൂന്നുദിവസത്തിനകം നിറയുമെന്നു് ഞാൻ ദൈവത്തിൽ പ്രത്യാശിക്കുന്നു. അതുകൊണ്ടു്, പോയി അവയെല്ലാം ശരിപ്പെടുത്തുക. നിങ്ങളെത്തന്നെ സജ്ജരാക്കുവിൻ, നിങ്ങൾ ദൈവത്തിൻെറ ദാനവും വേഗത്തിലുള്ള സന്ദർശനവും ദർശിക്കും.'' മൂന്നാം ദിവസം ആശ്രമത്തിനു മുകളിൽ ഒരു മേഘം കാണപ്പെട്ടു; മഴ തകർത്തു പെയ്തു. വിശുദ്ധൻെറ പ്രവചനമനുസരിച്ചു് അവിടത്തെ സംഭരണികളെല്ലാം നിറഞ്ഞുതുളുമ്പി.

www.malankaralibrary.com

ഗുഹയുടെ ഇരുവശങ്ങളിലുമുള്ള ആശ്രമങ്ങളിൽ, കിഴക്ക് കസ്റ്റെല്ലിയം, വെറും അഞ്ച് സ്റ്റേഡിയ പടിഞ്ഞാറുള്ള സ്കോളാരിയുസിൻെറത്ത്, തെക്കപടിഞ്ഞാറുള്ള വലിയ ലൗറ എന്നിവിടങ്ങളിൽ ഒരുതുള്ളി മഴയും പെയ്തില്ല. ഈ ആശ്രമങ്ങളിലെ പ്രണിതരായ അദ്ധ്യക്ഷന്മാർ അദ്ദേഹത്തിൻെറ പക്കലെത്തി പറഞ്ഞു: "വന്ദ്യപിതാവേ, നിൻെറ മററ് ആശ്രമങ്ങൾക്ക വേണ്ടി നീ പ്രാർത്ഥിക്കാതെ ഈ രീതിയിൽ നീ ഞങ്ങളെ നിരസിക്കാൻ തക്കവണ്ണം ഞങ്ങളെന്തു തെററുചെയ്തു." വിശുദ്ധൻ മറുപടി പറഞ്ഞു: "ആവശ്യക്കാർക്കാണ് ദൈവം തൻെറ അനുഗ്രഹം അയച്ചുകൊടുത്തത്. നിങ്ങൾ വിഷമിക്കേണ്ട കാര്യമില്ല. കർത്താവ് ഭൂമിയിൽ മഴ അയയ്ക്കുന്നതുവരെ നിങ്ങൾക്ക് വെള്ളം ഇല്ലാതെ വരികയില്ല."

## 67. വരൾച്ച അദ്ഭുതകരമായി അവസാനിക്കുന്നു

ക്ഷാമത്തിൻെറ അഞ്ചാം വർഷത്തിൻെറ ആരംഭത്തിൽ[30] ജലദൗർലഭ്യം വിശുദ്ധ നഗരത്തിൽ കൊടുമ്പിരിക്കൊണ്ടു. ഒരിദ്ര ദാഹജലത്തിനായി കേണപേക്ഷിച്ച് മരിച്ചു വീണു കൊണ്ടിരുന്നു. നീണ്ട വരൾച്ചയും മഴയില്ലായ്മയും നിമിത്തം ശീലോഹമിലും ലൂസില്ലിയാനേയിലും[31] വെള്ളം ഒട്ടും ഇല്ലാതായി. കൊളോണിയായുടെയും നെഫ്തൂസിൻെറയും ഉറവകളും അപ്രത്യക്ഷമായി. ഒരു ജനകീയ വിപ്ലവത്തെ ഭയന്ന്, ആർച്ചുബിഷപ്പ് കൂടുതൽ തണുപ്പുതോന്നുന്നിടം തേടിപ്പോയി, വെള്ളം കണ്ടെത്താമെന്ന പ്രതീക്ഷയിൽ, ധാരാളം ജോലിക്കാരെ ഉപയോഗിച്ചു കുഴിച്ചുനോക്കിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. വലിയ ലൗറായിലേക്കുള്ള റോഡരുകിൽ, വിശുദ്ധ കോമാസിൻെറ ഗുഹയ്ക്കടുത്ത് ശീലോം മലയിടുക്കിലൂടെയിറങ്ങി, ഒരു എൻജിനീയറെയും ധാരാളം ജോലിക്കാരെയും കൂട്ടി ഇരുനൂററ് മീററർ കുഴിക്കാൻ തുടങ്ങി. ദേവാലയസമർപ്പണപ്പെരുനാൾ സമീപിച്ചിരുന്നു. വെള്ളം കാണായ്കയാൽ അദ്ദേഹം വളരെ ദുഃഖിതനായി. അദ്ദേഹത്തിന്

30. ആഗസ്റ്റ് 520
31. ബേത്സെയ്ദാക്കുളം ആയിരിക്കാം (യോഹ. 5:2) രണ്ടാം നൂററാണ്ടിൽ ഹേംപെയ്യാ ലൂച്ചില്ലാ അതു് പുതുക്കി മനോഹരമാക്കി,

www.malankaralibrary.com

സമ്മൂസ് എന്നൊരുപദേശകനുണ്ടായിരുന്നു. വളരെയധികം പ്രായോഗിക പരിജ്ഞാനമുണ്ടായിരുന്നു. പല നഗരങ്ങളിലും ന്യായാധിപനായിരുന്നിട്ടുണ്ട് തന്റെ വിഷമം അയാളോട് തുറന്നു പറഞ്ഞു: "നാമെന്താണു ചെയ്യുക? സെപ്റ്റംബർ ആരംഭിച്ചു കഴിഞ്ഞു. നഗരത്തിൽ ഇപ്പോഴും വെള്ളമില്ല". സമ്മൂസ് മറുപടി പറഞ്ഞു: "ഞാൻ ആബാ സാബാസിനെപ്പററി കേട്ടിട്ടുണ്ട്. കുറച്ചുനാൾ മുൻപ് അദ്ദേഹത്തിന്റെ ഒരാശ്രമത്തിൽ വെള്ളം ഇല്ലാതെ വന്നപ്പോൾ, ദാഹാർത്തരായ ആളുകൾ അദ്ദേഹത്തോടപേക്ഷിച്ചതിന്റെ ഫലമായി വിഷമത്തിലകപ്പെട്ട ആശ്രമത്തിനുചുററും മാത്രം തകർത്തു മഴപെയ്തു് അവരുടെ ജലസംഭരണികളെല്ലാം നിറഞ്ഞു. അതിലെ അന്തേവാസികൾ പ്രാർത്ഥിച്ച് ദൈവകോപം നീക്കാനുള്ള ശക്തി ഉണ്ടാകുവാൻ ഞാനാരാണ്." ഇതുകേട്ട ആർച്ചുബിഷപ്പ് ഭാഗ്യവാനായ സാബാസിനെ മറേറതോ കാര്യത്തിനാണെന്നും പറഞ്ഞ് തന്റെ വസതിയിലേക്ക വരുത്തി. അദ്ദേഹത്തെ തനിയെ മാററിക്കൊണ്ടുപോയി. ദൈവം തന്റെ ജനത്തോടു രമ്യപ്പെടുവാനും വിശപ്പാലും ദാഹത്താലും നശിക്കുന്ന ജനത്തോടു കരുണ കാണിക്കാനുമായി ദൈവത്തോടപേക്ഷിക്കാൻ അവനെ ഉപദേശിച്ചു. അവനിതും കൂട്ടിച്ചേർത്തു: "ഞാൻ പാപം ചെയ്തെങ്കിൽ, നശിക്കുന്ന ഈ ജനം എന്തു തെററുചെയ്തു?"

സാബാസ് പ്രത്യുത്തരിച്ചു! "ഞാൻ ബലഹീനനും പാപിയുമാണ്. ദൈവകോപം നീക്കാനുള്ള ശക്തിയുണ്ടാകുവാൻ ഞാനാരാണ്? പ്രത്യേകിച്ച്, "അവൻ ആകാശം അടച്ചാൽ ആരു തുറക്കും?" എന്ന് തിരുലിഖിതം പ്രഖ്യാപിക്കുമ്പോൾ. ആർച്ചുബിഷപ്പ് തുടർന്നും അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ടിരുന്നു. തദ്ഫലമായി ദൈവപ്രചോദിതനായ സാബാസ് വഴങ്ങി. "നോക്കൂ ഞാൻ എന്റെ മുറിയിലേക്ക പോയി, അങ്ങയോടുള്ള അനുസരണയുടെ പേരിൽ ദൈവത്തോടപേക്ഷിക്കാം. അവൻ കരുണയുള്ളവനും ദയയുള്ളവനുമാണെന്നു് എനിക്കറിയാം. അവിടുത്തെ കാരുണ്യം തന്റെ എല്ലാ കരവേലകളിന്മേലുമുണ്ട്." എങ്കിലും ഇതൊരടയാളമായിരിക്കട്ടെ: ഈ മൂന്നു ദിവസം മഴകൂടാതെ കടന്നു പോയാൽ ദൈവം എന്റെ പ്രാർത്ഥന കേട്ടിട്ടില്ല എന്നു കരുതിക്കൊള്ളണം.

www.malankaralibrary.com

ദൈവം എന്നെ ശ്രവിക്കാൻ നിങ്ങളും പ്രാർത്ഥിക്കണം. ''ഇതു പറഞ്ഞിട്ട്, സെപ്റ്റംബർ മൂന്നിനു് അദ്ദേഹം അവിടെ നിന്നുപോയി.

പിറേറദിവസം അത്യുഗ്രമായ ചൂടിൽ മേല്പറഞ്ഞ കുഴിയിൽ ജോലക്കാർ ജോലി ചെയ്തു. വൈകിട്ടു് അവർ മടങ്ങി. അടുത്ത ദിവസവും വന്നു ജോലി ചെയ്യുമെന്നുകരുതി പണിയായുധങ്ങളും കൊട്ടകളുമെല്ലാം അവിടെ ഇട്ടിട്ടുപോയി.

രാത്രിയുടെ ഒന്നാം യാമത്തിൽ ഒരു തെക്കൻകാററടിച്ചു. ഇടിയും മിന്നലും ഉണ്ടായി. മഴയും പെയ്യാൻ തുടങ്ങി. നേരം വെളുക്കുന്നതിനുമുൻപ് പാത്തികളെല്ലാം വക്കുവരെ നിറഞ്ഞു. എല്ലായിടത്തുനിന്നും ജലം ഒഴുകിവന്നു. കുഴി കുഴിച്ചിടത്തേക്കു് ജലം പാഞ്ഞുവന്നു്, വളരെ അധ്വാനവും പണവും സമയവും കൊണ്ടു് കുഴിച്ച് കരയ്ക്കുകയററിയിട്ടിരുന്ന മണ്ണെല്ലാം കൂടി ഒരു നിമിഷം കൊണ്ടു് കുഴിക്കകത്താക്കി. ഗോവണികളും കുട്ടകളും ചട്ടികളും ഉപകരണങ്ങളുമെല്ലാം മൂടി. അവ ഇന്നുവരെയും അവിടെത്തന്നെയുണ്ടു്. വെള്ളത്തിൻെറ ആധിക്യത്താൽ, ദൈവകൃപയാൽ, കുഴിച്ച സ്ഥലം നികന്നു് തിരിച്ചറിയാൻ പററാത്തതുപോലെയായി. വിശുദ്ധനഗരത്തിലെ ജലസംഭരണികളെല്ലാം വക്കുവരെ നിറഞ്ഞു. സന്തോഷത്തോടും ആഹ്ലാദത്തോടും കൂടെ ദേവാലയപ്രതിഷ്ഠാപ്പെരുന്നാൾ അവർ ആഘോഷിച്ചു.

## 68. പീററർ പാത്രിയർക്കീസിൻെറ സഹോദരിയെ സുഖപ്പെടുത്തുന്നത്

നമ്മുടെ പിതാവായ സാബാസിൻെറ 86-ാം വയസ്സിൽ, ഏഴുവർഷവും ഏഴുമാസവും പാത്രിയർക്കീസായിരിക്കയും തൻെറ പിൻഗാമിയായി എലെവുതെരോപ്പൊളീസുകാരൻ അതിഭാഗ്യവാനായ പീററിനെ വാഴിക്കയും ചെയ്തിട്ടു് രണ്ടാം ഇൻഡിക്ഷനിലെ ഏപ്രിൽ 20 നു് (ക്രി. വ. 524) ആർച്ചുബിഷപ്പ് ജോൺ മരിച്ചു. മൂന്നുവർഷങ്ങൾക്കുശേഷം, ശാരീരികപീഡകളാൽ അലട്ടപ്പെട്ട വൃദ്ധനായ ജസ്റ്റിൻ ചക്രവർത്തി ദൈവനിശ്ചയത്താലും സെനററിൻെറ മുഴവൻ അംഗീകാരത്തോടുകൂടിയും അനന്തിരവനായ ജസ്റ്റീനിയനെ സിംഹാസന

www.malankaralibrary.com

ത്തിൽ ഉയർത്തി. കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പായ എപ്പിഫാനിയസാണ് കൈവയ്പ് നടത്തിയതു്. ദൈവസംരക്ഷിത ചക്രവർത്തിയായ ജസ്റ്റീനിയൻ പട്രീഷ്യനും കോൺസുളും സർവസൈന്യാധിപനുമായിരുന്നു. രാജ്യകാര്യങ്ങളിൽ അദ്ദേഹത്തിനു് നല്ല സ്വാധീനവുമുണ്ടായിരുന്നു. നേരത്തെ പറഞ്ഞതുപോലെ അദ്ദേഹം ചക്രവർത്തിയായതു് അഞ്ചാം ഇൻഡിക്ഷനിലെ ഏപ്രിൽ മാസത്തിൽ പെസഹാ വ്യാഴാഴ്ച ദിവസമാണ്.

നാലുമാസങ്ങൾക്കുശേഷം, ആഗസ്റ്റ് രണ്ടിനു് ഭാഗ്യസ്മരണാർഹനായ ജസ്റ്റിൻ, ഒൻപതുവർഷത്തെ ഭരണശേഷം മരിച്ചു. നമുക്കു് വന്ദ്യവയോധികനായ സാബാസിന്റെ ജീവിതത്തിലേക്കു തിരിയാം.

ജറുസലേം പാത്രിയർക്കീസായിത്തീർന്ന അതിഭാഗ്യവാനായ പത്രോസ്, മുൻപാത്രിയർക്കീസുമാർ ഭാഗ്യവാനായ സാബാസിനോടു് കാണിച്ച ബഹുമാനാദരവുകൾ കാണിക്കുകയും അദ്ദേഹത്തെ സന്ദർശിക്കാൻ കൂടെക്കൂടെ മരുഭൂമിയിലേക്കു വരുവാൻ താൽപര്യം കാണിക്കുകയും ചെയ്തു. ദൈവികസുകൃതങ്ങൾ നിറഞ്ഞു നിന്ന ഹെസിക്കിയ എന്ന ഒരു സഹോദരി പാത്രിയർക്കീസിനുണ്ടായിരുന്നു. അവൾ കഠിന രോഗബാധിതയായി. ഭിഷഗ്വരന്മാർക്കു് അവളെ സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല. അവളോടുള്ള സ്നേഹത്താൽ പാത്രിയർക്കീസ് പത്രോസ്, ഭാഗ്യവാനായ സാബാസിനെ വരുത്തി. അവളുടെ വീടുവരെ പോയി അവൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്നു് അപേക്ഷിച്ചു. നിഷേധിക്കാൻ അറിവില്ലാതിരുന്ന വിശുദ്ധൻ അവളെ കാണാൻ പോയി. നിരാശയായി അവളെ കണ്ട അദ്ദേഹം അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. മൂന്നുപ്രാവശ്യം അവളുടെമേൽ കുരിശടയാളം വരച്ചു. അതോടെ അവൾ സുഖം പ്രാപിച്ചു. നഗരം മുഴുവൻ ഈ അദ്ഭുതം പ്രസിദ്ധമായി; എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി.

## 69. ഷണ്ഡന്മാരുടെ ആശ്രമം സ്ഥാപിക്കൽ

മുകളിൽ പറഞ്ഞ പട്രീഷ്യനായ ജൂലിയാനാ കോൺസ്റ്റാൻറിനോപ്പിളിൽ നിരവധി സൽപ്രവൃത്തികൾ

www.malankaralibrary.com

ചെയ്തശേഷം ജീവിതാന്ത്യത്തിലെത്തിയപ്പോൾ അവളുടെ ഷണ്ഡന്മാർ ജറുസലേമിൽവന്നു. കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു തന്നെ ആബാസാബായെ പരിചയമുണ്ടായിരുന്നതിനാൽ, ധാരാളം പണവുമായി വലിയ ലൗറായിൽ വന്ന് തങ്ങളേക്കൂടി സമൂഹത്തിൽ ചേർക്കണം എന്ന് അപേക്ഷിച്ചു. യുവാക്കളെയോ ഷണ്ഡന്മാരെയോ അവിടെ ചേർക്കുകയില്ലെന്ന് അദ്ദേഹം തീരുമാനിച്ചിരുന്നു. കാരണം, തൻെറ ആശ്രമങ്ങളിൽ, പ്രത്യേകിച്ച് ലൗറാകളിൽ സ്ത്രീകളുടെ മുഖംകാണുന്നത് അദ്ദേഹത്തിനു് ഇഷ്ടമില്ലായിരുന്നു. എന്നാൽ അവരെ തനിക്ക് പരിചയമുണ്ടായിരുന്നതിനാൽ, എല്ലാതരത്തിലും അവരെ പ്രോത്സാഹിപ്പിക്കുകയും അവർക്കുറപ്പുകൊടുക്കുകയും ചെയ്തിട്ട്, അദ്ദേഹം അവരെ ഭാഗ്യവാനായ തിയഡോഷ്യസിനെ ഭരമേല്പിച്ചു. അവർക്ക് അദ്ദേഹം ചെറിയൊരു സന്ന്യാസപരിശീലനം നൽകി. അപ്പോൾ അവർ തങ്ങൾക്ക് തന്നെ പാർക്കാൻ ഒരിടം വേണമെന്ന് ആർച്ചുബിഷപ്പിനോട് അപേക്ഷിച്ചു. അപ്പോൾ ആർച്ചുബിഷപ്പ് ജറീക്കോയിക്കടുത്ത് ആർച്ചുബിഷപ്പ് ഏലിയാസിൻെറ ആശ്രമങ്ങളുടെ അധ്യക്ഷനും നെസ്റ്റാബുസിൻെറയും സക്കറിയാസിൻെറയും പിൻഗാമിയും ആയ ഒരു അലക്സാണ്ഡറെ വിളിച്ച് അവരെ കുറേ കാലത്തേക്ക് അതിഥികളായി പാർപ്പിക്കാൻ ആവശ്യപ്പെട്ടു. അലക്സാണ്ഡറാകട്ടെ, ദ്രവ്യാഗ്രഹത്താലൊ വ്യർത്ഥാഭിമാനത്താലൊ, ആർച്ചുബിഷപ്പ് ഏലിയാസിൻെറ നിർദ്ദേശങ്ങളെ അവഗണിച്ചും, അദ്ദേഹത്തിൻെറ തന്നെ മനസ്സാക്ഷിയെ ചവിട്ടിമെതിച്ചും തൻെറ ആശ്രമങ്ങളെ വേർതിരിച്ചു. വേർപെടുത്തപ്പെട്ട ആശ്രമം അന്നുമുതൽ ഷണ്ഡന്മാരുടെ ആശ്രമം എന്ന് അറിയപ്പെടുന്നു.

## 70. സമറിയാക്കാരുടെ ലഹള

നമ്മുടെ പിതാവായ സാബാസിൻെറ 91-ാംവയസ്സിൽ, ഏഴാം ഇൻഡിക്ഷനിലെ ജനുവരി 11-നു് (529) "വൃദ്ധനും ദിവസങ്ങൾ പൂർത്തിയാക്കിയവനും" ആയി (ഉല്പ. 25 8) വിശുദ്ധനായ ആബാ തിയഡോഷ്യസ് മരിച്ചു. സന്ന്യാസനേട്ടങ്ങളിൽ വന്ദ്യനായിരുന്ന സൊഫ്രോണിയുസ് അദ്ദേഹത്തിൻെറ പിൻഗാമിയായി. ആബാ തിയഡോഷ്യസ് മരിച്ചതിൻെറ നാലാം മാസം പലസ്തീനയിലെ സമറിയാക്കാർ

www.malankaralibrary.com

എല്ലാവരും കൂടി ക്രിസ്ത്യാനികൾക്കെതിരായി ഇളകി അനേകം ക്രൂരകൃത്യങ്ങൾ നടത്തി. അവരുടെ കൈകളിൽ പതിച്ച പള്ളികളൊക്കെ കൊള്ളയടിച്ചു തീവച്ചു; കൈയിൽ കിട്ടിയ ക്രിസ്ത്യാനികളെയൊക്കെ വിവിധ പീഡനങ്ങളാൽ ദയാരഹിതമായി കൊന്നൊടുക്കി. പല തോട്ടങ്ങൾ മുഴുവനായും, പ്രത്യേകിച്ച് നെയാപൊളീസ് പ്രദേശത്തുള്ളവ ചുട്ടുകരിച്ചു. ബഹളത്തിനിടയിൽ തങ്ങളുടെ കൂട്ടത്തിൽ നിന്നു് ജൂലിയൻ എന്നൊരാളെ തങ്ങൾക്കു് രാജാവായും അവർ വാഴിച്ചു. പിന്നീടു് അവർ നെയാപ്പൊളീസ് മെത്രാൻ മമോണാസിനെ കൊന്നു; ചില വൈദികരെ പിടിച്ച് കൊത്തിയരിഞ്ഞു, വിശുദ്ധ രക്തസാക്ഷികളുടെ തിരുശേഷിപ്പുകളോടൊപ്പം അവരതു വറുത്തെടുത്തു. അവരിത്തരം ഒത്തിരി പാതകങ്ങൾ ചെയ്തുകൂട്ടി. തദ്ഫലമായി രാജകീയവീഥികൾ ക്രിസ്ത്യാനികൾക്കു് ഉപയോഗിക്കാൻ പററാത്തവ ആയിത്തീർന്നു.

ഏററവും ഭക്തനായ നമ്മുടെ ചക്രവർത്തി ജസ്റ്റീനിയൻ ഇവയെല്ലാം കേട്ടപ്പോൾ സമരിയാക്കാർക്കെതിരായി ഒരു സൈന്യത്തെ അയയ്ക്കാൻ ഏററവും മഹനീയരായ തിയഡോറിനും ജോണിനും കല്പന കൊടുത്തു; തുടർന്നുണ്ടായ പോരാട്ടത്തിൽ ജൂലിയനും അയാളോടൊപ്പം ഉണ്ടായിരുന്ന വളരെയധികം സമറിയാക്കാരും കൊല്ലപ്പെട്ടു.

തദവസരം മേല്പറഞ്ഞ സിൽവാനസ് രാജകീയ കല്പനകൾ ഒന്നും കൂടാതെ സമാധാനപരമായിട്ടെന്നവണ്ണം ഷീതോപ്പൊളീസിൽ വന്നപ്പോൾ ക്രിസ്ത്യാനികൾ അയാളെ കടന്നുപിടിച്ച് നഗരമധ്യത്തിലിട്ടു് ചുട്ടുകൊന്നു. നമ്മുടെ വിശുദ്ധ പിതാവായ സാബാസ്, മെത്രാൻെറ വസതിയിൽ വച്ച് കൊമ്പുൾസോറിൻെറ മകനായ ജോണിനോട് ഇയാളെപ്പററി പറഞ്ഞ പ്രവചനം ഇപ്രകാരം നിറവേറി.

കത്തിക്കരിഞ്ഞ സിൽവാനസിൻെറ മകനും, 'ഇല്ല്യസ്ട്രീസ്' എന്ന റാങ്കുള്ളയാളും, കോൺസ്റ്റാൻറിനോപ്പിളിൽ താമസിച്ചിരുന്നവനും, എങ്ങനെയെന്നറിയില്ല, ദൈവസംരക്ഷിത ചക്രവർത്തിയുടെയും രാജ്ഞി തിയഡോറായുടെയും അടുത്തു് സ്വാധീനം ഉണ്ടായിരുന്നവനുമായ ഒരു അർസേനിയൂസ്, പലസ്തീനയിലെ ക്രിസ്ത്യാനികൾക്കെതിരായി രാജകോപം

www.malankaralibrary.com

ഇളക്കി വിടത്തക്കവിധം ചക്രവത്തിയെ തെററിദ്ധരിപ്പിച്ചു. തദവസരം പലസ്തീനായിലെ ഒന്നും രണ്ടും പ്രോവിൻസുകളിലെ നികുതികരം സമറിയാക്കാരുടെ കൊലയും കൊള്ളിവയ്പും നിമിത്തം ഇളവുചെയ്തു കിട്ടുന്നതിനായി കോൺസ്റ്റാൻറിനോപ്പിളിൽ പോയി ചക്രവർത്തിയോടപേക്ഷിക്കണമെന്ന് നമ്മുടെ പിതാവായ സാബാസിനോട് ആർച്ചുബിഷപ്പ് പീററും അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാന്മാരുംകൂടി അഭ്യർത്ഥിച്ചു. മെത്രാന്മാരുടെ നിർബന്ധത്തിനു വഴങ്ങി ആ വൃദ്ധൻ എട്ടാം ഇൻഡിക്ഷനിലെ ഏപ്രിൽ മാസത്തിൽ (530) കോൺസ്റ്റാൻറിനോപ്പിളിലേക്കുപോയി.

## 71. സാബാസ് ജസ്ററീനിയന്റെ കൊട്ടാരത്തിൽ

ദിവ്യനായ സാബാസ് വരുന്നുണ്ടെന്നു പാത്രിയർക്കീസ് ചക്രവർത്തിക്കു മുൻകൂട്ടി കത്തുകളയച്ചിരുന്നു. ദിവ്യസംരക്ഷണം ലഭിച്ച ചക്രവർത്തി അത്യധികം സന്തോഷിച്ചുകൊണ്ട്, അദ്ദേഹത്തെ എതിരേല്ക്കാനായി രാജകീയ പടവുകൾ അയച്ചുകൊടുത്തു. അവയിൽ കയറി പാത്രിയർക്കീസ് എപ്പിഫാനിയസ്, എവുസേബിയസ് പിതാവ്, എഫേസോസ് മെത്രാൻ ഹിപാസ്യൂസ് എന്നിവർ അദ്ദേഹത്തെ സ്വീകരിക്കാൻ പുറപ്പെട്ടു. അവർ അദ്ദേഹത്തെ സ്വീകരിച്ച് ചക്രവത്തിയുടെ പക്കലേക്ക് ആനയിച്ചു. മുമ്പ് അനസ്താസ്യൂസിന്റെ കാലത്ത് ദൈവം ചെയ്തതുപോലെ, തന്റെ ദാസനെ അനുഗമിക്കുന്ന കൃപയെ അവിടുന്ന് ചക്രവർത്തിക്കു കാട്ടിക്കൊടുത്തു. മേല്പറഞ്ഞ മെത്രാന്മാരോടുകൂടി കൊട്ടാരത്തിൽ പ്രവേശിച്ച് കർത്തനു പിന്നിലെത്തിയപ്പോൾ ദൈവം ചക്രവർത്തിയുടെ കണ്ണുകൾ തുറന്നു. ദൈവകൃപയുടെ തേജസ്സ് ഒരു കിരീടത്തിന്റെ രൂപത്തിൽ ആ വൃദ്ധന്റെ തലയിൽനിന്നു കത്തിജ്വലിക്കുകയും സൂര്യകിരണങ്ങൾ പോലെ പുറപ്പെടുവിക്കുകയും ചെയ്യുന്നതായി ചക്രവർത്തി കണ്ടു. അദ്ദേഹം ഓടിച്ചെന്ന് സാബാസിനു സ്വസ്തി പറഞ്ഞു; സന്തോഷാശ്രുക്കളോൽ അദ്ദേഹത്തിന്റെ ദിവ്യശിരസ്സിനെ ചുംബിച്ചു. അദ്ദേഹത്തിന്റെ അനുഗ്രഹം പ്രാപിച്ചശേഷം പലസ്തീനായിൽനിന്നുള്ള മെമ്മോറാണ്ഡം അദ്ദേഹത്തിന്റെ കൈയിൽനിന്നുവാങ്ങി. അകത്തു

www.malankaralibrary.com

പോയി അഗ്ഗസ്താ തിയഡോറായെ അനുഗ്രഹിക്കാൻ നിർബ്ബ പൂർവ്വം ക്ഷണിച്ചു.

മൂപ്പൻ അകത്തുകടന്നപ്പോഠം അഗ്ഗസ്താ സന്തോഷപൂർവ്വം അദ്ദഹത്തെ സ്വീകരിച്ചു; ബഹുമാനപൂർവ്വം അദ്ദേഹത്തെ അഭി സംബോധന ചെയ്തിട്ട് ഇപ്രകാരം അപേക്ഷിച്ചു: ''പിതാവേ ദൈവം എനിക്ക് ഉദരഫലത്തെ നൽകുവാനായി എനിക്കു വേണ്ടി പ്രാർത്ഥിച്ചാലും.'' ശ്രേഷ്ഠൻ പ്രത്യുത്തരിച്ചു: ''എല്ലാ വരുടെയും യജമാനനായ ദൈവം നിൻെറ സാമ്രാജ്യം സംര ക്ഷിക്കും.'' അഗ്ഗസ്താ വീണ്ടും പറഞ്ഞു: ''പിതാവേ, ദൈവം എനിക്കൊരു കുഞ്ഞിനെ തരുവാൻ പ്രാത്ഥിച്ചാലും''. ശ്രേഷ്ഠൻ മറുപടിയായി പറഞ്ഞു: ''മഹത്വത്തിൻെറ ദൈവം നിൻെറ സാമ്രാജ്യത്തെ ഭക്തിയിലും വിജയത്തിലും കാത്തുസൂക്ഷിക്കും.'' അവളുടെ അപേക്ഷ അംഗീകരിക്കാത്തതിൽ അഗ്ഗസ്താ ദുഃഖിത യായി.

അവൻ അവളുടെ സന്നിധിയിൽനിന്ന് പോയപ്പോഠം അവനോടുകൂടെയുള്ള പിതാക്കന്മാർ അവനോടിപ്രകാരം സംശയം ചോദിച്ചു: ''അവഠം ആവശ്യപ്പെട്ടതുപോലെ പ്രാർത്ഥിക്കാതെ എന്തുകൊണ്ടാണ് അങ്ങ് അഗ്ഗസ്തായെ വിഷ മിപ്പിച്ചത്?'' ശ്രേഷ്ഠൻ മറുപടി പറഞ്ഞു: ''പിതാക്കന്മാരേ എന്നെ വിശ്വസിക്കുവിൻ. അവളുടെ ഉദരഫലം സെവേറു സിൻെറ പ്രബോധനം വലിച്ചുകീറുകയും അനസ്താസ്യസി നേക്കാഠം സഭയ്ക്കു നാശം വരുത്തിവയ്ക്കുകയും ചെയ്യാതിരിക്കാ നായി അവളുടെ ഉദരത്തിൽനിന്നു ഒരിക്കലും ഫലം പുറപ്പെടു കയില്ല.[32]

കൊട്ടാരത്തിൽ താമസിക്കാൻ അവക്കു ക്ഷണം കിട്ടി. ദൈവസംരക്ഷിതനായ ചക്രവർത്തിക്കു വന്ദ്യവയോധികൻെറ കയ്യിൽനിന്നു് പലസ്തീനായിലെ സഭകളുടെ മെമ്മോറാണ്ഡം കിട്ടിയപ്പോഠം സമറിയാക്കാർക്കെതിരായി അദ്ദേഹം വീണ്ടും രോഷാകുലനായി. മേലിൽ സമരിയാക്കാർ യോഗങ്ങഠം

32. തിയഡോറാ ഏകസ്വഭാവവാദികളെ പിൻതുണച്ചുകൊണ്ടി രുന്നു. അവർ സെവേറുസിനെയും മററും സഹായിക്കുകയും ഏകസ്വഭാവ വാദികഠംക്കെതിരായി കർക്കശ നിലപാട് എടുക്കാതിരിക്കാൻ ചക്രവർത്തിയെ പ്രേരിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

കൂടാൻ പാടില്ല, നാട്ടിൽനിന്നു് അവരെ ആട്ടിപ്പുറത്താക്കണം, തങ്ങളുടെ മതക്കാർക്കു് ഇഷ്ടദാനം ചെയ്യാൻ അവർക്കവകാശമില്ല, സമ്മാനം എന്ന പേരിൽ അങ്ങോട്ടും ഇങ്ങോട്ടും കൈമാററം ചെയ്യാൻ പാടില്ല എന്നു തുടങ്ങി ഡിക്രികൾ അഥവാ നിയമങ്ങൾ അദ്ദേഹം പുറപ്പെടുവിച്ചു. നിയമരാഹിത്യത്തിനു് അവർക്കെതിരെ, പ്രത്യേകിച്ച് നേതാക്കൾക്കെതിരെ മരണശിക്ഷയും അദ്ദേഹം പുറപ്പെടുവിച്ചു. ഈയവസരം, അർസേനിയുസിനെ കൊല്ലാനുള്ള ഓർഡർ ചക്രവർത്തി പുറപ്പെടുവിച്ചു. കുറച്ചുകാലത്തേക്കു് അയാൾ ഒളിവിൽ കഴിഞ്ഞു. പിന്നീടു് അയാൾ ഭാഗ്യവാനായ സാബാസ് രാജകീയ നഗരത്തിൽ താമസിക്കുമ്പോൾതന്നെ അദ്ദേഹത്തിൻെറ പക്കൽ അഭയം തേടി, അയാളും കുടുംബം മുഴുവനും സ്നാനപ്പെട്ടു.

## 72. ചക്രവർത്തിക്ക് അപേക്ഷകൾ സമർപ്പിക്കുന്നു.

കുറേ ദിവസങ്ങൾക്കുശേഷം വിശുദ്ധ സാബാസിനെ ചക്രവർത്തി വിളിച്ചിട്ടു് ഇപ്രകാരം പറഞ്ഞു: "പിതാവേ, അങ്ങു് മരുഭൂമിയിൽ ധാരാളം ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നു് ഞാൻ കേട്ടിരിക്കുന്നു. അവയിൽ അങ്ങേയ്ക്കിഷ്ടമുള്ളതിനുവേണ്ടി, അതിലെ അന്തേവാസികളുടെ ആവശ്യങ്ങൾക്കു വേണ്ടി ഒരാദായമാർഗ്ഗം ചോദിച്ചുകൊള്ളുക. നമ്മുടെ ചുമതലയ്ക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന രാജ്യത്തിനുവേണ്ടി സന്ന്യാസികൾ പ്രാർത്ഥിക്കുന്നതിനായി, ഞാൻ അക്കാര്യം ചെയ്തുതരാം."

സാബാസ് മറുപടി പറഞ്ഞു: "അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നവർക്കു് ആദായമാർഗം ആവശ്യമില്ല. കാരണം അവരുടെ അവകാശവും വരുമാനമാർഗവും കർത്താവാണു്. ആകാശത്തു നിന്നു് അപ്പം വർഷിച്ചവനാണവിടുന്നു്. അനുസരണം ഇല്ലാത്തവരും പിടലികടുത്തവരുമായ ജനതയ്ക്കുവേണ്ടി പക്ഷികളെ വർഷിച്ചവനാണു് അവിടുന്നു്. ഏററം ഭക്തനായ ചക്രവർത്തീ, പലസ്തീനയിലെ വിശുദ്ധ പള്ളികളുടെ സംരക്ഷണാർത്ഥം നികുതികൾ ഇളവുതരണമെന്നും, സമറിയാക്കാർ കത്തിച്ചുകളഞ്ഞ വിശുദ്ധ മന്ദിരങ്ങൾ വീണ്ടും പണിയണമെന്നും കൊള്ളയടിക്കപ്പെട്ടു് ഒന്നുമില്ലാത്തവരായിത്തീർന്ന പലസ്തീനയിലെ ക്രിസ്ത്യാനികളെ സഹായിക്കണമെന്നും അങ്ങയോടു് അപേക്ഷിക്കുന്നു. അതുപോലെ അപരിചിത

www.malankaralibrary.com

രായ രോഗികരംക്കായി വിശുദ്ധ നഗരത്തിൽ ഒരാശുപത്രി പണിയണമെന്നും അപേക്ഷിക്കുന്നു. കുറേക്കാലം മുൻപു് ഞങ്ങളുടെ ആർച്ചുബിഷപ്പ് ഏലിയാസ് അടിസ്ഥാനമിട്ട ദൈവമാതാവിൻെറ പള്ളിപണിയണം; ഇതു് അങ്ങേയ്ക്കു് പ്രത്യേകമായി അനുയോജ്യമാണ്, കാട്ടാളന്മാരുടെ കടന്നാക്രമണത്തെ ചെറുക്കാൻ, അങ്ങയുടെ ദാസൻ സ്ഥാപിച്ച ആശ്രമങ്ങളുടെ അടിവാരത്തുകൂടി പൊതുചിലവിൽ മരുഭൂമിയിൽ ഒരു കോട്ട കെട്ടാൻ അതിമഹനീയനായ സമ്മുസിനു് കല്പന കൊടുക്കണമെന്നും ഞങ്ങരം അപേക്ഷിക്കുന്നു. ദൈവത്തിനു പ്രീതികരമായ ഈ അഞ്ചുകാര്യങ്ങരംക്കു പകരമായി അങ്ങയുടെ സാമ്രാജ്യത്തോട് അങ്ങേയ്ക്കു മുൻപു ഭരിച്ചവർ നഷ്ടപ്പെടുത്തിയതും, ആഫ്രിക്ക, റോം, ഹൊണൊറിയൂസിൻെറ സാമ്രാജ്യത്തിൻെറ ബാക്കിഭാഗങ്ങരം എന്നിവ ദൈവം ചേർത്തുതരും. അങ്ങനെ നെസ്തോറിയുസിൻെറയും ഒരിജനേറയും പാഷണ്ഡതകളോടുകൂടി അങ്ങ് ആരിയൻ പാഷണ്ഡതയെ പിഴുതെറിയുന്നതിനും, ദൈവത്തിൻെറ സഭയെയും നഗരത്തെയും പാഷണ്ഡരുടെ നാശത്തിൽ നിന്നു് വിമുക്തമാക്കുന്നതിനുമാണിതു്.

ഈ മൂന്നു പാഷണ്ഡതകരം പ്രത്യേകമായി ഇല്ലാതാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതു് എന്തിനാണെന്ന് ഞാൻ വിശദീകരിക്കാം. അദ്ദേഹം ആര്യൻ പാഷണ്ഡതകളെപ്പററി സൂചിപ്പിച്ചതിനു കാരണമുണ്ടു്. ഈയവസരം ഗോത്യർ, വിസിഗോത്യർ, വാൻഡൽസ്, ജെപിഡ്സ് തുടങ്ങിയ ആര്യന്മാരായിരുന്നു പടിഞ്ഞാറു മുഴുവൻ ഭരിച്ചുകൊണ്ടിരുന്നതു്. ചക്രവർത്തി അവരെയെല്ലാം കീഴടക്കാൻ പോകുകയാണെന്ന് ആത്മാവിൽ ഉറപ്പായി അദ്ദേഹം അറിഞ്ഞിരുന്നു. തൻെറ കൂടെവന്ന ചില സന്യാസികരം ബസിലിക്കയിൽവച്ച് അപ്പൊസ്ക്കിസ്തരുമായി തർക്കിച്ചപ്പോരം തിയഡോറിൻെറ പക്ഷം ചേരുന്നതു കണ്ടതിനാലാണ് അദ്ദേഹം നെസ്തോറിയുസിൻെറ പാഷ്ണ്ഡതയെപ്പററി പറഞ്ഞതു്.[33]

---

33. കാൽസിഡോണിയരും കാൽസിഡോൺ വിരുദ്ധരും തമ്മിൽ 530—531 ൽ നിരവധി ഐക്യചർച്ചകരം നടന്നു. എന്നാൽ കാൽസിഡൺ വിരുദ്ധർ കത്തോലിക്കാസഭയിൽ ചേരും എന്നു് ജസ്റ്റീനിയൻ പ്രതീക്ഷിച്ചതു് അസ്ഥാനത്തായിപ്പോയി.

www.malankaralibrary.com

പരിത്യജിക്കേണ്ട പാഷണ്ഡതകളുടെ കൂട്ടത്തിൽ ഒരിജന്റെ നശീകരണ പാഷണ്ഡതയും അവൻ ഉൾപ്പെടുത്തി. തന്റെ കൂടെ ഉണ്ടായിരുന്ന സന്യാസികളിലൊരുവനും ബിസന്റയിൻകാരനുമായ ലെയോൺസ്യൂസ് ഒരിജന്റെ പ്രബോധനങ്ങൾ സ്വീകരിക്കുന്നതായി അവൻ കണ്ടു. പുതിയ ലൗറയിലെ അധ്യക്ഷനായിരുന്ന അഗപ്പേററസിന്റെ മരണശേഷം നോണ്ണുസിനോടൊപ്പം അവിടെ സ്വീകരിക്കപ്പെട്ടവനായിരുന്നു ലെയോൺസ്യൂസ്. കാൽസിഡൺ കൗൺസിലിനെ പിൻതാങ്ങുന്നു എന്നു് അവകാശപ്പെട്ടെങ്കിലും അയാൾ ഒരിജന്റെ വീക്ഷണങ്ങൾ പുലർത്തിയതായി കണ്ടെത്തപ്പെട്ടു. ഇതു് കേൾക്കുകയും ഭാഗ്യവാനായ അഗപ്പേററസിന്റെ വാക്കുകൾ ഓർക്കുകയും ചെയ്തുകൊണ്ടു് നമ്മുടെ പിതാവായ സാബാസു് കാഠിന്യപൂർവം പെരുമാറിക്കൊണ്ടു് ലെയോൺസ്യൂസിനെയും തിയഡോറിന്റെ വീക്ഷണങ്ങൾ പുലർത്തുന്നവരെയും പുറത്താക്കുകയും തന്റെ കൂട്ടുകെട്ടിൽ നിന്നൊഴിവാക്കുകയും ഈ രണ്ടു് പാഷണ്ഡതകളെയും പുറന്തള്ളാൻ ചക്രവർത്തിയോടു പറയുകയും ചെയ്തു.

## 73. ആവശ്യങ്ങൾ അംഗീകരിക്കപ്പെടുന്നു

നമ്മുടെ അതിഭക്തനായ ചക്രവർത്തി, നമ്മുടെ പിതാവായ സാബാസിന്റെ എല്ലാ ആവശ്യങ്ങളും ഒട്ടും താമസം കൂടാതെ സാധിച്ചുകൊടുത്തു. നല്ലവനായ ദൈവം അദ്ദേഹത്തിന്റെ പ്രവചനങ്ങളെല്ലാം യാഥാർത്ഥ്യമാക്കിക്കൊടുത്തു. താഴെക്കാണുന്നതിൽ നിന്നു് അതു് വളരെ വ്യക്തമാകും.

ഒന്നാമതായി, ആർച്ചുബിഷപ്പു് പീററിനും പലസ്തീനയിലെ ഗവർണർമാർക്കും രാജകീയ കല്പനകൾ അയച്ചു. തദനുസരണം, പലസ്തീനയിലെ ഒന്നും രണ്ടും പ്രോവിൻസുകളിൽ സമറിയാക്കാർ കത്തിച്ച കെട്ടിടങ്ങൾ പരിശോധിക്കാനായി അസ്കലോൻ മെത്രാൻ അന്തോണിയേയും പെല്ലാ മെത്രാൻ സക്കറിയാസിനെയും നിയമിച്ചു. ഓരോ സ്ഥലത്തും സംഭവിച്ച നാശനഷ്ടങ്ങൾക്കനുസൃതമായി, കൊടുക്കാൻ ഒൻപതും പത്തും ഇൻഡിക്ഷനിലെ നികുതികളിൽ നിന്നു് പതിമൂവായിരം പൗണ്ടു് സ്വർണനാണയങ്ങൾ കൊടുക്കണമെന്നും കല്പിച്ചു.

www.malankaralibrary.com

അടുത്തതായി, കത്തിച്ച പ്രാർത്ഥനാലയങ്ങൾ പരിശോധിച്ച് ഓരോന്നും പുനർനിർമ്മിക്കാനാവശ്യമുള്ള പണം എത്രയെന്നു് തീരുമാനിക്കണമെന്നും, പൊതുഫണ്ടിൽനിന്നോ സ്റ്റീഫൻപ്രഭു, സമറിയാക്കാരുടെ വസ്തുവകകളിൽനിന്നെടുത്തോ ഈ തുക കൊടുക്കണം എന്നും കല്പിച്ചു. മെത്രാന്മാർക്ക് ആവശ്യമുള്ള സഹായങ്ങൾ ഒക്കെ കൊടുത്തു് അവരെ രക്ഷിക്കണമെന്നും അയാൾക്ക് നിർദ്ദേശം കൊടുത്തു.

വൃദ്ധൻെറ മൂന്നാമത്തെ ആവശ്യത്തിനു്, "വിശുദ്ധനഗരമധ്യത്തിൽ നൂറു കിടക്കകളുള്ള ആശുപത്രി പണിയാൻ കല്പിച്ചു. അതിനു് നികുതിയില്ലാത്ത 1850 നാണയങ്ങൾ ആദ്യവർഷം നൽകാനും നിർദ്ദേശിച്ചു. അതു് 200 കിടക്കകളാക്കി വർദ്ധിപ്പിക്കാനും അതനുസരിച്ചു് തുകയില്ലാതെ കൊടുക്കാനും കല്പിച്ചു.

വൃദ്ധൻെറ നാലാമത്തെ അപേക്ഷ നടപ്പാക്കാൻ ചക്രവർത്തി വലിയ താൽപര്യം കാണിച്ചു. നിത്യകന്യകയായ വിശുദ്ധ ദൈവമാതാവിൻെറ പുതിയ പള്ളി ജറുസലേമിൽ പണിയാൻ തിയഡോർ എന്ന ശില്പിയെ അയച്ചു. പണിക്കാവശ്യമായ പണം കൊടുക്കണമെന്നു് പലസ്തീനയിലെ ട്രഷറി ഉദ്യോഗസ്ഥന്മാരോട് കല്പിച്ചു. പണിയുടെ പൊതുചുമതല ആർച്ചുബിഷപ്പ് പീററിനായിരുന്നെങ്കിലും പണിയുടെ മേൽനോട്ടം ബകാതായിലെ മെത്രാൻ ബറാക്കസിനായിരുന്നു. വലിയൊരു സംഖ്യ പണിക്കാരുടെ സഹായത്തോടുകൂടി 12 വർഷംകൊണ്ടു്, നിത്യകന്യകയും സ്തുത്യർഹയുമായ ദൈവമാതാവിൻെറ പള്ളി പണിതു്, മനോഹരമായി അലങ്കരിച്ചു് കൂദാശാകർമ്മം നടത്തി. ഈ ബഹുമാന്യ കെട്ടിടത്തിൻെറ വലിപ്പവും കണ്ണഞ്ചിക്കുന്ന തിളക്കവും മനോഹരമായ അലങ്കാരങ്ങളും വിവരിക്കുന്നതു് അധികപ്പററായിരിക്കും. കാരണം അതു് നമ്മുടെ കണ്ണുകൾക്കുമുൻപിൽ നിലകൊള്ളുന്നു; മനുഷ്യർ അത്ഭുതപരതന്ത്രരാകുന്നതും ഗ്രീക്കുകാർ അവരുടെ ചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ എല്ലാപുരാതന കാഴ്ചകളെയും വിവരണങ്ങളെയും അതു് ഉല്ലംഘിക്കുന്നു. ദിവ്യസാബാസിൻെറ നാലാം അഭ്യർത്ഥനയുടെ ഫലമായിരുന്നിതു്.

ദിവ്യസാബാസിൻെറ അഞ്ചാം അഭ്യർത്ഥനയെ മാനിച്ചു് നമ്മുടെ അതിഭക്തനായ ചക്രവർത്തി, സുമ്മുസിനു് ഒരു ഡിക്രി

www.malankaralibrary.com

അയച്ചു. സാബാസിനു് ഒരു കോട്ട പണിയാനും അദ്ദേഹത്തിന്റെ ആശ്രമങ്ങളെ സംരക്ഷിക്കാൻ പട്ടാളക്കാരെ കാവലിടാനുമായി പലസ്തീനയിലെ വരുമാനത്തിൽ നിന്നുള്ള പൊതു ഫണ്ടിൽ നിന്നു് ആയിരം നാണയങ്ങൾ ആബാ സാബാസിനു കൊടുക്കണമെന്നു കല്പിച്ചു.

മാഞ്ഞൗരാ എന്നു വിളിക്കപ്പെടുന്നിടത്തു് കൊസ്ററർ ത്രിബോണിയനോടുകൂടി നമ്മുടെ ദൈവസംരക്ഷിത ചക്രവർത്തി ഈ കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഭാഗ്യവാനായ സാബാസ് അല്പം അകന്നുമാറി ദാവീദിന്റെ സങ്കീർത്തനങ്ങൾ തനിയെ ചൊല്ലിക്കൊണ്ടു് മൂന്നാം മണിയുടെ യാമപ്രാർത്ഥനനടത്തി. അദ്ദേഹത്തിന്റെ ശിഷ്യരിലൊരുവനും വലിയ ലൗറയിലെ ഡീക്കനുമായ ജറെമിയാസ് അദ്ദേഹത്തിന്റെ അടുത്തുവന്നുപറഞ്ഞു: ''വന്ദ്യപിതാവേ, അങ്ങയുടെ അഭ്യർത്ഥനകൾ നടപ്പാക്കാൻ ചക്രവർത്തി ഇത്രയും തീക്ഷ്ണത കാണിക്കുമ്പോൾ അങ്ങെന്താണു് ഒരരികിൽ മാറിനില്ക്കുന്നതു്?'' ശ്രേഷ്ഠൻ മറുപടിപറഞ്ഞു: ''എന്റെ കുട്ടീ, അവർ അവരുടെ ജോലി ചെയ്യുന്നു. നമുക്കു് നമ്മുടെ ജോലി ചെയ്യാം.''

## 74. സാബാസ് പലസ്തീനായിലേക്ക് തിരികെ പോകുന്നു.

ചക്രവർത്തി ഈ ക്രമീകരണങ്ങളെല്ലാംവരുത്തി തന്റെ തീട്ടൂരം കൊടുത്തു് ഈ വന്ദ്യവയോധികനെ സമാധാനത്തിൽ യാത്രയാക്കി. ഈ വൃദ്ധന്റെ പ്രവചനം പൂർത്തിയാക്കിക്കൊണ്ടു് ദൈവം അനന്തമായി ചക്രവർത്തിക്കു പ്രതിഫലം നൽകി. തന്റെ മുൻഗാമികൾക്കാർക്കും സാധിക്കാത്ത തരത്തിൽ അധികം താമസിയാതെ ചക്രവർത്തി രണ്ടു വിജയങ്ങൾ കൊണ്ടു് കിരീടമണിയുകയും രണ്ടു ട്രോഫികൾ സ്ഥാപിക്കുകയും ചെയ്തു. നുഴഞ്ഞുകയററക്കാരിൽനിന്നു് അദ്ദേഹം റോമും ആഫ്രിക്കയും വീണ്ടെടുത്തു; റോമിലെ വിററിഗിസ്, ആഫ്രിക്കയിലെ ജെലിമെർ എന്നീ രണ്ടു രാജാക്കന്മാരെ തന്റെ മുമ്പിൽ കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുവന്നു. ഇപ്രകാരം ചുരുങ്ങിയ സമയം കൊണ്ടു് റോമൻ സാമ്രാജ്യത്തിനുവേണ്ടി കരയുടെയും കടലിന്റെയും പകുതി അദ്ദേഹം വീണ്ടെടുത്തു.

www.malankaralibrary.com

ആര്യൻകാരായ മേല്പറഞ്ഞ നഴഞ്ഞുകയററക്കാരുടെ മേല്ക്കോയ്മ യിൽനിന്ന് പടിഞ്ഞാറുമുഴുവൻ മോചിപ്പിച്ചു. അതിനുശേഷം ആ വന്ദ്യവയോധികന്റെ നിർദ്ദേശാനുസരണം, കുറഞ്ഞപക്ഷം പ്രവചനം അനുസരിച്ച്, ആര്യൻ ദേവാലയങ്ങൾ എല്ലാം തകർത്തുകളയണമെന്ന് അദ്ദേഹം ഉത്തരവിറക്കി. അതിനു പുറമേ, കലീനമായി വ്യാപരിച്ചുകൊണ്ട്, തന്റെ രാജകീയ ഡിക്രികൾവഴിയും കോൺസ്റ്റാൻറിനോപ്പിളിൽ ഈയടുത്ത കാലത്തു കൂടിയ എക്യുമെനിക്കൽ കൗൺസിൽവഴിയും നെസ്തോറിയുസിന്റെയും ഒരിജന്റെയും പാഷണ്ഡതകളെ അദ്ദേഹം കീഴടക്കി ശപിച്ചു. ഇതേപ്പററി പിന്നാലെ പ്രതിപാദിക്കാം.

നേരത്തെ പറഞ്ഞതുപോലെ ആ വന്ദ്യവയോധികൻ ബിസാൻസ്യത്തിലെ ലെയോൺസ്യൂസിനെയും മോപ്സുവെസ്ത്യായിലെ തിയഡോറിന്റെ അനുയായികളെയും തന്റെ സമൂഹത്തിൽനിന്നു പുറംതള്ളി; അവരെ കോൺസ്റ്റാൻറിനോപ്പിളിൽ വിട്ടിട്ട്, ഒൻപതാം ഇൻഡിക്ഷനിലെ സെപ്തംബറിൽ (530) പലസ്തീനയിലേക്ക് കപ്പൽകയറി. ജറുസലേമിൽ എത്തിയിട്ട് രാജകീയ തീട്ടൂരങ്ങളെല്ലാം പ്രസിദ്ധമാക്കി; ബിസാൻസ്യത്തുനിന്നു കൊണ്ടുവന്ന പണം തന്റെ ആശ്രമങ്ങൾക്കു വിതരണം ചെയ്തു. പണം ഇപ്രകാരം വിതരണം ചെയ്തതിൽ പ്രതിഷേധിച്ച് മേല്പറഞ്ഞ ജറമിയാസ് തദവസരം വലിയ ലൗറാ വിട്ടു. 'ഗുഹയുടെ ആശ്രമത്തിനു' ഏതാണ്ട് അഞ്ചു സ്റ്റേഡിയാ വടക്കുമാറി ഒരു മരുഭൂമലയിടുക്കിൽ താമസം തുടങ്ങി. നമ്മുടെ പിതാവായ സാബാസ് അയാളെ സന്ദർശിച്ചു. ആ സ്ഥലം അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടു. ജോലിക്കാരും പണവും സാധനങ്ങളുമായി അദ്ദേഹം അവിടെച്ചെന്ന്, വളരെ പാടുപെട്ട്, കുറച്ചുസമയംകൊണ്ട് ഒരു ചെറിയ പ്രാർത്ഥനാലയവും അറകളും പണിയിച്ചു. അവിടെ താമസിക്കാൻ സഹോദരന്മാരെയും പറഞ്ഞയച്ചിട്ട് ജറമിയാസിനെതന്നെ അവരുടെ അധ്യക്ഷനാക്കി. തന്റെ വലിയ ലൗറായുടെ നിയമങ്ങൾ അവർക്കു നൽകി. അങ്ങനെ ദൈവകൃപയാൽ അദ്ദേഹം അതിനെ ഒരു ലൗറയാക്കി. അതിപ്പോഴുമുണ്ട് ഭാഗ്യവാനായ ജറമിയാസിന്റെ പേരിലാണ് അതു് അറിയപ്പെടുന്നതു്.

www.malankaralibrary.com

## 75. സാബാസ് ഷിതോപ്പൊളീസിൽ

നേരത്തെ പറഞ്ഞതുപോലെ, രാജകീയതീട്ടരങ്ങൾ ജറുസലേമിൽ പ്രസിദ്ധീകരിച്ചപ്പോൾ, അത് കേസറിയായിലും ഷിതോപ്പൊളീസിലും പ്രസിദ്ധീകരിക്കാനായി, നമ്മുടെ ആർച്ചുബിഷപ്പിൻെറയും മററ് മെത്രാന്മാരുടെയും അഭ്യർത്ഥനയാൽ നമ്മുടെ പിതാവായ സാബാസ് അവിടേക്ക് പുറപ്പെട്ടു. അദ്ദേഹം ഷിതോപ്പൊളീസിൽ എത്തിയപ്പോൾ, അങ്ങേയ്ക്കറിയാവുന്നതുപോലെ, തിയഃഡോഷ്യസ് മെത്രാപ്പൊലീത്തായും എൻെറ പിതാവുംപ്പെടെയുള്ള ജനക്കൂട്ടം മുഴവനും അദ്ദേഹത്തെ സ്വീകരിക്കാൻ പുറപ്പെട്ടുവന്നു. മെത്രാപ്പോലീത്തായുടെ അസ്സസ്സർ എന്ന നിലയിൽ ഈ അവസരം മെത്രാസനാരമനയിൽ അധികാരമുള്ളയാളായിരുന്നു എൻെറ പിതാവ്. രാജകീയ തീട്ടരങ്ങൾ വായിച്ചിട്ട് ആ വന്ദ്യവയോധികൻ മെത്രാസന അരമനയിലേക്കാനയിക്കപ്പെട്ടു. എന്നാൽ അദ്ദേഹം താമസിച്ചതു് വിശുദ്ധ രക്തസാക്ഷിയായ പ്രൊക്കോപ്പിയുസിൻെറ ആശ്രമത്തിലാണ്. എൻെറ പിതാവ് അദ്ദേഹത്തിൻെറ സന്തതസഹചാരി ആയിരുന്നു. ഞാൻ എൻെറ പിതാവിൻെറ കൂടെയുണ്ടായിരുന്നു. കൊച്ചു കുട്ടിയായിരുന്ന ഞാൻ ആ വന്ദ്യവയോധികൻെറ പാദം ചുംബിച്ചപ്പോൾ അദ്ദേഹം എന്നെ പിടിച്ചുയർത്തി ചുംബിച്ചിട്ട് എൻെറ പിതാവിനോടു പറഞ്ഞു: "ഇപ്പോൾ മുതൽ ഈ കുട്ടി എൻെറ ശിഷ്യനും മരുഭൂമിയിലെ പിതാക്കന്മാരുടെ പുത്രനുമാണ്." അദ്ദേഹം മെത്രാപ്പോലീത്തായോടുപറഞ്ഞു: 'എൻെറ പൊന്നുതമ്പുരാനേ, ഞാൻ ഈ കുട്ടിയെ അങ്ങയെ ഭരമേല്പിക്കുന്നു. അവനെ നോക്കിക്കൊള്ളണം. കാരണം എനിക്കവനെ ആവശ്യമുണ്ട്." എൻെറ പിതാവ് ഇക്കാര്യം എൻെറ അമ്മയോടുപറഞ്ഞു. ഉടനെ അദ്ദേഹത്തെ സന്ദർശിച്ച് തൻെറ ബഹുമാനാദരവുകൾ അർപ്പിക്കാൻ അവൾ ആഗ്രഹിച്ചു. ഏകാന്തവാസിയായ ആബാ പ്രൊക്കോപ്പിയുസിനെ കാണാൻ മാർതോമായുടെ ജില്ലയിലേക്ക് പോകാൻ തുടങ്ങിയപ്പോൾ, എൻെറ അപ്പൻ അമ്മയോടു വിവരം പറഞ്ഞു, ഉടനെ ഞാനും അമ്മയും കൂടി ശ്ലീഹായുടെ പള്ളിയിലേക്കുപോയി. അദ്ദേഹം അവിടെ വന്നപ്പോൾ എൻെറ പിതാവ് അദ്ദേഹത്തെ ഒരു വശത്തേക്കുവിളിച്ചിട്ട്

www.malankaralibrary.com

എന്റെ അമ്മയെ പരിചയപ്പെടുത്തി. അവരം ബഹുമാനാദരവു കരം കാണിച്ചു, അവരം ദൈവത്തിന്റെ ദാസിയായിരുന്നെന്നറിഞ്ഞപ്പോരം, അദ്ദേഹം അവളെ അനുഗ്രഹിച്ചു. എന്നെ നോക്കി അദ്ദേഹം പറഞ്ഞു ''നോക്കുക, ഇതാ, എന്റെ ശിഷ്യനായ സിറിൽ; ഞാൻ സാഷ്ടാംഗപ്രണാമം ചെയ്തപ്പോരം അദ്ദേഹം എന്നെ അനുഗ്രഹിച്ച് പിടിച്ചെഴുന്നേൽപ്പിച്ചു. എന്നിട്ട് എന്റെ പിതാവിനോടു പറഞ്ഞു: ''എനിക്കിവനെ ആവശ്യമുള്ളതിനാൽ ഇവനെ സങ്കീർത്തനങ്ങരം പഠിപ്പിക്കണം. ഇപ്പോരം മുതൽ ഇവൻ എന്റെ ശിഷ്യനാണ്.''

ഇത്രയും പറഞ്ഞിട്ട് അദ്ദേഹം എന്റെ അമ്മയെ അനുഗ്രഹിച്ചുപറഞ്ഞയച്ചു. ഞാനും എന്റെ പിതാവും അദ്ദേഹത്തോടൊപ്പം നിന്നു. ആബാ പ്രൊക്കോപ്പിയുസിനെ കണ്ട് അദ്ദേഹത്തിന്റെ കൂടെ ഭക്ഷണം കഴിച്ച ശേഷം ഞങ്ങരം മെത്രാസനാരമനയിലേക്കു മടങ്ങി.

പിറേറദിവസം ജറുസലേമിലേയ്ക്കു മടങ്ങുന്നതിനു തൊട്ടു മുൻപ് ആ വൃദ്ധൻ എന്റെ പിതാവിന്റെ കൂടെ ഞങ്ങളുടെ ഭവനത്തിൽ വന്നു. എന്റെ പിതാവിനെയും മാതാവിനെയും എന്നെയും അനുഗ്രഹിച്ചു. അതിനുശേഷം തന്റെ അനുയായികളായ പിതാക്കന്മാരോടുകൂടി ഷിതോപ്പൊളീസിൽ നിന്നു പോയി.

വന്ദ്യപിതാവേ, ഭാഗ്യവാനായ സാബാസിന്റെ ലൗറായിൽ പ്രവേശിക്കാൻ അങ്ങ് എന്നെ ഉപദേശിച്ചപ്പോരം, അങ്ങേയ്ക്കിതെല്ലാം അറിയാമെന്ന് എന്നോടു പറഞ്ഞു എന്നു ഞാൻ കരുതുന്നു. അത് എന്തായാലും പുതിയ ലൗറയും അദ്ദേഹം സ്ഥാപിച്ചതാണെന്നും ഒരിജനെ പിൻതുണയ്ക്കുന്നവരെല്ലാം പുറന്തള്ളപ്പെട്ടെന്നും ഞാൻ പറഞ്ഞപ്പോരം അങ്ങ് പറഞ്ഞു: ''അതേയതേ, എനിക്കതു് നന്നായറിയാം. എന്നാൽ അദ്ദേഹത്തിന്റെ നാമം വഹിക്കുന്ന ലൗറയിൽ പ്രവേശിക്കുന്നതാണ് നിനക്കു നല്ലതു്. ഈ കാര്യത്തിലും നമ്മുടെ വലിയ പിതാവായ സാബാസ് ഒരു പ്രവാചകനാണെന്ന് തെളിയുന്നതിന്, എങ്ങനെയായാലും ഇതു സംഭവിക്കുക തന്നെ ചെയ്യും എന്ന് എനിക്കറിയാം.''

www.malankaralibrary.com

ഇതാണ് അങ്ങ് എന്നോടു പറഞ്ഞതു്. എന്നെ സംബന്ധിച്ചാണെങ്കിൽ, ദൈവം അനുവദിക്കുന്നെങ്കിൽ, ഒരു വലിയ അറ നിർമ്മിച്ച് അതിൽ താമസിക്കുന്നതിനും, പറഞ്ഞതു പോലെ അദ്ദേഹത്തിൻെറ പ്രവചനം പൂർത്തിയാക്കുന്നതിനും അങ്ങയുടെ കല്പന അനുസരിക്കുന്നതിനും ഞാൻ ഒരുക്കമാണ്.

ആ അവസരം മുതൽ സ്നേഹപൂർവം മെത്രാപ്പോലീത്താ എൻെറ പിതാവിനോട് ഇപ്രകാരം ചോദിക്കാറുണ്ടായിരുന്നു: "ആബാ സാബാസിൻെറ ശിഷ്യൻ എങ്ങനെയുണ്ട്?" അതേ സമയം എന്നെ സങ്കീർത്തനങ്ങളും വി. പൗലോസിൻെറ ലേഖനങ്ങളും പഠിപ്പിക്കണമെന്ന് എൻെറ പിതാവിനെ അദ്ദേഹം നിർബന്ധിച്ചുകൊണ്ടിരുന്നു, അദ്ദേഹം എന്നെ അനുഗ്രഹിക്കുകയും സഭയിലെ ആദ്യപടിയിൽ എന്നെ കയററിക്കൊണ്ട് എനിക്ക് ആദ്യപട്ടം തരികയും ചെയ്തു.

രാജകീയ തീട്ടൂരം വായിക്കുകയും നാശനഷ്ടങ്ങളുടെ കണക്കെടുക്കുകയും ചെയ്തിട്ട്, സമറിയ മുഴവൻ ഉൾപ്പെടുന്ന ഒന്നാം പലസ്തീനസ്സ് പന്തീരായിരം പൗണ്ട് സ്വർണനാണയങ്ങളുടെ നികുതിയിളവ് അനുവദിച്ചു. ഷിതോപ്പൊളീസ് പ്രദേശത്തു് വലിയ നാശനഷ്ടം സംഭവിക്കാത്തതിനാൽ നൂറ് പൗണ്ടിൻെറ ഇളവ് അനുവദിച്ചാൽ മതിയെന്ന്, മെത്രാന്മാർ തീരുമാനിച്ചു. കത്തിച്ചുകളഞ്ഞ പള്ളികൾക്കുവേണ്ടി വളരെ പണം വ്യയം ചെയ്തു. കത്തിച്ചവ പുതുക്കിപ്പണിയുന്നതിലും ഉചിതമായി അലങ്കരിക്കുന്നതിലും പലസ്തീനയിലെ മെത്രാന്മാർ വളരെ ഔദാര്യം കാണിച്ചു.

## 76. സാബാസിൻെറ മരണം

ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള തൻെറ സേവനം പൂർത്തിയാക്കിയ ശേഷം ഭക്തനായ, മഹാനേതാവായ സാബാസ് ജറുസലേമിലേക്കു മടങ്ങി. പാത്രിയർക്കീസ് അദ്ദേഹത്തെ സന്തോഷപൂർവ്വം സ്വീകരിച്ചു. വിശുദ്ധ സ്ഥലങ്ങളോട് വിടവാങ്ങുന്ന രീതിയിൽ അവയെല്ലാം വണങ്ങിയ ശേഷം അദ്ദേഹം തൻെറ വലിയ ലൗറായിലേക്കുപോയി. അധികം വൈകാതെ അദ്ദേഹം രോഗിയായി. ഇതറിഞ്ഞ അതിവിശുദ്ധ മെത്രാനായ പീററർ അദ്ദേഹത്തെപ്പററി അന്വേ

www.malankaralibrary.com

ഷിക്കാൻ ചെന്നു. തന്റെ മുറിയിൽ കുറേ കാരൊബുപ്പഴങ്ങളും പഴകിയ ഈത്തപ്പഴങ്ങളുമേ ഉള്ളൂ എന്നു മനസ്സിലാക്കി, അദ്ദേഹത്തെ ഒരു മഞ്ചത്തിൽ കിടത്തി അരമനയിൽ കൊണ്ടുവന്നു. അവിടെ അദ്ദേഹം തന്റെ സ്വന്തം കൈകൊണ്ട് അദ്ദേഹത്തെ പരിചരിച്ച് ശുശ്രൂഷിച്ചു കുറച്ചു ദിവസങ്ങൾക്കകം താൻ മരിച്ചു പോകുമെന്ന് വെളിപ്പെടുത്തുന്ന ഒരു ദർശനം നമ്മുടെ പിതാവായ സാബസിനുണ്ടായി. ഇത് ആർച്ചു ബിഷപ്പിനെ അറിയിച്ചിട്ട്, തന്റെ മുറിയിൽ കിടന്നു മരിക്കാൻ വേണ്ടി, തന്റെ സ്വന്തം ലൗറയിലേക്കുപോകാൻ അനുവദിക്കണമെന്ന് ആർച്ചുബിഷപ്പിനോടപേക്ഷിച്ചു.

എല്ലാത്തരത്തിലും അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ആഗ്രഹിച്ച ആർച്ചുബിഷപ്പ് അദ്ദേഹത്തിനാവശ്യമുള്ള സാധനങ്ങളോടുകൂടി അദ്ദേഹത്തിന്റെ സ്വന്തം ലൗറായിലേക്ക് അയച്ചു. തന്റെ ഗോപുരത്തിൽ കിടക്കവെ, ഡിസംബർ ആരംഭത്തിൽ, ആ വൃദ്ധൻ ലൗറയിലെ പിതാക്കന്മാരെയെല്ലാം വിളിച്ചുകൂട്ടി മെലീതാസ് എന്നു പേരുള്ള ഒരു ബെയ്റൂട്ടുകാരൻ സന്യാസിയെ അവരുടെ അധ്യക്ഷനായി നിയമിച്ചു. തന്റെ ആശ്രമങ്ങളിലെ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടണമെന്ന് അയാളോടു നിർദ്ദേശിച്ചുകൊണ്ട് അവയെല്ലാം അയാൾക്ക് എഴുതിക്കൊടുത്തു. ഒരു ഭക്ഷണവും കഴിക്കാതെയും ആരോടും സംസാരിക്കാതെയും അദ്ദേഹം നാലുദിവസം അനങ്ങാതെ കിടന്നു. ശനിയാഴ്ച വളരെ വൈകി, പിറേറദിവസം പുലച്ചയ്ക്കു് അദ്ദേഹം കർബാനയാവശ്യപ്പെട്ടു; കുർബാന സ്വീകരിച്ചു. പിന്നീട് അവസാനമായി, "കർത്താവേ നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്നു പറഞ്ഞ് അദ്ദേഹം തന്റെ ആത്മാവിനെ വിട്ടു.

## 77. സാബാസിന്റെ ശവസംസ്കാരം

നമ്മുടെ പിതാവായ സാബാസ് നല്ല യുദ്ധം ചെയ്തു, തന്റെ ഓട്ടം പൂർത്തിയാക്കി, തന്റെ വിശ്വാസം കാത്തു; നീതിയുടെ കിരീടത്താൽ അദ്ദേഹം അലംകൃതനായി (2 തിമോ. 4:7-8). പത്താം ഇൻഡിക്ഷനിലെ ഡിസംബർ മാസം 5 നാണ് അദ്ദേഹം മരിച്ചത്. അതായത്, സൂര്യനെനോക്കി

www.malankaralibrary.com

കാലഗണന നടത്താൻ തുടങ്ങിയപ്പോൾ, ലോക സൃഷ്ടിക്കു ശേഷം 6024-ാം വർഷം; ശ്ലീഹന്മാരുടെ ശിഷ്യനും പൗരാണികനുമായ ഹിപ്പോളിററസ്, സൈപ്രസ് മെത്രാൻ എപ്പിഫാനിയസ്, താത്ത്വികനും വിശ്വാസസാക്ഷിയുമായ ഹീറോ എന്നീ വിശുദ്ധ പിതാക്കന്മാർ തയാറാക്കിയ കാലാനുക്രമണിക അനുസരിച്ച്, വചനമായ ദൈവം കന്യകയിൽ നിന്നു ജഡമെടുത്ത് മനുഷ്യനായിട്ട് 524-ാം വർഷത്തിൽ -(ക്രി.വ. 532). സാബാസിന്റെ ജീവിതത്തിന്റെ കാലക്രമ വിവരണം ഇപ്രകാരമാണ്. അദ്ദേഹം പതിനെട്ടാം വയസ്സിൽ പലസ്തീനയിൽ വന്നു. ആശ്രമത്തിൽ പതിനേഴ് വർഷം ജീവിച്ചു. മരുഭൂമിയിലും വലിയ ലൗറായിലുമായി 59 വർഷം ജീവിച്ചു. 94-ാം വയസ്സിൽ മരിച്ചു. അതായത് ലംപാദിയൂസിന്റെയും ഒറെസ്തെസിന്റെയും കോൺസുളേററിനു ശേഷം രണ്ടാം വർഷം, ഇപ്പോഴത്തെ ദൈവസംരക്ഷിത ഭരണത്തിന്റെ ആറാം വർഷം.

അദ്ദേഹത്തിന്റെ മരണവാർത്ത ചുററുമുള്ള പ്രദേശങ്ങളിലെല്ലാം പ്രചരിച്ചു. സന്ന്യാസികളും അൽമായരുമടക്കം വലിയൊരു ജനാവലി അവിടെ തടിച്ചുകൂടി. സന്നിഹിതരായ മെത്രാന്മാരോടും വിശുദ്ധ നഗരത്തിലെ പ്രമുഖരോടും കൂടെ ആർച്ചുബിഷപ്പ് പീററും സ്ഥലത്തെത്തി. വലിയ ലൗറയിൽ രണ്ടു പള്ളികൾക്കുമിടയ്ക്ക്, അദ്ദേഹം അഗ്നിസ്തംഭം ദർശിച്ച സ്ഥലത്ത്, അദ്ദേഹത്തിന്റെ തിരുശേഷിപ്പ് അടക്കി. ''നീതിമാന്മാരുടെ ആത്മാക്കൾ ദൈവത്തിന്റെ കരങ്ങളിലാകുന്നു; മരണം അവരെ ഒരിക്കലും സ്പർശിക്കുകയില്ല'' എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (വിജ്ഞാനം 3:1) വിശുദ്ധൻ മരിച്ചില്ല. കററമററതും ദൈവത്തിനു പ്രീതികരവുമായ ജീവിതം നയിച്ചിട്ട് അദ്ദേഹം നിദ്രപ്രാപിച്ചതേയുള്ളു. ഈ ദിവസംവരെ സത്യമായും അദ്ദേഹത്തിന്റെ ശരീരം കേടുകൂടാതെയും അഴിവുകൂടാതെയും ഇരിക്കുന്നു. അടുത്തകാലത്തെ പത്താം ഇൻഡിക്ഷനിൽ എന്റെ സ്വന്തം കണ്ണുകൊണ്ട് ഞാനതു കണ്ടതാണ്.

## 78. വെള്ളിപ്പണിക്കാരന്റെ സാക്ഷ്യം

ഭാഗ്യവാനായ കസ്സിയാനുസിന്റെ തിരുശേഷിപ്പ് വയ്ക്കുവാനായി ആ അമൂല്യമായ കല്ലറ തുറന്നപ്പോൾ, ആ വന്ദ്യ

www.malankaralibrary.com

വയോധികൻെറ ശരീരത്തെ ബഹുമാനിക്കാനായി ഞാൻ കല്ലറയിലേക്കിറങ്ങി. അപ്പോൾ അദ്ദേഹത്തിൻെറ ശരീരം കേടുകൂടാതെയും അഴിവു കൂടാതെയും ഇരിക്കുന്നതു ഞാൻ കണ്ടു. പൊതുവും സാർവത്രികവുമായ ഉത്ഥാനത്തിനു മുൻപായി അഴിവില്ലായ്മകൊണ്ടു് തൻെറ ശുശ്രൂഷകരെ ബഹുമാനിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത ദൈവത്തെ, അത്ഭുതപരതന്ത്രനായി ഞാൻ മഹത്വപ്പെടുത്തി. വിശുദ്ധ തിരുശേഷിപ്പിനെപ്പററി ഇത്രയും. അദ്ദേഹത്തിൻെറ ആത്മാവാകട്ടെ, ദൈവസമക്ഷം വലിയ സ്വാധീനം ഉള്ളതായിരുന്നു. ചില ഉദാഹരണങ്ങളാൽ അതിൻെറ തേജസ്സ് കാട്ടിത്തരാൻ ഞാൻ ശ്രമിക്കാം.

ഡമാസ്കസുകാരനും റോമുളസ് എന്നു പേരുള്ളവനും വിശുദ്ധ ഗത്'സമേൻെറ ആർച്ച്ഡീക്കനുമായ ഒരു വെള്ളിപ്പണിക്കാരൻ വിശുദ്ധ നഗരത്തിൽ ഉണ്ടായിരുന്നു. താഴെപ്പറയുന്ന കഥ ഈ റോമുളസ് എന്നോടു പറഞ്ഞതാണ്: ഭാഗ്യവാനായ സാബാസിൻെറ മരണത്തിൻെറ അവസരം എൻെറ കട കൊള്ളയടിക്കപ്പെട്ടു. ഏതാണ്ട് നൂറ്പൗണ്ട് വെള്ളി എനിക്കു നഷ്ടപ്പെട്ടു. ഞാനുടനെ വിശുദ്ധ തിയഡോറിൻെറ തീർത്ഥാടനകേന്ദ്രത്തിൽചെന്ന് അഞ്ചുദിവസത്തേക്ക് തിരികത്തിച്ച് അഴിക്കാലിങ്കൽ രാപകലുകൾ കരഞ്ഞുനിലവിളിച്ചുകൊണ്ട് അവിടെ കഴിഞ്ഞു. അഞ്ചാം ദിവസം പാതിരാത്രിക്ക് ഞാൻ നിദ്രയിലാണ്ടു. അപ്പോൾ ഞാൻ ക്രിസ്തുവിൻെറ വിശുദ്ധ രക്തസാക്ഷിയായ തിയഡോറിനെ കണ്ടു. അദ്ദേഹം എന്നോടാരാഞ്ഞു: ''എന്താണു കാര്യം? എന്താണ് നീ ദുഃഖിച്ചും വിലപിച്ചും ഇരിക്കുന്നതു്?''

ഞാൻ പറഞ്ഞു: ''എൻെറയും മററുള്ളവരുടെയും വസ്തുവകകൾ എനിക്കു നഷ്ടപ്പെട്ടു. ഒന്നും നേടാതെ ഞാൻ ഇവിടെ ദിവസങ്ങൾ ചെലവഴിച്ചു. വിശുദ്ധൻ അവനോടു പറഞ്ഞു: ''എന്നെ വിശ്വസിക്കുക. ഞാൻ ഇവിടെ ഇല്ലായിരുന്നു. ആബാ സാബാസിൻെറ വിശുദ്ധാത്മാവിനെ എതിരേററ് അതിനുള്ള വിശ്രമസ്ഥലത്തേക്ക് ആനയിക്കാൻ വേണ്ടി ധൃതിപ്പെട്ടു പോകാൻ എനിക്കു കല്പന കിട്ടി. എന്നാൽ നീയിപ്പോൾ ഇന്ന സ്ഥലത്തു ചെല്ലുക. കള്ളന്മാരെയും കൊള്ളമുതലും നീ അവിടെ

www.malankaralibrary.com

കണ്ടെത്തും.'' ആ നാഴികയിൽതന്നെ ഞാൻ എഴുന്നേററു്, കുറേ ആളുകളെ കൂട്ടി വിശുദ്ധൻ പറഞ്ഞ സ്ഥലത്തെത്തി. ദർശനത്തിൽ അദ്ദേഹം പറഞ്ഞതുപോലെ കണ്ടെത്തി.

## 79. ബൂറീറായ് സഹോദരൻമാർക്ക് കാണപ്പെടുന്നത്

സമതലത്തിലെ ബൂറീറായ് ഗ്രാമവാസികളായ രണ്ടു സഹോദരന്മാർക്കു് വിശുദ്ധ സാബാസിൽ വലിയ വിശ്വാസമായിരുന്നു. ആശ്രമവാസികൾ അതുവഴി ബിസിനസിനായി പോകുമ്പോൾ വിശ്വാസത്തിൽ അവരെ സ്വീകരിക്കുകയും അവർക്കുവേണ്ട പരിചരണം നൽകുകയും ദൈവത്തിനു് പ്രീതികരമാംവിധം തങ്ങളുടെ അധ്വാനഫലം അവർക്കു് കൊടുക്കുകയും ചെയ്തിരുന്നു. ഏതോ പൈശാചിക പ്രവർത്തനത്താൽ കൊയ്ത്തുകാലത്തു് അവരിരുവരും രോഗം ബാധിച്ചു; വീട്ടുകാർ വിഷാദമൂകരായി. വിളവ് നഷ്ടപ്പെട്ടതിൽ ദുഃഖിച്ചു്, അവർ ആബാ സാബാസിനെ ഓർത്തു്. തങ്ങളെ സഹായിക്കണമെന്നു് പ്രാർത്ഥിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ മാധ്യസ്ഥ്യം അപേക്ഷിച്ചു അദ്ദേഹം അവർ ഇരുവർക്കും കാണപ്പെട്ടു് പറഞ്ഞു: ''ഞാൻ നിങ്ങളുടെ ആരോഗ്യത്തിനുവേണ്ടി ദൈവത്തോടു് പ്രാർത്ഥിച്ചതു് കാണുവിൻ. അവിടുന്നു് എൻെറ അപേക്ഷ കേട്ടിരിക്കുന്നു. അതുകൊണ്ടു്, സത്യദൈവമായ യേശുക്രിസ്തുവിൻെറ നാമത്തിൽ എഴുന്നേററു് നിങ്ങളുടെ ജോലിക്കു് പോകുവിൻ''. ഉടൻതന്നെ അവർ സുഖം പ്രാപിച്ചു. കുടുംബത്തിലുള്ളവരോടു് ഈ അത്ഭുതത്തെപ്പററി പറഞ്ഞിട്ടു് തങ്ങളുടെ ജോലികളിൽ പ്രവേശിച്ചു. അന്നുമുതൽ, ഈ അത്ഭുതത്തിൻെറ വാർഷികത്തിലെല്ലാം തങ്ങളുടെ എസ്റ്റേററിലുള്ളവർക്കെല്ലാം അവർ ഒരു സദ്യ കൊടുത്തിരുന്നു.

## 80. തയ്യൽക്കാർക്ക് കാണപ്പെടുന്നു

നമ്മുടെ മാതൃനഗരത്തിൽ നിന്നുള്ള ജനാറുസ് എന്ന സ്ത്രീ കസ്റ്റെല്ലിയത്തിനും ഗൃഹസ്ഥർക്കും വേണ്ടി രണ്ടു വിരികൾ തയ്ക്കാൻ തീരുമാനിച്ചു. പണിക്കുവേണ്ടി എല്ലാം തയ്യാറായപ്പോൾ, തയ്ക്കാമെന്നേററ സ്ത്രീകൾ വാക്കു പാലിച്ചില്ല. അതിൽ ജനാറുസ് വളരെ ദുഃഖിതയായി. ഉറക്കത്തിൽ ഭാഗ്യവാനായ

www.malankaralibrary.com

സാബാസ് അവൾക്കു കാണപ്പെട്ട് പറഞ്ഞു: ''രാവിലെ തന്നെ തയ്യൽക്കാരെ വരുത്തുക. അവർ വന്ന് പണിചെയ്യും. വിഷമിക്കേണ്ട. നിൻെറ നേർച്ചയ്ക്കു തടസ്സം ഉണ്ടാകുകയില്ല''. അദ്ദേഹം തയ്യൽക്കാർക്കും അതുപോലെ കാണപ്പെട്ടു. ജോലി താമസിപ്പിക്കുന്നതിലുള്ള അതൃപ്തി അവരെ അറിയിച്ചു. അടുത്ത ദിവസം അതിരാവിലെ സന്തോഷത്തോടും താല്പര്യത്തോടും കൂടെ വന്ന്; തങ്ങൾക്കുള്ള ദർശനം പരസ്പരം അറിയിച്ചിട്ട് ജോലി തുടങ്ങി. ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് അവർ അവരുടെ ജോലി പൂർത്തിയാക്കി.

## 81. ഒട്ടകത്തിൻെറ അദ്ഭുതം

വളരെ നാളുകൾക്കുശേഷം വലിയ ലൗറായിലെ കാര്യസ്ഥൻ, മക്കേറൂസിൽ നിന്നു വാങ്ങിയ ധാന്യങ്ങൾ കൊണ്ടു വരാൻ ചാവുകടലിൻെറ അടുത്തുനിന്ന് അറബികളുടെ ഒട്ടകങ്ങളെ കൂലിക്കെടുത്തു. ഭാരവുമായി ഒട്ടകങ്ങൾ ലൗറയിലെത്തിയപ്പോൾ, അതിഥിമന്ദിരത്തിലേക്കു നയിക്കുന്ന റോഡിൻെറ വലത്തുവശത്തുകൂടെ ഒരൊട്ടകം വഴിതെററിപ്പോയി. കിഴക്കാംതൂക്കായ സ്ഥലത്തുനിന്ന് ഭാരത്തോടുകൂടി മലയിടുക്കിലേക്ക് വീണു. ഒരാളുടെ പത്തിരട്ടി താഴ്ചയുണ്ടായിരുന്നു ആ ചരിവിന്. ഒട്ടകത്തിൻെറ ഉടമസ്ഥനായ അറബി വിളിച്ചു പറഞ്ഞു: ''ആബാ സാബാസ്, അങ്ങയുടെ പ്രാർത്ഥനകൾ എൻെറ ഒട്ടകത്തെ സഹായിക്കണം''. ഒട്ടകം താഴേക്ക് ഉരുണ്ടു പോയപ്പോൾ അയാൾ വീണ്ടും ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ''ആബാ സാബാസ്, സഹായിക്കണം''. ഒട്ടകം ഉരുണ്ടപ്പോൾ അതിൻെറ പുറത്ത് പരിശുദ്ധനായ ഒരു ശ്രേഷ്ഠൻ ഇരിക്കുന്നതായി അറബിക്കു കാണപ്പെട്ടു. അയാൾ മറെറാരു വഴിയിലൂടെ ഓടി ഒട്ടകത്തിനടുത്തെത്തിയപ്പോൾ ഒട്ടകത്തിൻെറ പുറത്ത് ശ്രേഷ്ഠനെ കണ്ടില്ല. ഭാരവും വഹിച്ച് ഒട്ടകം അപകടം ഒന്നും കൂടാതെ സുരക്ഷിതമായിരിക്കുന്നതു ദർശിച്ചു. അതിനെ എഴുന്നേൽപ്പിച്ച് കുറേക്കൂടി നല്ല പാതയിലൂടെ നടത്തി അതിഥിമന്ദിരത്തിലെത്തിച്ച് ഭാരം ഇറക്കിവച്ചു. ഈ അത്ഭുതത്തിൻെറ അസാധാരണ സ്വഭാവത്താൽ അത്ഭുതപ്പെട്ട് ഈ അപരിഷ്കൃതൻ വൃദ്ധൻെറ ശവക്കല്ലറയെ വന്ദിക്കാൻ എല്ലാവർഷവും

www.malankaralibrary.com

വന്നുകൊണ്ടിരുന്നു. കൃതജ്ഞതാ സൂചകമായി തൻെറ അധ്വാന ഫലമായ ഒരു ചെറിയ സ്വർണ്ണനാണയം പതിവായി കാര്യസ്ഥനെ ഏല്പിക്കുകയും ചെയ്തിരുന്നു.

## 82. ഔക്സെൻസ്യൂസ് അദ്ഭുതകരമായി രക്ഷപെടുന്നു

നമ്മുടെ വിശുദ്ധ പിതാവായ സാബാസിൻെറ സ്തംഭത്തിനു താഴെയുള്ള ഗുഹയിൽ ഈയവസരം ഒരു ജലസംഭരണി പണിതു. ദൈവം പണിത പള്ളിയിൽ നിന്നു് സ്തംഭത്തിലേയ്ക്കു് ഒരു രഹസ്യ പാത ഉണ്ടായിരുന്നു. മുകളിലുള്ള പാറയിൽ ഉയരത്തിലായി പിതാക്കന്മാർ ഒരു സംഭരണി പണിതു. അതിൽ വെള്ളം നിറഞ്ഞിട്ടു് ജലസംഭരണിയിലേയ്ക്കു് ഒഴുകാൻ വേണ്ടിയായിരുന്നിതു്. ജലസംഭരണിയുടെയും മുകളിലത്തെ സംഭരണിയുടെയും പണി നടത്തിയിരുന്നതു് കമ്മായം തേപ്പുകാരനും ബേത്ലഹേംകാരനുമായ ഒരു മാമാസായിരുന്നു. ജലസംഭരണിയുടെ പണി നിയന്ത്രിച്ചുകൊണ്ടിരുന്ന മാമാസിൻെറ കൂടെ തൊഴിൽ പഠിക്കാനായി ഔക്സെൻസ്യൂസ് എന്നൊരു കുട്ടിയുണ്ടായിരുന്നു. പെട്ടന്നു് കൊടുങ്കാററടിച്ചു് മഴപെയ്തു. സംഭരണിയിൽ വക്കവരെ വെള്ളം നിറഞ്ഞു. ഉടനെ അതു് തകർന്നു. പ്രായപൂർത്തിയായ മാമാസു് അപകടത്തിൽ നിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു. എന്നാൽ ആ കുട്ടി വെള്ളത്തിൻെറ കുത്തൊഴുക്കിൽപ്പെട്ടു. കല്ലും മണ്ണും വെള്ളവും എല്ലാം കൂടി കുട്ടിയോടു കൂടി മലമുകളിൽ നിന്നു് രണ്ടു പള്ളികൾക്കിടയുള്ള നടുമുററത്തേക്കൊഴുകി വന്നു. ആ സ്ഥലത്താണല്ലോ നമ്മുടെ വിശുദ്ധ പിതാവായ സാബാസിൻെറ അമൂല്യമായ തിരുശേഷിപ്പു് കിടക്കുന്നതു്. ആ മലഞ്ചരിവിൻെറ ഉയരം അൻപതടിയായിരുന്നു. മഴ കഴിഞ്ഞപ്പോൾ ആ കുട്ടി ദൈവം നിർമ്മിച്ച പള്ളക്കു മുൻപിൽ, താഴെ ഉരുണ്ടുവീണ കല്ലുകൾക്കിടയിൽ കിടക്കുന്നതു കാണപ്പെട്ടു. എന്നാൽ അവനു് യാതൊരപകടവും സംഭവിച്ചിരുന്നില്ല. ഈ അദ്ഭുതത്തിനു് ഞാൻ ദൃക്സാക്ഷിയാണു്. അന്നു് ഞാൻ പുതിയ ലൗറയിൽ നിന്നു് വലിയ ലൗറായിൽ അവിടൊരു മുറി നിർമ്മിക്കാൻ ഒരിടം തേടിവന്നതായിരുന്നു.

www.malankaralibrary.com

ആ വന്ദ്യവയോധികന്റെ അത്ഭുതങ്ങളിൽ നിന്ന് ഇവ മാത്രം തെരഞ്ഞെടുത്തത് ഞാൻ കുറിച്ചു എന്നേയുള്ളു. അദ്ദേഹത്തിന്റെ പിൻഗാമികൾക്കും ശിഷ്യർക്കും എന്തു സംഭവിച്ചു എന്ന് ഭാഗികമായി വിവരിക്കാനുള്ള സമയമായി.

## 83. ഒരിജനിസം വീണ്ടും പൊട്ടിപ്പുറപ്പെടുന്നു[34]

അലക്ഷ്യമായിട്ടാണോ പരിചയമില്ലായ്മകൊണ്ടാണോ എന്നറിയില്ല, വന്ദ്യവയോധികനായ സാബാസിന്റെ പിൻഗാമി ആബാ മെലീതാസ്, രാജകീയ കല്പന അനുസരിച്ച് കോട്ട കെട്ടുവാനായി സുമ്മുസ് നൽകിയ ആയിരം നാണയം ആർച്ചുബിഷപ്പ് പീററിന്റെ കൈയിൽ കൊണ്ടു കൊടുത്തു. അതുകൊണ്ട് കോട്ടപണി നടന്നില്ല. പാത്രിയർക്കീസ് ആ പണം വിവിധ ആശ്രമങ്ങൾക്കായി പങ്കിട്ടു കൊടുത്തു.

തഴച്ചുവളരുന്ന അവസ്ഥയിലാണ് വന്ദ്യവയോധികന്റെ അജഗണത്തിന്റെ ചുമതല ഈ ആബാ മെലീതാസ് ഏറെറടുത്തത്. നമ്മുടെ ദൈവവും പ്രധാന ഇടയനുമായ ക്രിസ്തു രക്ഷിച്ചില്ലായിരുന്നെങ്കിൽ ചെന്നായ്ക്കൾ ഈ അജഗണത്തെ കടിച്ചു കീറുമായിരുന്നു. ഇത് എങ്ങനെ, ഏതു രീതിയിൽ സംഭവിച്ചു എന്ന് ഞാൻ ചുരുക്കമായി പറയാം.

നമ്മുടെ സ്തുത്യർഹനായ സാബാസ് ജീവിച്ചിരുന്നപ്പോൾ മരുഭൂമിയിലെ ആശ്രമങ്ങളിലെല്ലാം ഒരേയൊരു വിശ്വാസമേ ഉണ്ടായിരുന്നുള്ളു. ജറുസലേമിലെ മക്കളെല്ലാവരും ഒരേ മനസ്സോടുകൂടി ദൈവഭവനത്തിലേക്കു പോകുന്നതു കാണാമായിരുന്നു. ദൈവിക പ്രബോധനങ്ങളുടെ അലംഘനീയവും വർണ്ണനാതീതവുമായ സ്വഭാവം ഏകയോഗമായി അവർ ഉയർത്തിപ്പിടിച്ചിരുന്നു. "നിങ്ങൾ കണ്ണുകൾ ഉയർത്തി ചുററും നോക്കുവിൻ. ഇതാ, നിങ്ങളുടെ മക്കൾ ഒന്നിച്ചു കൂടിയിരിക്കുന്നു" എന്ന തിരുലിഖിതം നിറവേറിയിരുന്നു (ഏശാ. 60:4). എന്നാൽ ശ്രേഷ്ഠനായ ഈ ഇടയൻ ഈ ലോകത്തിൽ നിന്നു പോയിക്കഴിഞ്ഞപ്പോൾ ഒട്ടും പരിചയമില്ലാത്ത ഒരിടയൻ

34. ആറാം നൂററാണ്ടിലെ ഒരിജനിസത്തെപ്പററി വിവരിക്കുന്ന ഒരു പ്രധാന രേഖയാണ് സാബാസിന്റെ ജീവചരിത്രത്തിന്റെ അവസാനഭാഗം.

www.malankaralibrary.com

നയിച്ചതിനാൽ അദ്ദേഹത്തിൻെറ അജഗണത്തിനു് പ്രയാസങ്ങളുണ്ടായി.

നമ്മുടെ പിതാവായ സാബാസിൻെറ മരണം മുതലെടുത്തുകൊണ്ടു് നോന്നുസും അനുയായികളും തങ്ങളുടെ ഉള്ളിലുണ്ടായിരുന്ന പാഷണ്ഡത പരസ്യമാക്കി; തങ്ങളുടെ ചുററുമുള്ളവരിൽ പ്രക്ഷുബ്ധമായ മുന്നേററം ഇളക്കിവിട്ടു. പുതിയ ലൗറായിലുള്ള കൂടുതൽ വിദ്യാഭ്യാസം ഉള്ളവരെ മാത്രമല്ല, മർതീരിയൂസിൻെറ ആശ്രമത്തിലും ഫിർമീനൂസിൻെറ ലൗറയിലും ഉള്ളവരെയും തങ്ങളുടെ ഈ ദുഷിച്ച പാഷണ്ഡതയിലേക്കു് വശീകരിച്ചു. വന്ദ്യവയോധികൻെറ ശിഷ്യരും സഹപോരാളികളുമായ ഫിർമീനൂസും സൊസൊമെനും ഈയവസരം മരിച്ചുകഴിഞ്ഞിരുന്നു. കൂടാതെ വലിയ ലൗറായിലും മരുഭൂമിയിലെ മററു് ആശ്രമങ്ങളിലും ചുരുങ്ങിയ സമയം കൊണ്ടു് ഒരിജൻെറ പാഷണ്ഡത വിതയ്ക്കുന്നതിൽ അവർ വിജയിച്ചു. അതേസമയം, മർതീരിയൂസൻെറ ആശ്രമത്തിലെ അദ്ധ്യക്ഷനായ ഡൊമിഷ്യനും പുതിയ ലൗറായുടെ കീഴിലുള്ളവയുടെ അദ്ധ്യക്ഷനും അസ്കീദാസ് എന്നു് വിളക്കപ്പെടുന്നവനുമായ തിയഡോറും ഒരിജൻെറ ബാധ പൂർണ്ണമായും സ്വന്തമാക്കിക്കൊണ്ടു് കോൺസ്റ്റാൻറിനോപ്പിളിലേക്കു പുറപ്പെട്ടു. അവിടെ, കാൽസിഡൺ കൗൺസിലിനുവേണ്ടി പോരാടുന്നവരാണ് തങ്ങൾ എന്നു് നടിച്ചു.[35]

മുകളിൽ പറഞ്ഞ, ബിസാൻസ്യത്തിലെ ലെയോൺസ്യൂസിൻെറ ശിപാർശപ്രകാരം അവർ എവുസേബിയസ് പിതാവുമായി[36] ബന്ധപ്പെട്ടു; അദ്ദേഹം വഴി നമ്മുടെ അതിഭക്തനായ ചക്രവർത്തിയുമായും, ഭയങ്കരകാപട്യത്തിലൂടെ തങ്ങളുടെ പാഷണ്ഡത അവർ മൂടിവച്ചു; കൊട്ടാരവുമായി നേരിട്ടു് ബന്ധം പുലർത്താൻ സാധിച്ചതുവഴി ഡൊമീഷ്യൻ ഗലാത്യാ പ്രോവിൻസിലെ ഒന്നാമത്തെ സിംഹാസനം കരസ്ഥമാക്കി;[37]

35. 536 ലാണു് കോൺസ്റ്റാൻറിനോപ്പിളിലെ ഈ ഹോംസിനഡു് നടന്നതു്. അവിടെവച്ചു് പ്രമുഖരായ ഏകസ്വഭാവ നേതാക്കന്മാർ ശപിക്കപ്പെട്ടു.

36. തലസ്ഥാനത്തെ വലിയ പള്ളിയിലെ വൈദികനായിരുന്ന എവുസേബിയസ്.

37. അൻസീറാ.

www.malankaralibrary.com

തിയഡോർ, കപ്പഡോഷ്യയിലെ കേസറിയാ ശ്രുപതയും. ഇതിൽനിന്നു് കൂടുതൽ ശക്തി സംഭരിച്ചുകൊണ്ടു് നോണ്ണുസ്സും സംഘവും ഒരിജനിസത്തിൻെറ വിത്തുകാം പലസ്തീനയിലൂടെ നീളം വിതയ്ക്കുന്നതിൽ ഉത്സുകരും അക്ഷീണരുമായിരുന്നു.

## 84. ഒരിജനിസ്റ്റുകാർ പുതിയ ലൗറയിൽ ഒന്നിച്ചുകൂടുന്നു

ആബാ സാബാസിൻെറ അജഗണത്തെ അഞ്ചുവർഷം ഭരിച്ചശേഷം ആബാ മെലിതാസ് മരിച്ചു. മുകളിൽ പല പ്രാവശ്യം സൂചിപ്പിച്ച ഭാഗ്യവാനായ തെയോഡൂളസ് മരിച്ചതിനാൽ, അദ്ദേഹത്തിൻെറ സഹോദരനായ ജലാസിയുസ് അഞ്ചാം ഇൻഡിക്ഷൻെറ ആരംഭത്തിൽ ആബാ സാബാസിൻെറ സ്ഥാനത്ത് അദ്ധ്യക്ഷനായി.

അദ്ദേഹം അധ്യക്ഷനായപ്പോാം തൻെറ പല സമൂഹങ്ങളും ഒരിജനിസത്തിൻെറ പിടിയിൽ അമർന്നിരിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി. മെത്രാനും ഏകാന്തവാസിയും ദൈവപ്രചോദിതനുമായ ജോണിൻെറ വീക്ഷണങ്ങാം ജലാസിയുസ് പുലർത്തിയിരുന്നു. ഒരു ഗലാത്യക്കാരൻ എഴുത്തുകാരൻ എവുസ്റ്റാത്യോസ്, ജറുസലേമിലെ സ്റ്റീഫൻ, ഗാബാലായിലെ തിമോതി എന്നിവർ അദ്ദേഹത്തിൻെറ സ്നേഹിതരുമായിരുന്നു. അവസാനം പറഞ്ഞയാാം ഇന്നും ഷേതിൽ സുകൃതങ്ങളിൽ പരിലസിക്കുന്നു. ഒരിജൻെറ പ്രബോധനങ്ങാംക്കെതിരായി ബോസ്ത്രായിലെ വിശുദ്ധ മെത്രാനായ അന്തിപത്രോസ് എഴുതിയ കൃതി ജലാസിയുസ് പള്ളിയിൽ വായിച്ചു. ആത്മാക്കളെ നശിപ്പിക്കുന്ന ഈ പാഷണ്ഡത സ്വീകരിച്ചവർ അതിനാൽ പ്രകോപിതരായി പള്ളിയിൽ ബഹളം ഉണ്ടാക്കി. ഡീക്കനും ലൗറയിലെ ഗായകസംഘ നേതാവും അന്ത്യോക്യക്കാരനുമായ ഒരു ജോണായിരുന്നു ഇതിൻെറ തലവൻ. അയാളുടെ പാഷണ്ഡത നിമിത്തം വിശുദ്ധ പദവിയിൽനിന്നു് പിതാക്കന്മാർ ഇയാളെ സ്ഥാനഭ്രഷ്ടനാക്കിയിരുന്നു. ഇടിയുടെ പിശാച് എന്നറിയപ്പെട്ട ഒരു ജോൺ, പ്ററോളമി ആദിയായവരുമൊത്തു് അയാാം ഗൂഢാലോചന നടത്തിയിരുന്നു. ഈയാളുകാം അനുവാദം കൂടാതെ യോഗങ്ങാം വിളിച്ചുകൂട്ടി അനേകം ആത്മാ

www.malankaralibrary.com

ക്കളെ വഴിതെററിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇത്രയുമായപ്പോഠം പിതാക്കന്മാർ ഐകകയോഗമായി, അവരെ ഓരോരുത്തരെയായി ലൗറയിൽനിന്നു് പുറത്താക്കി. അവരുടെ സംഖ്യ നാല്പതിനോടടുത്തു വരും. നോണ്ണുസ്സിനോടും ബിസാൻസ്യത്തെ ലെയോൺസ്യുസിനോടും ചേരാനായി അവർ പുതിയ ലൗറയിലേക്കു പോയി. ഈ അവസരം ലെയോൺസ്യൂസ് കോൺസ്റ്റാൻറിനോപ്പിളിൽ നിന്നു് മടങ്ങിയെത്തി. ഭാഗ്യവാനായ സാബാസിൻെറ പിൻഗാമികഠംക്കെതിരെ രോഷാകലരായി. ആബാ ജലാസിയുസിനും വലിയ ലൗറായിലെ പിതാക്കന്മാർക്കും എതിരായി ശകാരവർഷം ചൊരിഞ്ഞു.

എല്ലാം പാഷണ്ഡതാ നേതാക്കന്മാരും അവിടെ ഒന്നിച്ചു കൂടിയപ്പോഠം, ഏറെ നാളായി ഭാഗ്യവാനായ സാബാസിനെ എതിർത്തുകൊണ്ടിരുന്ന ബിസാൻസ്യത്തിലെ ലെയോൺസ്യൂസ് വലിയ ലൗറാ തല്ലിത്തകർത്ത് അതു് വാസയോഗ്യമല്ലാതാക്കണമെന്നു് എല്ലാവരെയും നിർബന്ധിച്ചു. ഈ പാഷണ്ഡത സ്വീകരിക്കുന്നവരെയെല്ലാം എല്ലായിടത്തുനിന്നും പുതിയ ലൗറായിൽ അയാഠം ഒന്നിച്ചുകൂട്ടി. ഒന്നിച്ചുകൂടിയവർ ലെയോൺഷ്യൂസിനെയും പുറത്താക്കപ്പെട്ട സന്യാസികളെയും അനുധാവനം ചെയ്തു് ഭാഗ്യവാനായ തിയഡോഷ്യസിൻെറ ആശ്രമത്തിൽ ചെന്നു. ആശ്രമാധ്യക്ഷനും പ്രശസ്തനുമായ സൊഫ്രോണിയുസിനെയും പിതാക്കന്മാരെയും വശത്താക്കാനായിരുന്നു പദ്ധതി. എന്നാൽ അവരുടെ പദ്ധതി പൊളിഞ്ഞു. അവർ ലജ്ജിച്ച് പിന്തിരിയേണ്ടിവന്നു. പിന്നീടു് ജലാസിയുസിൻെറയും വലിയ ലൗറയുടെയും നേരെയായി അവരുടെ രോഷം. ലെയോൺസ്യൂസും സംഘവും വിവിധ സ്ഥലങ്ങളിൽ നിന്നു് പിക്കാസ്, കോരിക, അലവാങ്ക്, പൊളിക്കാനുള്ള മററുപകരണങ്ങഠം എന്നിവ ശേഖരിച്ചു ഒരു കൂലിപ്പടയേയും സജ്ജമാക്കിനിർത്തി. ഇവയെല്ലാമായി, രോഷാകലരായി വലിയ ലൗറാ പൊളിക്കാൻ അവർ ഇറങ്ങിപ്പുറപ്പെട്ടു.

എന്നാൽ ആബാ സാബാസിൻെറ ദൈവം ഒരത്ഭുതം പ്രവർത്തിച്ചു. പകലിൻെറ രണ്ടാം മണിക്കൂറിൽ അവിടെയെല്ലാം മൂടൽമഞ്ഞും ഇരുട്ടും വ്യാപിച്ചു. പരുപരുത്തതും ദുർഗമവുമായ സ്ഥലങ്ങളിലൂടെ അവർ ദിവസം മുഴുവൻ നടന്നു,

www.malankaralibrary.com

ചിലരിൽ നിന്നു് കൃത്യമായി അറിഞ്ഞതനുസരിച്ച്, പിറേറ ദിവസം വളരെ പ്രയാസപ്പെട്ടു് ഭാഗ്യവാനായ മാർസിയന്റെ ആശ്രമത്തിലെത്തിയതായി അവർക്ക മനസ്സിലായി. പകൽ വെളിച്ചത്തിൽ, ഒന്നും നേടാതെ, നാണംകെട്ടു് അവർ തിരിച്ചു പോയി. അത്ഭുതങ്ങളുടെ ദൈവമാണ് ഈ അത്ഭുതം പ്രവർത്തിച്ചതു്. അവിടുന്നു് അഹങ്കാരികളെ എതിർക്കുകയും വിനീതർക്ക തന്റെ കൃപ വർഷിക്കുകയും ചെയ്യുന്നു. ലോത്തിന്റേറയും ഏലീശായുടെയും എതിരാളികളെ അന്ധരാക്കി ശിക്ഷിച്ചവനാണ് അവിടുന്നു് (ഉല്പ. 19:11 ; 2 രാജ.6:18).

## 85. ഒരിജനിസ്റ്റുകാർക്കെതിരെയുള്ള രാജകീയ വിളംബരം

അലക്സാണ്ഡ്രിയായിലെ മെത്രാനായ പൗലോസിനെ സ്ഥാനഭ്രഷ്ടനാക്കിയതു സംബന്ധിച്ച് അന്ത്യോക്യൻ പാത്രിയർക്കീസായ എഫ്രേമും വൈദികനായ എവുസേബിയസും ഈ കാലത്തു് പലസ്തീനായിൽ വന്നു. കൗൺസിൽ പിരിച്ചുവിട്ടശേഷം എവുസേബിയസ് ജറുസലേമിൽ വന്നപ്പോഠ, വലിയ ലൗറയിൽ നിന്നു പുറന്തള്ളിയവരെ അദ്ദേഹത്തിനു പരിചയപ്പെടുത്തി. സമൂഹത്തെ ജലാസിയൂസ് രണ്ടു ഭാഗങ്ങളായി തിരിച്ചെന്നും എതിരാളികളെ പിൻതുണച്ചു കൊണ്ടു് തങ്ങളെ പുറത്താക്കിയെന്നും കുററപ്പെടുത്തി; ലെയോൺസ്യുസിന്റെ വാക്കുകളാൽ വഴിപിഴപ്പിക്കപ്പെട്ടും, അവരുടെ പാഷണ്ഡതയെപ്പററി യാതൊന്നും അറിയാതെയും എവുസേബിയസ്, ആബാ ജലാസിയുസിനെ വരുത്തി. തക്കം തീർക്കാനുള്ള പരിശ്രമത്തിൽ, ഒന്നുകിൽ പുറന്തള്ളിയവരെ തിരികെയെടുക്കുക അല്ലെങ്കിൽ അവരുടെ എതിരാളികളെ പുറന്തള്ളുക എന്നു് ആബാ ജലാസിയുസിനോടു് നിർബന്ധിച്ചു പറഞ്ഞു. നിർബന്ധത്തിന്റെ പേരിൽ, ചർച്ചകഠക്കശേഷം, സ്റ്റീഫൻ, തിമോത്തി, മററു് നാലു് സഹോദരന്മാർ എന്നിവരെ പിതാക്കന്മാർ ലൗറായിൽ നിന്നു പുറത്താക്കി. അവർ സ്വമേധയാ ഉള്ള നാടുകടത്തൽ സ്വീകരിച്ചുകൊണ്ടു് അന്ത്യോക്യയിൽ പോയി സംഭവിച്ച സംഗതികഠ പാത്രിയർക്കിസിനെ അറിയിക്കുകയും ഭാഗ്യവാനായ അന്തിപത്രോസിന്റെ കൃതി കാണി

www.malankaralibrary.com

ക്കുകയും ചെയ്തു. പാത്രിയർക്കീസ്, തനിക്കു കിട്ടിയ ഗ്രന്ഥത്തിൽ നിന്ന് ഒരിജന്റെ ദൈവദൂഷണങ്ങൾ വായിക്കുകയും ഒരിജനിസ്റ്റുകാർ ജറുസലേമിൽ കാട്ടിക്കൂട്ടിയവ ഗ്രന്ഥം കൊടുത്തവരിൽ നിന്നു ഗ്രഹിക്കുകയും ചെയ്തിട്ട് ധൈര്യപൂർവം പ്രവർത്തിച്ചു. സിനഡിക്കൽ അധികാരം ഉപയോഗിച്ച് ഒരിജന്റെ പ്രബോധനങ്ങളെ പരസ്യമായി ശപിച്ചു.

ഇതു് ജറുസലേമിൽ അറിഞ്ഞപ്പോൾ നോണ്ണസ്സിനും സംഘത്തിനും കണ്ടിതമുണ്ടായി. അവർ കോൺസ്റ്റാൻറിനോപ്പിളിലേക്കു മടങ്ങി. ബിസാൻസ്യത്തിലെ ലെയോൺസ്യൂസ്, ഗലാത്യയിലെ ഡൊമീഷ്യൻ, കപ്പദോഷ്യയിലെ തിയഡോർ എന്നിവരോടുകൂടി ചേർന്ന്, എഫ്രേമിന്റെ പേരു്, വിശുദ്ധ അനുസ്മരണപ്പട്ടികയിൽനിന്നു നീക്കാൻ ആർച്ചുബിഷപ്പ് പീററിനെ നിർബന്ധിച്ചു. അവരിപ്രകാരം ഭിന്നിപ്പുണ്ടാക്കിയപ്പോൾ ആർച്ചുബിഷപ്പ് രഹസ്യമായി സൊഫ്രോണിയുസിനെയും ജലാസിയുസിനെയും വരുത്തി ഒരിജനിസ്റ്റുകൾക്കെതിരെ അപേക്ഷ തയ്യാറാക്കാൻ ആവശ്യപ്പെട്ടു. വിശുദ്ധ അനുസ്മരണപ്പട്ടികയിൽനിന്ന് പാത്രിയർക്കീസ് എഫ്രേമിന്റെ പേരു് നീക്കുന്നതല്ലെന്നു് ശപഥം ചെയ്തു. അവർ അപേക്ഷ തയ്യാറാക്കി ആർച്ചുബിഷപ്പിനു സമർപ്പിച്ചു. അദ്ദേഹം അതു സ്വീകരിച്ച്, ഒരിജനിസ്റ്റുകാരുടെ നവീനതത്വങ്ങളെപ്പററി വിവരിച്ചുകൊണ്ടു് ഒരു കത്തുകൂടി ചേർത്ത് ചക്രവർത്തിക്ക് അയച്ചുകൊടുത്തു. ഈ അപേക്ഷ കിട്ടിയപ്പോൾ നമ്മുടെ അതിഭക്തനായ ചക്രവർത്തി ഒരിജന്റെ പ്രബോധനങ്ങൾക്കെതിരായി ഒരു രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് മെന്നാസും അദ്ദേഹത്തിന്റെ കീഴിലുള്ള സിനഡും അതിൽ ഒപ്പുവച്ചു. ഡൊമീഷ്യനും തിയഡോറും ഒപ്പുവയ്ക്കാൻ നിർബന്ധിതരായി. എന്നാൽ അവരുടെ കാപട്യം എല്ലാവർക്കും വ്യക്തമായി. കാരണം, ഒപ്പിട്ടശേഷം, ചില ഒരിജനിസ്റ്റു പാഷണ്ഡികൾ ഒപ്പിടാതെ ഒഴിഞ്ഞുമാറി എന്നു കണ്ട ഡൊമീഷ്യൻ ദുഃഖത്തിലും പരവേശത്തിലുമായി. അയാൾ തന്റെ മീശ മുറിച്ചിട്ടു് കത്തോലിക്കാ കൂട്ടായ്മയിൽ നിന്ന് സ്വയം വിച്ഛേദിച്ചു. അയാൾ സഭാഭ്രഷ്ടനായി, മഹോദരംവന്നു്

www.malankaralibrary.com

കോൺസ്റ്റാൻറിനോപ്പിളിൽവച്ചു മരിച്ചു. ഒപ്പിട്ടശേഷം സത്യ വിശ്വാസികൾക്കെതിരായി തിയഡോർ ഭയങ്കരമായ പീഡനങ്ങൾ അഴിച്ചുവിട്ടതു് അയാളുടെ കാപട്യം സ്പഷ്ടമാക്കുന്നു.

## 86. വലിയ ലൗറയുടെ മേലുള്ള ആക്രമണം

സാബാസിൻെറ മരണം കഴിഞ്ഞു് പതിനൊന്നാം വർഷത്തിൽ അഞ്ചാം ഇൻഡിക്ഷനിലെ ഫെബ്രുവരി മാസത്തിൽ (543) ഒരിജനെതിരായ വിളംബരം ജറുസലേമിൽ പ്രസിദ്ധീകരിച്ചു. ആബിലാമെത്രാൻ അലക്സാണ്ടർ ഒഴിച്ച് പലസ്തീനയിലെ എല്ലാ മെത്രാന്മാരും മരുഭൂമിയിലെ അധ്യക്ഷൻമാരും അതിൽ ഒപ്പിട്ടു. അതിൽ കുപിതനായ നോണ്ണുസ്, പീററർ, മെന്നാസ്, ജോൺ, കല്ലിസ്റ്റസ്, അനസ്റ്റാസ്യസ്, എന്നിവരും മററ് പാഷണ്ഡതാനേതാക്കന്മാരും കത്തോലിക്കാസഭയുടെ കൂട്ടയ്മയിൽ നിന്നു പിൻമാറി. അവർ പുതിയ ലൗറായിൽ നിന്നിറങ്ങി സമതലപ്രദേശത്തു വന്നുപാർത്തു. എവ്വുസേബിയസ് പിതാവും ലെയോൺഷ്യസും ഇതിനകം മരിച്ചുകഴിഞ്ഞു. ജറുസലേം വാർത്ത കോൺസ്റ്റാൻറിനോപ്പിളിൽ എത്തിയപ്പോൾ, കൊട്ടാരത്തെ നിയന്ത്രിച്ചിരുന്ന കപ്പഡോഷ്യയിലെ തിയഡോർ തിരുവുത്ഥാന ദേവാലയത്തിലെ പ്രതിപുരുഷന്മാരെ വിളിച്ച് ഉഗ്രകോപത്തോടെ ഇപ്രകാരം പറഞ്ഞു: ''പീററർ പാത്രിയർക്കീസ് പിതാക്കന്മാരെ തൃപ്തിപ്പെടുത്തി തങ്ങളുടെ സ്വന്തം ലൗറായിൽ അവരെ തിരികെ സ്വീകരിക്കുന്നില്ലെങ്കിൽ ഈ നിമിഷം ഞാൻ അയാളെ ഒരു 'മുൻ മെത്രാൻ' ആക്കും.'' ഇതറിഞ്ഞ നോണ്ണുസ്സിൻെറ പാർട്ടി തിയഡോർ അസ്കിദാസിൻെറ ഉപദേശാനുസൃതം താഴെവരുംവിധം ആർച്ചുബിഷപ്പിനെഴുതി:

താഴെവരുംപ്രകാരം പൊതുവായി ഒരു പ്രഖ്യാപനം താല്പര്യപൂർവ്വം നടത്തി മിതമായ ഒരുറപ്പ് തന്നു് അങ്ങയുടെ മനസ്സിനു് തൃപ്തി വരുത്തണമെന്നു് ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു: ''ദൈവത്തിനു പ്രീതികരമല്ലാത്ത രീതിയിൽ നടന്നിട്ടുള്ള എല്ലാ ശാപങ്ങളും നീക്കപ്പെടേണ്ടതാണു്; പിതാവിൻെറയും പുത്രൻെയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവ നീക്കപ്പെട്ടിരിക്കുന്നു.'' ഇതിനു് നിഷ്കൃഷ്ടമായ കൃത്യത ഇല്ലെങ്കിലും ഈ ഉറപ്പുകൊണ്ടു് ഞങ്ങൾ തൃപ്തരായിക്കൊള്ളാം.

www.malankaralibrary.com

ഈ കത്തു കിട്ടിയപ്പോൾ, ഇതു് ഉപദ്രവകരമാണെന്നും അനുവദനീയമല്ലെന്നും കരുതി അതിൽ ആവശ്യപ്പെട്ടിരുന്ന ഉറപ്പുനൽകാൻ ആദ്യമാദ്യം ആർച്ചുബിഷപ്പ് വിസമ്മതിച്ചു. എന്നാൽ അസ്കീദാസിൻെറ ഉപജാപങ്ങളെ ഭയന്നും അവസരം ഉപയോഗിക്കാൻ ആഗ്രഹിച്ചും അദ്ദേഹം സമതലത്തിൽ നിന്നു് നോണ്ണുസിനെയും പാർട്ടിയെയും വിളിച്ചുവരുത്തി; അവരെ വേറേ കൂട്ടിക്കൊണ്ടുപോയി അവരാവശ്യപ്പെട്ട ഉറപ്പുകൊടുത്തു. ഉറപ്പുലഭിച്ചപ്പോൾ അവർ പുതിയ ലൗറയിലേക്കു് തിരിച്ചുപോയി വലിയ ലൗറയിലെ പിതാക്കന്മാരോടു് കടുത്ത എതിർപ്പു പുലർത്തിക്കൊണ്ടു് താമസം തുടങ്ങി. ആയിടയ്ക്കു് കോൺസ്ററാൻറിനോപ്പിളിലേക്കു പോയ ആർച്ചുബിഷപ്പ് പീററർ, അലക്സാണ്ഡ്രിയായിലെ പീറററിനെയും ജോൺ സ്ട്രോങ്ങുളുസിനെയും തൻെറ ചാൻസലർമാരായി എടുക്കണമെന്നു് അസ്കിദാസ് നിർബന്ധിച്ചു. അയാൾ മർതീരിയുസിൻെറ ആശ്രമാധ്യക്ഷനായിരുന്ന ഷണ്ഡനായ ജോണിനെ പുതിയ പള്ളിയുടെ സൂപ്പീരിയറാക്കി. തങ്ങളുടെ അഭക്തി പരസ്യമായും വീടുതോറും കയറിയിറങ്ങിയും പ്രഘോഷിക്കാനും വലിയലൗറയിലെ പിതാക്കന്മാർക്കെതിരായ വിവിധതരം പീഡനങ്ങൾ ആസൂത്രണം ചെയ്യാനും നോണ്ണുസിനും അയാളുടെ പാർട്ടിക്കും കൂടുതൽ ആത്മവിശ്വാസം നൽകി. സത്യവിശ്വാസിയായ ഒരു സന്യാസിയെ വിശുദ്ധ നഗരത്തിൽ കണ്ടാൽ ചില ലൗകായതികരെക്കൊണ്ടു് അവരെ കടന്നാക്രമിക്കുകയും 'സാബാസിൻെറയാൾ' എന്നു പറഞ്ഞു് കളിയാക്കുകയും അങ്ങനെ അവരെ വിശുദ്ധ നഗരത്തിൽ നിന്നു് ഓടിക്കുകയും ചെയ്തിരുന്നു. സത്യവിശ്വാസികളായ പല പിതാക്കന്മാരെയും അവർ കടന്നാക്രമിക്കുകയും ഭക്തർക്കെതിരായി ലഹള തുടങ്ങുകയും ചെയ്തപ്പോൾ യോർദ്ദാനിലെ ബേസ്സി ദൈവികതീക്ഷ്ണതയാൽ ജ്വലിച്ചു്, അലട്ടപ്പെട്ട സത്യവിശ്വാസികളായ സന്യാസികളെ സഹായിക്കാൻ വിശുദ്ധ നഗരത്തിലേക്കു വന്നു. ബേസ്സിക്കും ശേഷം സത്യവിശ്വാസികൾക്കും എതിരായി പരസ്യമായി യുദ്ധം നടന്നു. അപ്പോൾ അവർ ഓടി വലിയ ലൗറായുടെ അതിഥിമന്ദിരത്തിൽ അഭയം തേടി. അവരുടെ എതിരാളികളും പെട്ടെന്നു് പിറകെയെത്തി. തങ്ങളുടെ ഉഗ്രകോപത്തിൽ പിതാക്കന്മാരെ

www.malankaralibrary.com

കൊല്ലാനാണ് അവർ വന്നത്. കെട്ടിടം നല്ല ബന്തവസ്സിലായിരുന്നതിനാൽ അവർക്കകത്തു കടക്കാൻ കഴിഞ്ഞില്ല. അവർ ജനലുകൾ എറിഞ്ഞു തകർക്കുകയും അകത്തുള്ളവരെ പരിഭ്രമിപ്പിക്കുകയും ചെയ്തു. ഇപ്രകാരം പിതാക്കന്മാരെ അവർ വളഞ്ഞപ്പോൾ, തെയോഡുലൂസ് എന്ന ബേസ്സൻ ഒരു അടികോൽ കയ്യിലെടുത്ത് മന്ദിരത്തിൽ നിന്ന് പുറത്ത് ചാടി. ശത്രുക്കൾ ഏതാണ്ട് മുന്നൂറ് പേരുണ്ടായിരുന്നിട്ടും പരസഹായം കൂടാതെ അവരെയെല്ലാം അയാൾ ഒററയ്ക്ക് നാലുപാടും ചിതറിച്ചു. ആരേയും അടിച്ചുവീഴ്ത്താതിരിക്കാൻ അയാൾ ശ്രദ്ധിച്ചു. എന്നാൽ അവരിലൊരാൾ കല്ലെറിഞ്ഞ് അയാളെ വീഴ്ത്തി. കുറച്ചു ദിവസങ്ങൾക്കകം അയാൾ മരിച്ചുപോയി. ഭക്തർക്കെതിരെയുള്ള യുദ്ധം ഇങ്ങനെ അവസാനിച്ചു. എതിരാളികളുടെ കാടത്തത്തിനെതിരായി സാക്ഷ്യം നൽകിക്കൊണ്ട് വില്പനശാലയുടെ കുറിയ മെററൽപടി പൊട്ടിയിരിക്കുന്നത് ഇന്നും കാണാം.

## 87. ഒരിജനിസ്ററുകളുടെ വ്യർത്ഥവിജയം

ഈ അവസരം വലിയ ലൗറയിലെ പിതാക്കന്മാർ ആബാ ജലാസിയൂസിനോട് കോൺസ്റ്റാൻറിനോപ്പിളിൽ പോയി ഇവയെല്ലാം നമ്മുടെ അതിഭക്തനായ ചക്രവർത്തിയെ ധരിപ്പിക്കാൻ അപേക്ഷിച്ചു. ആബാ ജലാസിയൂസ് വലിയ ലൗറായിലെ പള്ളിയിൽ പിതാക്കന്മാരെ ഒന്നിച്ചുകൂട്ടി. അവരെ സ്നേഹപൂർവം അഭിസംബോധന ചെയ്തിട്ട് താഴെപ്പറയുന്ന പ്രഖ്യാപനം നടത്തി: "പിതാക്കന്മാരേ, നിങ്ങളുടെ അപേക്ഷയനുസരിച്ച് ഞാൻ കോൺസ്റ്റാൻറിനോപ്പിളിലേക്കു പോകുന്നു എന്ന് കാണുവിൻ. എൻെറ യാത്രയിൽ എനിക്കെന്തു സംഭവിക്കുമെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട്, പാഷണ്ഡിയായിരുന്ന മൊപ്സുവെസ്ത്യായിലെ തിയഡോറിൻെറ ഒരനുയായിയേയും നിങ്ങളുടെകൂടെ താമസിപ്പിക്കരുത്. നമ്മുടെ വിശുദ്ധ പിതാവായ സാബാസ് ഒരിജനോടുകൂടി ഇയാളെയും വെറുത്തിരുന്നു. അയാളെ ശപിക്കുന്നതിനെതിരായി, പാത്രിയർക്കീസിൻെറ കല്പനയാൽ മരുഭൂമിയിൽ തയാറാക്കിയ അപേക്ഷയിൽ ഒപ്പിട്ടതിൽ ഞാൻ അത്യധികം ഖേദിക്കുന്നു. അപേക്ഷ തള്ളിക്കളയാനും തിയഡോർ ശപിക്കപ്പെടാനും ദൈവം തൻെറ സഭയോ

www.malankaralibrary.com

ട്ടുള്ള പരിഗണനയാൽ ഇടയാക്കി''. പിതാക്കന്മാരോട് ഇപ്രകാരം സംസാരിച്ചശേഷം ജലാസിയൂസ് പുറപ്പെട്ടു. അദ്ദേഹം ബിസാൻസ്യത്ത് എത്തിയപ്പോൾ അസ്സിദാസിന്റ് വരവിനെപ്പററി അറിവു കിട്ടി. അതിഥിമന്ദിരത്തിലോ, പാത്രിയർക്കീസിൻെറ ഭവനത്തിലോ, കൊട്ടാരത്തിലോ ജറൂസലേമിൽ നിന്നുള്ള ഒരു സന്യാസിയെ സ്വീകരിച്ചുപോകരുതെന്ന് അയാൾ കർശനമായി വിലക്കി. അതുകൊണ്ട്, ആബാ ജലാസിയൂസ്, ഒരിടത്തും കയറാൻ സാധിക്കാതെ, അസ്കിദാസിൻെറ ഉപജാപങ്ങളെ ഭയന്ന് സ്ഥലം വിട്ടു. ബിസാസിയത്തു നിന്ന് പലസ്തീനയിലേക്ക് നടന്നു തുടങ്ങി. അമോറിയത്ത് എത്തിയപ്പോൾ ഒൻപതാം ഇൻഡിക്ഷനിലെ ഒക്ടോബറിൽ അദ്ദേഹം മരിച്ചു. ഇതേപ്പററി അറിഞ്ഞ വലിയ ലൗറായിലെ പിതാക്കന്മാർ ഏകയോഗമായി വിശുദ്ധനഗരത്തിൽ ചെന്ന് ഒരധ്യക്ഷനെ ആവശ്യപ്പെട്ടു. അവർ പാത്രിയർക്കീസിനോട് ഇതു പറഞ്ഞപ്പോൾ, ചാൻസലറന്മാരുടെ നിർദ്ദേശം അനുസരിച്ച് ബലം പ്രയോഗിച്ചും ഭണ്ഡീപ്പിച്ചും മെത്രാൻെറ വസതിയിൽനിന്ന് അവരെ പുറത്താക്കി. അതിൻെറ ഫലമായി നിരവധി പരീക്ഷണങ്ങൾ സഹിച്ചിട്ടും ലക്ഷ്യം സാധിക്കാതെ അവർ വലിയ ലൗറയിലേക്ക് മടങ്ങിപ്പോന്നു

അത്യാവശ്യം കൊണ്ടോ, മുഖസ്തുതിയിൽ വീണുപോയതു കൊണ്ടോ അജ്ഞതകൊണ്ട് വഴിതെററിപ്പോയതിനാലോ, അഭക്തിക്കുണ്ടായിരുന്ന അധികാരത്തെ ഭയന്നിട്ടോ എന്താ ഈയവസരം എല്ലാവരും ഒരിജനിസ്റ്റുകാരുടെ കൂടെ കൂടിയിരുന്നു. അതുകൊണ്ട് എല്ലാം നിയന്ത്രിച്ചിരുന്ന പാഷണ്ഡികൾ വലിയ ലൗറയ്ക്കെതിരായിമാത്രം തങ്ങളുടെ ശക്തികളെ കേന്ദ്രീകരിച്ചു; അതുകൈവശപ്പെടുത്താൻ അത്യധ്വാനം ചെയ്തു. വലിയ ഉപജാപങ്ങളുടെ ഫലമായി ഒരിജനിസ്റ്റായ ജോർജിനെ അധ്യക്ഷനാക്കാൻ അവർക്കു കഴിഞ്ഞു. പോലീസ് അകമ്പടിയോടെയാണ് അയാളെ ലൗറായിലേക്ക് നയിച്ചത്. ഒൻപതാം ഇൻഡിക്ഷനിലെ ഫെബ്രുവരി മാസത്തിൽ(547) നമ്മുടെ വിശുദ്ധ പിതാവായ സാബാസിൻെറ കസേരയിൽ അയാളെ ഇരുത്തി. ഈ ചെന്നായുടെ വരവിൽ വലിയ മതപീഡനം ഉണ്ടായി. അത് നമ്മുടെ വിശുദ്ധ പിതാക്കന്മാരെ

www.malankaralibrary.com

ചിതറിച്ചുകളഞ്ഞു. മെത്രാനും ഏകാന്തവാസിയുമായ നമ്മുടെ ദൈവപ്രചോദിത പിതാവ് യോഹന്നാൻ അനേകം വർഷങ്ങൾക്കുശേഷം തൻെറ വാസസ്ഥലം വിട്ട് ഒലിവു മലയിലേക്കുപോയി. അദ്ദേഹത്തോടൊപ്പം ഭക്തിയുള്ള എല്ലാവരും സ്ഥലം വിട്ടു; അവരിൽ അനേകർ ഗ്രാമപ്രദേശങ്ങളിലൂടെ ചിതറപ്പോയി.

എന്നാൽ മുമ്പ് ആരിയസിൻെറ കാര്യത്തിൽ എന്നതുപോലെ ദൈവം ഒരു വലിയ അത്ഭുതം പ്രവർത്തിച്ചു. വലിയ ലൗറായിൽ നിന്നു് അവരെ പുറംതള്ളിയ മതപീഡനദിവസം തന്നെപ്രധാനശത്രുവും അഭക്തിയുടെ നായകനുമായ നോണ്ണുസ് പെട്ടെന്ന് മരിച്ചു.

## 88. വലിയ ലൗറായിലെ അധ്യക്ഷൻ കാസ്സിയൻ

അതിക്രൂരനായ ചെന്നായ് ജോർജ്ജ് ദിവ്യസാബാസിൻെറ വിശുദ്ധ അജഗണത്തെ ഏഴുമാസം ഭരിച്ചു. അയാളെ പിൻതുണച്ചവർതന്നെ ലമ്പടത്വത്തിൻെറയും ദുർവൃത്തിയുടെയും പേരിൽ അയാളെ ആശ്രമത്തിൽ നിന്നു പുറത്താക്കി അഗാധ വിസ്മൃതിയും മറവിയും അർഹിക്കുന്ന കാര്യങ്ങൾ എൻെറ വിവരണത്തിൽ കൊണ്ടുവരാതിരിക്കാനായി, ഈ ആരോപണങ്ങൾ ഞാൻ സന്തോഷപൂർവ്വം നിശബ്ദതയിൽ കടത്തിവിടുന്നു. തദവസരം പാത്രിയർക്കീസിൻെറ ഉപദേശം സ്വീകരിച്ചുകൊണ്ട് പിതാക്കന്മാർ വലിയ ലൗറ വിട്ടുപോയി. ഷിതോപ്പൊളീസിലെ ആബാ കാസ്സിയനെ സുപ്പീരിയറായി തെരഞ്ഞെടുത്തു. ഈ അവസരം അദ്ദേഹം സത്യവിശ്വാസത്തോടും കഴിവുററ രീതിയിലും സുക്കാ സമൂഹത്തെ നയിക്കുകയായിരുന്നു. വളരെ ഇളപ്രായത്തിൽതന്നെ ലോകം ഉപേക്ഷിച്ച ആളായിരുന്നു അദ്ദേഹം; ദിവ്യനായ സാബാസാണ് അദ്ദേഹത്തെ പരിശീലിപ്പിച്ചത്. അദ്ദേഹം വലിയ ലൗറയിലെ വൈദികനായി, എട്ടുവർഷം സുക്കാ ലൗറ ഭരിച്ചു, സൂഗ്ഗാ എന്നു വിളിക്കപ്പെടുന്ന, ഷിതോപ്പൊളീസിലെ ആശ്രമം സ്ഥാപിച്ചു. വന്ദ്യവയോധികൻെറ വിശുദ്ധ അജഗണത്തെ പത്തു മാസം ഭരിച്ചു. പത്താം ഇൻഡിക്ഷനിലെ ജൂലൈ 20 ന്, അതായത് മഹാനായ സാബാസ് മരിച്ചിട്ട് 16-ാം

www.malankaralibrary.com

വർഷം (548)ആബാ കാസ്സിയൻ നിദ്ര പ്രാപിച്ച് സമാധാനത്തിൽ വിശ്രമിച്ചു.

## 89. ഒരിജനിസ്റ്റുരുടെ ഇടയിലെ ശീശ്മ

സന്യാസനേട്ടങ്ങളിൽ വിഖ്യാതനും പ്രബോധനങ്ങളിൽ സത്യവിശ്വാസിയുമായ ആബാ കോനോനെ സുപ്പീരിയറാക്കാൻ വലിയ ലൗറയിലെ പിതാക്കന്മാരെ ദൈവം തദവസരം പ്രേരിപ്പിച്ചു. ലിസിയൻകാരനായ അദ്ദേഹം ബാല്യകാലത്തു തന്നെ തന്റെ ജന്മനാട്ടിൽ സന്യാസജീവിതം പരിശീലിക്കുകയും നിരവധി ദൈവികപോരാട്ടങ്ങളിൽ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു. ഭാഗ്യവാനായ സാബാസിന്റെ മരണശേഷം, വിശുദ്ധ സ്ഥലങ്ങൾ കാണാൻ ഇറങ്ങിത്തിരിച്ച അദ്ദേഹത്തെ ദൈവം വലിയ ലൗറയിൽ പ്രവേശിക്കുവാൻ ഇടയാക്കി. ജീവിത വിശുദ്ധിയാലും, സ്വഭാവത്തിന്റെ ആർജ്ജവത്താലും പെരുമാററത്തിലെ വിനയത്താലും ആത്മീയധാരണയാലും വിവേകത്താലും അദ്ദേഹം എല്ലാ പിതാക്കന്മാർക്കും മാതൃക നൽകി. ഭാഗ്യവാനായ സാബാസിന്റെ അജഗണം അദ്ദേഹം ചുമതല ഏറെറടുത്തപ്പോൾ വളരെ കുറച്ചു ചുരുങ്ങിപ്പോയിരുന്നു. അദ്ദേഹം അതിനെ വർദ്ധിപ്പിച്ചു, ശ്രേഷ്ഠമാക്കി. ഗ്രാമപ്രദേശങ്ങളിലൊക്കെ ചിതറിപ്പോയ പിതാക്കന്മാരെ അദ്ദേഹം ഒന്നിച്ചുകൂട്ടി.

പണ്ട് ഏബെറിന്റെ കാലത്തു് ദൈവം ഭാഷകൾ വിഭജിക്കുകയും തനിക്കെതിരായുള്ള കൂട്ടുകെട്ട് തകർക്കുകയും ചെയ്തതുപോലെ (ഉല്പ. 10:25; 11:9), തന്റെ സഭയെ നിരന്തരം പരിപാലിക്കുന്ന അവിടുന്ന് ഈയവസരം ഒരിജനിസ്റ്റുകളുടെ ഐക്യം തകർത്തുകളഞ്ഞു. നോണ്ണുസ് മരിച്ചുകഴിഞ്ഞപ്പോൾ തങ്ങളുടെ തത്വങ്ങളെപ്രതി പുതിയ ലൗറയിലുള്ളവരുമായി ഫിർമീനസിന്റെ ലൗറായിലുള്ളവർ കലഹിക്കുകയും പരസ്പരം മല്ലയുദ്ധത്തിലേർപ്പെടുകയും ചെയ്തു. ഭംഗപ്രസുവായ ഈ രണ്ടു അഭക്തികളെപ്പററിയും ദൈവത്തിനു പ്രിയംകരരും നമ്മുടെ അജഗണത്തിൽ പെട്ടവരുമായ ചിലയാളുകൾ, അവ അർഹിക്കുന്ന ഖണ്ഡനം നൽകിക്കൊണ്ട്, ഇക്കാലത്തു് വളരെ വിശദമായും വ്യാപകമായും രേഖപ്പെടുത്തിയിട്ടുണ്ട്. അവർ പരസ്പരം നൽകുന്ന പേരുകളിൽ നിന്നുതന്നെ അവരുടെ

www.malankaralibrary.com

അഭക്തിയെപ്പററിയറിയാൻ താല്പര്യമുള്ളവക്ക് അവസരമുണ്ട്. ഫിർമീനസിൻെറ ലൗറയിലുള്ളവരെ 'പ്രോതോക്തിസ്റ്റർ' എന്നോ 'തെത്രാദിതെസ്' എന്നോ വിളിക്കുന്നു പുതിയ ലൗറായിലുള്ളവരെ 'ഇസോക്രിസ്റ്റർ' എന്നും വിളിക്കുന്നു. ഓരോ ഗ്രൂപ്പിനും പ്രത്യേകമായ ഭക്തിരഹിത പ്രബോധനത്തിൽ ഓരോ പേരു കൊടുത്തിരിക്കുന്നു.[38]

രാജ്യകാര്യങ്ങൾ നിയന്ത്രിച്ചിരുന്നവനും ഇസോക്രിസ്റ്റ വിഭാഗത്തിൽ പെട്ടവനും അവരെ പിൻതുണച്ചിരുന്നവനുമായ കപ്പദോഷ്യയിലെ തിയഡോർ, തൻെറ വിഭാഗത്തിൽപെട്ട അനേകരെ പലസ്തീനയിൽ മെത്രാന്മാരായി വാഴിച്ചു. പുതിയ ലൗറയിലെ സുപ്പീരിയറായ തിയഡോറിനെ കുരിശിൻെറ സൂക്ഷിപ്പുകാരനും ഷിതോപ്പൊളീസിലെ മെത്രാപ്പോലീത്തായു മാക്കി. പ്രോതോക്തിസ്തരുടെ നേതാവ് ഒരു ഇസിദോറായിരുന്നു. തിയഡോർ നമ്മുടെ അജഗണത്തിനെതിരായി മാത്രമല്ല കൊടുങ്കാററും തിരമാലകളും അഴിച്ചുവിട്ടതു്; പിന്നെ

38. ക്രി.വ. 543-ൽ ജസ്റ്റീനിയൻ ഒരിജനിസ്റ്റുർക്കെതിരെ വിളംബരം പ്രസിദ്ധീകരിച്ചു. 543നും553നും ഇടയ്ക്ക് ഒരിജനിസ്റ്റ് ചിന്തയിൽ വളർച്ച ഉണ്ടായിട്ടുണ്ട്. 543 ലെ ശാപങ്ങൾ ''ആദ്യതത്വങ്ങൾ'' എന്ന കൃതിയിൽ നിന്നെടുത്ത ഒരിജനിസ്റ്റ് ചിന്തകൾക്കെതിരായിട്ടാണ്. 'പ്രോതോക്തിസ്തർ' അഥവാ ആദ്യം സൃഷ്ടിക്കപ്പെട്ടവർ എന്ന വിഭാഗം മനുഷ്യാത്മാക്കളുടെ പ്രിസ്ഥിതിയിൽ വിശ്വസിച്ചിരുന്നവരാണ്. ''553-ലെ'' ശാപങ്ങൾ എവാഗ്രിയസിൻെറ ഗ്നോസ്റ്റിക് പ്രശ്നങ്ങൾ' എന്ന കൃതിയെ ആധാരമാക്കി രൂപീകരിക്കപ്പെട്ടവയാണ് എന്നു തോന്നുന്നു. ഉത്ഥാനാനന്തരം നീതിമാന്മാർ ക്രിസ്തുവിനോടൊത്തു ഭരിക്കും എന്ന ആശയം ഇതിൽ ഉൾപ്പെടുന്നു. അതുകൊണ്ട് 'ഇസോക്രിസ്ത്യർ' (ക്രിസ്തുവിനോടൊത്തു് തുല്യർ) എന്നു് ഇവർ അറിയപ്പെടുന്നു. ക്രിസ്തുവിനോടൊത്തു് നീതിമാന്മാർ ഭരിക്കുമ്പോൾ ത്രിത്വത്തോടു കൂടി നാലാമതൊന്നു് ചേർക്കപ്പെടുന്നു. എന്ന അർത്ഥത്തിൽ 'തെത്രാദിതെസ്'' എന്നു് ഇവർ വിളിക്കപ്പെടുന്നു. 543 നു ശേഷം ഒരിജനിസത്തിൽ തീവ്രവാദികൾ ഉടലെടുത്തു; അവർ എവാഗ്രിയൻ സ്വാധീനം സ്വീകരിച്ചവരാകാം. ഇത്തരത്തിലുള്ള പിളർപ്പുകൾ ഒരിജനിസ്റ്റുകളുടെ അധഃപതനത്തിനു് കാരണമായി.

www.malankaralibrary.com

യോ പ്രോതോക്തസ്സീരുടെ ഏററവും ഹീനമായ തത്വങ്ങരം പിൻചെല്ലുന്നവർക്കെതിരായും പ്രവർത്തിച്ചു.

അസ്കിദാസിനെയും പുതിയ ലൗറയിലുള്ളവരെയും എതിക്കാൻ കഴിവില്ലാതെ ഇസിദോർ, നമ്മുടെ അജഗണത്തിൻെറ ഇടയനായ ആബാ കോനോൻെറ അടുത്തുവന്നു, "മുൻസ്ഥിതി'' എന്ന തത്വം താനൊരിക്കലും വിശ്വസിച്ചിരുന്നില്ല എന്നും തൻെറ സർവ്വകഴിവും ഉപയോഗിച്ച് അതിനെ എതിക്കുമെന്നും വിശുദ്ധ സീയോൻെറ നാമത്തിൽ വാക്കുകൊടുത്തിട്ട് അദ്ദേഹത്തിൻെറ കൂടെ പതിനഞ്ചാം ഇൻഡിക്ഷൻെറ ആരംഭത്തിൽ (551/2) കോൺസ്റ്റാൻറിനോപ്പിളിലേക്കു പോയി.

## 90. കോൺസ്ററാൻറിനോപ്പിൾ സൂനഹദോസും സത്യവിശ്വാസത്തിൻെറ വിജയവും

ആബാ കോനോൻെറ സംഘം കോൺസ്റ്റാൻറിനോപ്പിളിൽ എത്തിയപ്പോരം അസ്കിദാസ് അവരെ ബഹുവിധ പരീക്ഷണങ്ങരംക്ക് വിധേയരാക്കിയെങ്കിലും അവർ വിജയികളായി പുറത്തുവന്നു. അധികം വൈകാതെ, ആർച്ചുബിഷപ്പ് പീററർ മരിച്ചപ്പോരം, പുതിയ ലൗറായിലെ സന്യാസികളുടെ ഹിതമനുസരിച്ച് മക്കാരിയൂസ് വാഴിക്കപ്പെട്ടു; അതിൻെറ ഫലമായി വിശുദ്ധ നഗരം യുദ്ധക്കളമായി മാറി. അതിഭക്തനായ ചക്രവർത്തി, അസ്കിദാസിനും ഒരിജനിസ്റ്റുകൾക്കുമെതിരെ കോപം കൊണ്ടു ജ്വലിക്കുകയും മെത്രാൻസ്ഥാനത്തുനിന്ന് മക്കാരിയൂസിനെ നീക്കാൻ കല്പനയിടുകയും ചെയ്തു. ആബാ കോനോൻെറ സംഘം ഈ തക്കം നന്നായി മുതലെടുത്തു. തങ്ങളുടെ അവസ്ഥ വിവരിച്ചുകൊണ്ടും ഒരിജനിസ്റ്റുകളുടെ അഭക്തി തുറന്നു കാട്ടിക്കൊണ്ടും ഒരപേക്ഷ സമർപ്പിച്ചു. ഇസിദോർ ഇതിനോടകം മരിച്ചുകഴിഞ്ഞു. അവർ ആത്മധൈര്യത്തോടെ അലക്സാണ്ഡ്രിയായിലെ അഡ്മിനിസ്ട്രേററായ എവുസ്തോക്കിയൂസിനെ ജറുസലേം മെത്രാനായി നാമനിർദ്ദേശം ചെയ്തു. അയാരം തദവസരം കോൺസ്റ്റാൻറിനോപ്പിളിൽ ഉണ്ടായിരുന്നു. എവുസ്തോക്കിയൂസ് പാത്രിയർക്കീസ് ആകണമെന്ന് അതിഭക്തനായ ചക്രവർത്തി കല്പിച്ചു; അതുപോലെ ഒരു എക്യുമെനിക്കൽ കൗൺസിൽ കൂടണമെന്നും കല്പിച്ചു. എവുസ്തോക്കിയൂസിനെ ജറുസലേമിലേക്കയച്ചു. ഭാഗ്യവാനായ തിയഡോഷ്യസിൻെറ ആശ്രമത്തിൻെറ അധ്യക്ഷനായ എവുളോഗിയൂ

www.malankaralibrary.com

സിനെ അയയ്ക്കാൻ എവുസ്റ്റോക്കിയൂസിനോട് കോന്നോൻ ആവശ്യപ്പെട്ടു. അടുത്തു വരുന്ന സിനഡിൽ അയാറാക്കും പങ്കെടുക്കാൻ വേണ്ടിയായിരുന്നിതു്. എവുസ്റ്റോക്കിയൂസ് തൻെറ പാത്രിയാർക്കേറ്റിൽ പ്രവേശിച്ചിട്ട് കൗൺസിലിൽ തന്നെ പ്രതിനിധീകരിക്കാൻ മൂന്നു മെത്രാന്മാരെ അയച്ചു. 'സ്പ്രിങ്' എന്നു വിളിക്കപ്പെടുന്ന ലൗറായുടെ അധ്യക്ഷനായ കുറിയാക്കോസിനെയും സ്സംഭതാപസനായ പൻക്രാസിയൂസിനെയും ആബാ എവുളോഗിയൂസിനോടൊപ്പം അയച്ചു.

അഞ്ചാം സാർവത്രിക സൂനഹദോസ് കോൺസ്ററാൻറിനോപ്പിളിൽ കൂടിയപ്പോഠം ഒരിജനം മൊപ്സ്വെസ്റ്റ്യായിലെ തിയഡോറിനുമെതിരായും, മുൻസ്ഥിതി, സാർവത്രികോത്ഥാനം എന്നിവ സംബന്ധിച്ചുള്ള എവാഗ്രിയസിൻെറയും ദിദിമൂസിൻെറയും പ്രബോധനങ്ങഠംക്കെതിരായും നാലു പാത്രിയർക്കീസുമാരുടെയും സാന്നിധ്യത്തിലും അംഗീകാരത്തോടു കൂടെയും പൊതുവും സാർവത്രികവുമായ ശാപം രൂപീകരിച്ചു. നമ്മുടെ ദിവ്യസംരക്ഷിത ചക്രവർത്തി ഈ സിനഡിൻെറ നടപടികഠം ജറുസലേമിലേക്കയെച്ചുകൊടുത്തപ്പോഠം, അബീലായിലെ അലക്സാണ്ഡർ ഒഴികെയുള്ള പലസ്തീനിയൻ മെത്രാന്മാരെല്ലാം വാചികമായും ലിഖിതമായും അതംഗീകരിച്ചുറപ്പിച്ചു. അലക്സാണ്ഡർ മെത്രാസനത്തിൽ നിന്നു നിഷ്കാസിതനായി. ബിസാൻസ്യത്തിലുണ്ടായ ഒരു ഭൂമികുലുക്കത്തിൽ ഭൂമിക്കടിയിലായിപ്പോയി മൃതിയടഞ്ഞു. പുതിയ ലൗറയിലെ സന്ന്യാസികഠം കാതോലിക കൂട്ടായ്മയിൽ നിന്നു് ഈയവസരം സ്വയം വിച്ഛേദിച്ചു. എവുസ്റ്റോക്കിയൂസ് പാത്രിയർക്കീസ് അവരോട് ബഹുമാനപുരസ്സരം പെരുമാറി; എട്ടുമാസത്തോളം അദ്ദേഹം അവരെ ഗുണദോഷിക്കുകയും ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ കത്തോലിക്കാസഭയുമായി കൂട്ടായ്മയിൽ കഴിയാൻ അവരെ പ്രേരിപ്പിക്കാൻ ഉള്ള ശ്രമം വിഫലമായപ്പോഠം അദ്ദേഹം ഇമ്പീരിയൽ കല്പനകഠം എടുത്തുപ്രയോഗിച്ചു. അനസ്താസ്യൂസ് എന്ന സൈന്യാധിപൻ വന്നു് പുതിയ ലൗറയിൽനിന്നു് അവരെ പുറത്താക്കി; അങ്ങനെ അവരുടെ നാശകരമായ സ്വാധീനത്തിൽനിന്നു് പ്രോവിൻസ് മുഴുവനെയും വിമുക്തമാക്കി. അവിടെ ആളില്ലാതിരിക്കേണ്ട എന്നു കരുതി ആർച്ചുബിഷപ്പു് 120 സന്ന്യാസികളെ തെരഞ്ഞെടുത്തു് മററിടങ്ങളിൽനിന്നു് അവിടെ പാർപ്പിച്ചു; വലിയ ലൗറ

www.malankaralibrary.com

യിൽനിന്ന് 60 പേരെ. അവരുടെ ഇടയിൽനിന്ന് ജോൺ എന്ന പേരുള്ള ഒരു മുൻ സ്കോളാരിയൂസിനെ സുപ്പീരിയറാക്കി. ബാക്കി 60 പേരെ മരുഭൂമിയിലെ മററ് ഓർത്തഡോക്സ് ആശ്രമങ്ങളിൽനിന്നും തെരഞ്ഞെടുത്തു. അവരിൽ ഒരുവനാണ ഞാൻ. വലിയ ലൗറയിലെ പിതാക്കന്മാരാണ് വിശുദ്ധ എവുതീമിയസിൻെറ ആശ്രമത്തിൽനിന്ന് എന്നെ വിളിച്ചത്. മെത്രാനും ഏകാന്തവാസിയും ദൈവപ്രചോദിതനുമായ ജോണിൻെറ അനുവാദത്തോടും ഉപദേശത്തോടും കൂടെയാണ് ഞാൻ ഇപ്രകാരം ചെയ്തത്. ഞങ്ങൾ വിശുദ്ധനഗരത്തിൽ ഒന്നിച്ചുകൂടി. പാത്രിയർക്കീസിനോടും പുതിയ അധ്യക്ഷനോടു കൂടെ തെക്കോവാ ഗ്രാമത്തിലേക്ക പുറപ്പെട്ടു. സൈന്യാധിപനായ അനസ്താസ്യൂസ് ഒരിജനിസ്ററുകാരെ പുറത്താക്കി കഴിഞ്ഞപ്പോൾ ഞങ്ങൾ പുതിയ ലൗറായിൽ പ്രവേശിച്ചു. അതു് രണ്ടാം ഇൻഡിക്ഷനിലെ ഫെബ്രുവരി 21 നു്, ഭാഗ്യവാനായ സാബോസിൻെറ മരണംകഴിഞ്ഞു് 23-ാം വർഷത്തിലായിരുന്നു (554/5). അങ്ങനെ ഭക്തിക്കെതിരായ യുദ്ധം അവസാനിച്ചു.

വന്ദ്യവയോധികനെപ്പററിയുള്ള വിവരണം ഏതാണ്ട് അവസാനിപ്പിക്കാറായ ഈ അവസരം ''മരുഭൂമി ആനന്ദിക്കുകയും ലില്ലിച്ചെടിപോലെ പുഷ്പിക്കുകയും ചെയ്യട്ടെ'' എന്ന പ്രവാചകവചനം (ഏശ. 35:1-1) ഞാൻ ഉച്ചരിക്കും. എന്തുകൊണ്ടെന്നാൽ ''ജറുസലേമിലുള്ള എൻെറ ജനത്തിൻെറ ദുരിതങ്ങൾ ഞാൻ നോക്കിക്കണ്ടു. അവരുടെ നിലവിളി ഞാൻ കേട്ടു. അവരെ വിടുവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു'' (പുറ. 3:7-8) എന്ന് ദൈവം പറഞ്ഞതനുസരിച്ച് അതിൻെറ മക്കളോട് അവിടുത്തേക്ക് അനുകമ്പതോന്നി. തൻെറ തിരുഹിതപ്രകാരം അവിടുന്നു നമ്മെ സന്ദർശിച്ചു. ഒരിജനിസ്റ്റുകളുടെ ശക്തിയിൽനിന്ന് അവിടുന്നു നമ്മെ വിടുവിച്ച് വീണ്ടെടുത്തു. നമ്മുടെ മുമ്പിൽനിന്ന് അവിടുന്ന് അവരെ ആട്ടിപ്പായിച്ചിട്ട് അവരുടെ വാസഗൃഹങ്ങൾ നമുക്ക പാർക്കാനായി അവിടുന്നു നൽകി. നാം അവിടുത്തെ കല്പനകൾ പാലിക്കുന്നതിനും അവിടുത്തെ നിയമം പഠിക്കുന്നതിനുമായി അവരുടെ അധ്വാനഫലം അവിടുന്നു നമുക്ക് നൽകിയിരിക്കുന്നു. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ. ആമ്മേൻ.

നമ്മുടെ പിതാവായ വിശുദ്ധ സാബാസിൻെറ ജീവചരിത്രം ഇവിടെ അവസാനിച്ചു.

www.malankaralibrary.com

### നമ്മുടെ പിതാവായ വിശുദ്ധ സാബാസിൻെറ ലൗറയിലെ ഹെസിക്കാസ്ററും മെത്രാനുമായ

# നമ്മുടെ പിതാവ് വിശുദ്ധ യോഹന്നാൻെറ ജീവചരിത്രം

## 1. ജനനവും മാതാപിതാക്കളും

ഭാഗ്യവാനായ സാബാസിൻെറ ലൗറയിലെ ഏകാന്തവാസിയായ യോഹന്നാനെ, ജനനത്തിലും ജീവിതഖ്യാതിയിലും മററെല്ലാവരെക്കാളും മുൻപന്തിയിൽ നില്ക്കുന്നവനായി എൻെറ വിവരണത്തിൽ ആദ്യമായി ഞാൻ ചിത്രീകരിക്കുന്നു. അർമേനിയായിലെ നിക്കോപ്പൊളീസിൽ എൻക്രാസ്യസ്, എവുഫേമിയ എന്നീ മാതാപിതാക്കളിൽ നിന്ന് നമ്മുടെ ഈ ശ്രേഷ്ഠ പിതാവായ യോഹന്നാൻ ജനിച്ചു. അവർ ധനികരും കുലീന കുടുംബത്തിലുള്പ്പെട്ടവരുമായിരുന്നു. രാജകൊട്ടാരത്തിലെ ജോലികളുൾപ്പെടെ സിവിലും സൈനികവുമായ നിരവധി ഉദ്യോഗങ്ങൾ പ്രശസ്തമായവിധം അവർ നോക്കിയിരുന്നു. ബിസാൻസ്യത്തിലെയും അർമേനിയയിലെയും ജനങ്ങൾ അവരുടെ നേട്ടങ്ങളെപ്പററി ധാരാളം കഥകൾ പറയാറുണ്ട്. ആരംഭത്തിൽ തന്നെ എൻെറ വിവരണം അരോചകമാകാതിരിപ്പാനായി ഞാൻ അവയെല്ലാം വിട്ടുകളഞ്ഞിട്ട്, അയാളെ അറിയുന്ന എല്ലാവർക്കും അറിയാവുന്ന കുറെ ജീവിതസംഭവങ്ങൾ മാത്രം വിവരിക്കുന്നതേയുള്ളു.

അദ്ദേഹം എന്നോടുപറഞ്ഞതുപോലെ, ദൈവത്തിനു പ്രിയംകരനായ മാർസിയൻെറ ഭരണത്തിൻെറ നാലാംവർഷം ഏഴാം ഇൻഡിക്ഷനിലെ ജനുവരി 8 ന് അദ്ദേഹം ജനിച്ചു. ക്രിസ്തീയ മാതാപിതാക്കളിൽനിന്നു ജനിച്ചതിനാൽ, തൻെറ സഹോദരന്മാരോടൊപ്പം അദ്ദേഹത്തിന് ക്രിസ്തീയമായ ശിക്ഷണം ലഭിച്ചു.

www.malankaralibrary.com

## 2. അദ്ദേഹം ലോകം ഉപേക്ഷിച്ച് ഒരാശ്രമം സ്ഥാപിക്കുന്നു

കുറേ നാളുകൾക്കശേഷം, അദ്ദേഹത്തിന്റെ മാതാപിതാക്കൾ ക്രിസ്തുവിൽ മരിച്ചു. അവരുടെ വസ്തുവകകൾ പങ്കിട്ടു. ഈ ദൈവപ്രചോദിതമനുഷ്യൻ ദൈവത്തിനു സ്വയം സമർപ്പിച്ചു. നിത്യകന്യകയും ദൈവമാതാവും എല്ലാ സ്തുതികൾക്കും അർഹയുമായ മറിയത്തിന് നിക്കോപ്പൊളീസിൽ തന്നെ ഒരു പള്ളി പണിതിട്ട്, തന്റെ 18-ാം വയസ്സിൽ അദ്ദേഹം ഈ ലോകവ്യവഹാരങ്ങളെല്ലാം ഉപേക്ഷിച്ചു. രക്ഷിക്കപ്പെടാൻ ആഗ്രഹിച്ച പത്തു പേരെ കൂട്ടി അവിടെ ഒരാശ്രമം സ്ഥാപിച്ചു.

നിറഞ്ഞിരിക്കുന്ന വയറിന് ജാഗരണമോ ശ്രദ്ധയോ അസാധ്യമാണെന്നും വ്യർത്ഥാഭിമാനത്തിന് സ്വസ്ഥതയില്ലെന്നും, ജാഗരൂകത, ശ്രദ്ധ, വിനയം എന്നിവ കൂടാതെ താപസനാകാൻ സാധിക്കയില്ലെന്നും അറിഞ്ഞിരുന്നതിനാൽ തന്റെ വയറിനെ നിയന്ത്രിക്കാനും വ്യർത്ഥാഭിമാനത്തെ നിന്ദിക്കുവാനും തന്റെ യൗവനം മുഴുവൻ അദ്ദേഹം കഠിനമായി പരിശ്രമിച്ചു. തദനുസരണം, മനപ്പുതർച്ച ഉണ്ടാകാതിരിപ്പാനും വിശുദ്ധ ഉപ്പുകൊണ്ടു പതം വരുത്തി, സംഭാഷണം കുററകരമാകാതിരിപ്പാനും തന്റെ യൗവനത്തിൽ അദ്ദേഹം ശ്രദ്ധിച്ചു. തന്റെ കീഴിലുള്ളവരെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അദ്ദേഹം പരിശീലിപ്പിച്ചു. നവാഗതരെ നിയമത്തിന്റെ നുകത്തിൻകീഴിൽ അദ്ദേഹം അമർത്തിയില്ല; അവർ അലസരും പരിശീലനമില്ലാത്തവരും ആയിരിക്കാൻ അനുവദിച്ചുമില്ല. മറിച്ച് അവരെ കുറേശ്ശെ കുറേശ്ശെ മുന്നോട്ട് നയിച്ച്, വിശുദ്ധ അരുവികളാൽ നനച്ച് തങ്ങളുടെ വിളിക്കനുസൃതമായി ഫലം പുറപ്പെടുവിക്കാൻ അദ്ദേഹം ഇടയാക്കി.

## 3. അദ്ദേഹം കൊളോണിയാ മെത്രാനാകുന്നു

ഇരുപത്തിയെട്ടാം വയസ്സ് തുടങ്ങുകയും തന്നിൽ പ്രകാശിച്ച കൃപ എല്ലായിടത്തും അറിയപ്പെടുകയും ചെയ്തപ്പോൾ, അദ്ദേഹത്തിന്റെ കീർത്തിയാലും കൊളോണിയാ നഗരവാസി

www.malankaralibrary.com

കളുടെ അപേക്ഷയാലും സെബാസ്റ്റെയിലെ മെത്രാപ്പോലീത്താ മറേറതോ കാര്യത്തിനെന്നപേരിൽ അദ്ദേഹത്തെ വിളിച്ചുവരുത്തി, മേല്പറഞ്ഞ സ്ഥലത്തെ മെത്രാൻ മരിച്ച ഒഴിവിലേക്ക് മെത്രാനായി വാഴിച്ചു; സഭയിലെ വിവിധ പട്ടങ്ങളിലൂടെ ഇതിനകം അദ്ദേഹം കടന്നിരുന്നു. അദ്ദേഹത്തിൻെറ ഹിതത്തിനെതിരായിട്ടാണ് മെത്രാനായത്. തൻെറ സന്യാസ ജീവിതശൈലി മാററാതെ ആശ്രമത്തിലെന്നവണ്ണം അരമനയിൽ ജീവിച്ചു. പ്രത്യേകമായി, ''കുളിക്കുന്നതിൽനിന്നു്'' അദ്ദേഹം അകന്നിരുന്നു. മററുള്ളവർ തന്നെ കാണാതിരിക്കുക മാത്രമല്ല, സ്വയം നഗ്നനായി കാണാതിരിക്കാനും ശ്രദ്ധവച്ചു. ആദത്തിൻെറ നഗ്നതയെപ്പററി ചിന്തിച്ചുകൊണ്ടും ആ ഭാഗത്തു് രേഖപ്പെടുത്തിയിരിക്കുന്നതു് ഓർത്തുകൊണ്ടും (ഉല്പ.3:7–11) കുളിക്കാതിരിക്കുന്നതു് ഏററവും വലിയ സുകൃതങ്ങളിൽ ഒന്നായി അദ്ദേഹം കരുതി.

ദൈവത്തെപ്പററിയുള്ള അറിവിനെതിരായ അഹന്ത നിറഞ്ഞ എല്ലാ ചിന്തകളെയും തടസ്സങ്ങളെയും നീക്കിക്കൊണ്ടു് ഉപവാസത്തിലും പ്രാർത്ഥനകളിലും ശരീരത്തിൻെറ വെടിപ്പിലും ഹൃദയവിശുദ്ധിയിലും, ഒററ വാക്കിൽ എല്ലാ രീതികളിലും, ദൈവത്തെ പ്രസാദിപ്പിക്കാൻ അദ്ദേഹം യത്നിച്ചു. കൂടാതെ, സേനോ, അനസ്റ്റ്യാസ്യൂസ് എന്നീ ചക്രവർത്തിമാർ ബഹുമാനിക്കുകയും പല സർക്കാരുദ്യോഗങ്ങളും വഹിക്കുകയും ചെയ്ത സ്വസഹോദരൻ പെർഗാമിയൂസിനെയും ഈ മാതൃക വളരെ സ്വാധീനിച്ചു. ദൈവത്തെ പ്രസാദിപ്പിക്കാൻ അയാളും നന്നായി പരിശ്രമിച്ചു. അതുപോലെ അതിശ്രേഷ്ഠനായ ചീഫ് സെക്രട്ടറിയും തൻെറ അനന്തരവനുമായ തിയഡോറും തൻെറ മാതൃസഹോദരൻെറ സുകൃതപൂർണ്ണതയെപ്പററി ഗ്രഹിച്ചിട്ട്, ഭവനം മുഴുവനോടുംകൂടെ മാതൃക സ്വീകരിച്ചുകൊണ്ടു് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിച്ചു. ഈ തിയഡോറിനെ അദ്ദേഹത്തിൻെറ അറിവിനേയും ജീവിത ഗൗരവത്തെയും സത്യവിശ്വാസത്തെയും കരുണയേയും ദാനശീലത്തെയും പ്രതി സെനററു മുഴുവനും നമ്മുടെ അതിഭക്തനായ ജസ്റ്റീനിയൻ ചക്രവർത്തിയും ഇക്കാലത്തു് വളരെയധികം ബഹുമാനിക്കുന്നു. ഇതേപ്പററി പിന്നീട് പറയാം; സംഭവങ്ങൾ നടന്ന രീതിയിൽ അവതരിപ്പിക്കട്ടെ.

www.malankaralibrary.com

## 4. കോൺസ്റ്റാൻറിനോപ്പിളിലേക്കുള്ള യാത്രയും പലസ്തീനയിലേക്കുള്ള പിൻമാററവും

ദൈവപ്രചോദിതനായ യോഹന്നാൻ മെത്രാനായി ഒൻപതുവർഷം പൂർത്തിയാക്കി. അദ്ദേഹത്തിൻെറ സഹോദരിയായ മറിയത്തിൻെറ ഭർത്താവ് പസിനിക്കസ് ആയിരുന്നു അർമേനിയ ഭരിച്ചുകൊണ്ടിരുന്നത്. പൈശാചിക പ്രവർത്തനത്താൽ, യോഹന്നാൻെറ ചുമതലയിലുള്ള പള്ളികളെ ഇയാൾ ശിക്ഷിക്കാനും വിഷമിപ്പിക്കാനും തുടങ്ങി. സഭാകാര്യങ്ങളിൽ വേണ്ടവണ്ണം ശ്രദ്ധിക്കാൻ സഭാശുശ്രൂഷകരെ അനുവദിക്കാതെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. വിശുദ്ധസ്ഥലത്ത് അഭയം തേടിയവരെ ബലപ്രയോഗത്താൽ അവിടെനിന്ന് വലിച്ചിഴച്ചുകൊണ്ടുപോയി; അങ്ങനെ വിശുദ്ധ സ്ഥലത്തിൻെറ പരിപാവനതയ്ക്ക് കളങ്കം വരുത്തി. യോഹന്നാൻെറ സഹോദരി മറിയം ഇതിനോടകം മരിച്ചുകഴിഞ്ഞിരുന്നു. തുടരെത്തുടരെ അയാളോടപേക്ഷിച്ചിട്ടും തിരുലിഖിതത്തിലേക്ക് അയാളുടെ ശ്രദ്ധതിരിച്ചുകൊണ്ട് ഉപദേശിച്ചിട്ടും അയാൾ കൂടുതൽ ദുഷ്ടനായതേയുള്ളു. തദ്ഫലമായി പൊറുതിമുട്ടിയ നീതിമാൻ കോൺസ്റ്റാൻറിനോപ്പിളിലേക്കു പോകുവാൻ നിർബന്ധിതനായി. അവിടെ ചെന്ന്, കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പായ എവുഫേമിയസിൻെറ സഹായത്താൽ സഭയുടെ താൽപര്യങ്ങൾ സംരക്ഷിച്ചു. അത് സേനോയുടെ ഭരണത്തിൻെറ അന്ത്യഘട്ടമായിരുന്നു. തദവസരം, വിശുദ്ധ നഗരത്തിലേക്കു പിൻവാങ്ങി ഈ ലോകവ്യഗ്രതകളിൽ നിന്ന് അകന്നുമാറി ദൈവത്തെ പ്രസാദിപ്പിക്കുവാൻ അദ്ദേഹം ആലോചിച്ചു തീരുമാനിച്ചു. തനിക്കു ലഭിച്ച ഇമ്പീരിയൽ ഡിക്രികളും രേഖകളുമെല്ലാം തൻെറ കൂടെ ഉണ്ടായിരുന്ന വൈദികരെ ഏല്പിച്ച് അവരെ മടക്കി അയച്ചു. അദ്ദേഹം തനിയെ ഒരു കപ്പൽ കയറി ജറുസലേമിലേക്കു പോയി. അവിടെ ചെന്ന് ഭാഗ്യവതിയായ എവുഡോസ്യാ സ്ഥാപിച്ചതും പട്ടണത്തിന് തൊട്ടുപുറത്തുള്ളതുമായ അതിഥിമന്ദിരത്തിൽ താമസിച്ചു. വിശുദ്ധ ഗിവർഗീസ് സഹദായുടെ ഒരു ചാപ്പൽ അതിനുള്ളിൽ ഉണ്ടായിരുന്നു. അവിടെ കയറിയപ്പോൾ ഈ ലോകത്തിൻെറ

www.malankaralibrary.com

ബഹളം കണ്ട് അദ്ദേഹം അതീവ ദുഃഖിതനായി. രക്ഷയ്ക്ക് സഹായകമായതും ഏകാന്തതയുള്ളതും ആയ നല്ലൊരു സ്ഥലത്തേക്ക് നയിക്കണമേ എന്ന് കണ്ണുനീരോടെ ദൈവത്തോടപേക്ഷിച്ചു.

## 5. അദ്ദേഹം വലിയ ലൗറയിൽ പ്രവേശിക്കുന്നു

നമ്മുടെ വന്ദ്യപിതാവായ യോഹന്നാൻ രാത്രികാലങ്ങളിൽ ദൈവത്തോടുള്ള പ്രാർത്ഥനയിൽ ചെലവഴിച്ചു. കുറേനാൾ ഈ അതിഥിമന്ദിരത്തിൽ ഇപ്രകാരം ജീവിച്ചു. ഒരു ദിവസം രാത്രിയിൽ പ്രസ്തുത ഭവനത്തിന്റെ മുററത്തുകൂടെ നടക്കുമ്പോൾ ആകാശത്തേക്ക് നോക്കി. കുരിശാകൃതിയിൽ പ്രകാശിക്കുന്ന ഏതോ വസ്തു തന്റെ പക്കലേക്ക് പാഞ്ഞുവരുന്നതായി അദ്ദേഹം ദർശിച്ചു. അതിനുള്ളിൽ നിന്ന് അദ്ദേഹം ഒരുസ്വരം കേട്ടു: ''രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഈ പ്രകാശത്തെ പിൻതുടരുക.'' ശബ്ദത്തിൽ വിശ്വസിച്ചുകൊണ്ട് അദ്ദേഹം ഉടനെ ഇറങ്ങി ഈ പ്രകാശത്തിന്റെ പിറകെ പുറപ്പെട്ടു. പ്രകാശം അദ്ദേഹത്തെ നമ്മുടെ വിശുദ്ധ പിതാവായ സാബാസിന്റെ വലിയ ലൗറയിൽ എത്തിച്ചു. അന്ന് ജറുസലേമിലെ സഭയെ ഭരിച്ചുകൊണ്ടിരുന്നത് സല്ലുസ്റ്റിയുസ് ആയിരുന്നു. അദ്ദേഹം തന്നെ എന്നോടു പറഞ്ഞതുപോലെ, സേനോയുടെ മരണശേഷം അനസ്താസ്യൂസ് ഭരണമേററപ്പോൾ വലിയ ലൗറായിലെ ദൈവം നിർമ്മിച്ച പള്ളി കൂദാശചെയ്ത വർഷത്തിൽ, അദ്ദേഹത്തിന്റെ 38-ാം വയസ്സിൽ, പതിനാലാം ഇൻഡിക്ഷനിൽ (ക്രി. വ. 491) ആണ് ഇതു സംഭവിച്ചത്.

ഭാഗ്യവാനായ സാബാസ് 150 ഏകാന്തവാസികളുടെ സമൂഹത്തെ സ്ഥാപിച്ചെന്നും ശാരീരിക കാര്യങ്ങളിൽ അവർ പരമ ദരിദ്രരാണെന്നും ആത്മീയ വരങ്ങളിൽ സമ്പന്നരാണെന്നും വലിയ ലൗറയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിലുള്ള നിക്ഷേപം തിരിച്ചറിയാതെ, ഒരാരംഭകനെപ്പോലെ, ആശ്രമത്തിലെ കാര്യവിചാരിപ്പുകാരന്റെ കീഴിലായിരിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമായി, ഭാഗ്യവാനായ സാബാസ് അദ്ദേഹത്തെ സ്വീകരിച്ച് വിചാരിപ്പുകാരനെ ഭരമേല്പിച്ചു. ശ്രേഷ്ഠനായ സാബാസിൽ നിന്ന്

www.malankaralibrary.com

യോഹന്നാൻെറ സുകൃതഭണ്ഡാഗാരം ദൈവം മറച്ചുവച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല. ദൈവം തൻെറ വിശുദ്ധർക്ക് വെളിപ്പെടുത്താനാഗ്രഹിച്ചാൽ അവർ പ്രവാചകരാകും; എന്നാൽ മറച്ചുവയ്ക്കാൻ ദൈവം ആഗ്രഹിച്ചാൽ മററുള്ളവർ കാണുന്നതിൽ കൂടുതലായിട്ടൊന്നും അവർ കാണില്ല എന്നതു് ചിന്തിക്കേണ്ട കാര്യമാണ്. ശൂനാമ്യ സ്ത്രീയോട് "അവളുടെ ആത്മാവ് വലിയ സങ്കടത്തിലാണ്. കർത്താവ് അതു് എന്നിൽ നിന്നു മറച്ചുവച്ചിരിക്കുന്നു" എന്നു ഏലീശാപ്രവാചകൻ പറഞ്ഞപ്പോൾ അവൻ എൻെറ ഈ വാക്കുകൾക്ക് സാക്ഷിയാണ്. ദൈവ പ്രചോദിത യോഹന്നാൻ, താഴ്മയോടും താല്പര്യത്തോടും കൂടെ ശുശ്രൂഷിക്കുകയും മലയിടുക്കിൽ നിന്നു വെള്ളം കൊണ്ടു വരികയും അതിഥിമന്ദിരം പണിതപ്പോൾ പണിക്കാർക്കുവേണ്ടി പാചകം ചെയ്യുകയും കല്ലും മററ് പണിസാധനങ്ങളും എത്തിച്ചു കൊടുക്കുകയും ചെയ്തുകൊണ്ട് കാര്യസ്ഥനും പിതാക്കന്മാർക്കും പരിപൂർണമായി അനുസരണ ഉള്ളവനായിരുന്നു.

## 6-7 ആദ്യത്തെ സന്യാസജോലികൾ

6. അദ്ദേഹം തന്നെ എന്നോടു് വിവരിച്ചതുപോലെ, നമ്മുടെ പിതാവായ സാബാസിനോടും മററ് ചിലരോടും കൂടെ കസ്റ്റെല്ലിയത്തിൽ അദ്ദേഹം വളരെ അധ്വാനിച്ചു. ലൗറായിലെ അദ്ദേഹത്തിൻെറ താമസത്തിൻെറ രണ്ടാം വർഷമായിരുന്നതു്. വിശുദ്ധ സാബാസിൻെറ ജീവചരിത്രത്തിൽ ഞാൻ വിവരിച്ചതുപോലെ, പിശാചിൻെറ ആവാസത്തിൽനിന്നു് കസ്റ്റെല്ലിയത്തെ ശുദ്ധീകരിച്ചെടുത്ത അവസരമായിരുന്നു അതു്. പിതാക്കന്മാർക്ക് ഭക്ഷണമില്ലാതെ അവർ വിശന്നു് വലഞ്ഞപ്പോൾ ദൈവിക വെളിപാടാൽ വിശുദ്ധ ആബാ മാർസിയൻ അവർക്ക് ഭക്ഷണം എത്തിച്ച കാലമായിരുന്നു.

ഒന്നാം ഇൻഡിക്ഷനിൽ ഉദ്യോഗം മാറുന്ന അവസരം (ക്രി.വ. 492/3), കാര്യസ്ഥനായസന്യാസി ഈ ജ്യോതിർഗോളത്തെ പാചകക്കാരനും അതിഥികളുടെ ചുമതലക്കാരനും ആക്കി, വളരെ താത്പര്യത്തോടും സന്തോഷത്തോടും കൂടെ ഈ ശുശ്രൂഷ അദ്ദേഹം സ്വീകരിച്ചു. പിതാക്കന്മാർ ഓരോരുത്തരെയും വിനയത്തോടും ശാന്തതയോടും ശുശ്രൂഷിച്ചുകൊണ്ട് അവൻ എല്ലാവർക്കുമായി തൻെറ ജോലികൾ ചെയ്തു; ലൗറയ്ക്കു പുറത്തു്

www.malankaralibrary.com

വടക്കായി ആശ്രമം നിർമ്മിച്ചത് അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്താണ്. ലോകം ഉപേക്ഷിച്ചുവരുന്നവർക്ക് അവിടെ ആശ്രമത്തിൽ ആദ്യം കർക്കശമായ പരിശീലനം നൽകാനുള്ള തായിരുന്നത്. കൂട്ടജീവിത നിയമങ്ങളിൽ വേണ്ടത്ര പരിശീലനം ലഭിച്ചു കഴിഞ്ഞാൽ അവർ ലൗറയിൽ ജീവിച്ചിരുന്നു. ഫലത്തിനു മുൻപ് പുഷ്പമെന്നതുപോലെ ഏകാന്തജീവിതത്തിനു മുൻപ് കൂട്ടജീവിതമാണ് എന്ന് ഭാഗ്യവാനായ സാബാസ് കരുതുകയും പറയുകയും ചെയ്യുമായിരുന്നു. ഈ ആശ്രമപ്പണിക്കാലത്ത്, തന്റെ ഉദ്യോഗത്തിനടുത്ത മററ് ജോലികൾക്കു പുറമേ അതിഥികളുടെ ചുമതലക്കാരൻ എന്ന നിലയിൽ പണിക്കാർക്കു വേണ്ട പാചകം ചെയ്യുന്നതും അതിഥിമന്ദിരത്തിൽ നിന്ന് പത്തു സ്റ്റേഡിയാ അകലത്തിലുള്ള പണിസ്ഥലത്തേക്ക് ഭക്ഷണസാധനങ്ങൾ ദിവസം രണ്ടു പ്രാവശ്യം കൊണ്ടുകൊടുക്കുക എന്നതും ഈ നീതിമാന്റെ ജോലിയായിരുന്നു.

7. അദ്ദേഹം തന്റെ ശുശ്രൂഷയുടെ വർഷം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ പെരുമാററത്തിലും കാര്യഗൗരവത്തിലും ആത്മീയഉൾക്കാഴ്ചയിലും പിതാക്കന്മാർ സംപ്രീതരായി. അപ്പോൾ ഏകാന്തജീവിതത്തിനായി നമ്മുടെ പിതാവായ സാബാസ് അദ്ദേഹത്തിനൊരു മുറിയറ നൽകി. അദ്ദേഹം അത് സ്വീകരിച്ചു. ഏകാന്തവാസത്തിന് അനുവാദവും വാങ്ങി. ആഴ്ചയിൽ അഞ്ചുദിവസം ഒരാൾക്കും ദർശനം നൽകാതെയും ഒരു മനുഷ്യനുമായും സംസർഗം ഇല്ലാതെയും ചെലവഴിച്ചു. എന്നാൽ ശനിയാഴ്ചയും ഞായറാഴ്ചയും പള്ളിയിൽ ആദ്യം വരുന്നതും അവസാനം അവിടെ നിന്ന് പോകുന്നതും അദ്ദേഹമായിരുന്നു. "ഭയത്തോടുകൂടി കർത്താവിനെ സേവിക്കുക, വിറയലോടുകൂടി അവിടുത്തെ പുകഴ്ത്തുക" എന്ന സങ്കീർത്തനമനുസരിച്ച്, സങ്കീർത്തനാലാപത്തിന് പരിപൂർണ്ണ ഭയഭക്തിയോടും ബഹുമാനത്തോടും കൂടെ അദ്ദേഹം നിലകൊള്ളുമായിരുന്നു. ഇപ്രകാരം മൂന്നുവർഷം അദ്ദേഹം ജീവിച്ചു. രക്തരഹിത ബലിയുടെ അവസരം ധാരാളമായി കരയത്തക്ക വിധമായിരുന്നു അദ്ദേഹത്തിന്റെ അനുതാപം. സ്വയം നിയന്ത്രിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹത്തിനുള്ള കണ്ണുനീരിന്റെ വരം

www.malankaralibrary.com

കണ്ടു് പിതാക്കന്മാർ അത്ഭുതപ്പെട്ടുപോയി; നല്ല കാര്യങ്ങൾ നൽകുന്ന ദൈവത്തെ അവർ മഹത്വപ്പെടുത്തി.

ഈ മൂന്നുവർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം ലൗറയിലെ കാര്യസ്ഥനായി നിയമിതനായി. എല്ലാകാര്യത്തിലും ദൈവം അവനെ സഹായിച്ചു. അതുകൊണ്ടു് ലൗറ അനുഗ്രഹിക്കപ്പെട്ടു അദ്ദേഹത്തിൻെറ ശുശ്രൂഷാകാലത്തു് സമൂഹം വർദ്ധിച്ചുവന്നു.

## 8-10. അദ്ദേഹത്തിൻെറ മെത്രാൻസ്ഥാനം രഹസ്യമായിരിക്കുന്നു

അദ്ദേഹം സുകൃതവാനും പരിപൂർണ്ണനുമായ ഒരു സന്യാസി ആയിരുന്നതിനാൽ അദ്ദേഹത്തിൻെറ ശുശ്രൂഷ പൂർത്തിയാക്കിയപ്പോൾ അദ്ദേഹത്തിനു പട്ടം കൊടുക്കാൻ ഭാഗ്യവാനായ സാബാസ് ആഗ്രഹിച്ചു. ആറാം ഇൻഡിക്ഷനിൽ (ക്രി. വ. 497/8) വിശുദ്ധനഗരത്തിൽ ഭാഗ്യവാനായ ഏലിയാസ് പാത്രിയർക്കീസിൻെറ പക്കലേക്കു് സാബാസ് അയാളെ കൂട്ടിക്കൊണ്ടുപോയി. അയാളുടെ സുകൃതങ്ങളെപ്പററി വിവരിക്കുകയും അയാൾക്കു വൈദികപട്ടം കൊടുക്കണമെന്നപേക്ഷിക്കുകയും ചെയ്തു. അതുകേട്ട ഉടനെ തൻെറ കൈകൾ കൊണ്ടു തന്നെ അയാൾക്കു പട്ടം കൊടുക്കാനായി ആർച്ചുബിഷപ്പ് കാൽവരിയിലെ വിശുദ്ധപള്ളിയിലേയ്ക്കു് പുറപ്പെട്ടു. അദ്ദേഹം കടന്നുകളയാതിരിക്കാൻ അവർ ശ്രദ്ധിച്ചു. ഈ വലിയ പിതാവ് തൻെറ സ്വാഭാവികബുദ്ധി ഉപയോഗിച്ചു് ഇപ്രകാരം പറഞ്ഞു "വന്ദ്യപിതാവേ, ഞാൻ കുറേ പാപങ്ങൾ ചെയ്തതിനാൽ രഹസ്യമായി അവ അങ്ങയുടെ മുൻപാകെ നിരത്തിവയ്ക്കാം. അതിനുശേഷം അങ്ങു് എന്നെ യോഗ്യനായി പരിഗണിച്ചാൽ ഞാൻ പട്ടം സ്വീകരിക്കാം" അയാളെ വിശുദ്ധ ഗോഗുൽതായുടെ കയററത്തേയ്ക്കു് കൂട്ടിക്കൊണ്ടുപോയി രഹസ്യമായി ഇപ്രകാരം പറഞ്ഞു: "ഈ നാട്ടിൽ നിന്നു് എന്നെ ആരും ഓടിച്ചുകളയാതിരിക്കാൻ ഈ രഹസ്യം ആരോടും പറയരുതെന്നും എൻെറ ജീവനെ രക്ഷിക്കണമെന്നും ഞാൻ അങ്ങയോടു് അപേക്ഷിക്കുന്നു." അദ്ദേഹത്തിൻെറ ഉറപ്പ് കിട്ടിയപ്പോൾ അയാൾ പറഞ്ഞു: പിതാവേ, ഞാൻ ഇന്ന പട്ടണത്തിലെ മെത്രാനായി പട്ടം സ്വീകരിച്ചു. എന്നാൽ

www.malankaralibrary.com

ദുഷ്ടത വർദ്ധിച്ചതിനാൽ ഞാൻ വിദൂരത്തിലേയ്ക്കു് ഓടി ദൈവ സന്ദർശനം പ്രതീക്ഷിച്ചുകൊണ്ടു് മരുഭൂമിയിൽ അഭയം പ്രാപിച്ചിരിക്കുന്നു. ഇതു് ശരിയാണെന്നു് ഞാൻ കരുതി. എന്തു കൊണ്ടെന്നാൽ എനിക്കു് ശാരീരികാരോഗ്യമുള്ളപ്പോൾ പിതാക്കന്മാരെ ശുശ്രൂഷിക്കുകയും സേവിക്കുകയും ചെയ്താൽ, ഞാൻ ബലഹീനനാകുമ്പോൾ മററുള്ളവരാൽ ശുശ്രൂഷിക്കപ്പെട്ടു എന്നതിനു് ഞാൻ കുററക്കാരൻ ആകുകയില്ലല്ലോ.'' ഇതുകേട്ട ആർച്ചുബിഷപ്പ് അത്ഭുതപ്പെട്ടുകൊണ്ടു് ഭാഗ്യവാനായ സാബാസിനെ വിളിച്ചുപറഞ്ഞു: ''അദ്ദേഹം എന്നോടു് ചില കാര്യങ്ങൾ രഹസ്യമായി പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു പട്ടം കൊടുക്കാൻ സാധ്യമല്ല. അദ്ദേഹത്തെ ആരും ശല്യപ്പെടുത്താതെ, ഇന്നു മുതൽ അദ്ദേഹം ഏകാന്തജീവിതം നയിക്കട്ടെ''. ഇത്രയും പറഞ്ഞിട്ടു് ആർച്ചുബിഷപ്പ് അവരെ അവരുടെ വഴിക്കു് പറഞ്ഞയച്ചു.

9. ഭാഗ്യവാനായ സാബാസ്, ആത്മാവിൽ വളരെ ദുഃഖിതനായി, വലിയ ലൗറായിൽ നിന്നും ഏതാണ്ടു് മുപ്പതു് സ്റേറഡിയ അകലെ, കസ്റ്റെല്ലിയുമിനു് തെക്കുള്ള ഒരു ഗുഹയിലേക്കു് പിൻവാങ്ങി ദൈവതിരുമുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു: ''കർത്താവേ, യോഹന്നാൻ പൗരോഹിത്യത്തിനു് യോഗ്യനാണെന്നു് ചിന്തിക്കാനായി ഞാൻ ചതിവിൽ പെടത്തക്കവണ്ണം നീ എന്തുകൊണ്ടാണു് എന്നെ തിരസ്കരിച്ചതു്? ഇപ്പോൾ, എൻെറ കർത്താവും എൻെറ ഗുരുവുമേ, അയാളെപ്പററിയുള്ള സത്യം എനിക്കു വെളിപ്പെടുത്തണമെ. വിശുദ്ധീകരിക്കപ്പെട്ടതും ശുശ്രൂഷായോഗ്യവും വിശുദ്ധ തൈലം സ്വീകരിക്കാൻ യോഗ്യവും എന്നു് എനിക്കു് തോന്നിയപാത്രം നിൻെറ ഔന്നത്യത്തിൻ മുൻപാകെ ശുശ്രൂഷായോഗ്യമല്ലെന്നു് തിരുമുമ്പാകെ തെളിയിക്കപ്പെട്ടെങ്കിൽ എൻെറ ആത്മാവു് മരണത്തോളം അസ്വസ്ഥമായിരിക്കുന്നു''. കണ്ണുനീരോടുകൂടി ആബാ സാബാസ് ഇതും ഇതുപോലെയുള്ള വാക്കുകളും രാത്രിമുഴുവൻ ഉച്ചരിച്ചുകൊണ്ടിരിക്കെ ഒരു മാലാഖ അവനു കാണപ്പെട്ടു പറഞ്ഞു: ''യോഹന്നാൻ പ്രയോജനമില്ലാത്ത പാത്രമല്ല, പിന്നെയോ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണു്. അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടവനാകയാലാണു് ഇപ്പോൾ അദ്ദേഹത്തിനു വൈദികനാകുവാൻ സാധിക്കാത്തതു്''. ദർശനം ഇത്തരത്തിലുള്ളതായിരുന്നു. ദൈവദർശനങ്ങളും

www.malankaralibrary.com

മാലാഖമരുടെ കാണപ്പെടലുകളും കണ്ടിട്ടുള്ള നമ്മുടെ പിതാവായ സാബാസ് ഭയപ്പെട്ടില്ല. പിന്നെയോ ദിവ്യനായ യോഹന്നാൻെറ മുറിയിലേക്ക് നിറഞ്ഞ സന്തോഷത്തോടെ കടന്നുചെന്ന് അദ്ദേഹത്തെ ആലിംഗനം ചെയ്തുകൊണ്ട് പറഞ്ഞു. "പിതാവായ യോഹന്നാൻ, നീ എന്നിൽ നിന്നു ദൈവദാനം മറച്ചുവച്ചു. എന്നാൽ ദൈവം അതെനിക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു." ദൈവപ്രചോദിതനായ യോഹന്നാൻ മറുപടി പറഞ്ഞു: "പിതാവേ, ഞാൻ ദുരിതത്തിലായിരിക്കുന്നു. ഈ രഹസ്യം ആരെങ്കിലും അറിയാൻ ഞാൻ ആഗ്രഹിച്ചില്ല. ഇനിയും ഈ നാട്ടിൽ പാർക്കാൻ എനിക്കു സാധ്യമല്ല."

10. ഇതാരോടും പറയില്ലെന്ന് ശ്രേഷ്ഠൻ ദൈവവചനത്താൽ വാഗ്ദാനം ചെയ്തു. അപ്പോഴം മുതൽ നാലുവർഷത്തേക്ക് പള്ളിയിൽ വരാതെയും തനിക്കു ശുശ്രൂഷ ചെയ്യുന്നവനൊഴികെ മററാരോടും സംസാരിക്കാതെയും ഏകാന്തതയിൽ തൻെറ ഗുഹയിൽ ചെലവഴിച്ചു മാതാവും നിത്യകന്യകയുമായ മറിയത്തിൻെറ നാമത്തിൽ ലൗറയിൽ പണിത ശ്രേഷ്ഠദൈവാലയ കൂദാശയ്ക്കു മാത്രം ഒൻപതാം ഇൻഡിക്ഷനിൽ (501) പുറത്തു വന്നു. അപ്പോഴം തന്നെയും, കൂദാശയ്ക്കണഞ്ഞ ഏലിയാസ് പാത്രിയർക്കീസിനെ സ്വീകരിക്കാൻ നിർബന്ധിതനായതിനാൽ മാത്രം. അയാളെ കണ്ടുമുട്ടിയ പാത്രിയാർക്കീസ് അയാളുടെ ആത്മീയജ്ഞാനത്തിലും സൗഹൃദസംഭാഷണത്തിലും വളരെ സന്തുഷ്ടനായി. തൻെറ ഭരണകാലം മുഴുവൻ അയാളെ പാത്രിയാർക്കീസ് ബഹുമാനിച്ചിരുന്നു.

## 11. റൂബാ മരുഭൂമിയിലേക്കു പിൻവാങ്ങുന്നു

നാലാം വർഷത്തിൻെറ അവസാനം, പുതിയ ലൗറയിൽ പിന്നീടു വന്നുതാമസിച്ചവരുടെ ക്രമക്കേടുനിമിത്തം ഭാഗ്യവാനായ സാബാസ് ലൗറാവിട്ട് ഷിതോപ്പൊളീസ് പ്രദേശങ്ങളിലേക്കു പോയി. അതിവന്ദ്യനായ യോഹന്നാനും തൻെറ അൻപതാം വയസ്സിൽ പതിനൊന്നാം ഇൻഡിക്ഷനിൽ (503) ഈ ക്രമരഹിതമായ സമൂഹത്തിൽ നിന്നു് ഓടി റൂബാ മരുഭൂമിയിലേക്കു് പിൻവാങ്ങി. അവിടെ എല്ലാ മാനുഷിക ബന്ധങ്ങളിൽ നിന്നും അകന്ന് ഏകാന്തതയിൽ ദൈവവുമായി സംഭാഷണം

www.malankaralibrary.com

ചെയ്യുവാനും, മൂടുപടംകൂടാതെ ദൈവമഹത്വം ദർശിക്കാനായി സുദീർഘമായ വിചിന്തനത്തിലൂടെ മനോനയനങ്ങളെ ശുദ്ധീകരിക്കാനും, കൂടുതൽ ശ്രേഷ്ഠമായ കാര്യങ്ങൾക്കുവേണ്ടിയുള്ള അവൻെറ ആഗ്രഹത്താൽ മഹത്വത്തിൽ നിന്നു മഹത്വത്തിലേക്ക് പുരോഗമിക്കാനായി പൂർണമായി തന്നെത്തന്നെ സമർപ്പിച്ചു. ശാരീരികാവശ്യങ്ങളെ പ്രതി രണ്ടോ മൂന്നോ ദിവസത്തിൽ ഒരിക്കൽ അവൻ ഗുഹയിൽ നിന്നിറങ്ങി, മരുഭൂമിയിൽ തന്നെ വളരുന്നതും മരുഭൂമിയിലെ ഏകാന്തവാസികൾ ഭക്ഷിക്കുന്നതുമായ മെലാഗ്രിയ ശേഖരിക്കാൻ മരുഭൂമിയിൽ ചുററിത്തിരിയാറുണ്ടായിരുന്നു.

അവിടുത്തെ താമസത്തിൻെറ ആരംഭകാലത്ത് മരുഭൂമിയിൽ വലിയ പരിചയം കിട്ടുന്നതിനു മുൻപ് ഒരു ദിവസം മേല്പറഞ്ഞതുപോലെ, മെലാഗ്രിയ ശേഖരിക്കാൻ ഇറങ്ങിപ്പുറപ്പെട്ടപ്പോൾ അദ്ദേഹത്തിനു വഴിതെററി കടക്കാനസാധ്യമായ മലഞ്ചരുവിൽ എങ്ങനെയോ ചെന്നെത്തി. എങ്ങനെ ഗുഹയിൽ തിരികെ എത്താമെന്ന് അറിയാതെയും മുന്നോട്ട് നടക്കാൻ ശക്തിയില്ലാതെയും നിരാശനായി അദ്ദേഹം അവിടെ വീണു. പെട്ടെന്ന്, ഹബക്കുക്കിനെയെന്നവണ്ണം, ദൈവികശക്തിയുടെ സന്ദർശനം അദ്ദേഹത്തെ വായുവിലൂടെ പൊക്കിയെടുത്ത് അദ്ദേഹത്തിൻെറ ഗുഹയിൽ കൊണ്ടുചെന്നാക്കി. കാലം കഴിഞ്ഞപ്പോൾ ആ മരുഭൂമിയുടെ കിടപ്പ് അദ്ദേഹം മനസ്സിലാക്കി. തന്നെ എവിടെ നിന്നാണ് പൊക്കിയെടുത്തതെന്ന് അദ്ദേഹം കണ്ടുപിടിച്ചു. അത് അഞ്ചുമൈൽ ദൂരത്തിൽ ആയിരുന്നു എന്ന് മനസ്സിലാക്കി.

## 12. അദ്ഭുതകരമായ പരിപാലന

ഒരു സഹോദരൻ റൂബായിൽ വന്ന് അദ്ദേഹത്തോടൊപ്പം ഏകാന്തജീവിതം പരിശീലിച്ചുകൊണ്ട് കുറേക്കാലം അവിടെ താമസിച്ചു. ഉയിർപ്പുതിരുനാൾ സമീപിച്ചപ്പോൾ ഈ സഹോദരൻ ശ്രേഷ്ഠനോടു പറഞ്ഞു: ''പിതാവേ, നമുക്കിവിടെ മെലാഗ്രിയ അല്ലാതെ മററൊന്നും ഭക്ഷിക്കാൻ ഇല്ലാത്തതിനാൽ നമുക്ക് ലൗറയിൽ പോയി പിതാക്കന്മാരോടൊത്ത് ഉയിർപ്പുതിരുനാൾ ആഘോഷിക്കാം.'' അവൻ ഈ ചിന്തയാൽ

www.malankaralibrary.com

നിറഞ്ഞുനിന്നു. ഞാൻ പറഞ്ഞതുപോലെ, നമ്മുടെ പിതാവായ സാബാസ് അവിടം വിട്ടുപോയതിനാൽ അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ അവിടെ പോകുവാൻ ദൈവപ്രചോദിതനായ യോഹന്നാനു് ഇഷ്ടമില്ലായിരുന്നു. ആ സഹോദരൻ നിർബന്ധിച്ചുകൊണ്ടിരുന്നപ്പോൾ യോഹന്നാൻ അവനെ ഉപദേശിച്ചുകൊണ്ടുപറഞ്ഞു: ''സഹോദരാ, നമുക്കിവിടെ ശാന്തമായി വസിക്കാം. മരുഭൂമിയിൽ ആറു ലക്ഷത്തെ തീററിപ്പോററിയവൻ തന്നെ നമുക്കാവശ്യമുള്ളവ മാത്രമല്ല വേണ്ടതിലധികം തരും എന്നു് വിശ്വസിക്കുക. കാരണം, ഞാൻ നിന്നെ പരാജയപ്പെടുത്തില്ല, നിന്നെ ഉപേക്ഷിക്കുകയുമില്ല'' എന്നു് അവൻ പറഞ്ഞിട്ടുണ്ടു്. ''എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ എന്തു ധരിക്കുമെന്നോ, ആകുലപ്പെടേണ്ട. ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്നു് നിങ്ങളുടെ സ്വർഗീയപിതാവു് അറിയുന്നു. നിങ്ങൾ സ്വർഗരാജ്യവും ദൈവനീതിയും അന്വേഷിക്കുക, ഇവയെല്ലാം നിങ്ങൾക്കു നല്കപ്പെടും'' എന്നു് സുവിശേഷത്തിൽ അവിടുന്നു് അരുൾചെയ്യുന്നു (മത്താ. 6:31–33). എന്റെ കുട്ടീ, ക്ഷമിച്ചിരിക്കുക. വിശാലപാതയേക്കാൾ ഇടുങ്ങിയപാത തെരഞ്ഞെടുക്കുക. കാരണം, ഈ ലോകത്തിലെ സുഖസമൃദ്ധി നിത്യശിക്ഷയെ ജനിപ്പിക്കുന്നു; എന്നാൽ ഇപ്പോഴത്തെ ആശയടക്കങ്ങൾ നല്ല കാര്യങ്ങൾ അനുഭവിക്കുന്നതിനുള്ള ഒരുക്കമാണു്. ഇതും ഇതുപോലുള്ള വാക്കുകളുമൊന്നും അവനു് ബോധ്യം പകരാഞ്ഞതിനാൽ അവൻ അവിടെ നിന്നിറങ്ങി ലൗറയിലേയ്ക്കു പുറപ്പെട്ടു.

അവൻ പോയ ഉടൻ തികച്ചും ഒരപരിചിതൻ ഒരു കഴുതപ്പുറത്തു് ധാരാളം ഭക്ഷണപദാർത്ഥങ്ങളുമായി അവിടെ വന്നു. ചൂടുള്ള വെളുത്തഅപ്പം, വീഞ്ഞു്, എണ്ണ, പുതിയ പാല്ക്കട്ടി, മുട്ട, ഒരു ഭരണി തേൻ എന്നിവ അതിൽ ഉണ്ടായിരുന്നു. അവൻ ഇവ ഇറക്കി വച്ചിട്ടു് കടന്നുപോയി. ഈ ദൈവിക സന്ദർശനത്തിൽ നമ്മുടെ അതിവന്ദ്യപിതാവായ യോഹന്നാൻ ആത്മാവിൽ സന്തോഷിച്ചു; എന്നാൽ പോയ സഹോദരനു് വഴി തെററി, സർവത്ര തടസ്സങ്ങളുണ്ടായി. തന്റെ അനുസരണക്കേടിന്റെ ഫലം അനുഭവിച്ചുകൊണ്ടു്, വിശന്നു് അവശനായി മൂന്നാം ദിവസം തിരികെവന്നു. നല്ല ആഹാരപദാർത്ഥങ്ങൾ ആ ഗുഹയിൽ കണ്ടപ്പോൾ തന്റെ വിശ്വാസരാഹിത്യവും

www.malankaralibrary.com

മർക്കടമുഷ്ടിയും അവൻ മനസ്സിലാക്കി. തന്നോട് ക്ഷമിക്കണമെന്നപേക്ഷിച്ചുകൊണ്ട് ലജ്ജിതനായി അവൻ ശ്രേഷ്ഠന്റെ മുമ്പാകെ സഷ്ടാംഗപ്രണാമം ചെയ്തു. മാനുഷിക ബലഹീനതയിൽ സഹതാപവും സഹോദരനോട് അനുകമ്പയും തോന്നുകയാൽ ശ്രേഷ്ഠൻ അവനെ എഴുന്നേൽപ്പിച്ചുകൊണ്ട് ഇപ്രകാരം ഉപദേശിച്ചു: "മരുഭൂമിയിൽ മേശ ഒരുക്കാൻ തന്നെ ദൈവത്തിനു കഴിയും എന്ന് മനസ്സിലാക്കിക്കൊള്ളുക."

## 13. അറബികളുടെ കടന്നാക്രമണം

അക്കാലത്ത്, സിദികായുടെ മകനായ അൽമുൻദീറുസ് പേർഷ്യയ്ക്ക് വിധേയരായ അറബികളുടെ രാജാവായി. അയാൾ റോമാക്കാർക്കെതിരെ രോഷാകുലനായി അറേബ്യയും പലസ്തീനയും ആക്രമിച്ച് കൈയിൽ കിട്ടിയതെല്ലാം കൊള്ളയടിച്ചുകൊണ്ടുപോയി. അയാൾ അമീദ് പിടിച്ചെടുത്ത് നിരവധി ക്രൂരകൃത്യങ്ങൾ ചെയ്തിട്ട് അസംഖ്യം റോമാക്കാരെ തടവുകാരാക്കി. മരുഭൂമിയിലുടനീളം ഈ കിരാതന്മാർ ഇരച്ചു കയറി. മരുഭൂമിയിൽ ഉള്ള അതിർത്തി കാവൽക്കാർ ഈ വിവരം ആശ്രമങ്ങളെ അറിയിച്ചു. കിരാതന്മാർക്കെതിരെ വേണ്ട മുൻകരുതലുകൾ എടുക്കാൻ അവരെ പ്രേരിപ്പിച്ചു. റൂബായിലെ വാസം അവസാനിപ്പിച്ചിട്ട് വലിയ ലൗറായിലുള്ള തന്റെ മുനിയറയിലേക്കുവന്ന് ഏകാന്തവാസം നയിക്കാൻ വന്ദ്യപിതാവിനോട് വലിയ ലൗറയിലെ പിതാക്കന്മാർ അപേക്ഷിച്ചു. എന്നാൽ ദൈവപ്രചോദിതനായ യോഹന്നാൻ, തന്റെ ഏകാന്തജീവിതം വഴി ദിവ്യമാധുര്യം അനുഭവിച്ചതിനാൽ വിട്ടുപോകാൻ മനസ്സാകാതെ അവിടെ തന്നെ തങ്ങി. അയാൾ ഇപ്രകാരം ചിന്തിച്ചു: "ദൈവം എന്നെ പരിപാലിക്കുന്നില്ലെങ്കിൽ ഞാൻ എന്തിനു ജീവിക്കണം?" തദനുസരണം അവൻ അത്യുന്നതനെ തന്റെ അഭയകേന്ദ്രമാക്കി; അചഞ്ചലനായി അവിടെത്തന്നെ തങ്ങി. തന്റെ ദാസരെ സദാ പരിപാലിക്കുന്ന ദൈവം, തിരുലിഖിതത്തിലെപ്പോലെ, ഈ വിശുദ്ധനെ സംരക്ഷിക്കുവാൻ തന്റെ ദൂതന്മാരോടു കല്പിച്ചു (സങ്കീ. 91:9–11). അല്പം ഭയമുണ്ടായിരുന്ന യോഹന്നാനെ ദുഷ്ടകിരാതന്മാരുടെ കെണികളിൽ നിന്ന്

www.malankaralibrary.com

രാപകലുകൾ സംരക്ഷിക്കാനായി ഉറപ്പിനുവേണ്ടി കാണപ്പെടുന്ന സംരക്ഷകനെന്ന നിലയിൽ വലിയ ഭീകര സിംഹത്തെ ദൈവം അയച്ചു. അദ്ദേഹം തന്നെ എന്നോടു പറഞ്ഞതനുസരിച്ച്, തൻെറ സമീപത്തു് ഒരു സിംഹം കിടക്കുന്നതായി കണ്ടപ്പോൾ ആദ്യരാത്രിയിൽ സ്വാഭാവികമായി അദ്ദേഹത്തിനു് അല്പം ഭയമുണ്ടായി. എന്നാൽ വിട്ടുമാറാത്ത സഖിയായി രാപകലുകൾ ആ സിംഹം അനുധാവനം ചെയ്തു് കിരാതന്മാരെ തുരത്തുന്നതായി കണ്ടപ്പോൾ നീതിമാന്മാരുടെ അവകാശത്തിൻമേൽ പാപികളുടെ ചെങ്കോൽ ഉയർത്താത്ത ദൈവത്തിനു് അവൻ കൃതജ്ഞതാസ്തോത്രം ആലപിച്ചു.

## 14-15. അയാളുടെ നില വെളിപ്പെടുന്നു

**14.** എൻെറ രണ്ടാം പ്രബന്ധത്തിൽ വിവരിച്ചിരിക്കുന്നതുപോലെ നമ്മുടെ പിതാവായ ഭാഗ്യവനായ സാബാസ് നിക്കോപ്പൊളീസിൽനിന്നു തിരികെ വന്നു് പുതിയ ലൗറാ തുടങ്ങുകയും ഗുഹയുടെ പണി നടത്തുകയും ചെയ്തു. ഭക്തനായ യോഹന്നാനെപ്പററി അവനു് ഒരിക്കൽ ലഭിച്ച ദർശനം ഓർത്തിട്ടു് അവനെ കാണാൻ റൂബായിലേക്കു പോയി അവനോടു ഇപ്രകാരം പറഞ്ഞു: ''ദൈവം അങ്ങയെ കിരാതന്മാരുടെ കെണികളിൽ നിന്നു സംരക്ഷിച്ചു, കാണപ്പെടുന്ന ഒരു സംരക്ഷകനെ അയച്ചു് നിനക്കു് അവിടുന്നു് ഉറപ്പു തന്നിരിക്കുന്നു എന്നതു്കാണുക. എന്നാൽ ഇപ്പോൾ എഴുന്നേററു് മററു മനുഷ്യരെപ്പോലെ പെരുമാറുക. നീ അഹംഭാവിയാണെന്നു കരുതപ്പെടാതിരിപ്പാനായി പിതാക്കന്മാർ ചെയ്തതുപോലെ ഓടിഒളിക്കുക. മററു പലതരത്തിലും അവനെ ഉപദേശിച്ചു്, രണ്ടാം ഇൻഡിക്ഷനിൽ (509) വലിയ ലൗറയിലേക്കു തിരികെ കൊണ്ടുവന്നു് അദ്ദേഹത്തിൻെറ 56-ാം വയസ്സിൽ ഒരു മുനിയറയിൽ പാർപ്പിച്ചു. അദ്ദേഹം ഒരു മെത്രാനാണെന്നു് സമൂഹത്തിൽ ആരും അറിഞ്ഞിരുന്നില്ല. എന്നാൽ ദീർഘകാലത്തിനുശേഷം, ഈ മറഞ്ഞിരിക്കുന്ന നിക്ഷേപം താഴെപ്പറയുന്ന രീതിയിൽ വെളിപ്പെടണമെന്നു ദൈവം തിരുമനസ്സായി.

**15.** ഏഷ്യാപ്രോവിൻസുകാരനും എതേരിയൂസ് എന്നു പേരുള്ളവനുമായ ഒരാൾ ആർച്ചുബിഷപ്പുസ്ഥാനത്തേക്കു്

www.malankaralibrary.com

ഉയർത്തപ്പെട്ടു. തന്റെ സ്ഥാനത്തിനുചിതമാം വിധം പെരുമാറിയ അദ്ദേഹം ജറുസലേമിൽ വന്നു. ജീവദായകമായ സ്ലീബായും വന്ദ്യസ്ഥലങ്ങളും വന്ദിച്ചു. ആശ്രമങ്ങൾക്കും പാവങ്ങൾക്കുമായി അദ്ദേഹം ധാരാളം പണം വ്യയം ചെയ്തിട്ട് തന്റെ നാട്ടിലേക്ക് തിരികെ പോകാനായി വിശുദ്ധ നഗരം വിട്ടു. കപ്പലിൽ കയറി കുറേ ദൂരം പോയപ്പോൾ എതിർക്കാററു മൂലം അപകടത്തിലായി, അശ്കലോനിലേക്ക് തിരിച്ചു വരാൻ നിർബന്ധിതനായി. രണ്ടു ദിവസങ്ങൾക്കു ശേഷം വീണ്ടും യാത്ര തിരിക്കാൻ ആലോചിച്ചു കൊണ്ടിരിക്കെ കർത്താവിന്റെ ദൂതൻ അവനു കാണപ്പെട്ട് അവനോട് ഇപ്രകാരം പറഞ്ഞു: ''നീ വിശുദ്ധ നഗരത്തിൽ തിരികെ പോയി ആബാ സാബാസിന്റെ ആശ്രമത്തിൽ ചെന്ന് ഏകാന്തവാസിയായ ആബാ യോഹന്നാനെ കാണാതെ കപ്പൽയാത്ര ചെയ്യാൻ നിനക്കനുവാദമില്ല. അയാൾ നീതിമാനും സുകൃതവാനും സമ്പൽസമൃദ്ധിയുള്ള ഒരു മെത്രാനുമാണ്. ദൈവഭയത്താലും ദൈവസ്നേഹത്താലും അയാൾ ഈ ലോകവസ്തുക്കളെ നിന്ദിക്കുകയും സ്വമേധയായുള്ള ദാരിദ്ര്യത്താലും തപസ്സിനാലും തന്നെത്തന്നെ വിനീതനാക്കുകയും ചെയ്തിരിക്കുന്നു''. എതേരിയുസ് ഉറക്കത്തിൽ നിന്നുണർന്ന് സ്വപ്നത്തെപ്പററി ചിന്തിച്ചു. സൂക്ഷ്മമായ അന്വേഷണം നടത്തിയിട്ട് ആബാ സാബാസിന്റെ ലൗറയിൽ എത്തിച്ചേർന്നു. തനിക്കുണ്ടായ ദർശനത്തെപ്പററി പിതാക്കന്മാരോടു സംസാരിച്ചു. അവർ അദ്ദേഹത്തെ യോഹന്നാന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടുപോയി. അയാൾ മെത്രാനെ വളരെ സന്തോഷപൂർവം സ്വീകരിച്ചു. മെത്രാൻ അവിടെ രണ്ടു ദിവസം താമസിച്ചു. തന്റെ ജീവിതകഥ ആത്മാർത്ഥമായി വിവരിക്കണമെന്ന് സംസാരത്തിനിടയിൽ താപസനെ മെത്രാൻ, ദൈവനാമത്തിൽ നിർബന്ധിച്ചു. ഇപ്രകാരം മെത്രാൻ നിർബന്ധം പിടിച്ചതിനാൽ തന്റെ ജന്മദേശത്തെപ്പററിയും മാതാപിതാക്കളെപ്പററിയും മെത്രാൻസ്ഥാനത്തെപ്പററിയും ഒക്കെ അദ്ദേഹം വെളിപ്പെടുത്തി. കാര്യം ഗ്രഹിച്ച എതേരിയുസ് വിസ്മയപൂർവം ഇപ്രകാരം ഉദ്ഘോഷിച്ചു: സത്യമായും ഇന്നും വിശുദ്ധ കല്പകൾ നാട്ടിൽ ഉരുളുന്നു. മെത്രാൻ അയാളെ വിട്ട് ഭാഗ്യവാനായ സാബാസിന്റെ പക്കലെത്തി. അദ്ദേഹത്തോടും പിതാക്കന്മാരോടും

www.malankaralibrary.com

ഈ ദൈവപ്രചോദിത മനുഷ്യനെപ്പററിയുള്ള വിവരം മുഴുവൻ വസ്തുനിഷ്ഠമായി പറഞ്ഞുകേൾപ്പിച്ചു. ആ അവസരംമുതൽ അദ്ദേഹത്തിൻെറ കുടുംബചരിത്രവും മെത്രാൻസ്ഥാനവും പിതാക്കന്മാർക്കു് അറിവായി.

## 16–17. സാബാസിൻെറ മരണം

16. വിശുദ്ധ യോഹന്നാൻെറ 79-ാം വയസ്സിൽ, അദ്ദേഹം മുനിയറയിൽ പ്രവേശിച്ചിട്ടു് 24-ാം വർഷം, പതിനൊന്നാം ഇൻഡിക്ഷനിലെ ഡിസംബർ 5 നു് (ക്രി. വ. 532) നമ്മുടെ വിശുദ്ധ പിതാവായ സാബാസ് നിദ്രപ്രാപിക്കുകയും സമാധാനത്തിൽ വിശ്രമിക്കുകയും ചെയ്തു. വിശുദ്ധപിതാവിൻെറ മരണസമയത്തു് മുറിവിട്ടു് സന്നിഹിതനാകാഞ്ഞതിൽ ഈ അമൂല്യരത്നമായ യോഹന്നാൻ വളരെ ദുഃഖിതനായി. അങ്ങനെ ദുഃഖാർത്തനായിരുന്നു്, പിതാവു മരിച്ചതിൽ കണ്ണീരോടുകൂടി വിലപിച്ചപ്പോൾ, നമ്മുടെ പിതാവു് സാബാസ് ഉറക്കത്തിൽ അവനു കാണപ്പെട്ടു് അവനോടു പറഞ്ഞു: ''പിതാവായ യോഹന്നാൻ, എൻെറ മരണത്തെപ്രതി ദുഃഖിക്കേണ്ട. ഞാൻ ജഡത്തിൽ നിന്നിൽ നിന്നു വേർപെട്ടിരിക്കുന്നെങ്കിലും ആത്മാവിൽ നിന്നോടുകൂടെയാണു്''. ജോൺ പ്രത്യുത്തരിച്ചു: ''എന്നേക്കൂടി എടുക്കാൻ ഗുരുവിനോടപേക്ഷിച്ചാലും''. ഭാഗ്യവാനായ സാബാസ് മറുപടി പറഞ്ഞു: ''ഇപ്പോഴിതു സംഭവിക്കാൻ സാധ്യമല്ല. ഈ ലൗറയിൽ വലിയ സങ്കടകരമായ പരീക്ഷണങ്ങൾ ഉണ്ടാകാൻ പോകുന്നു. വിശ്വാസത്തിനുവേണ്ടി സധൈര്യം പോരാടുന്നവരെ ശക്തിപ്പെടുത്താനും സമാശ്വസിപ്പിക്കാനും അങ്ങു് ശരീരത്തിൽ അവിടെ ഉണ്ടായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നു''. ഇവയെല്ലാം കാണുകയും കേൾക്കുകയും ചെയ്തപ്പോൾ ദൈവപ്രചോദിതനായ യോഹന്നാൻ സന്തോഷത്താൽ മതിമറന്നു; പിതാവിനെ ഓർത്തുള്ള ദുഃഖം ദൂരെയകററി. സാബാസ് പറഞ്ഞ പരീക്ഷണങ്ങളെപ്പററി മാത്രം ഓർത്തു വിഷമിച്ചുകൊണ്ടിരുന്നു.

17. ശരീരത്തിൽ നിന്നു് ആത്മാവു് വേർപെടുന്നതു് കാണണമെന്ന ആഗ്രഹം ഒരിക്കൽ അദ്ദേഹത്തിൻെറ മനസ്സിൽ ഉദിച്ചു. ഇതേപ്പററി അവൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കെ,

www.malankaralibrary.com

അയാശം ആത്മാവിൽ ബേത്ലഹേമിലേക്ക സംവഹിക്കപ്പെട്ടു. അവിടത്തെ ശ്രേഷ്ഠദേവാലയത്തിൻെറ അടുത്തു് ഒരു പരിചയവും ഇല്ലാത്ത ഒരു മനുഷ്യൻ നിവർന്നു് മരണാസന്നനായി കിടക്കുന്നതു് അദ്ദേഹം കണ്ടു. മാലാഖമാർ അദ്ദേഹത്തിൻെറ ആത്മാവിനെ സ്വീകരിച്ചു് ഗാനാലാപത്തോടും സുഗന്ധധൂപത്തോടും കൂടെ സ്വർഗത്തിലേക്കാനയിക്കുന്നതും ദർശിച്ചു. ഇതും ഇപ്രകാരം തന്നെയോ എന്നു് തൻെറ സ്വന്തം കണ്ണുകൊണ്ടു് കണ്ടു് ഉറപ്പുവരുത്താനായി അപ്പോശംതന്നെ അവിടെ നിന്നു് ബേത്ലഹേമിലേക്ക പുറപ്പെട്ടു. ആ മണിക്കൂറിൽതന്നെ അയാശം മരിച്ചതായി അവിടെ കണ്ടു. അവിടെ കിടന്ന അയാളുടെ ശരീരത്തെ യോഹന്നാൻ കെട്ടിപ്പുണർന്നു. അതിനെ ഉചിതമാംവിധം ഒരുക്കി ഒരു വിശുദ്ധ കല്ലറയിൽ സംസ്കരിച്ചിട്ടു് തൻെറ അറയിലേക്ക മടങ്ങി.

## 18-19. ശിഷ്യൻമാർ പറഞ്ഞ കഥകശ

ദിവ്യപ്രകാശം ലഭിച്ച ഈ ശ്രേഷ്ഠൻെറ ശിഷ്യരായ തീയഡോറും യോഹന്നാനും എന്നോടു് താഴെപ്പറയുന്ന കഥ പറഞ്ഞു: ''വിശുദ്ധ സാബാസിൻെറ മരണശേഷം ഈ ശ്രേഷ്ഠൻ ഞങ്ങളെ ഒരു കാര്യത്തിനായി ലിവിയാസിലേക്കു് പറഞ്ഞയച്ചു. യോർദ്ദാൻ കടന്നപ്പോശം ഞങ്ങശം ചിലയാളുകളെ റോഡിൽ കണ്ടുമുട്ടി. അവർ പറഞ്ഞു: ''സൂക്ഷിച്ചോളു. നിങ്ങശക്കു് മുമ്പിൽ ഒരു സിംഹമുണ്ടു്''. ''ഞങ്ങളുടെ പിതാവിൻെറ പ്രാർത്ഥനയാൽ ഞങ്ങളെ സംരക്ഷിക്കാൻ ദൈവത്തിനു കഴിയും. ഞങ്ങളുടെ മററാരു കാര്യത്തിനും അല്ലല്ലോ പോകുന്നതു്. ഞങ്ങശ ശ്രേഷ്ഠൻെറ കല്പന അനുസരിക്കുന്നു'' എന്നു് അവർ പരിചിന്തനം ചെയ്തു. ഇങ്ങനെ ചിന്തിച്ചുകൊണ്ടു് ഞങ്ങശ നടന്നപ്പോശം ഞങ്ങശ സിംഹത്തെ കണ്ടുമുട്ടി. ഞങ്ങശ ഭയങ്കരമായി ഭയന്നുവിറച്ചുപോയി. ഞങ്ങളുടെ ശക്തി വാർന്നു പോകുന്നതായി തോന്നി, പെട്ടെന്നു് ശ്രേഷ്ഠൻ ഞങ്ങളുടെ മധ്യത്തിൽ നില്ക്കുന്നതായും ഭയംനീങ്ങുന്നതായും ധൈര്യമായിരിക്കാൻ പറയുന്നതായും ഞങ്ങശക്ക തോന്നി. ചാട്ടവാറുകൊണ്ടു് അടിയേററാലെന്നവണ്ണം തദവസരം സിംഹം അവിടെനിന്നു് കുതിച്ചു പാഞ്ഞുപോയി. ഞങ്ങശ സുരക്ഷിതരായി യാത്ര പൂർത്തിയാക്കി തിരികെയെത്തി. ശ്രേഷ്ഠൻ ഞങ്ങളെ സ്വീകരിച്ചു

www.malankaralibrary.com

കൊണ്ടുപറഞ്ഞു: "നിങ്ങളുടെ രൂപത്തിൽ ഞാൻ എപ്രകാരം നിങ്ങളോടുകൂടെ ആയിരുന്നു എന്നതു് നിങ്ങൾ കണ്ടോ? യഥാർത്ഥത്തിൽ ഇവിടെയും ഞാൻ നിങ്ങൾക്കുവേണ്ടി ധാരാളം പ്രാർത്ഥിച്ചു; ഇതാ ദൈവം തന്റെ കരുണ കാണിച്ചിരിക്കുന്നു".

19. താഴെപ്പറയുന്ന കഥപറഞ്ഞതു് അദ്ദേഹത്തിന്റെ ശിഷ്യരിലൊരുവനായ തിയഡോറാണ്: "അദ്ദേഹം വളരെ നാൾ ദ്രാവകഭക്ഷണം കഴിച്ചാണ് ജീവിച്ചിരുന്നതു്. അതിൽ അദ്ദേഹം ധൂപകലശത്തിലെ ചാരം കലർത്തി കുടിക്കുകയും ബാക്കി തിന്നുകയും ചെയ്തിരുന്നു. ഇപ്രകാരം ചെയ്യുന്നതിനു് ഞങ്ങൾ താഴെവരും വിധം അദ്ദേഹത്തെ പിടികൂടി. ഒരിക്കൽ തന്റെ കതകിന്റെ കൊളുത്തിടാൻ അദ്ദേഹം മറന്നുപോയി. അദ്ദേഹത്തിനു് കുറേ കലർത്തിയ മിശ്രിതം നൽകാനായി ഞാൻ വാതിൽ തുറന്നു. ധൂപകലശത്തിലെ ചാരം തന്റെ പാത്രത്തിലേക്കു് കുടഞ്ഞിടുന്നതായിട്ടാണ് ഞാൻ കണ്ടതു്. ഞാൻ കണ്ടതിൽ അദ്ദേഹത്തിന് കുണ്ഠിതമുണ്ടായി. അദ്ദേഹത്തിന്റെ അങ്കലാപ്പകററാൻ ഞാൻ പറഞ്ഞു: "പിതാവേ, അങ്ങു് മാത്രമല്ല ഇപ്രകാരം പ്രവർത്തിക്കുന്നതു്, ഈ ലൗറയിലെ ഭൂരിഭാഗം ആളുകളും ഇങ്ങനെ തന്നെ ചെയ്യുന്നു. 'ഞാൻ അപ്പം പോലെ ചാരം ഭക്ഷിച്ചു" എന്ന തിരുലിഖിതം അങ്ങനെ പൂർത്തിയാകുന്നു (സങ്കീ. 102 9). ഈ വാക്കുകളാൽ ശ്രേഷ്ഠനെ ഒരുവിധം സാന്ത്വനപ്പെടുത്താൻ എനിക്കു കഴിഞ്ഞു.

## 20. ഗ്രന്ഥകാരൻ, യോഹന്നാന്റെ പക്കൽ

വിശുദ്ധ എവുതീമിയസിന്റെ വിവരണത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ വിശുദ്ധ ശ്രേഷ്ഠന്റെ 90-ാം വയസ്സിൽ, ആറാം ഇൻഡിക്ഷനിലെ നവംബർ മാസത്തിൽ(543) ഞാൻ ഷിതോപ്പൊളീസ് മെത്രോപ്പൊളീസ് വിട്ടു. ദൈവപ്രചോദിതനായ യോഹന്നാന്റെ നിർദ്ദേശവും ഉപദേശവും കൂടാതെ ആത്മാവിനെ സംബന്ധിക്കുന്ന യാതൊന്നും ചെയ്യരുതെന്ന എന്റെ ഭക്തയായ മാതാവിന്റെ നിർദ്ദേശം ഞാൻമുറുകെപ്പിടിച്ചിരുന്നു. അവർ പറഞ്ഞു; "ഒരിജനിസ്റ്റുകളുടെ തെററുകളിൽ നീ വീണുപോകരുതു്; ആരംഭത്തിൽ ഉള്ള നിന്റെസ്ഥിരത നഷ്ടപ്പെടാനിടയാകരുതു്." തദനുസരണം

www.malankaralibrary.com

ജറുസലേമിൽ വന്ന്, ദൈവമാതാവും നിത്യകന്യകയും എല്ലാ സ്തുതികൾക്കും അർഹയുമായ മറിയത്തിൻെറ പുതിയ പള്ളിയുടെ കൂദാശയിൽ സംബന്ധിച്ചു. അതിനുശേഷം, ഭാഗ്യവാനായ സാബാസിൻെറ ലൗറയിൽ വന്ന് ഈ ദൈവപ്രചോദിത മൂപ്പനെ സന്ദർശിച്ചു. എൻെറ കാര്യം അവൻെറ മുൻപിൽ അവതരിപ്പിച്ചുകൊണ്ട് ദൈവത്തിന് പ്രീതികരമായ ഉപദേശം തരണമെന്നപേക്ഷിച്ചു. അദ്ദേഹം എന്നോടു പറഞ്ഞു: "നിനക്കു രക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ മഹാനായ എവുതീമിയസിൻെറ ആശ്രമത്തിൽ പ്രവേശിക്കുക."

ഞാൻ യുവാവും മൂഢനുമായിരുന്നതിനാൽ അദ്ദേഹത്തിൻെറ നിർദ്ദേശത്തെ നിരസിച്ചിട്ട് യോർദ്ദാനിലുള്ള ഒരാശ്രമത്തിൽ ചേരാൻ അവിടേക്കു പോയി. അവിടെ ഞാൻ പുരോഗമിച്ചില്ലെന്നു മാത്രമല്ല, കലാമോൻെറ ലൗറയിൽ ആറു മാസത്തേക്ക് വളരെ രോഗാതുരനായി. ഞാൻ എൻെറ രോഗം നിമിത്തം ദുഃഖിതനും ക്ലേശിതനും ആയിത്തീർന്നു. ഒരു സമൂഹത്തിൻെറ അംഗമല്ലാതെ ഒരു വിദേശരാജ്യത്ത് കഴിഞ്ഞത് കൂടുതൽ ആകുലനാക്കി. അപ്പോൾ പ്രകാശിതനായ ഈ ശ്രേഷ്ഠൻ നിദ്രയിൽ എനിക്കു കാണപ്പെട്ട് എന്നോടിപ്രകാരം പറഞ്ഞു: "എൻെറ നിർദ്ദേശങ്ങൾ നിരസിച്ചതിനാൽ നീ വേണ്ടവണ്ണം ശിക്ഷിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ എഴുന്നേററ് ജറീക്കോയിലേക്കു പോകുക. അവിടെ ആബാ എവുതീമിയസിൻെറ ആശ്രമത്തിൻെറ വക അതിഥിമന്ദിരത്തിൽ ജറോൺസ്യൂസ് എന്ന സന്യാസിയെ നീ കണ്ടെത്തും. ആശ്രമത്തിലേക്ക് അവനെ അനുധാവനം ചെയ്യുക, നീ രക്ഷ പ്രാപിക്കും." നിദ്രവിട്ടുണർന്നപ്പോൾ എൻെറ ശക്തി തിരിച്ചു കിട്ടിയതായി എനിക്കനുഭവപ്പെട്ടു ഞാൻ കളങ്കരഹിതമായ രഹസ്യങ്ങൾ സ്വീകരിച്ചു; ഭക്ഷണം കഴിച്ചിട്ട് ജറീക്കോയിലേക്ക് കുതിച്ചു. എനിക്കു പെട്ടെന്ന് സുഖമായതിൽ പിതാക്കന്മാർ അത്ഭുതപ്പെട്ടു. ഞാൻ വഴിനടന്ന് ആറാം ഇൻഡിക്ഷനിലെ ജൂലൈമാസത്തിൽ (544) വിശുദ്ധ എവുതീമിയസിൻെറ ആശ്രമത്തിൽ താമസമാക്കി. എൻെറ ജീവിതത്തെപ്പററി പൂർണമായി അദ്ദേഹത്തിനു തുറന്നു കാട്ടിക്കൊണ്ട് കൂടെക്കൂടെ ഞാൻ അദ്ദേഹത്തെ സന്ദർശിച്ചതു് ഇക്കാലം മുത

www.malankaralibrary.com

ലാണ്. ഷിതോംപ്പൊളീസിൽ വച്ചേ എനിക്ക് അദ്ദേഹത്തിന്റെ ശിഷ്യരെ അറിയാം. ഞങ്ങളുടെ സ്വന്തം അതിഥി മന്ദിരം എന്ന നിലയിൽ അവർ ഞങ്ങളുടെ വീട്ടിൽ വരികയും ലൗറയിലെ സമൂഹത്തിനും ദൈവപ്രചോദിതനായ പിതാവിനും വേണ്ടി എന്റെ മാതാപിതാക്കളിൽ നിന്ന് ഒരു വാർഷിക സമ്മാനം സ്വീകരിക്കുകയും ചെയ്തിരുന്നു. നമ്മുടെ വിശുദ്ധ പിതാവായ സാബാസ് ഞങ്ങളുടെ ഭവനം സന്ദർശിച്ച് ഞങ്ങളെ ബഹുമാനിച്ചതു മുതൽ എന്റെ മാതാപിതാക്കൾക്ക് അദ്ദേഹത്തോടും ലൗറയിലെ പിതാക്കന്മാരോടും വലിയ അടുപ്പമായിരുന്നു. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ച നിർദ്ദേശം എന്റെ യാത്രാവസരം എന്റെ അമ്മ എനിക്കു തന്നത്. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ ഉപദേശവും പ്രാർത്ഥനയും അനുഭവിക്കാൻ കൂടുതൽ ആത്മവിശ്വാസത്തോടുകൂടെ ഞാൻ മുന്നോട്ടു പോകുന്നു. പ്രത്യേകിച്ച് ഇപ്പോൾ ഞാൻ പുതിയ ലൗറാ വിട്ട് വലിയ ലൗറായിൽ താമസിക്കണം എന്ന് അദ്ദേഹം എന്നോട് പറഞ്ഞപ്പോൾ, ദൈവത്തിന്റെ അംഗീകാരത്താൽ ഞാൻ അപ്രകാരം ചെയ്തിരിക്കുന്നു. ഇതേപ്പററി പിന്നീടു പറയാം.

## 21–22. പിശാചിനെ പുറത്താക്കുന്ന അദ്ഭുതം

21. കുറേക്കാലം മുൻപ് ഒരു പൈശാചിക ചിന്തയാൽ പീഡിപ്പിക്കപ്പെട്ടപ്പോൾ ഞാൻ ഈ വിശുദ്ധ ശ്രേഷ്ഠനെ സന്ദർശിച്ചു. ഞാനതു് അദ്ദേഹത്തിന്റെ മുൻപിൽ അവതരിപ്പിച്ചു. അദ്ദേഹം എന്നെ ആശീർവദിച്ചപ്പോൾ എനിക്ക് ഉടനെ അതിൽ നിന്നുള്ള വിടുതൽ ലഭിച്ചു. ഞാൻ അദ്ദേഹത്തിന്റെ കതകിന്റെ വലത്തുവശത്ത് നിന്നുകൊണ്ട് ദിവ്യപ്രബോധനം ശ്രവിക്കുകയായിരുന്നു. അപ്പോൾ ഒരു ഗീവർഗീസ് പിശാചു ബാധിച്ച മകനെ അദ്ദേഹത്തിന്റെ പക്കൽ കൂട്ടിക്കൊണ്ടുവന്ന് അദ്ദേഹത്തിന്റെ വാതിൽക്കൽ ഇട്ടിട്ട് കടന്നുപോയി. കുട്ടി നിവർന്നു കിടന്ന് കരയാൻ തുടങ്ങിയപ്പോൾ, അവനെ അശുദ്ധാത്മാവു് ബാധിച്ചിരിക്കുകയാണെന്ന് മനസ്സിലാക്കി, അവനിൽ അലിവുതോന്നി. അദ്ദേഹം അവനുവേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധ കുരിശിലെ തൈലം കൊണ്ട് അവനെ പൂശുകയും ചെയ്ത് അവനെ ആരോഗ്യമുള്ള

www.malankaralibrary.com

വനാക്കി. കാരണം, അശുദ്ധാത്മാവ് തൽക്ഷണം പുറപ്പെട്ടു പോകുകയും കുട്ടി ശുദ്ധിയുള്ളവനായിത്തീരുകയും ചെയ്തു.

22. കുറച്ചുകാലം മുൻപ് സേർജിയൂസ് മരിച്ചപ്പോൾ ആബാ എവ്വുസ്ഥാത്യോസ് 'ഗുഹയുടെ' അദ്ധ്യക്ഷനായി. അദ്ദേഹം ക്രിസ്തുവിന്റെ കൃപയാൽ ആത്മീയ തിരിച്ചറിവിൽ വിഖ്യാതനും, സത്യപ്രബോധനം ഉള്ളവനും, ജീവിത വിശുദ്ധിയുള്ളവനും ആയിരുന്നു. അദ്ദേഹം താഴെപ്പറയുന്ന കാര്യം എന്നോടു വിവരിച്ചു പറഞ്ഞു: ''ഞാൻ ഒരിക്കൽ ദൈവദൂഷണം എന്ന പിശാചിനാൽ കഠിനമായി അലട്ടപ്പെട്ടു. ഞാൻ എന്റെ പ്രലോഭനങ്ങൾ അദ്ദേഹത്തിന്റെ മുൻപിൽ നിരത്തി വച്ച് അദ്ദേഹത്തിന്റെ പ്രാർത്ഥനയാവശ്യപ്പെട്ടു. അദ്ദേഹം എഴുന്നേറ്റ് എനിക്കു വേണ്ടി പ്രാർത്ഥിച്ചു. എന്നിട്ട് പറഞ്ഞു: ''എന്റെ കുട്ടീ, കർത്താവ് വാഴ്ത്തപ്പെടട്ടെ. കാരണം, ദൈവദൂഷണത്തിന്റെ പരീക്ഷ നിനക്കൊരിക്കലും ഇനിയും ഉണ്ടാകുകയില്ല.'' അദ്ദേഹത്തിന്റെ വാക്കനുസരിച്ചു തന്നെ സംഭവിക്കുകയും ചെയ്തു. അതിനുശേഷം ദൈവദൂഷണത്തിനുള്ള ദുഷ്ടപരീക്ഷകൾ എനിക്കുണ്ടായിട്ടേ ഇല്ല!

## 23-24. ബസിലീനായും അവളുടെ അനന്തിരവനും

23. കപ്പഡോഷ്യക്കാരിയും കോൺസ്റ്റാൻറിനോപ്പിളിലെ വലിയ പള്ളിയിലെ വനിതാദ്ധ്യക്ഷയുമായ ഒരു ബസീലീനാ തന്റെ അനന്തിരവനോടുകൂടെ ജറുസലേമിൽ വന്നു. അവൻ ഉന്നതോദ്യോഗം വഹിച്ചിരുന്നു. അവൻ സെവേറുസിന്റെ പാഷണ്ഡത സ്വീകരിച്ചിരുന്നതിനാൽ കത്തോലിക്കാസഭയുമായി കൂട്ടായ്മയിലല്ലായിരുന്നു. മറ്റു കാര്യങ്ങളിലൊക്കെ ഭക്തനായിരുന്നു. അയാളുടെ മനസ്സുമാറ്റി അയാളെ കത്തോലിക്കാസഭയുമായി ഐക്യപ്പെടുത്താൻ അവർ കഠിനമായി പരിശ്രമിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് അവനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഓരോ നീതിമാനോടും അവൾ അപേക്ഷിക്കുമായിരുന്നു. അവൾ ദൈവപ്രചോദിതനായ യോഹന്നാന്റെ കൃപയെപ്പറ്റി കേട്ടപ്പോൾ അദ്ദേഹത്തിന് തന്റെ ആദരാഞ്ജലികൾ അർപ്പിക്കാൻ ആഗ്രഹിച്ചു. എന്നാൽ സ്ത്രീകൾക്ക് ലൗറയിൽ പ്രവേശനാനുമതി ഇല്ലെന്ന് കേട്ട് ശിഷ്യനായ തിയഡോറിനെ

www.malankaralibrary.com

വരുത്തി തന്റെ അനന്തിരവനെ വിശുദ്ധ ശ്രേഷ്ഠന്റെ പക്കലേ ഴ്ക്കു കൂട്ടിക്കൊണ്ടുപോകുവാൻ അവരം കെഞ്ചി അപേക്ഷിച്ചു. വിശുദ്ധന്റെ പ്രാർത്ഥനയാൽ തന്റെ അനന്തിരവന്റെ ഹൃദയ കാഠിന്യം നീക്കി അവനു കത്തോലിക്കാസഭയുമായുള്ള കൂട്ടായ്മ എന്ന ദാനം ദൈവം നൽകുമെന്നു അവരംക്കു ഉറപ്പുണ്ടായിരുന്നു അവനെയും കൂട്ടി ശിഷ്യനായ തിയഡോർ വിശുദ്ധന്റെ പക്ക ലേക്കു പോയി; പതിവുപോലെ വാതിലിൽ മുട്ടി. ശ്രേഷ്ഠൻ വാതിൽ തുറന്നപ്പോഴെക്കും വന്നവർ ഇരുവരും സാഷ്ടാംഗ പ്രണാമം ചെയ്തു. ''പിതാവേ, ഞങ്ങളെ ആശീർവദിക്ക ണമെ'' എന്നു ശിഷ്യൻ പറഞ്ഞു. എന്നാൽ ശ്രേഷ്ഠൻ വാതിൽ തുറന്നു ശിഷ്യനോടു പറഞ്ഞു: ''ഞാൻ നിന്നെ ആശീർവദി ക്കാം; എന്നാൽ അയാരം അനുഗ്രഹം ഇല്ലാത്തവനാണ്'' ശിഷ്യൻ പറഞ്ഞു: ''അങ്ങനെയല്ല പിതാവേ''. ശ്രേഷ്ഠൻ പ്രത്യുത്തരിച്ചു: ''ഇയാരം അപ്പോസ്കിസ്തരുടെ വീക്ഷണങ്ങരം ഉപേക്ഷിച്ചു് കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്കു വരുമെന്നു സമ്മതിക്കുന്നതു വരെ ഞാൻ അയാളെ ആശീർവദി ക്കയില്ല.'' ഇതു കേട്ട അനന്തിരവൻ അദ്ദേഹത്തിന്റെ രണ്ടാം ദർശനവരത്തെപ്പററി അത്ഭുതപ്പെട്ടു; ഈ അദ്ഭുതം വഴി അയാരം മാനസാന്തരപ്പെട്ടു് ഉത്തമബോധ്യത്തോടുകൂടി കത്തോ ലിക്കാസഭയുമായുള്ള കൂട്ടായ്മയിലായിരിക്കാൻ സമ്മതിച്ചു. ഉടനെ ശ്രേഷ്ഠൻ അവനെ എഴുന്നേല്പിച്ചു് ആശീർവദിച്ചു. കളങ്ക രഹിതമായ ദിവ്യരഹസ്യങ്ങരം ആദ്യമായി അദ്ദേഹം അവനു പകുത്തുകൊടുത്തു. ആ മനുഷ്യൻ തന്റെ ഹൃദയത്തിൽ നിന്നു് എല്ലാ സംശയങ്ങളും ദൂരെയകററി.

24. ബസിലീനാ ഇതറിഞ്ഞപ്പോരം ഈ വിശുദ്ധ ശ്രേഷ്ഠനെ തന്റെ സ്വന്തം കണ്ണുകൊണ്ടു് കാണാൻ അത്യധികം ആഗ്ര ഹിച്ചു. തന്റെ കാര്യം അദ്ദേഹത്തിന്റെ മുൻപിൽ അവതരി പ്പിക്കാൻ പുരുഷവേഷം ധരിച്ചു് ലൗറയിൽ അദ്ദേഹത്തെ സന്ദർശിക്കാൻ അവരം പദ്ധതിയിട്ടു. ദിവ്യദർശനത്താൽ അതു് അദ്ദേഹത്തിനു വെളിപ്പെട്ടു. അദ്ദേഹം ഇപ്രകാരം അവളെ അറിയിച്ചു: നീ വന്നാലും നീയെന്നെ കാണുകയില്ല എന്നു് അറിഞ്ഞുകൊള്ളുക. നീ ഇത്ര ബുദ്ധിമുട്ടാതെ നീ പാക്കു ന്നിടത്തു കാത്തിരിക്കുക. ഉറക്കത്തിൽ ഞാൻ നിന്റെ പക്കൽ

www.malankaralibrary.com

വന്നു് നിനക്കു പറയാനുള്ളതു് കേരംക്കാം. ദൈവം പ്രചോദി പ്പിക്കുന്നതൊക്കെ നിന്നോടു ഞാൻ പറയാം. അവരം അതു കേട്ടു വിശ്വസിച്ചു. വളരെ വ്യക്തമായി അവരംക്കു ദർശന മുണ്ടായി. അദ്ദേഹം ഉറക്കത്തിൽ അവരംക്കു കാണപ്പെട്ടുകൊണ്ടു പറഞ്ഞു: "ദൈവം എന്നെ നിൻെറ പക്കലേക്കയച്ചിരിക്കുന്നതു കാണുക. നിനക്കു് എന്തു വേണമെന്നു് എന്നോടു പറയുക." അവരം തൻെറ കാര്യങ്ങളൊക്കെ അദ്ദേഹത്തോടു പറഞ്ഞു; അതിനു് അവരംക്കു് ഉചിതമായ മറുപടിയും കിട്ടി. അവരം എഴുന്നേററു് ദൈവത്തിനു നന്ദി പറഞ്ഞു. ശിഷ്യൻ വന്നപ്പോരം ശ്രേഷ്ഠൻെറ രൂപവും വസ്ത്രവുമെല്ലാം അവരം വിവരിച്ചു കേരംപ്പിച്ചു. വനിതാദ്ധ്യക്ഷയായ ബസിലീനായിൽ നിന്നു തന്നെ കേട്ടാണു് ഞാൻ ഈ സംഭവം ഇവിടെ ചേർത്തിരിക്കു ന്നതു്:

## 25-26. അത്തിമരത്തിൻെറ അദ്ഭുതം

25. ഈ വിശുദ്ധ ശ്രേഷ്ഠൻ താമസിച്ചിരുന്ന ഗുഹയുടെ പടി ഞ്ഞാറു് ഒരുയർന്ന ചെങ്കുത്തായ ഭാഗമുണ്ടായിരുന്നു. അറയുടെ മേൽക്കൂര അതിൽ തൊട്ടുനിന്നു. അവിടത്തെ പാറ വളരെ വര ണ്ടതും ഒട്ടും ജലാംശമില്ലാത്തതുമായിരുന്നു. അക്കാരണത്താൽ ഗുഹയിൽ അല്പംപോലും നനവില്ലായിരുന്നു. ഒരു ദിവസം ഒരത്തിക്കുരു എടുത്തുകൊണ്ടു് വിശുദ്ധ ശ്രേഷ്ഠൻ തൻെറ ശിഷ്യ രായ തിയഡോറിനോടും യോഹന്നാനോടും പറഞ്ഞു: "എൻെറ കുട്ടികളേ, ശ്രദ്ധിപ്പിൻ. ഫലം പുറപ്പെടുവിക്കാൻ ദൈവം തൻെറ കരുണയാൽ ഈ വിത്തിനു് കൃപയും പാറയ്ക്കു ശക്തിയും നൽകിയാൽ അവിടുന്നെനിക്കു് സ്വർഗരാജ്യം ഒരു ദാനമായി നല്കുന്നു എന്നറിഞ്ഞുകൊള്ളുക: ഇതു പറഞ്ഞിട്ടു് അദ്ദേഹം അത്തിവിത്തു് മിനുസമുള്ള പാറയിൽവച്ചു് ഞെക്കി. ഉണ ങ്ങിയ അഹറോൻെറ വടി തളിർത്തു പൂക്കാൻ ഇടയാക്കിയ ദൈവം ഈ വരണ്ടു് മിനുസമുള്ള പാറ ഫലം പുറപ്പെടുവിക്കാൻ ഇടയാക്കി. തൻെറ ദാസൻ നേടിയ കൃപ എന്താണെന്നു് വരും തലമുറയെ കാണിക്കാനായിരുന്നു ഇതു്. അതു മുളച്ചുവരുന്നതു കണ്ടു് ശ്രേഷ്ഠൻ കണ്ണുനീരോടുകൂടി ദൈവത്തിനു നന്ദി പറഞ്ഞു. അതു് സാവധാനം വളർന്നു മേല്ക്കൂര വരെയെത്തി, അതിനെ മൂടി. ചുരുക്കത്തിൽ കാലാന്തരത്തിൽ, ഇതാ മൂന്നു് അത്തിപ്പഴ

www.malankaralibrary.com

ങ്ങളം. കണ്ണുനീരോടുകൂടി അവയെടുത്തു് ചുംബിച്ചിട്ടു് ശ്രേഷ്ഠൻ ഭക്ഷിച്ചു. ഈ ഉറപ്പിനു് ദൈവത്തിനു് നന്ദി പറഞ്ഞു. ഒരു ചെറിയ ഭാഗം തൻെറ ശിഷ്യർക്കും കൊടുത്തു. ഈ മരം ശ്രേഷ്ഠൻെറ സുകൃതത്തിനു സാക്ഷിയായിത്തീർന്നതു് എങ്ങനെ എന്നു കാണുക.

26. അത്തിപ്പഴം തിന്നതുമുതൽ ഈ ദൈവപ്രചോദിത ശ്രേഷ്ഠൻ തൻെറ മരണത്തിനായി ഒരുങ്ങിക്കൊണ്ടിരുന്നു. അദ്ദേഹം പടുവൃദ്ധനായപ്പോഴ് അദ്ദേഹത്തെ ശുശ്രൂഷിക്കാനായി ശിഷ്യർ അദ്ദേഹത്തിൻെറ അറ തുറന്നു. ഞാൻ അദ്ദേഹത്തെ കാണാൻ വന്നപ്പോഴ് അത്തിയുടെ അത്ഭുതകരമായ കമ്പുകഴ് ദർശിച്ചു. അതു് എങ്ങനെ വേരുറച്ചെന്നും പാറയിൽ വിള്ള ലുണ്ടോ എന്നും പരിശോധിച്ചു. എനിക്കു് ഒന്നും കാണാൻ കഴിഞ്ഞില്ല. ഞാൻ അത്ഭുതപ്പെട്ടു് വിളിച്ചുപറഞ്ഞു: ''ദൈവ ത്തിൻെറ സമ്പത്തിൻെറയും ജ്ഞാനത്തിൻെറയും അറി വിൻെറയും ആഴം! അവിടുത്തെ വിധികഴ് എത്ര അജ്ഞേയം! അവിടുത്തെ മാർഗ്ഗങ്ങഴ് എത്ര ദുർഗ്രഹം!'' (റോമ.11:34). ലൗറയിലെ ചൂടിൻെറ ആധിക്യവും വായുവിൻെറ വരഴ്ച്ചയും നിമിത്തം, നല്ല വായുവും നല്ല മണ്ണും ഉള്ളിടത്തുപോലും അത്തി മരമോ, മറെറന്തെങ്കിലും മരമോ വളരുകയില്ല എന്നു്, ഭാഗ്യ വാനായ സാബാസിൻെറ ലൗറയെപ്പററി നീണ്ട അനുഭവമുള്ള വർക്കു് നന്നായറിയാം. ലൗറായുടെ ചെറിയ ആശ്രമത്തിൽ വഴിവക്കിൽ മരം വളരുന്നുണ്ടല്ലോ എന്നു് ആരെങ്കിലും പറ ഞ്ഞാൽ ഭാഗ്യവാനായ സാബാസിൻെറ പ്രാർത്ഥനകളുടെ ഫല മാണവ എന്നായിരിക്കും മറുപടി. അവിടെ മണ്ണിനു് ആഴ മുണ്ടു്. മലയിടുക്കിൽ നിന്നു് വെള്ളവും ലഭിച്ചിരുന്നു. ചെറിയ ആശ്രമത്തിലെ പിതാക്കന്മാർ ഇന്നുവരെ തണുപ്പുകാലം മുഴുവൻ മലയിടുക്കിൽ നിന്നു് അവയെ നനച്ചിരുന്നു. മലയിടുക്കിൽ മണ്ണുള്ളിടങ്ങളിൽ നട്ടു് തണുപ്പുകാലം മുഴുവൻ നനച്ചുവളർത്താൻ പലരും ശ്രമിച്ചെങ്കിലും അവ ഒററ വഷംപോലും നിന്നിട്ടില്ല. കാരണം, ഞാൻ പറഞ്ഞതുപോലെ അവിടത്തെ ചൂടു് കഠി നവും വായു ജലാംശം തീരെ ഇല്ലാത്തതുമാണു്.

## 27–28. സമാപനം

അനേക കാര്യങ്ങളിൽനിന്നു് ഈ സംഗതികഴ് ഞാൻ തെരഞ്ഞെടുത്തു രേഖപ്പെടുത്തിയതാണു്. ഒരിജൻ, മൊപ്സ്യ

www.malankaralibrary.com

വെസ്റ്റ്യായിലെ തിയഡോർ എന്നിവരുടെ അനുയായികാംക്കും അവരുടെ പ്രബോധനങ്ങാംക്കുമെതിരെ വിശ്വാസത്തിനു വേണ്ടി അദ്ദേഹം നടത്തിയ പോരാട്ടങ്ങളും ഐഹിക പ്രബോധനങ്ങാംക്കു വേണ്ടി സുവിശേഷാനുസൃതം അദ്ദേഹം സഹിച്ച പീഡനങ്ങളും ഞാൻ വിവരിക്കുന്നില്ല. അദ്ദേഹത്തിന്റെ വീരോചിത കർമ്മങ്ങാം വിവരിക്കുന്നതിന് മറ്റുള്ളവർക്കായി ഞാൻ വിടുന്നു. കാരണം, സത്യവിശ്വാസത്തിനുവേണ്ടി അദ്ദേഹം നടത്തിയ പോരാട്ടങ്ങളും സഹിച്ച പീഡകളും അപകടങ്ങളും, അദ്ദേഹത്തിന്റെ വിജയശ്രീലാളിതവും മഹത്വവീകൃതവുമായ രീതികളും വിവരിക്കാൻ തല്പരരായി അദ്ദേഹത്തിന്റെ മരണശേഷം അനേകർ മുന്നോട്ട് വരും എന്നെനിക്കറിയാം. അദ്ദേഹത്തിന്റെ ജീവിതവും ഉജ്ജ്വല സുകൃതങ്ങളും നിമിത്തം മിക്കവാറും നമ്മുടെ എല്ലാ ആശ്രമങ്ങളിലും അദ്ദേഹം വിഖ്യാതനും കീർത്തിമാനുമാണ്.

28. അദ്ദേഹത്തിന്റെ വിശുദ്ധ നാവ് എന്നോടു പറഞ്ഞതുപോലെയും ഞാൻ നേരത്തെ വിവരിച്ചതുപോലെയും, അദ്ദേഹം 28-ാം വയസ്സിൽ മെത്രാനായി; ഒൻപതു വർഷം മെത്രാനായി ശുശ്രൂഷ ചെയ്തു. അദ്ദേഹം ആദ്യം 12 വർഷം ലൗറായിൽ ചെലവഴിച്ചു; അതിൽ ആറു വർഷം സേവനത്തിലും, ആറു വർഷം ഏകാന്തതയിലും കഴിഞ്ഞു. പിന്നീട് ആറു വർഷം റൂബായിൽ താമസിച്ചു. അദ്ദേഹം ഇന്നുവരെ ഏകാന്തവാസിയായി തന്റെ അറയിൽ അടച്ചുപൂട്ടി കഴിയുന്നു. ആ രീതിയിൽ, ദൈവകൃപയാൽ 47 വർഷം അദ്ദേഹം പൂർത്തിയാക്കി. ഇതാ അദ്ദേഹത്തിന് 104 വയസ്സായി; നല്ല മുഖശോഭയും ആത്മാവിൽ തീക്ഷ്ണതയും ഉള്ളവനും ദിവ്യകൃപകൊണ്ട് നിറഞ്ഞവനുമായ അദ്ദേഹം പടുവൃദ്ധനുമായി. ദൈവം അദ്ദേഹത്തിന് കൂടുതൽ കൂടുതൽ ശക്തി കൊടുക്കുകയും അദ്ദേഹത്തിന്റെ ജീവിതം സമാധാനത്തിൽ അവസാനിപ്പിക്കുകയും ചെയ്യാൻ ഇടയാക്കട്ടെ എന്ന് ദൈവത്തോട് വിനീതമായി ഞങ്ങാം അപേക്ഷിക്കുന്നു. അതോടൊപ്പം യോഹന്നാന്റെ പ്രാർത്ഥനകളാൽ, ഇതു് എഴുതിയ പാപികളായ ഞങ്ങളുടെ മേൽ അവിടുന്ന് എന്നുമെന്നേക്കും കരുണ ചൊരിയട്ടെ.

www.malankaralibrary.com

## അനുബന്ധം

അദ്ദേഹം നിരന്തരമായി തൻെറ പുറപ്പാടിനെ നോക്കിപ്പാർത്തുകൊണ്ടിരുന്നു. തന്നെ സ്നേഹിക്കുന്നവർക്കായി കർത്താവു വാഗ്ദാനം ചെയ്യുന്നതും, അവനുവേണ്ടി അവിടുന്നു തയ്യാറാക്കിയതുമായ നീതിയുടെ കിരീടം സ്വീകരിക്കാൻ അവൻ താല്പര്യപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ മരണമടുത്തപ്പോഠം അദ്ധ്യക്ഷനായ ആബാ കോനോനെ പാത്രിയർക്കീസ് വിളിച്ച് അദ്ദേഹത്തെ അശ്കലോനിലേക്കയച്ചു. അവൻ വിശുദ്ധ ശ്രേഷ്ഠൻെറ ഒരു ശിഷ്യനെയും കൂടെ കൊണ്ടുപോയി. കോനോൻ ദൈവത്തെ സ്നേഹിച്ചവനും വിവേകപൂർണ്ണനും ദൈവസ്നേഹത്തിൽ പരിപൂർണ്ണനുമായിരുന്നു. അദ്ദേഹത്തിൻെറ മരണമടുത്തപ്പോഠം പിതാക്കന്മാർ അദ്ദേഹത്തിൻെറ പക്കൽ ഓടിക്കൂടി; അദ്ദേഹം മരിച്ചുകഴിഞ്ഞു എന്ന് അവർ കരുതി. അതു ഞായറാഴ്ചയായിരുന്നു. എന്നാൽ അദ്ദേഹം മരണവേദനയിലായിരുന്നു. അവർ അദ്ദേഹത്തെ അറയിൽനിന്നു് പുറത്തുകൊണ്ടുവന്നു. അദ്ദേഹം പിതാക്കന്മാരോട് പറഞ്ഞു: "പിതാക്കന്മാരേ, നിങ്ങഠം ദുഃഖിക്കരുതെന്നു് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. ദൈവനിശ്ചയത്താൽ, ദൂരെയുള്ള നമ്മുടെ സഹോദരന്മാർ ബുധനാഴ്ച, ഇവിടെയെത്തും. മൂന്നു ദിവസംകൊണ്ടു് നിങ്ങളെല്ലാം ഒന്നിച്ചുകൂടും. എന്നെക്കുറിച്ചുള്ള ദൈവതിരുമനസ്സ് നിറവേറും." അതു് അപ്രകാരം തന്നെ സംഭവിച്ചു. ദൂരെയുള്ളവർ ബുധനാഴ്ച ഉച്ചഭക്ഷണത്തിനുമുൻപു തന്നെ എത്തിച്ചേർന്നു. അവരെല്ലാം അദ്ദേഹത്തിൻെറ പക്കൽ വന്നു് അദ്ദേഹത്തിൻെറ ആശീർവാദം സ്വീകരിച്ചു. അദ്ദേഹം ഉടൻതന്നെ ജനുവരി എട്ടിനു് ദൈവത്തൃക്കരങ്ങളിൽ തൻെറ ആത്മാവിനെ സമർപ്പിച്ചു. വിശുദ്ധനുവേണ്ടിയും നമുക്കുവേണ്ടിയും, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും ബഹുമാനവും മഹത്വവും ആരാധനയും സമർപ്പിക്കാം.

www.malankaralibrary.com

# സൂക്കാലൗറയിലെ ആബാ കുറിയാക്കോസിൻെറ ജീവചരിത്രം

ഏകാന്തവാസികളിൽ ഉത്തമനായ കുറിയാക്കോസ് എന്ന ഏകാന്തവാസിയെപ്പററി മഹാനായ എവുതീമിയസിൻെറ ജീവചരിത്രത്തിൽ ഞാൻ തുടരെത്തുടരെ പരാമർശിച്ചിട്ടുണ്ട്. ചില പ്രത്യേക കാര്യങ്ങളം, അതായത്, അദ്ദേഹത്തിൻെറ സുകൃതകർമ്മങ്ങളുടെ ചില ആദ്യഫലങ്ങളെപ്പററി വിവരിച്ചുകൊണ്ട് എൻെറ വായനക്കാർക്ക് അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടുത്തേണ്ടതു് ആവശ്യമാണെന്ന് എനിക്കു തോന്നുന്നു. തിരുലിഖിതമനുസരിച്ച് (റോമ. 11:16) ആദ്യഫലം വിശുദ്ധമാണെങ്കിൽ, അദ്ദേഹത്തിൻെറ ജീവിതം മുഴുവൻ വിശുദ്ധീകരിക്കപ്പെട്ടതാണെന്നു വ്യക്തമാണല്ലോ.

ആത്മാവിൽ പ്രകാശിതനായ ഈ കുറിയാക്കോസ് കോരിന്തു് പട്ടണത്തിലുള്ള ഗ്രീക്കു് കുടുംബത്തിൽപെട്ട ആളായിരുന്നു. അദ്ദേഹത്തിൻെറ പിതാവായ യോഹന്നാൻ കോരിന്തിലെ വിശുദ്ധ കത്തോലിക്കാസഭയിലെ വൈദികനായിരുന്നു; അമ്മയുടെ പേരു് എവുഡോക്സ്യാ എന്നായിരുന്നു. രണ്ടാം ഇൻഡിക്ഷനിലെ ജനുവരി 9 നു് ഇളയ തിയഡോഷ്യസിൻെറ ഭരണത്തിൻെറ അവസാനത്തിൽ (449) അവൻ ജനിച്ചു. കോരിന്തിലെ മെത്രാനായ പീററിൻെറ അനന്തിരവനായിരുന്നു അദ്ദേഹം. അവിടുത്തെ വിശുദ്ധ പള്ളിയിൽ അദ്ദേഹത്തിൻെറ കീഴിൽ ചെറുപ്പത്തിലേ അദ്ദേഹം വായനക്കാരനായിരുന്നു. അദ്ദേഹം തന്നെ എന്നോടു പറഞ്ഞതുപോലെ, വേദപുസ്തക പാരായണത്തിൽ ദിനരാത്രങ്ങളം ചെലവഴിച്ചു. ആരംഭംമുതലേ മനുഷ്യരക്ഷയ്ക്കു വേണ്ടവ ദൈവം സജ്ജമാക്കിയിരുന്നു എന്നതിനെപ്പററിയും, ശരിയായ തീരുമാനം വഴി ദൈവത്തിനു പ്രീതികരമായി ജീവിക്കാൻ ശ്രമിച്ചവരെ തലമുറതലമുറകളായി വൈവിധ്യമാർന്ന രീതിയിൽ ദൈവം മഹത്വപ്പെടുത്തുകയും ഈ ലോകത്തിൽ ജ്യോതിർഗോള

www.malankaralibrary.com

ങ്ങളാക്കി ഉയർത്തിക്കാട്ടുകയും ചെയ്തു എന്നതിനെപ്പററിയും അദ്ഭുതപരതന്ത്രനായി അദ്ദേഹം ചിന്തിച്ച് ഇരുന്നു പോയിട്ടുണ്ട്.

2. ഹാബേലിൻെറ ബലിനിമിത്തം ദൈവം അവനെ മഹത്വപ്പെടുത്തി (ഉല്പ. 4:4). ദൈവത്തിനു പ്രീതികരനായതിനാൽ ഹാനോക്കിനെ ദൈവം എടുത്തുകൊണ്ട് മഹത്വപ്പെടുത്തി (ഉല്പ. 5:24). നോഹയുടെ നീതി നിമിത്തം മനുഷ്യകുലത്തിൻെറ തീപ്പൊരിപോലെ അവനെ കാത്തുസംരക്ഷിച്ചു (ഉല്പ.7:1). അബ്രഹാമിൻെറ വിശ്വാസം നിമിത്തം അവനെ ജനതകളുടെ പിതാവാക്കി (ഉല്പ. 17:4–5). മൽക്കീസദേക്കിൻെറ ഭക്തിനിറഞ്ഞ പൗരോഹിത്യത്തെ അവിടുന്നു സ്വീകരിച്ചു (ഉല്പ. 14:18). യൗസേപ്പിനെയും ഇയ്യോബിനെയും നമുക്ക് അടക്കത്തിൻെറയും സഹനത്തിൻെറയും മാതൃകകളായി ഉയർത്തി. മോശയെ നിയമദാതാവാക്കി. തൻെറ പുത്രനായ യ്ശോഷ്വായെ സൂര്യനെയും ചന്ദ്രനെയും വിലക്കുവാൻ അനുവദിച്ചു (10:12–14). ദാവീദിനെ പ്രവാചകനും രാജാവും ഭീകരമായ രഹസ്യത്തിൻെറ പൂർവികനുമാക്കി. ബാബിലോണിയൻ അഗ്നിച്ചൂളയിലെ അഗ്നിയെ പനിമഞ്ഞാക്കി മാററി. ദാനിയേലിനെ ഇട്ട സിംഹക്കൂട്ടിൽ കിടന്ന സിംഹങ്ങളെ ഉപവസിക്കാൻ പഠിപ്പിച്ചു (6:22). തിമിംഗലത്തെ പ്രവാചകൻെറ മുറിയാക്കി (യോനാ 1:17).

ഈ അദ്ഭുതങ്ങൾക്കു പുറമേ, ഇവയെ അതിശയിക്കുന്നവയെപ്പററി ചിന്തിച്ചപ്പോഴും കുറിയാക്കോസിൻെറ മനസ്സ് ഒരു ചുഴലിയായിത്തീർന്നു. പുരുഷസംസർഗ്ഗം കൂടാതുള്ള അസാധാരണമായ ഗർഭധാരണം, കന്യകാമാതാവ്, മാററം കൂടാതെ ദൈവവചനം മനുഷ്യനായിത്തീർന്ന കാര്യം, തൻെറ അമൂല്യ കുരിശാലും ഉത്ഥാനത്താലും പാതാളത്തെ ഇടിച്ചുനിരപ്പാക്കിയത്, തൻെറ വിജയത്താൽ വഞ്ചകനായ സർപ്പത്തെ ബലഹീനനാക്കിയത്, പാപംവഴി നഷ്ടപ്പെടുത്തിയ ജീവൻ ജനത്തിനു തിരികെ കൊടുത്ത് അവനെ പറുദീസയിലേക്ക് തിരികെ പ്രവേശിപ്പിച്ചത്. ഇവയെപ്പററിയും ഇതുപോലുള്ളവയെപ്പററിയും ചിന്തിച്ചപ്പോഴും അവൻെറ ഹൃദയം ദൈവഭയത്താൽ കത്തിജ്ജ്വലിപ്പിക്കപ്പെട്ടു. വിശുദ്ധനഗരത്തിലേക്കു

www.malankaralibrary.com

പിൻവാങ്ങി ലൗകികകാര്യങ്ങൾ വിട്ടകലാൻ അവൻ തീരുമാനിച്ചു.

## 3-5. പലസ്തീനയിലെ ആദ്യവർഷങ്ങൾ

3. അത്തരം ചിന്തകളിൽ അദ്ദേഹം ആമഗ്നനായിരിക്കുമ്പോൾ ഒരു ഞായറാഴ്ചദിവസം താഴെപ്പറയുന്ന സുവിശേഷഭാഗം കേട്ടു: ''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിച്ചാൽ അവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശെടുത്ത് എന്റെ പിന്നാലെ വരട്ടെ'' (മത്താ. 16:24). ഉടനെ അവൻ പള്ളിയിൽ നിന്നിറങ്ങി, ആരോടും ഒന്നും ഉരിയാടാതെ കെൻക്രേയിൽ വന്നു. അവിടെ പലസ്തീനയിലേക്കു പോകുന്ന ഒരു കപ്പലിൽ കയറി ജറുസലേമിൽ വന്നു. അതു് തന്റെ പതിനെട്ടാം വയസ്സിൽ, അതായത്ു്, ജറുസലേമിൽ അനസ്താസ്യൂസിന്റെ ഭരണത്തിന്റെ എട്ടാംവർഷം, മഹാനായ ലെയോ ചക്രവർത്തിയുടെ ഭരണത്തിന്റെ ഒൻപതാംവർഷം, അഞ്ചാം ഇൻഡിക്ഷന്റെ ആരംഭത്തിൽ (466) ആയിരുന്നു. അദ്ദേഹം വിശുദ്ധ നഗരത്തിൽ വന്നപ്പോൾ വിശുദ്ധ എവുസ്തോർജിയൂസ് അദ്ദേഹത്തെ ഹാർദ്ദവമായി സ്വാഗതം ചെയ്തു. പരിശുദ്ധാത്മ ദാനങ്ങളാൽ പ്രശോഭിക്കുന്ന ഒരു വിശുദ്ധനായിരുന്നു അദ്ദേഹം. വിശുദ്ധ സീയോന്റെ സമീപം അദ്ദേഹം വളരെ പ്രശസ്തമായ ഒരാശ്രമം സ്ഥാപിച്ചിരുന്നു. തെല്ലുകാലം അവിടെ ചെലവാക്കിയിട്ട് ദൈവദാസനായ കുറിയാക്കോസ് മരുഭൂമിയിൽ താമസമാക്കാൻ ആഗ്രഹിച്ചു. ഏതാണ്ട് എല്ലാവരും ദൈവികനായ എവുതീമിയസിനെപ്പററി അദ്ദേഹത്തോടു സംസാരിച്ചു. തന്നെ ആശീർവദിച്ച് അദ്ദേഹത്തിന്റെ പക്കലേക്കയയ്ക്കണമെന്ന് മഹാനായ പിതാവ് എവുസ്തോർജിയൂസിനോട് കുറിയാക്കോസ് അപേക്ഷിച്ചു.

4. അതു സ്വീകരിച്ച് അദ്ദേഹം മഹാനായ എവുതീമിയസിന്റെ ലൗറയിലേയ്ക്കു് വന്നു. കൊറിന്ത്യാക്കാരും അദ്ദേഹത്തിന്റെ പരിചയക്കാരും സഹോദരന്മാരുമായ അനറേറാലിയൂസ് എന്ന വൈദികന്റെയും ഒളിംപിയൂസ് എന്ന സന്യാസിയുടെയും കൂടെ കുറേ ദിവസം അവിടെ താമസിച്ചു. അതിനുശേഷം അദ്ദേഹം മഹാനായ എവുതീമിയസിനു് വിധേയനായി

www.malankaralibrary.com

അദ്ദേഹത്തിൻെറ വിശുദ്ധ കൈകളിൽ നിന്നു സന്യാസവസ്ത്രം സ്വീകരിച്ചു. യുവാവായിരുന്നതിനാൽ അദ്ദേഹത്തെ അവിടെ താമസിപ്പിച്ചില്ല; അദ്ദേഹത്തെ യോർദ്ദാനിൽ വിശുദ്ധ ജറാസിമൂസിൻെറ പക്കലേയ്ക്കയച്ചു. മഹാനായ തെയോക്റ്റിസ്ററസ് ഇതിനകം മരിച്ചുകഴിഞ്ഞിരുന്നു. തൻെറ ലൗറയിൽ യുവാവിനെ താമസിപ്പിക്കുന്നതു് പരിപൂർണ്ണമായി നിരോധിച്ചിരുന്നു. വിശുദ്ധ ജറാസിമൂസ് അവനെ സ്വീകരിച്ചു. അയാൾ യുവാവാണെന്നു് കണ്ടു് ആശ്രമത്തിൽ താമസിക്കാൻ പറഞ്ഞു. അവിടെ അയാൾ വിറകു് വെട്ടി, വെള്ളം കോരി, പാചകം ചെയ്തു, എല്ലാത്തരം ജോലികളും തീക്ഷ്ണതാപൂർവം നിർവ്വഹിച്ചു. അയാൾ തൻെറ ദിവസങ്ങൾ അധ്വാനത്തിലും ജോലിയിലും രാത്രികൾ ദൈവത്തോടുള്ള പ്രാർത്ഥനയിലും ചെലവഴിച്ചു; വളരെ തീക്ഷ്ണതാപൂർവം കായികാധ്വാനത്തോടുകൂടി സങ്കീർത്തനാലാപം കൂട്ടിച്ചേർത്തു.

5. ആശ്രമത്തിൽ സേവനം ചെയ്യുന്ന അവസരം അദ്ദേഹം ഒന്നിടവിട്ട ദിവസങ്ങളിൽ അപ്പവും വെള്ളവും കഴിക്കുക, എണ്ണ, വീഞ്ഞ് കലർത്തിയ പാനീയം എന്നിവ വർജ്ജിക്കുക, തുടങ്ങി ഏകാന്തവാസികളുടെ ജീവിതരീതി അഭ്യസിച്ചു. ഈ യുവാവിൻെറ താപസ ജീവിതരീതികൾ മനസ്സിലാക്കിയ മഹാനായ ജറാസിമൂസ് അവനെ വളരെയധികം ശ്ലാഘിക്കുകയും സ്നേഹിക്കുകയും ചെയ്തു. തദ്ഫലമായി, വിശുദ്ധ ഉപവാസകാലത്തു് റൂബാ ഉൾമരുഭൂമിയിലേയ്ക്കു് തൻെറ കൂടെ അവനെ കൂട്ടിക്കൊണ്ടുപോയി. അവിടെ മഹാനായ എവുതീമിയസിൻെറ കൈകളിൽ നിന്നു് ഞായറാഴ്ച തോറും കർബാന സ്വീകരിച്ചുകൊണ്ടു് ഓശാന ഞായറാഴ്ചവരെ അവർ ചെലവഴിച്ചു. കുറേനാളിനുശേഷം മഹാനായ എവുതീമിയസ് ക്രിസ്തുവിൽ മരിച്ചപ്പോൾ അദ്ദേഹത്തിൻെറ ആത്മാവിനെ മാലാഖമാർ വഹിച്ചു് സ്വർഗത്തിലേക്കു കൊണ്ടുപോകുന്നതു് വിശുദ്ധ ജറാസിമൂസ് ദർശിച്ചു. ആബാ കുറിയാക്കോസിനെയും കൂട്ടി അവൻെറ ആശ്രമത്തിലേക്കു പോയി. അവൻെറ ശരീരം സംസ്കരിച്ചശേഷം മടങ്ങിവന്നു. ആബാ കുറിയാക്കോസിൻെറ പലസ്തീനായിലെ താമസത്തിൻെറ ഒൻപതാം വർഷം, പതിമൂന്നാം ഇൻഡിക്ഷനിലെ മാർച്ച് 5നു് (475) നമ്മുടെ വലിയ പിതാവായ ജറാസിമൂസ് മരിച്ചു് നീതിയുടെ

www.malankaralibrary.com

കിരീടത്താൽ അലംകൃതനായി. സഹോദരന്മാരായ ബേസിലും സ്ററീഫനും അധ്യക്ഷന്മാരായപ്പോൾ ആബാ കുറിയാക്കോസ് ആശ്രമം വിട്ട് മഹാനായ എവുതീമിയസിൻെറ ലൗറയിൽ വന്നു. അധ്യക്ഷനായ ഏലിയാസ് അയാളെ സ്വീകരിച്ചു. അദ്ദേഹം അവിടെ ഒരറയിൽ കയറി ഈ ലോകത്തിൻെറ യാതൊന്നും കൂടാതെ ഒരു ഏകാന്തവാസി ആയി ത്തീർന്നു.

## 6–7. എവുതീമിയസിൻെറ ലൗറായിലേയും സുക്കാ ലൗറായിലെയും താമസം

6. ആശ്രമം പണിയാൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. ലൗറാ ഒരാശ്രമമായി മാററിയ കാലമായിരുന്നിത്. തൻെറ ജീവിതരീതിയിൽ മഹാനായ ഒരു തോമസ് അക്കാലത്ത് ഇവിടെ ഉണ്ടായിരുന്നു. അയാളുടെ സുകൃതങ്ങളും നേട്ടങ്ങളും മനസ്സിലാക്കി, ആത്മീയസ്നേഹത്താൽ ആബാ കുറിയാക്കോസിനു് അയാളോട് അടുപ്പം തോന്നി. അയാൾ കുറിയാക്കോസിനെ പഠിപ്പിച്ച് പരിശീലിപ്പിച്ചു. അയാളുടെ ജീവിതരീതി കുറിയാക്കോസ് അനുകരിച്ചു. ആശ്രമക്കെട്ടിടത്തിനു വേണ്ടി അലക്സാണ്ഡ്രിയൻ ആർച്ചുബിഷപ്പിൽ നിന്ന് അരംത്താരവിരികൾ വാങ്ങാൻ തോമസിനെ ഫീദ്രസ് അലക്സാണ്ഡ്രിയായിലേക്കയച്ചു. മഹാനായ എവുതീമിയസിൻെറ നിർദ്ദേശപ്രകാരം നമ്മുടെ പിതാക്കന്മാരായ എവുതീമിയസിൻെറയും തെയോക്ടിസ്റ്റസിൻെറയും ആശ്രമങ്ങൾ പൊതു ജീവിതരീതിയോടും ഒരു കാര്യസ്ഥൻെറ കീഴിൽ ഏക ഭരണത്തോടും കൂടെ ഐകമത്യത്തിലായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ വിശുദ്ധമരണത്തിനു ശേഷം പന്ത്രണ്ടുവർഷം കഴിഞ്ഞ്, ആബാ തെയോക്ടിസ്റ്റസിൻെറ ആശ്രമാധ്യക്ഷൻ ആബാ ലൊംഗീനുസ് മരിച്ചപ്പോൾ, പൗലോസ് അധ്യക്ഷനായി. മഹാനായ എവുതീമിയസ് സുഖപ്പെടുത്തി സ്നാനപ്പെടുത്തിയ തെരെബോൻ എന്ന അറബി മരിക്കാറായപ്പോൾ രണ്ടു് ആശ്രമങ്ങൾക്കും ധാരാളം സമ്പത്ത് അവശേഷിപ്പിച്ചു. പൗലോസ്, തെരെബോൻെറ വസ്തുവകകളും തിരുശേഷിപ്പും സ്വേച്ഛയാ പിടിച്ചെടുത്തപ്പോൾ കലക്കമുണ്ടാകുകയും ആശ്രമങ്ങളുടെ വേർതിരിവ് സംഭവിക്കുകയും ചെയ്തു.

www.malankaralibrary.com

7. തദ്ഫലമായി, ഭക്തനായ എവുതീമിയസിൻെറ ആശ്രമത്തിന് ചുററുമുള്ള സ്ഥലങ്ങരം പങ്കിടേണ്ടിവന്നു. അങ്ങനെ വിഭജിക്കപ്പെട്ടിടത്തു് പൗലോസ് ഒരു ഗോപുരം പണിതു. വിശുദ്ധനഗരത്തിൽ, പൊതുവായുണ്ടായിരുന്ന അതിഥിമന്ദിരം തൻെറ സ്വന്തം കസ്റ്റടിയിലാക്കാൻ വേണ്ടി, മററൊരതിഥി മന്ദിരം പണിയാൻ 200 നാണയങ്ങരം കൊടുത്തു. ഇക്കാലത്താണ് സൂക്കാ ലൗറയിലെ പിതാക്കന്മാരിൽ നിന്നു് ദാവീദിൻെറ ഗോപുരത്തിനടുത്തു് മഹാനായ എവുതീമിയസിൻെറ ആശ്രമത്തിലെ സന്യാസികരം ഈ 200 നാണയങ്ങരംക്കു് ഒരതിഥിമന്ദിരം വാങ്ങിയതു്. ആശ്രമങ്ങരം വേർപെടുത്തിയതിൽ ദുഃഖിതനായ ആബാ കുറിയാക്കോസ് അവിടെ നിന്നു് പിൻമാറി, എട്ടാം ഇൻഡിക്ഷൻെറ അവസാനം (485) സൂക്കാ ലൗറയിലേക്ക പോയി. പല വഷങ്ങളിലായി അദ്ദേഹം നാല് ഉദ്യോഗങ്ങരം വഹിച്ചു: റൊട്ടിയുണ്ടാക്കുന്നവൻ, രോഗീശുശ്രൂഷകൻ, അതിഥികളെ സ്വീകരിക്കുന്നവൻ, കാര്യസ്ഥൻ. ഇപ്രകാരം സേവനം ചെയ്യതിനാൽ പിതാക്കന്മാർക്കു് അയാളിൽ വളരെ ഇഷ്ടം തോന്നി അയാളെ വൈദികസമൂഹത്തിൽ ചേർത്തു. മഹാനായ എവുതീമിയസിൻെറ ആശ്രമത്തിൽ വച്ചു് അയാരം ഡീക്കനായി വാഴിക്കപ്പെട്ടിരുന്നു. നാലു വർഷങ്ങരംക്കശേഷം, അദ്ദേഹത്തിൻെറ നാല്പതാം വയസ്സിൽ (489) അദ്ദേഹം ട്രഷററും കാനോനാക്കും[1] ആയിത്തീന്നു. പതിമൂന്നുവർഷം ഈ ജോലി പൂർത്തിയാക്കിയപ്പോരം അദ്ദേഹത്തെ വൈദികനാക്കി. തുടന്നു് പതിനെട്ടു വർഷം കൂടി ട്രഷററും കാനോനാർക്കുമായി ജോലിചെയ്തു.

## 8-10. അവൻ മരുഭൂമിയിലേക്കു പിൻവാങ്ങുന്നു

8. അദ്ദേഹം എന്നോടു തറപ്പിച്ചു പറഞ്ഞു: "ഞാൻ കാനോനാക്കും ട്രഷററും ആയിരുന്ന ഈ നീണ്ട മുപ്പത്തൊന്നു് വർഷവും ഞാൻ ഭക്ഷിക്കുന്നതായോ കോപിക്കുന്നതായോ സൂര്യൻ കണ്ടിട്ടില്ല". അവൻ ഇതും എന്നോടു പറഞ്ഞു: " 'കുറയില്ലാത്ത

1. ഗാനങ്ങരംക്കു നേതൃത്വം നൽകുക, മരമണി അടിച്ചു് (സിമാൻട്രോൻ) സന്യാസികളെ പ്രാർത്ഥനയ്ക്കു് ഒന്നിച്ചുകൂട്ടുക എന്നിവ കാനോനാർക്കിൻെറ ജോലിയായിരുന്നു. ട്രഷററുടെ (ceimeliarch) ചുമതലയിലായിരുന്നു വിശുദ്ധ പാത്രങ്ങരം.

www.malankaralibrary.com

സങ്കീത്തനം' മുഴവൻ (119/118) ചൊല്ലിത്തീർക്കാതെ രാത്രിയിലെ സങ്കീർത്തനാലാപത്തിനുള്ള മണിയടി ഞാൻ നിത്തൃമായിരുന്നില്ല''.

മൂന്നാം ഇൻഡിക്ഷനിൽ, അദ്ദേഹത്തിൻെറ 77-ാം വയസ്സിൽ അദ്ദേഹം ടപ്പറർ ജോലി മറെറാരാളെ ഏല്പിച്ചിട്ട് ഒരു ശിഷ്യനുമൊത്ത് നുഫാ ഉംമരുഭൂമിയിലേക്ക പിൻവാങ്ങി. അവിടെ മെലാഗ്രിയാ വളരാത്ത സ്ഥലമായിരുന്നതിനാൽ, ശാരീരികാവശ്യങ്ങളെപ്രതി അവിടെയുള്ള കാട്ടുള്ളി തിന്നു ജീവിക്കാൻ സാധിക്കണമെന്നു അദ്ദേഹം ദൈവത്തോടപേക്ഷിച്ചു. കയ്പിനെ മധുരമാക്കാൻ കഴിയുന്ന, എല്ലാററിൻേറയും സ്രഷ്ടാവിൽ ആശ്രയം വച്ചുകൊണ്ടു അവൻ തൻെറ ശിഷ്യനോടു പറഞ്ഞു: എൻെറ കുട്ടീ, പോയി കാട്ടുള്ളി[2] ശേഖരിച്ച് പുഴുങ്ങുക. അതുകൊണ്ട് നമ്മെ സന്തുഷ്ടരാക്കുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. ശിഷ്യൻ പോയി ശേഖരിക്കുകയും, പുഴുങ്ങി ഉപ്പുചേർത്തു വിളമ്പുകയും ചെയ്തു. കാട്ടുള്ളി തൽക്ഷണം മധുരമുള്ളതായിത്തീർന്നു. നാലുവർഷത്തോളം അവർ അതു ഭക്ഷിച്ചു. നാലാം വർഷാവസാനം തെക്കോവാ ഗ്രാമത്തലവൻ മരുഭൂമിയിൽ ആടുമേയ്ക്കുന്നവരിൽ നിന്നു അദ്ദേഹത്തെപ്പററി അറിഞ്ഞിട്ട് ഒരു കഴുതപ്പുറത്ത് ചൂടുള്ള അപ്പം കൊണ്ടുവന്നു അവിടെ ഇറക്കിവച്ചിട്ട് പോയി.

9. പിന്നെ അവർ ഈ അപ്പം തിന്നാൻ തുടങ്ങി. ശിഷ്യൻ, ശ്രേഷ്ഠൻെറ ആഗ്രഹംകൂടാതെ, പതിവുപോലെ കാട്ടുള്ളി പുഴുങ്ങി. രുചിച്ചപ്പോഠം അതിൻെറ കയ്പ് സഹിക്കവയ്യാതെ ശബ്ദരഹിതനായി താഴെ കിടന്നുപോയി. അവനു സംഭവിച്ച ദൗർഭാഗ്യം ഗ്രഹിച്ച ശ്രേഷ്ഠൻ അവനുവേണ്ടി പ്രാർത്ഥിച്ച് അവനെ പിടിച്ചുയർത്തി. കളങ്കരഹിതമായ രഹസ്യങ്ങളിൽ അവനു ഭാഗഭാഗിത്വം നൽകി അവന് ആരോഗ്യം വീണ്ടെടുത്തു. അവനെ ഇപ്രകാരം ഉപദേശിച്ചു: ''എൻെറ കുട്ടീ, ദൈവം സദാസമയവും, എല്ലാററിനുമുപരി ആവശ്യത്തിലും വിഷമഘട്ടത്തിലും, പ്രത്യേകിച്ച്, ആത്മാക്കളുടെ

2. squills: വളരെ കൈപ്പുള്ളതും യൂദാമരുഭൂമിയിൽ വളരുന്നതുമായ ചെടി. ഒട്ടും ഭക്ഷ്യയോഗ്യമല്ല. കാട്ടുള്ളി എന്നു വിവർത്തനം ചെയ്യാം.

www.malankaralibrary.com

രക്ഷാസംബന്ധമായ കാര്യങ്ങളിൽ, അദ്ഭുതങ്ങരം പ്രവർത്തിക്കുന്നു. അതുകൊണ്ടു് ഭയപ്പെടേണ്ട". അവരുടെ അപ്പം തീർന്നിട്ടു് അവർ വലിയ മുട്ടുപാടിലായപ്പോരം ശ്രേഷ്ഠൻ ശിഷ്യനെ അനുഗ്രഹിച്ചു. ഭക്ഷണത്തിനായി കാട്ടുള്ളി പറിക്കാൻ അവനു നിർദ്ദേശം നൽകി. അതു തൊടാൻ തന്നെ ശിഷ്യനു ഭയമായിരുന്നു. അതുകൊണ്ടു് ശ്രേഷ്ഠൻ അതെടുത്തു് കരിശടയാളം വരച്ചു് അതിനെ ആശീർവദിച്ചു. അദ്ദേഹം തന്നെ അതു് ആദ്യം ഭക്ഷിച്ചു. അതു കണ്ടു ശിഷ്യനും അതു തിന്നു; എന്നാൽ ദോഷം ഒന്നും സംഭവിച്ചില്ല.

നല്ലുഹായിലെ താമസത്തിൻെറ അഞ്ചാംവർഷാവസാനം, അദ്ദേഹത്തെപ്പറ്റി കേട്ട തെക്കോവായിലെ ഒരു മനുഷ്യൻ, കഠിനമായി ചുഴലിദീനമുള്ള തൻെറ മകനെ അദ്ദേഹത്തിൻെറ അടുത്തു കൊണ്ടുവന്നു് അവനുവേണ്ടി പ്രാർത്ഥിക്കണമെന്നു് അപേക്ഷിച്ചു. അവനിൽ സഹതാപം തോന്നിയ ശ്രേഷ്ഠൻ അവനുവേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധ കുരിശിൽ നിന്നുള്ള തൈലം കൊണ്ടു് അവനെ പൂശി സുഖപ്പെടുത്തുകയും ചെയ്തു.

10. തൻെറ മകനു സൗഖ്യം ലഭിച്ചപ്പോരം, തെക്കോവാക്കാരൻ ഈ അത്ഭുതം എല്ലായിടത്തും പ്രസിദ്ധമാക്കി. ആ ജില്ല മുഴവൻ ഈ വാർത്ത പരന്നപ്പോരം അനേകർ ആബാ കുറിയാക്കോസിൻെറ പക്കൽവന്നു് അദ്ദേഹത്തെ ശല്യപ്പെടുത്തി. ശല്യം സഹിക്കവയ്യാതെ അദ്ദേഹം റൂബായിലെ ഉരംമരുഭൂമിയിലേക്കു പിൻവാങ്ങി, മെലാഗ്രിയാ വേരും മുളങ്കാമ്പുകളും തിന്നു് അഞ്ചുവർഷം അവിടെ ചെലവഴിച്ചു. ഇതറിഞ്ഞപ്പോരം ചിലർ രോഗികളെയും അശുദ്ധാത്മബാധിതരെയും അദ്ദേഹത്തിൻെറ പക്കലെത്തിച്ചു. ക്രിസ്തുവിനെ വിളിച്ചുകൊണ്ടും വന്ദ്യസ്ലീബായുടെ അടയാളം വരച്ചുകൊണ്ടും അദ്ദേഹം അവരെ സുഖപ്പെടുത്തി. അവിടെയും ആളുകളുടെ ശല്യം സഹിക്കവയ്യാഞ്ഞിട്ടു് ഏകാന്തവാസികളാരും താമസിച്ചിട്ടില്ലാത്തതും മറഞ്ഞിരിക്കാൻ സാധിക്കുന്നതും ജില്ലാനിവാസികരം സൂസാക്കിം എന്നു വിളിക്കുന്നതുമായ തനി മരുഭൂമിയിലേക്കു് റൂബായിൽ നിന്നു പിൻമാറി. ആ സ്ഥലം പുതിയ ലൗറായിലെയും സൂക്കാലൗറയിലെയും ജലധാരകരം സന്ധിക്കുന്നതും ആഴമുള്ളതും ഭയം ജനിപ്പിക്കുന്നതുമായിരുന്നു. ഈ ജലധാരകരം

www.malankaralibrary.com

ഏത്താമിൻെറ നദികളാണെന്നു ചിലർ പറയുന്നു. ദൈവത്തെ സ്തുതിച്ചുകൊണ്ട് ദാവീദ് അതേപ്പററി പറയുന്നു, "നീ ഏത്താമിൻെറ നദികളെ വററിച്ചു." അദ്ദേഹം അവിടെ ഏഴുവർഷം ചെലവഴിച്ചു. അപ്പോഠം ഭീകരമരണത്തിൻെറ നാളുകളിൽ വരാൻ പോകുന്ന ഭീകരതയെ ഭയന്നു് സുക്കാ ലൗറയിലെ പിതാക്കന്മാർ ഏകയോഗമായി അദ്ദേഹത്തിൻെറ പക്കൽ വന്നു് അപേക്ഷിച്ചു. നീണ്ട അപേക്ഷകളുടെ ഫലമായി അദ്ദേഹം സുസാക്കിമിൽ നിന്നു ലൗറയിലേക്കു മടങ്ങി. ആബാ കുറിയാക്കോസ് വിശുദ്ധ കരിതോൻെറ മുറി തൻെറ വാസസ്ഥലമായി തെരഞ്ഞെടുത്തു. അവിടെ അഞ്ചുവർഷക്കാലം ഒരിജനിസ്റ്റുകൾക്കെതിരെ പോരാടി.

## 11-15. കുറിയാക്കോസുമായി ഗ്രന്ഥകാരൻ നടത്തിയ ആദ്യകൂടിക്കാഴ്ച

11. ഈ അവസരം ഞാൻ മഹാനായ എവുതീമിയസിൻെറ ആശ്രമത്തിൽ നിന്നു് ഭാഗ്യവാനായ സാബാസിൻെറ വലിയ ലൗറയിലേക്കു് മെത്രാനും ഏകാന്തവാസിയുമായ യോഹന്നാനെ സന്ദർശിക്കാൻ വന്നു. അപ്പോഠം വിശുദ്ധ നഗരത്തിൽ നടക്കുന്ന ആഭ്യന്തരകലാപം വിവരിച്ചുകൊണ്ടും, ഒരിജൻെറ പ്രബോധനം വഴി ക്രിസ്തുവിനെതിരെ പുതിയ ലൗറയിൽ നോണ്ണുസും ലെയോൺസ്യുസും അവരുടെ പാർട്ടിക്കാരും പോരാടുന്നതു് ശമിപ്പിക്കാൻ ദൈവത്തോടു് മാധ്യസ്ഥ്യംവഹിക്കണമെന്നപേക്ഷിച്ചുകൊണ്ടും ഉള്ള കത്തുകളുമായി അദ്ദേഹം എന്നെ ആബാ കുറിയാക്കോസിൻെറ പക്കലേക്കയച്ചു. തദനുസരണം ഞാൻ സുക്കായിലെത്തി. അദ്ദേഹത്തിൻെറ ശിഷ്യരായ സോസിമുസും യോഹന്നാനും ഒത്തു് കരിതോൻെറ ഗുഹയിൽ അദ്ദേഹത്തെ കാണാൻ പോയി. ഞാൻ അദ്ദേഹത്തെ വണങ്ങി കത്തു കൊടുത്തു. അതോടുകൂടി ഏകാന്തവാസിയായ യോഹന്നാൻ എന്നോടു പറഞ്ഞു വിട്ട ഒരു കാര്യം നേരിട്ടു് അറിയിക്കുക കൂടി ചെയ്തു. കണ്ണുനീരോടുകൂടി ആബാ കുറിയാക്കോസ് മറുപടി പറഞ്ഞു: "നിന്നെ അയച്ചയാളിനോടു പറയുക. പിതാവേ, നാം നിരാശരാകേണ്ടതില്ല, കാരണം നോണ്ണുസും ലെയോൺസ്യുസും ഉടനെ മരിച്ചു പോകുന്നതു നാം

www.malankaralibrary.com

പെടുന്ന കാണാം; ബാക്കിയുള്ളവർ പുതിയ ലൗറയിൽ നിന്നു പുറന്തള്ളപ്പെടും; കള്ള ശിഷ്യർ പുറന്തള്ളപ്പെട്ടുകഴിയുമ്പോൾ ഭാഗ്യവനായ സാബാസിന്റെ യഥാർത്ഥ ശിഷ്യന്മാർ പുതിയ ലൗറയിൽ താമസമാക്കും.

12. ഞാൻ അദ്ദേഹത്തോടാരാഞ്ഞു: പിതാവേ, അവർ എന്ത ഭിപ്രായങ്ങളാണ് പ്രചരിപ്പിക്കുന്നത്? അവർ വി. ഗ്രിഗറി യുടെ വാക്കുകൾ ഉദ്ധരിക്കാറുണ്ടല്ലോ:[3] ലോകം, പദാർത്ഥം, ആത്മാവ്, നല്ലതും തീയതുമായ ബൗദ്ധിക പ്രകൃതികൾ, ക്രിസ്തുവിന്റെ പീഡാനുഭവം, ഉത്ഥാനം എന്നിവയെപ്പററി യൊക്കെ താത്ത്വിക ചർച്ച നടത്തിക്കൊള്ളുക. കാരണം, ഈ കാര്യങ്ങളിൽ സത്യത്തെ ഉരച്ചുനോക്കുന്നതു് പ്രയോജനം കൂടാ തെയല്ല; തെററു് അപകടം കൂടാതെയുമാണ്." ഇങ്ങനെ ഉദ്ധരിച്ചുകൊണ്ടു് "പ്രിസ്ഥിതിയും" (preexistence) "പ്രത്യാ യനവും" (restoration) പ്രാധാന്യമില്ലാത്തതും അപകടമില്ലാ ത്തതുമാണ് എന്നു് അവർ തന്നെ പറയുന്നുണ്ടല്ലോ.

ശ്രേഷ്ഠൻ താഴെ വരുംപ്രകാരം പ്രത്യുത്തരിച്ചു; "പ്രിസ്ഥി തിയും പ്രത്യായനവും സംബന്ധിച്ചുള്ള പ്രബോധനങ്ങൾ പ്രാ ധാന്യമില്ലാത്തതോ അപകടം കൂടാത്തതോ അല്ല; പിന്നെയോ അപകടകരവും ഉപദ്രവകരവും ദൈവദൂഷണപരവുമത്രേ. നി ന്നെ ബോധ്യപ്പെടുത്താൻ അവരുടെ ചുരുങ്ങിയ വാക്കുകളിൽ അവരുടെ ബഹുമുഖമായ അഭക്തി ഞാൻ വിവരിക്കാം: ക്രിസ്തു ത്രിത്വത്തിൽ ഒരുവനാണ് എന്നതു് അവർ നിഷേധിക്കു ന്നു. നമ്മുടെ ഉത്ഥിതശരീരം പരിപൂർണ്ണ നാശത്തിലേക്കു കട ക്കുന്നു എന്നും അതിലാദ്യം ക്രിസ്തുവിന്റേതായിരുന്നു എന്നും അവർ പറയുന്നു. വിശുദ്ധത്രിത്വം ലോകം സൃഷ്ടിച്ചില്ലെന്നും പ്രത്യായനത്തിൽ പിശാചുക്കളുൾപ്പെടെയുള്ള ബൗദ്ധിക ജീവി കൾക്കു് "എയോണുകളെ" (aeons) സൃഷ്ടിക്കാനാവും എന്നും അവർ പറയുന്നു. ഉത്ഥാനത്തിൽ നമ്മുടെ ശരീരങ്ങൾ ഗോളാ കാരമായും വായവമായും (etherial and spherical) ഉയിർത്തെഴു ന്നേൽക്കുമെന്നു് അവർ പറയുന്നു. കർത്താവിന്റെ ശരീരം പോലും ഈ രീതിയിലാണ് ഉത്ഥാനം ചെയ്തതെന്നു് അവർ

---

3. Ad Eunomium, 10 (PG. 36,25 A).

www.malankaralibrary.com

തറപ്പിച്ചുപറയുന്നു. പ്രത്യായനത്തിൽ നാം ക്രിസ്തുവിനു് തുല്യരാകും എന്നു് അവർ പറയുന്നു.

13. ഈ പ്രബോധനങ്ങൾ ഏതു നരകമാണ് അക്രോശിച്ചതു്? പ്രവാചകരിലൂടെയും ശ്ലീഹന്മാരിലൂടെയും സംസാരിച്ച ദൈവത്തിൽ നിന്നല്ല അവരിതു പഠിച്ചതു്–അവരുടെ ചിന്ത നശിച്ചുപോകട്ടെ–പിന്നയോ പിത്തഗോറസ്, പ്ലേറ്റോ, ഒരിജൻ, എവാഗ്രിയസ്, ദിദിമൂസ് എന്നിവരിൽ നിന്നാണു് മ്ലേച്ഛവും ഭക്തിരഹിതവുമായ ഈ പ്രബോധനങ്ങൾ അവർ പുനർജ്ജീവിപ്പിച്ചതു്. ഇത്തരം ഉപദ്രവകരവും ശ്രമകരവുമായ വ്യർത്ഥകാര്യങ്ങൾക്കായി അവർ എത്രമാത്രം വ്യർത്ഥമായും പ്രയോജനരഹിതമായും അത്യധ്വാനം ചെയ്തു എന്നതിലും ഈ രീതിയിൽ ഭക്തിക്കെതിരെ എപ്രകാരം തങ്ങളുടെ നാവുകളെ സുസജ്ജമാക്കി എന്നതിലും ഞാൻ അത്ഭുതപ്പെടുന്നു. ഇതിനുപകരം അവർ സഹോദരസ്നേഹത്തെയും അതിഥി സൽക്കാരത്തെയും കന്യാത്വത്തെയും പാവങ്ങളെ പരിചരിക്കുന്നതിനെയും സങ്കീർത്തനാലാപത്തെയും നിശാജാഗരണങ്ങളെയും അനുതാപത്തിന്റെ കണ്ണുനീരുകളെയും പ്രകീർത്തിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതായിരുന്നില്ലേ ?

ഇത്തരം കെട്ടുകഥകളെപ്പററി ചർച്ച ചെയ്യുന്നതിനേക്കാൾ പ്രാർത്ഥനയിൽ ദൈവത്തിങ്കലേക്കുയർന്നുകൊണ്ടും ഉപവാസത്താൽ ശരീരത്തെ ശിക്ഷണവിധേയമാക്കിയും ഈ ജീവിതത്തെ മരണത്തിനുള്ള പരിശീലനമാക്കേണ്ടതായിരുന്നില്ലേ? എന്നാൽ ക്രിസ്തുവിന്റെ വിനീത പാതയിലൂടെ നടക്കാൻ അവർ ആഗ്രഹിച്ചില്ല. മറിച്ച് ''അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിൽ ആണ്ടുപോകുകയും ചെയ്തു. ജ്ഞാനികളെന്നു് അവകാശപ്പെട്ടുകൊണ്ടു് അവർ ഭോഷന്മാരായിത്തീർന്നു'' (റോമ. 1:21–22). ഈ കളകളെല്ലാം വിതച്ചതും ഈ തിന്മകളുടെയെല്ലാം കാരണക്കാരനും നോന്നുസാണ്. നമ്മുടെ ഭാഗ്യവാനായ പിതാവു് സാബാസ് മരിച്ചതിന്റെ മറവിൽ തന്റെ അയല്ക്കാരനെ ക്രോധത്തിന്റെ പാനപാത്രം കുടിപ്പിക്കാൻ തുടങ്ങി (ഹബ. 2:15). ബിസാൻസ്യത്തിലെ ലെയോൺസ്യൂസ് അയാളുടെ സഹായിയും ചാമ്പ്യനും സഹപോരാളിയുമായിരുന്നു.

www.malankaralibrary.com

14. ''തൻെറ മ്ലേച്ഛമായ പാഷണ്ഡതയിലേക്ക് ആദ്യമായി പുതിയ ലൗറയിലെ കൂടുതൽ അറിവുള്ളവരെ അല്ലെങ്കിൽ അറിവു കുറഞ്ഞവരെ അവൻ വശീകരിച്ചു. ഈ സന്യാസികളെ കൊണ്ട് അവനു തൃപ്തിവന്നില്ല. പിന്നെയോ, മരുഭൂമിയിലെ മററ് ആശ്രമങ്ങളിലും ഈ പകർച്ചവ്യാധി പകർന്നുകൊടുക്കാൻ അവൻ പാടുപെട്ടു. നിസ്സാരനും ബലഹീനനുമായ എന്നെയും ഇതിലേക്ക് വലിച്ചിഴയ്ക്കാൻ അവൻ എന്തെല്ലാം തന്ത്രങ്ങളൊരുക്കി! എന്നാൽ ഈ പാഷണ്ഡതയുടെ മാലിന്യം വെളിപാടുവഴി ദൈവം എന്നെ കാണിച്ചു. സുക്കാസമൂഹത്തിനു് തൻെറ ദുഷ്ടപ്രബോധനം പകർന്നുകൊടുക്കാൻ അവൻ എന്തെല്ലാം ഉപായങ്ങളുണ്ടാക്കി! എന്നാൽ സത്യവിശ്വാസത്തിൽ നിന്നു പിൻതിരിയരുതെന്ന് ഓരോരുത്തരെയും ദൈവകൃപയാൽ ഞാൻ ഉപദേശിക്കുകയും താക്കീതു ചെയ്യുകയും ചെയ്തതിനാൽ അവൻ പരാജയപ്പെട്ടു. ഞങ്ങളുടെ ലൗറായുടെ അധ്യക്ഷനായ അലക്സാന്ദ്രിയാക്കാരൻ പീററിനെ തൻെറ അനുയായിയാക്കി, അതുവഴി സമൂഹം മുഴുവനെയും വലിച്ചിഴയ്ക്കാൻ അവൻ പരിശ്രമിച്ചെങ്കിലും അതും നടന്നില്ല. മറിച്ച്, സമൂഹം ഉണർന്ന് അധ്യക്ഷസ്ഥാനത്തുനിന്നു പീററിനെ പുറംതള്ളി. വീണ്ടും, ഞങ്ങളുടെ അധ്യക്ഷനായി ഗ്രീക്കുകാരനും ഒരിജൻെറ പകർച്ചവ്യാധിയെ പിൻതുണയ്ക്കുന്നവനുമായ മറെറാരു പീററിനെ നോണ്ണൂസ് നിയമിച്ചെങ്കിലും സമൂഹം ആത്മീയ തീക്ഷ്ണതയാൽ ഉയർന്ന് അധ്യക്ഷസ്ഥാനത്തുനിന്ന് അയാളെയും നീക്കി. അവർ ഭാഗ്യവാനായ സാബാസിൻെറ ലൗറയിൽ ചെന്ന് ഇപ്പോഴത്തെ അധ്യക്ഷനായ ആബാ കാസ്സിയനെ തെരഞ്ഞെടുത്തു. അദ്ദേഹം ഷിതോപ്പൊളീസുകാരനും സത്യവിശ്വാസിയും ജീവിതത്തിലും പ്രബോധനത്തിലും അലംകൃതനുമായിരുന്നു. അപ്പോൾ മാത്രമാണ്, വളരെ പ്രയാസപ്പെട്ട്, ഒരിജൻെറ അനുയായികളെ പുറത്താക്കുന്നതിൽ ഞങ്ങൾ വിജയിച്ചതു്.''

15. ദൈവദാസനായ കുറിയാക്കോസ് എന്നോടിതു പറഞ്ഞപ്പോൾ, ഞാൻ ഭാഗ്യവാനായ എവുതീമിയസിൻെറ ആശ്രമത്തിൽപ്പെട്ടവനാണ് എന്നറിഞ്ഞതിനാൽ സന്തുഷ്ടനായി ഇപ്രകാരം പറഞ്ഞു: ''നമ്മുടേതു് ഒരേ ആശ്രമം ആണെന്ന്

www.malankaralibrary.com

കാണും''. തുടർന്ന് വിശുദ്ധരായ എവുതീമിയസ്, സാബാസ് എന്നിവരെപ്പററി അനേകം കാര്യങ്ങൾ അദ്ദേഹം എന്നോടു പറഞ്ഞു. അവരെപ്പററി ഞാൻ എഴുതിയ രണ്ടു മുൻവിവരണങ്ങൾ കൊണ്ട് എന്നെ പ്രബുദ്ധനാക്കിയിട്ട് അദ്ദേഹം എന്നെ സമാധാനപൂർവം യാത്രയാക്കി.

വിശുദ്ധ കരിതോൻെറ മുനിയറയിൽ ചെന്ന് ചിലർ അദ്ദേഹത്തെ ശല്യപ്പെടുത്താൻ തുടങ്ങി. ഉടനെ തൻെറ 99-ാം വയസ്സിൽ (ക്രി.വ. 547), താൻ എട്ടുവർഷം ഏകാന്തതയിൽ ജീവിച്ച സുസാക്കിമിലേയ്ക്ക് കരിതോൻെറ അറയിൽ നിന്ന് അദ്ദേഹം പുറപ്പെട്ടുപോയി. ഒരിജനിസ്റ്റ് നേതാവായ നോണ്ണുസിൻെറ മരണത്തോടുകൂടി ഒരിജനിസ്റ്റുകളുടെ നിയന്ത്രണം നഷ്ടപ്പെട്ടു. സത്യവിശ്വാസികൾക്കെതിരെയുള്ള അവരുടെ സമരം തകർന്നുപോയി. പാഷണ്ഡർ തന്നെ പരസ്പരം വഴക്കിടാൻ തുടങ്ങി. അതിനാൽ തൻെറ അധ്വാനം കുറഞ്ഞു എന്നു കണ്ടതിനാലുമാണ് ശ്രേഷ്ഠൻ പിൻവാങ്ങിയത്.

അദ്ദേഹത്തിന് എൻെറ സ്നേഹാദരവുകൾ അർപ്പിക്കാനുള്ള ആഗ്രഹത്താൽ ഞാൻ സുക്കാ ലൗറയിലെത്തി. അദ്ദേഹത്തിൻെറ ശിഷ്യനായ യോഹന്നാനെയും കൂട്ടി സുസാക്കിമിലേയ്ക്കു പോയി. സുക്കാ ലൗറയിൽ നിന്ന് 90 സ്റ്റേഡിയാ അകലെയാണിത്. ഞങ്ങൾ ആ സ്ഥലത്തോടടുത്തപ്പോൾ ഒരു ഭീകര സിംഹത്തെ ഞങ്ങൾ കണ്ടുമുട്ടി. ഞാൻ ഭയചകിതനായി. എന്നാൽ ആബാ യോഹന്നാൻ പറഞ്ഞു: ''ഭയപ്പെടേണ്ട''. ഞങ്ങൾ ശ്രേഷ്ഠൻെറ പക്കലേക്കാണെന്ന് കണ്ട സിംഹം വഴി മാറിപ്പോയി.

## 16-19. കുറിയാക്കോസിനെ ഗ്രന്ഥകാരൻ വീണ്ടും സന്ദർശിക്കുന്നത്.

16. ഞങ്ങളെ കണ്ടപ്പോൾ ശ്രേഷ്ഠൻ അതീവ സന്തുഷ്ടനായി പറഞ്ഞു: ''എൻെറ സ്വന്തം ആശ്രമത്തിലെ സിറിൽ ഇതാ.'' ആബാ യോഹന്നാൻ അവനോടു പറഞ്ഞു: ''പിതാവേ സിംഹത്തെക്കണ്ട് അദ്ദേഹം വളരെ ഭയപ്പെട്ടുപോയി.'' ശ്രേഷ്ഠൻ എന്നോടു പറഞ്ഞു: ''എൻെറ കുട്ടി, ഭയപ്പെടേണ്ട. കാട്ടാടുകൾ എൻെറ സസ്യങ്ങൾ തിന്നു നശിപ്പിക്കാതെ നോക്കുന്നേ എൻെറ

www.malankaralibrary.com

വിശ്വസ്തദാസനാണ് ഈ സിംഹം.'' വിശുദ്ധ എവുതീമിയസിനെപ്പററിയും മരുഭൂമിയിലെ മററു പിതാക്കന്മാരെപ്പററിയും നിരവധി കാര്യങ്ങരം പറഞ്ഞശേഷം തൻെറ കൂടെ ഭക്ഷിക്കാൻ അദ്ദേഹം ഞങ്ങളെ ക്ഷണിച്ചു. ഭക്ഷിച്ചുകൊണ്ടിരുന്നപ്പോരം സിംഹം ഞങ്ങളുടെ മുമ്പിൽ വന്നുനിന്നു. എഴുന്നേററ് അതിനൊരു കഷണം റൊട്ടി കൊടുത്തിട്ട് സസ്യങ്ങരം സംരക്ഷിക്കാൻ അതിനെ പറഞ്ഞയച്ചു. ശ്രേഷ്ഠൻ എന്നോടു പറഞ്ഞു: ''അതു് സസ്യങ്ങരം സംരക്ഷിക്കുക മാത്രമല്ല, കിരാതന്മാരെയും കൊള്ളക്കാരെയും ഓടിക്കുകയും ചെയ്യുന്നു.'' ഞങ്ങരം ഒരു ദിവസം അദ്ദേഹത്തിൻെറ കൂടെ ചെലവഴിച്ചു. അദ്ദേഹത്തിൻെറ പ്രബോധനം മതിവരുവോളം ശ്രവിച്ചു. പിറേറദിവസം അദ്ദേഹം എനിക്കൊരു സമ്മാനം തന്നു. ഞങ്ങളെ അനുഗ്രഹിച്ചു് സമാധാനത്തിൽ യാത്രയാക്കി. മടങ്ങി വരവെ സിംഹം വഴിയരികിലിരുന്നു് ഒരു കാട്ടാടിനെ തിന്നുന്നതു കണ്ടു. മുന്നോട്ടു നീങ്ങാൻ ധൈര്യപ്പെടാതെ ഞങ്ങളവിടെ നിന്നതു കണ്ട സിംഹം ഇരയെ അവിടെ ഇട്ടിട്ടു് ഞങ്ങരം കടന്നുപോകുന്നതു വരെ പിന്മാറിപ്പോയി.

17. ആ സ്ഥലത്തു് ജലസംഭരണികളില്ലായിരുന്നു. പാറകളിലുള്ള കുഴികളിൽ നിന്നാണ് അദ്ദേഹത്തിനു ജലം ലഭിച്ചതു്. തണുപ്പുകാലത്തു് തൻെറ ആവശ്യത്തിനും ചൂടുകാലത്തു സസ്യങ്ങരം നനയ്ക്കാനും അതു് ധാരാളം മതിയാകുമായിരുന്നു. ഒരു വർഷം ജൂൺ മാസത്തിൽ വെള്ളം പാടെ വററി, അദ്ദേഹം വലിയ ഞെരുക്കത്തിലായി അദ്ദേഹം കണ്ണുകളുയർത്തി ദൈവത്തോടു് താഴെപ്പറയുന്ന രീതിയിൽ പ്രാർത്ഥിച്ചു: ''ദൈവമായ കർത്താവേ, എൻെറ ഈ ബലഹീന ശരീരത്തിൻെറ ആവശ്യങ്ങളെ പ്രതി അല്പം ജലം നൽകണമെ.'' ദൈവം അതു കേട്ടു. സുസാക്കിമിൻെറ മുകളിൽ ഒരു ചെറിയ മേഘം കാണപ്പെട്ടു. അദ്ദേഹത്തിൻെറ അറയ്ക്കു ചുററും മഴപെയ്തു് പാറയിടുക്കിലുള്ള എല്ലാ കുഴികളിലും നിറഞ്ഞു.

18. ആബാ യോഹന്നാൻ പറഞ്ഞ നല്ലൊരു കഥ ഇവിടെ രേഖപ്പെടുത്തുന്നതു് ഉചിതമെന്നു കരുതുന്നു. ഞങ്ങരം മരുഭൂമിയിൽക്കൂടി യാത്ര ചെയ്യുമ്പോരം, ഭാഗ്യവതിയായ മറിയം എന്ന സ്ത്രീയുടെ കല്ലറയുടെ സ്ഥാനം എന്നെ അദ്ദേഹം കാണിച്ചു.

www.malankaralibrary.com

ഞാൻ അത്ഭുതപ്പെട്ടു അവളുടെ കഥ വിവരിക്കാൻ അദ്ദേഹത്തോടു പറഞ്ഞു: താഴെവരും വിധം അയാരം ആ കഥ പറഞ്ഞു: ''എന്റെ കൂട്ടുകാരനായ ആബാ പറാമ്മോനോടുകൂടി ആബാ കുറിയാക്കോസിന്റെ പക്കലേക്ക് കുറേനാരം മുമ്പ് ഞാൻ പോകുകയായിരുന്നു. അപ്പോരം ഒരു മന്നാച്ചെടിയുടെ അടുത്ത് ഒരു മനുഷ്യരൂപം നില്ക്കുന്നതായി ദൂരെ നിന്ന് ഞങ്ങരം കണ്ടു. ഈ സ്ഥലത്ത് ധാരാളം ഏകാന്തവാസികരം ഉണ്ടായിരുന്നതിനാൽ അത് ഏകാന്തവാസികളിൽ ഒരാളായിരിക്കും എന്ന് കരുതി അദ്ദേഹത്തിന് ബഹുമാനാദരവുകരം അർപ്പിക്കാൻ ഞങ്ങരം അവിടേക്കു നടന്നു.

''ഞങ്ങരം ആ സ്ഥലത്തെത്തിയപ്പോരം ആ വ്യക്തി മറഞ്ഞുകഴിഞ്ഞു. ഭയവും അദ്ഭുതവും ഞങ്ങളെ പിടികൂടി. അതൊരശുദ്ധാത്മാവായിരിക്കും എന്നു കരുതി ഞങ്ങരം പ്രാർത്ഥനാനിരതരായി അവിടെ നിന്നു. ആമ്മേൻ ചൊല്ലി കഴിഞ്ഞപ്പോരം ഞങ്ങരം ചുററും സൂക്ഷിച്ചുനോക്കിയപ്പോരം അവിടെ ഭൂമിക്കടിയിലുള്ള ഒരു ഗുഹ കണ്ടു. ഞങ്ങളിൽ നിന്ന് ഒളിച്ചിരിക്കാൻ ആ ദൈവദാസൻ അതിനുള്ളിൽ കയറിയതാകും എന്നു ഞങ്ങരം ചിന്തിച്ചു. ഞങ്ങരം ഗുഹയ്ക്കടുത്തു ചെന്ന് അദ്ദേഹത്തെ വിളിച്ചു. അതേസമയം ഇപ്രകാരം ഞങ്ങരം പറഞ്ഞു: പിതാവേ, അങ്ങയുടെ പ്രാർത്ഥനകളും അങ്ങയുടെ ദർശനവും ഞങ്ങരംക്കു നിരസിക്കരുതേ.'' മടിച്ചുമടിച്ചുള്ള മറുപടി ഇപ്രകാരമായിരുന്നു: ''നിങ്ങരംക്ക് എന്നിൽ നിന്ന് എന്തുവേണം? ഞാൻ ഒരു സ്ത്രീയാണ്.'' അവരം തുടർന്നു ചോദിച്ചു: ''നിങ്ങരം എവിടേക്കു പോകുന്നു?'' ഞങ്ങരം പറഞ്ഞു: ''ആബാ കുറിയാക്കോസ് എന്ന ഏകാന്തവാസിയുടെ പക്കലേക്കു ഞങ്ങരം പോകുന്നു. നിന്റെ പേരെന്താണെന്നും ഇവിടെ എങ്ങനെ വന്നെന്നും എങ്ങനെ ജീവിക്കുന്നെന്നും ഞങ്ങളോടു പറയുക.'' അവരം പറഞ്ഞു: ''നിങ്ങരം നിങ്ങളുടെ വഴിക്കു പോകുവിൻ. തിരികെ വരുമ്പോരം നിങ്ങളോടു പറയാം.'' അവളുടെ കഥയറിയാതെ അങ്ങുവിട അനങ്ങുകില്ല എന്നു തറപ്പിച്ചു പറഞ്ഞപ്പോരം അവരം പറഞ്ഞു: ''എന്റെ പേര് മറിയം എന്നാണ്. ഞാൻ ക്രിസ്തുവിന്റെ ഉത്ഥാനദേവാലയത്തിലെ പാട്ടുകാരിയായി. അനേകരുടെ ഇടർച്ചയ്ക്കു പിശാച് എന്നെ കരുവാക്കി. അത്തരം ഇടർച്ചകരംക്ക് ഞാൻ

www.malankaralibrary.com

കാരണക്കാരിയാണു് എന്നതിനു പുറമേ, പാപത്തോടുകൂടി പാപം കൂടിച്ചേർക്കാതിരിക്കാനായി, അത്തരം ഇടർച്ചയ്ക്കുള്ള കാരണക്കാരി എന്ന നിലയിൽ നിന്നു് എന്നെ രക്ഷിക്കണമെന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു.

19. ഒരു ദിവസം ദൈവഭയത്താൽ എൻെറ ഹൃദയം കുത്തിത്തുളയ്ക്കപ്പെട്ടു. അപ്പോൾ ഞാൻ വിശുദ്ധ ശീലോഹാം കുളത്തിൽ പോയി ഈ പാത്രം നിറയെ വെള്ളം കോരി. ഈ കൂട നിറച്ചു് നനച്ച പയറും എടുത്തു. എന്നെ ഇവിടേക്കു നയിച്ച ദൈവത്തിനു് സ്വയം സമർപ്പിച്ചുകൊണ്ടു് രാത്രിയിൽ ഞാൻ ഇതു രണ്ടും എടുത്തുകൊണ്ടു് വിശുദ്ധ നഗരം വിട്ടു. ഇതാ, പതിനെട്ടു വർഷമായി ഞാൻ ഇവിടെ കഴിയുന്നു. ദൈവകൃപയാൽ ഇന്നുവരെ കുടത്തിലെ വെള്ളം തീർന്നിട്ടില്ല, കൂടയിലെ പയർ ഇല്ലാതായിട്ടില്ല. ഇന്നു് നിങ്ങൾ രണ്ടുപേരൊഴിച്ചു് ഒരു മനുഷ്യജീവിയേയും ദർശിച്ചിട്ടില്ല. നിങ്ങൾ പോയി നിങ്ങളുടെ ദൗത്യം പൂർത്തിയാക്കുവിൻ. നിങ്ങൾ തിരികെ വരുമ്പോൾ എന്നെ സന്ദർശിക്കുവിൻ''. അതുകേട്ട ഞങ്ങൾ ആബാ കുറിയാക്കോസിൻെറ പക്കൽ പോയി ഈ കഥ അദ്ദേഹത്തോടു പറഞ്ഞു: ‘‘ദൈവമേ, മറഞ്ഞിരിക്കുന്ന ഇത്തരം വിശുദ്ധരുള്ളതിനാൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. എന്നാൽ, എൻെറ കുട്ടികളേ. പോയി അവൾ പറഞ്ഞതുപോലെ ചെയ്യുവിൻ.''

വിശുദ്ധൻെറ അനുഗ്രഹം സ്വീകരിച്ചിട്ടു് ഞങ്ങൾ ഗുഹയ്ക്കടുത്തു ചെന്നു് ഏകാന്തവാസികളുടെ രീതിയിൽ കൊട്ടി. മറുപടി കിട്ടാതെ വന്നപ്പോൾ ഞങ്ങൾ ഉള്ളിൽ കടന്നു; അവളെ മരിച്ചവളായി കണ്ടു. അവളെ ഉചിതമായി അടക്കാൻ അവിടെ ഒന്നും ഇല്ലാതിരുന്നതിനാൽ ഞങ്ങൾ സുക്കാ ലൗറയിൽ ചെന്നു് ആവശ്യമുള്ളതെല്ലാം കൊണ്ടുവന്നു. അവൾക്കു വേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷകൾ നടത്തി ആ ഗുഹയിൽ തന്നെ അവളെ അടക്കി; ഗുഹാമുഖത്തു് കല്ലുകൾ വാരിക്കൂട്ടി അടച്ചു. ഇതാണു് ആബാ യോഹന്നാൻ പറഞ്ഞ കഥ. തന്നെ സ്നേഹിക്കുന്നവർക്കു് അന്ത്യംവരെ സഹനശക്തി നൽകുന്ന ക്രിസ്തുവിൻെറ മഹത്വത്തിനും എൻെറ വായനക്കാരുടെയും ശ്രോതാക്കളുടെയും ഹൃദയതാപത്തിനും ഈ കഥ ഇവിടെ ചേർക്കണമെന്നു് എനിക്കു തോന്നി. നമുക്കു് ആബാ കുറിയാക്കോസിനെപ്പററി തുടരാം.

www.malankaralibrary.com

## 20-21. കുറിയാക്കോസിൻെറ മരണം

അദ്ദേഹം സുസാക്കിമിൽ എട്ടുവർഷം പൂർത്തിയാക്കുകയും പട്ടുവൃദ്ധനാകുകയും ചെയ്തു. അപ്പോഴേക്കും പുതിയ ലൗറയിൽ നിന്നു് ഒരിജനിസ്റ്റുകളെല്ലാം പുറപ്പെട്ടു പോയിക്കഴിഞ്ഞു. തദവസരം സുക്കാ ലൗറയിലെ പിതാക്കന്മാർ വന്നു് അദ്ദേഹത്തെ കരിതോൻെറ ഗുഹയിലേക്കു് കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം ഈ ഗുഹയിൽ പാക്കുന്ന അവസരം ഞാൻ പലപ്പോഴും അദ്ദേഹത്തെ സന്ദർശിച്ചു് എൻെറ ആത്മാവിനു് വളരെ പ്രയോജനം വരുത്തിയിട്ടുണ്ടു്. അദ്ദേഹത്തിനു് പ്രായാധിക്യമായി; 107 വയസ്സു് തികഞ്ഞു (ക്രി. വ. 556).

അദ്ദേഹം പതിനെട്ടാം വയസ്സിലാണു് വിശുദ്ധ നഗരത്തിൽ വന്നതു്. ഒൻപതുവർഷം വിശുദ്ധ ജറാസിമൂസിൻെറ കൂടെ താമസിച്ചു. മഹാനായ എവുതീമിയുസിൻെറ ആശ്രമത്തിൽ പത്തു വർഷവും. വിവിധ ജോലികൾ ഏറ്റെടുത്തുകൊണ്ടു് 33 വർഷം സുക്കാ ആശ്രമത്തിൽ കഴിഞ്ഞു; നത്തൂഫാ മരുഭൂമിയിൽ കാട്ടുള്ളി തിന്നുകൊണ്ടു് അഞ്ചുവർഷവും റൂബായിൽ അഞ്ചുവർഷവും ജീവിച്ചു. സുസാക്കിമിൽ ഏകാന്തവാസിയായി ഏഴുവർഷവും വിശുദ്ധ കരിതോൻെറ ഗുഹയിൽ അഞ്ചുവർഷവും സുസാക്കിമിൽ തിരികെ പോയി വീണ്ടും എട്ടു വർഷവും ജീവിച്ചു.[4]

21. തൻെറ മരണത്തിനു് രണ്ടുവർഷം മുൻപു് പിതാക്കന്മാർ വളരെ പ്രേരിപ്പിച്ചു് അദ്ദേഹത്തെ ഭാഗ്യവാനായ കരിതോൻെറ ഗുഹയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഞാൻ പറഞ്ഞതുപോലെ അദ്ദേഹം പട്ടുവൃദ്ധനായിക്കഴിഞ്ഞിരുന്നു. എങ്കിലും അദ്ദേഹം ശക്തനും തീക്ഷ്ണനുമായിരുന്നു. സങ്കീർത്തനാലാപത്തിനു് നില്ക്കുവാനും തൻെറ സന്ദർശകർക്കു് സ്വന്തം കൈകൊണ്ടു വിളമ്പിക്കൊടുക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ക്രിസ്തു അദ്ദേഹത്തിനു ശക്തി കൊടുത്തതിനാൽ അദ്ദേഹം ഒട്ടും ക്ഷീണിതനായില്ല; എല്ലാക്കാര്യങ്ങളും സ്വന്തമായി ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം വളരെ ദയാലുവും ആർക്കും സമീപിക്കാവുന്നവനുമായിരുന്നു. പ്രവചനവരവും പഠിപ്പി

4. ജനനം 449; ജറുസലേമിലെത്തിയതു 466; സുസാക്കിമിൽ 546-554.

www.malankaralibrary.com

ക്കാനുള്ളവരവും ഉണ്ടായിരുന്നു. തികച്ചും സത്യവിശ്വാസിയു മായിരുന്നു. ശാരീരികമായി ഒത്ത ഉയരവും കുലീനത്വവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അവയവങ്ങളെല്ലാം കേട്ടു പാടുകൾ കൂടാതെ അവികലാവസ്ഥയിലുമായിരുന്നു.

അനേകം ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ ശാരീ രിക ബലം കുറഞ്ഞു തുടങ്ങിയപ്പോൾ അദ്ദേഹം ലൗറയിലെ പിതാക്കന്മാരെ വരുത്തി. അവരെ അഭിസംബോധന ചെയ്ത ശേഷം സമാധാനത്തിൽ മരിക്കുകയും തന്റെ ആത്മാവിനെ കർത്താവിൽ സമർപ്പിക്കുകയും, തന്നെ സ്നേഹിക്കുന്നവർക്ക് അവിടുന്നു വാഗ്ദാനം ചെയ്ത നീതിയുടെ കിരീടം പ്രാപിക്കു കയും ചെയ്തു. ഇപ്പോളദ്ദേഹം വിശുദ്ധരുടെ വിശ്രാന്തി അനു ഭവിക്കുന്നു. നാം അദ്ദേഹത്തിന്റെ കാലടികൾ പിൻതുടർന്ന് വാഗ്ദാനം ചെയ്യപ്പെട്ട നല്ല കാര്യങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് പ്രാപിക്കാനായി നമുക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കയുമാണ്. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്വവും ആധിപത്യവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ

www.malankaralibrary.com

# വിശുദ്ധ തീയഡോഷ്യസിൻെറ ജീവചരിത്രം

## 1. ആദ്യവർഷങ്ങൾ

തീയഡോഷ്യസ് കപ്പഡോഷ്യക്കാരനായിരുന്നു. ഭാഗ്യവാൻ, സ്വർഗീയപൗരൻ, പലസ്തീനയുടെ വലിയ മഹത്ത്വം, മരുഭൂമിയുടെ അഭിമാനം, സന്ന്യാസക്രമത്തെ നിലനിർത്തിയവൻ, സത്യവിശ്വാസത്തിൻെറ ചാമ്പ്യനും ജനറാളും, കൂട്ടജീവിത നിയമത്തിൻെറ പേടകണും നേതാവും എന്നൊക്കെ അദ്ദേഹം അറിയപ്പെട്ടിരുന്നു. കേസറിയാ നഗരത്തിൻെറ കീഴിലുള്ള മൊഗരിയാസ്സസ് ഗ്രാമത്തിൽ നിന്നായിരുന്നു അദ്ദേഹം. സുവർണ നഗരം എന്നറിയപ്പെടുന്ന കൊമാനായിൽ നിന്നു് അതു് അകലെയല്ലായിരുന്നു. ബാല്യകാലം മുതലേ അദ്ദേഹം കൊമാനായിലെ വിശുദ്ധ പള്ളിയിൽ ഒരു നല്ല പാട്ടുകാരൻ ആയിരുന്നു. സഭയുടെ നമസ്കാരങ്ങളിൽ അവിടെ അവനു നല്ല പരിശീലനം ലഭിച്ചു. അവൻ സങ്കീർത്തനങ്ങളും മററു് തിരുലിഖിതങ്ങളും നന്നായി പഠിച്ചു. ദിവ്യമായ ആഗ്രഹത്താലും അനുതാപത്താലും പ്രേരിതനായി, ദൈവസ്നേഹിതനായ മാർസിയൻെറ ഭരണകാലത്തു് സമീപത്തുള്ള മരുഭൂമിയിൽ ഒരേകാന്തവാസിയായി താമസിക്കണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടെ അദ്ദേഹം ജറുസലേമിൽ വന്നു. നമ്മുടെ ദൈവമായ ക്രിസ്തുവിൻെറ വിശുദ്ധ ഉത്ഥാന ദേവാലയവുമായി ബന്ധപ്പെട്ട താപസരുടെ സമൂഹത്തിൻെറ അധ്യക്ഷനും കപ്പഡോഷ്യക്കാരനുമായ ലൊൻഗീനസ് ദാവീദിൻെറ ഗോപുരത്തിൽ വച്ചു് അദ്ദേഹത്തെ സ്വാഗതം ചെയ്തു.

തീയഡോഷ്യസ് ഏകാന്തതയെ സ്നേഹിക്കുന്നവനും വസ്ത്രത്താലെന്നപോലെ ദൈവഭയത്താൽ പൊതിയപ്പെട്ടവനുമായിരുന്നതിനാൽ മരുഭൂമിയിലെ ഒരാശ്രമത്തിൽ പോയി താമസിക്കാൻ ആഗ്രഹിച്ചു. എന്നാൽ മരുഭൂമിയിലെ താപസർ

www.malankaralibrary.com

കത്തോലിക്കാ സഭയുമായി കൂട്ടായ്മയില്ലാതെ എവുതീക്കെസിൻെറയും ദിയസ്ക്കോറോസിൻെറയും താർക്കിക മനസ്ഥിതിയുടെയും പാഷണ്ഡതയുടെയും സ്വാധീനത്തിലായി ശിശ്ശയിൽ ആയിരുന്നതിനാൽ ഭാഗ്യവാനായ ലൊൻഗീനുസ് അവനെ അനുവദിച്ചില്ല. അതിനു പകരം, അദ്ദേഹം അവനെ വിശുദ്ധയും ഭാഗ്യവതിയുമായ ഹിസെലിയായെ ഭരമേല്പിച്ചു. അവരം ആ കാലത്തു് ദൈവമാതാവിൻെറ കാത്തിസ്മാ പള്ളി പണിയിച്ചുകൊണ്ടിരിക്കുകയായിരുന്നു. പള്ളിയിലെ പ്രാത്ഥനകരംക്കും മററു് സേവനങ്ങരംക്കും അവൻ അവരംക്കു് പ്രയോജനകരമായിരിക്കും എന്നു് അദ്ദേഹം കരുതി. ഭക്തിയുടെ പൂർണപാത അഭ്യസിച്ചവളായിരുന്നു അവരം. ഇക്കാലത്തു് ഭാഗ്യവതിയായ ഹിസേലിയായാണ് നമ്മുടെ രക്ഷകനായ ദൈവത്തെ ദേവാലയത്തിൽ കാഴ്ച വയ്ക്കുന്നതു് തിരികളോടു കൂടി ആഘോഷിക്കുന്നതിനു് വഴിയൊരുക്കിയതു്. ഈ യുവ വിശുദ്ധനെ അവരം സ്വീകരിച്ചു. ഒരനുഗ്രഹീത ഗായകനാണു് അവനെന്നു കണ്ടു് അവിടെ തൻെറ കീഴിലുള്ള ക്ഷേത്രസന്യാസ സമൂഹത്തിൽ അവൻെറ പേരു് രജിസ്റ്റർ ചെയ്തു. കുറേക്കാലം കഴിഞ്ഞു് ഭാഗ്യവതിയായ ഹിസേലിയ മരിച്ചപ്പോരം അവൻ ആ സ്ഥലത്തിൻെറ കാര്യവിചാരകനായി. കുററമററ രീതിയിൽ അവൻ ഈ ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരിക്കുമ്പോരം സ്ഥലത്തെ അധ്യക്ഷൻ മരിച്ചു. അപ്പോരം അവർ കത്തിസ്മാ പള്ളിയിലെ അധ്യക്ഷനായി ഏകയോഗമായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. അവനിതു കേട്ട ഉടൻതന്നെ, അധികാരത്തിൽ അടങ്ങിയിരിക്കുന്ന അപകടം ഭയന്നു് ഒളിച്ചോടിപ്പോയി.

## 2. മരുഭൂമിയിലേക്കു പിൻവാങ്ങുന്നു

അവൻ ആദ്യമായി, മെതോപാ പ്രദേശത്തു് ഏകാന്തവാസിയും ഭാഗ്യവാനുമായ മരീനുസിൻെറയും മെതോപായിലെ ആബാ ലൂക്കോസിൻെറയും പക്കലേക്കു പോയി. അവരെ സന്യാസ ശിക്ഷണം ആദ്യമായി അഭ്യസിപ്പിച്ചതു് വിശുദ്ധ എവുതീമിയസായിരുന്നു. അവരിൽ നിന്നു് അവൻ മരുഭൂമിയിലെ നിയമങ്ങരം പഠിച്ചു. അവിടെ കുറേ വർഷം താമസിച്ചശേഷം ആബാ തിയഡോഷ്യസ്സ് മലകളിലേക്കു്

www.malankaralibrary.com

പോയി കാട്ടുസസ്യങ്ങൾ ഭക്ഷിച്ചുകൊണ്ട് അവിടൊരു ഗുഹയിൽ താമസിച്ചു. ദൈവസഹായത്താൽ അദ്ദേഹത്തിന്റെ പരിശുദ്ധമായ ആശ്രമം ഇപ്പോൾ സ്ഥാപിതമായിരിക്കുന്നതു് അവിടെയാണ്. അതു് വിശുദ്ധ നഗരത്തിൽ നിന്നു് ആറു മൈൽ അകലെയാണ്. അദ്ദേഹത്തിന്റെ വന്ദ്യതിരുശേഷിപ്പ് അവിടെത്തന്നെയാണ്. പിന്നീടു് അദ്ദേഹത്തിന് ഒരു ശിഷ്യനെ കിട്ടി. അവനെ കടുത്ത താപസ ജീവിതരീതി അഭ്യസിപ്പിച്ചു. തന്റെ ശിഷ്യന് ഒരു കലവും ചട്ടിയും ഉണ്ടെന്നു് ഒരിക്കൽ ഗ്രഹിച്ചപ്പോൾ, അദ്ദേഹം അവനോടിപ്രകാരം പറഞ്ഞു് അവനെ പിരിച്ചയച്ചു: "വേവിച്ച ഭക്ഷണം കഴിക്കാൻ നീ തീരുമാനിച്ചിരിക്കുകയാണെങ്കിൽ നിനക്കു് എന്റെ കൂടെ കഴിയാൻ സാധ്യമല്ല; കാരണം ഞാൻ കുറേക്കൂടി കഠിനമായ താപസജീവിതം നയിക്കുന്നയാളാണ്. പുറത്താക്കപ്പെട്ട ശിഷ്യൻ, മുകളിൽ സൂചിപ്പിച്ച വിശുദ്ധ മാർസ്യന്റെ പക്കൽ അഭയം തേടി. അദ്ദേഹം വിശുദ്ധ ബേത്ലഹേമിനടുത്തു് ഒരാശ്രമാധ്യക്ഷനായിരുന്നു. മഹാനായ മാർസിയൻ ആബാ തിയഡോഷ്യസിനെ വിളിച്ച് അദ്ദേഹത്തോടു പറഞ്ഞു: "ഒരു ചട്ടി വാങ്ങിയതിനു് നീ ഒരു സഹോദരനെ പുറത്താക്കി. നിന്റെ ആശ്രമത്തിലെ ഉപകരണങ്ങളെല്ലാം തണ്ടുകളിൽ വഹിക്കപ്പെടുന്ന ദിവസങ്ങൾ വരുന്നു എന്ന് കർത്താവ് അരുൾചെയ്യുന്നു (സംഖ്യ 4:14). കാരണം, "മലമുകളിൽ പണിതിരിക്കുന്ന പട്ടണത്തിന് മറഞ്ഞിരിക്കാൻ കഴിയില്ല" (മത്താ. 5;14). സ്വയം ഒളിപ്പിച്ച നിന്നെ ശ്രേഷ്ഠനാക്കി എല്ലാവർക്കും ദൈവം കാട്ടിക്കൊടുക്കും." ഇതെല്ലാവർക്കും വ്യക്തമായതുപോലെ ഈ പ്രവചനം ഒട്ടും തെററിയില്ല. കാരണം, പിതാവായ ദൈവത്തിന്റെ കാരുണ്യത്താലും ക്രിസ്തുവിന്റെ സഹായത്താലും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും എല്ലാററിനെയും ഉല്ലംഘിക്കുന്നതും പലസ്തീനാ മുഴുവനുമുള്ള ആശ്രമങ്ങളുടെ ഇടയിൽ ഉത്തമമായി ഭരിക്കപ്പെട്ടുപോകുന്നതുമായ ഒരാശ്രമം അദ്ദേഹം സ്ഥാപിച്ചു. ആബാ തിയഡോഷ്യസിന്റെ ആശ്രമം സ്ഥാപിക്കപ്പെട്ടതു് മാനുഷിക യത്നത്താലല്ല, ദൈവകൃപയുടെ സഹായത്താലാണ് എന്ന് ചില തെളിവുകൾ കൊണ്ടു് ഞാൻ വ്യക്തമാക്കാം.

www.malankaralibrary.com

## 3. അദ്ദേഹം അതിഥിമന്ദിരവും ആശ്രമവും സ്ഥാപിക്കുന്നു

ഞാൻ പറഞ്ഞതുപോലെ പ്രാർത്ഥനാനിരതനായും സസ്യഭക്ഷണം കഴിച്ചും അദ്ദേഹം ഗുഹയിൽ മറഞ്ഞിരുന്നപ്പോഠം അകാചിയുസ് എന്നു പേരുള്ളവനും ക്രിസ്തുവിനെ സ്നേഹിക്കുന്നവനും ഇല്ലുസ്ത്രിസ് എന്ന റാങ്കുള്ളവനും സുവിശേഷത്തിലെ നല്ല മുത്തുകഠം സമ്പാദിക്കാൻ തല്പരനും ആയ ഒരാഠം ബിസാൻസ്യത്തു നിന്നു് അദ്ദേഹത്തിൻെറ സുകൃതത്തെപ്പററി കേട്ടു് അദ്ദേഹത്തെ സന്ദർശിക്കാനായി മേല്പറഞ്ഞ ഗുഹയിൽ വന്നു. അദ്ദേഹത്തെ വന്ദിച്ചശേഷം അദ്ദേഹത്തിൻെറ പ്രബോധനവും ഉപദേശവും കേഠക്കാനായി ഇരുന്നു. ആരിൽ നിന്നും എന്തെങ്കിലും സ്വീകരിക്കുന്നതു് അദ്ദേഹത്തിനു് ഇഷ്ടമില്ലെന്നറിഞ്ഞതുകൊണ്ടു്, അദ്ദേഹത്തിൻെറ സമ്മതം കൂടാതെ നൂറു നാണയങ്ങഠം ഉള്ള ഒരു പെട്ടി ഗുഹയിൽ കഴിച്ചിട്ടു, അതിനുശേഷം അദ്ദേഹത്തെ ആലിംഗനം ചെയ്തിട്ടു് അവിടെ നിന്നു പോയി. ബിസാൻസ്യത്തേയ്ക്കു് തിരിച്ചു പോയശേഷവും ഒരോ വർഷവും ഒരു നിശ്ചിത തുക ദാനമായി ആബാ തിയഡോഷ്യസിനു് അയാഠം കുറേക്കാലത്തേക്കു് അയച്ചു കൊടുത്തുകൊണ്ടിരുന്നു. അകാചിയുസിനെപ്പററി ഇത്രയും. ഇല്ലുസ്ത്രിസ്[1] പോയ ദിവസം തന്നെ ഗുഹയിൽ ഒളിച്ചുവച്ചിരുന്ന പണം മഹാനായ തിയഡോഷ്യസ് കണ്ടെത്തി. അതുകൊണ്ടു് ആദ്യമായി ഗുഹസ്ഥുമുകളിൽ അതിഥിമന്ദിരം സ്ഥാപിച്ചു. അവിടെ, തന്നെ സന്ദർശിച്ച സകലരെയും അയാഠം സ്വീകരിച്ചു. രണ്ടു് കഴുതകളെ കൊണ്ടുവന്നു. തൻെറ ശാരീരികാവശ്യങ്ങഠംക്കു വേണ്ടവ അദ്ദേഹം തന്നെ പോയി കൊണ്ടുവരുമായിരുന്നു. പിന്നീടു് തൻെറ ആശ്രമക്കെട്ടിടപ്പണി തുടങ്ങി. അക്കാലം മുതൽ അദ്ദേഹത്തിൻെറ കൂടെ താമസിക്കാനായി അനേകർ തിടുക്കം കൂട്ടി. അദ്ദേഹം അവരെ സ്വീകരിച്ചു് പരിപൂർണമായി ദൈവഹിതമനുസരിച്ചു് നടക്കാൻ ഉപദേശിച്ചു. എല്ലാക്കാര്യങ്ങളിലും ദൈവം അദ്ദേഹത്തെ സഹായിച്ചു. യൗസേപ്പിനെ

---

1. ഇല്ലുസ്ത്രിസ് (Illustris-Illustrissimus) എന്നതു് സെനറേററിയൽ റാങ്കുള്ള ഉന്നതോദ്യോഗസ്ഥൻെറ സ്ഥാനമാണു്.

www.malankaralibrary.com

പററി നാം കേൾക്കുന്നതു പോലെ ''അദ്ദേഹം ജീവിതവിജയം ഉള്ള ഒരാളായിരുന്നു'' (ഉല്പ. 39:2).

## 4. അദ്ദേഹം ആർക്കിമൺഡ്രൈററാകുന്നു അദ്ദേഹത്തിൻെറ മരണം

അദ്ദേഹത്തിനു് മൂന്നു് അസാധാരണ സുകൃതങ്ങൾ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു: യൗവനം മുതൽ വാർദ്ധക്യം വരെ സത്യവിശ്വാസത്തോടു ചേർന്നുള്ള കഠിന തപശ്ചര്യ, ആളുകളെ നോക്കാതെ, അപരിചിതർക്കും പാവങ്ങൾക്കും ഉള്ള ദാനശീലം, മൂന്നാമതു്, മുടക്കം കൂടാതെ തീക്ഷ്ണതയോടുകൂടിയുള്ള ആരാധനാനുഷ്ഠാനം. മഹാനായ തിയഡോഷ്യസ് ഇവയിലും ഇതുപോലുള്ള അഭ്യാസങ്ങളിലും പോരാട്ടങ്ങളിലും അതിശ്രേഷ്ഠനായിരുന്നതിനാൽ, വിശുദ്ധ ആബാ മാർസീയൻ ക്രിസ്തുവിൽ മരിച്ച ഉടൻതന്നെ മരുഭൂമിയിലെ താപസരെല്ലാം പാത്രിയർക്കീസ് സല്ലുസ്റ്റിയൂസിൻെറ സന്നിധിയിൽ ഒന്നിച്ചുകൂടി മഹാനായ തിയഡോഷ്യസിനെ ഐകകണ്ഠ്യേന വിശുദ്ധനഗരത്തിൻെറ കീഴിലുള്ള ആശ്രമങ്ങളുടെ ആർക്കിമൺഡ്രൈററായി, ഭാഗ്യവതിയായ മെലാനിയയുടെ ആശ്രമങ്ങളിൽ ജറോൺസ്യസിൻെറ സ്ഥാനത്തു് തെരഞ്ഞെടുത്തു. ആബാ മർതീരിയൂസിൻെറ ആശ്രമത്തിൻെറ അധ്യക്ഷനായിരുന്ന വിശുദ്ധ പൗലോസിനെ ഡപ്യൂട്ടിയായി നിയമിച്ചു. ഭാഗ്യപിതാക്കന്മാരായ പസ്സാരിയോൻെറയും എൽപീദിയൂസിൻെറയും സ്ഥാനത്തു് പലസ്തീനയിലെ എല്ലാ ലൗറാകളുടെയും ഏകാന്തവാസികളുടെയും ആർക്കിമൺഡ്രൈററും നിയമദാതാവുമായി നമ്മുടെ വിശുദ്ധ പിതാവായ സാബാസിനെ അവർ നിയമിച്ചു. വിശുദ്ധ ആബാ ജറാസിമൂസിൻെറ ലൗറയുടെ സുപ്പീരിയർ ഭാഗ്യവാനായ എവുജേനിയൂസിനെ അദ്ദേഹത്തിൻെറ ഡപ്യൂട്ടി ആയും നിയമിച്ചു.

ദൈവപ്രചോദിതനായ ആബാ തിയഡോഷ്യസ് ദൈവിക സുകൃതങ്ങളിൽ വളർന്നു് മഹാനായിത്തീർന്നു. അദ്ദേഹത്തെപ്പററി കൂടുതൽ എന്തെങ്കിലും പറയണമോ? അദ്ദേഹത്തിൻെറ ദൈവികജീവിതവും പ്രശസ്തവും വിശുദ്ധവുമായ ആശ്രമത്തിൻെറ ആത്മീയ സ്ഥിതിയും അദ്ദേഹത്തിൻെറ സുകൃ-

www.malankaralibrary.com

തവും മതിയാംവണ്ണം വിളിച്ചറിയിക്കുന്നു. കൂടാതെ, പെത്രാ പട്ടണത്തിലെ അതിഭക്തമെത്രാനും അതിവന്ദ്യനും അദ്ദേഹത്തിൻെറ ശിഷ്യനായിതീർന്നവനും സന്യസപരവും മെത്രാനടുത്തതുമായ സുകൃതങ്ങളാൽ പരിലസിച്ചിരുന്നവനുമായ തിയഡോർ, ദൈവത്തിനു പ്രീതികരമായ അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി വ്യക്തമായും കൃത്യമായും വിശദമായും എഴുതിയിട്ടുണ്ട്.

അദ്ദേഹം ഈ മരുഭൂമിയിൽ അൻപതുവർഷത്തോളം പോരാടുകയും മത്സരിക്കുകയും കിരീടം നേടുകയും ചെയ്തു. മതസംബന്ധമായി എണ്ണമററ പോരാളികളെയും വിജയികളെയും കാഴ്ചവച്ചു. പടുവൃദ്ധനായപ്പോൾ അദ്ദേഹത്തിനു ശാരീരികരോഗം ബാധിച്ചു. കൃതജ്ഞതാനിർഭരമായ അത്രുപ്തിയാൽ ഈ അവസ്ഥയിൽ തുടർന്നിട്ട് അദ്ദേഹം തൻെറ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. അദ്ദേഹം വൃദ്ധനായി ജീവിതം തികച്ചു. ഏതാണ്ട് നൂറുവർഷം ജീവിച്ചു. ഏഴാം ഇൻഡിക്ഷനിലെ ജാനുവരി 11 നു്, ദൈവസംരക്ഷിത ചക്രവർത്തിയായ ജസ്റ്റീനിയൻെറ ഭരണത്തിൻെറ 22-ാം മാസം (ക്രി. വ. 529) അദ്ദേഹം മരിച്ചു.

## 5. പിൻഗാമിയായ സൊഫ്രോണിയൂസ്

സന്യാസസുകൃതങ്ങളിൽ ശ്രേഷ്ഠനായിത്തീർന്ന ഒരു സൊഫ്രോണിയൂസ്, ആബാ തിയഡോഷ്യസിൻെറ ആശ്രമത്തിൽ അധ്യക്ഷനായി. അദ്ദേഹം സെബാസ്റ്റെ മെത്രോപ്പോളീസിനടുത്തുള്ള സെംമേരി ഗ്രാമത്തിൽ നിന്നുള്ള ഒരു അർമേനിയനായിരുന്നു. ചെറുപ്പമായിരിക്കുമ്പോഴേ നാടുവിട്ട് ജറുസലേമിൽ വന്നു. അനേകം പിതാക്കന്മാരെ കണ്ടുമുട്ടി, അവർ ഓരോരുത്തരുടെയും സുകൃതവും ജീവിതരീതിയും മനസ്സിലാക്കി തൻെറ ആത്മാവിൽ അവയുടെ മുദ്ര പതിപ്പിച്ചിരുന്നു. അയാറം ഭാഗ്യവാനായ തിയഡോഷ്യസിൻെറ ആശ്രമത്തിൽ വന്നു സന്യാസവസ്ത്രം സ്വീകരിച്ചു; അദ്ദേഹത്തിന് അവിടെ സന്യാസപരിശീലനം ലഭിക്കുകയും സന്യാസ സുകൃതങ്ങൾ സമ്പാദിക്കുകയും ചെയ്തു. വിനയത്തെയും അനുസരണയെയും തൻെറ ജീവിതത്തിൻെറ അസ്തിവാരവും അടിത്തറയുമായി അദ്ദേഹം സ്വീകരിച്ചു. എല്ലാതാപസ സുകൃതങ്ങളിലും കൂടി

www.malankaralibrary.com

കടന്നുപോയിട്ട് തന്റെ ആശ്രമത്തിൽ ബഹുവിധമായ നിരവധി ജോലികൾ ചെയ്തു; എല്ലാവരും അദ്ദേഹത്തെ അംഗീകരിച്ചതിനാൽ പതിനഞ്ചുവർഷത്തോളം അധ്യക്ഷനായിരുന്നു. മഹാനായ ആബാ തിയഡോഷ്യസ് മരിക്കാറായപ്പോൾ അദ്ദേഹത്തിന്റെ താല്പര്യത്താൽ ആശ്രമാധ്യക്ഷനായി അദ്ദേഹത്തിന്റെ പിൻഗാമിയായി.

ഭാഗ്യവാനായ സൊഫ്രോണിയൂസിനു് മാമാസ് എന്നു പേരുള്ള ഒരു ബന്ധുവുണ്ടായിരുന്നു. യൗവനത്തിലുണ്ടായ ഒരു പകടം നിമിത്തം ഭിഷഗ്വരന്മാർ അയാളെ ഷണ്ഡനാക്കി. അയാൾ ബിസാൻസ്യത്തുപോയി അനസ്താസ്യൂസ് ചക്രവർത്തിയുടെ കുബികുലാരിയസ് ആയിത്തീർന്നു. കുറേക്കാലം കഴിഞ്ഞ് പ്രെപോസിറ്റുസ് 2 എന്ന റാങ്ക് ലഭിച്ചു. ഈ മനുഷ്യൻ ആശ്രമത്തിനു് വലിയ ദാനധർമ്മം നടത്തി. ഈ പണം കൊണ്ടു് തിയഡോഷ്യസിന്റെ മരണശേഷം സൊഫ്രോണിയൂസ് ആശ്രമത്തെ നാലിരട്ടി വിപുലപ്പെടുത്തി വലുതാക്കി; ഈ വിശുദ്ധ ആശ്രമത്തിന്റെ അടിത്തറയിൽ നിന്നു് ദൈവമാതാവും നിത്യകന്യകയും എല്ലാവരും പ്രകീർത്തിക്കുന്നവളുമായ മറിയത്തിന്റെ ഒരു പള്ളി പണിതു. ഞാനെന്തിനാണ് നീട്ടിപ്പറയുന്നതു്, സൊഫ്രോണിയൂസിന്റെ അധ്വാനങ്ങളും നേട്ടങ്ങളും ഭാഗ്യവാനായ ആബാ തിയഡോഷ്യസിന്റെ ആശ്രമത്തിൽ സുപ്രസിദ്ധമാണ്. അതിനെ വസ്തുവകകൾ കൊണ്ടും വാർഷിക വരുമാനം കൊണ്ടും ധന്യമാക്കി. സമൂഹത്തെ ക്രിസ്തുവിൽ മൂന്നിരട്ടി വദ്ധിപ്പിച്ചു. ഒററ വാക്കിൽ, പതിനാലുവഷവും രണ്ടുമാസവും ഈ ആശ്രമം നന്നായി ഭരിച്ചിട്ട്, അഞ്ചാം ഇൻഡിക്ഷനിലെ മാർച്ച് 21നു് സന്തോഷപൂർവം അദ്ദേഹം മരിച്ചു. അദ്ദേഹം മരിക്കാറായപ്പോൾ അടുത്തു് കരഞ്ഞുകൊണ്ടു നിന്ന ശിഷ്യനോടു് അദ്ദേഹം പറഞ്ഞു: ''എന്റെ കുട്ടീ, ദുഃഖിക്കേണ്ട. എനിക്കു ദൈവസമക്ഷം സ്വാതന്ത്ര്യമുണ്ടെങ്കിൽ ഏഴാം ദിവസം ഞാൻ നിന്നെ കൂട്ടിക്കൊണ്ടു പോകാം. അങ്ങനെ വിശ്രമസ്ഥലത്തു് നീ എന്നോടുകൂടി ആയിരിക്കും''. അതു് അപ്രകാരം തന്നെ സംഭവിച്ചു. ഏഴാം ദിവസം ആ ശിഷ്യൻ മരിച്ചു. സൊഫ്രോണിയൂസിനു് ദൈവസമക്ഷം സ്വാതന്ത്ര്യമുണ്ടെന്നുള്ളതു് ഇങ്ങനെ എല്ലാവർക്കും അറിവായി.

---

2. praepasitun-കമാൻഡിംഗ് ഓഫീസറാണ്.

www.malankaralibrary.com

# നമ്മുടെ പിതാവായ തെയോഗ്നിയുസ് മെത്രാന്റെ ജീവചരിത്രം

സുപ്രസിദ്ധനും പലസ്തീന മുഴുവന്റെയും വലിയ മഹത്വവും മരുഭൂമിയിലെ മിന്നിത്തിളങ്ങുന്ന പ്രകാശവും മെത്രാൻസ്ഥാനത്തിന്റെ ഉജ്ജ്വല താരവുമായ തെയോഗ്നിയൂസ്, കപ്പഡോഷ്യാ പ്രോവിൻസിലെ അറാറാതിയ പട്ടണത്തിൽ നിന്നുള്ളവനായിരുന്നു. അവിടെ വളരെ ചെറുപ്പത്തിലേ സന്ന്യാസജീവിതത്തിൽ പരിശീലിപ്പിക്കപ്പെട്ടു. മാർസീയന്റെ ഭരണത്തിന്റെ അഞ്ചാംവർഷം (454/5) അയാൾ ജറുസലേമിൽ വന്നു. വിശുദ്ധ നഗരം അപ്പോസ്റ്റലിസ്റ്റുകളുടെ കൈയിലമർന്നതായി അദ്ദേഹം മനസ്സിലാക്കി. അവരുടെ വിവരം കേട്ട് എതിർപ്പിനും ലഹളയ്ക്കും അദ്ദേഹം വശംവദനായില്ല. പരിശുദ്ധാത്മാവ് സംരക്ഷിച്ച ഫ്ളാവിയ എന്ന പുണ്യസ്ത്രീയുടെ കൂടെക്കൂടി. അവൾ ഈ കാലത്ത് ഒലിവുമലയ്ക്കടുത്ത് ഒരാശ്രമവും വിശുദ്ധ രക്തസാക്ഷി ജൂലിയന്റെ പള്ളിയും സ്ഥാപിക്കുകയായിരുന്നു. അവൾ അവനെ സ്വീകരിച്ച്, ഏറെക്കാലം പരീക്ഷണവിധേയനാക്കി. അവൻ വിശ്വസനീയനും സുകൃതവാനും, ആണെന്നു കണ്ട് അവൾ അവനെ തന്റെ ആശ്രമത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആക്കി. താൻ പണിത പള്ളിയുടെ ആവശ്യത്തെപ്രതി അവൾ പലസ്തീനയിൽ നിന്ന് തന്റെ ജന്മനാട്ടിലേക്കു പോയി അവിടെ വച്ചു മരിച്ചു. അപ്പോൾ പ്രശസ്തനായ തെയോഗ്നിയൂസിനെ പള്ളിയുടെ അധ്യക്ഷനാകാൻ സമൂഹം മുഴുവൻ നിർബന്ധിച്ചു. അധികാരസ്ഥാനത്തിന്റെ അപകടം ഭയന്ന് അയാൾ മരുഭൂമിയിലേക്ക് ഓടിപ്പോയി.

അയാൾ അതിപരിശുദ്ധനായ ആബാ തിയഡോഷ്യസിന്റെ പക്കലെത്തി അദ്ദേഹത്തോടൊപ്പം കുറേക്കാലം താമസിച്ചു. തന്റെ ജീവിതപ്രഭയാൽ അയാൾ സമൂഹം

www.malankaralibrary.com

മുഴവനെയും പ്രകാശിപ്പിച്ചു. സന്യാസനേട്ടങ്ങളിൽ ശ്രേഷ്ഠനായിത്തീർന്ന അദ്ദേഹത്തിന്റെ ശ്രേഷ്ഠകർമ്മങ്ങളെ ദർശിച്ചവരെല്ലാം സ്വർഗീയപിതാവിനെ മഹത്വപ്പെടുത്തി. എല്ലാവരും അദ്ദേഹത്തെ സ്തുതിക്കുകയും അദ്ദേഹത്തിന്റെ കളങ്കരഹിതവും വിശുദ്ധവുമായ ജീവിതത്തെ ശ്ലാഘിക്കുകയും ചെയ്യെങ്കിലും സ്തുതിയും മാനുഷികമഹത്വവും മൂലം തന്റെ ആത്മാവിനുണ്ടാകുന്ന നാശമോർത്ത് അദ്ദേഹം ഭയപ്പെട്ടു. അതേസമയം ദൈവകൃപയാൽ, വലുപ്പത്തിലും ധനസമൃദ്ധിയിലും ആശ്രമം വളരുന്നതും അദ്ദേഹം കണ്ടു. മനപ്പതച്ചയിൽ നിന്നുളവാകുന്ന കോലാഹലത്തിൽ അദ്ദേഹം കുണ്ഠിതനായിരുന്നു. തദ്ഫലമായി ആശ്രമത്തിനുപുറവുമുള്ള ജില്ലയിലേക്ക് അദ്ദേഹം പിൻവാങ്ങി. അവിടെ കണ്ട ഗുഹയിൽ കയറി ഏകാന്തതയിൽ കുറേനാറം താമസിച്ചു. അവൻ പരിശുദ്ധാത്മാവിന്റെ ആലയമായിത്തീർന്നു. ഉന്നതത്തിൽ നിന്നുള്ള ശക്തി ധരിച്ചുകൊണ്ട് മാറാരോഗങ്ങരം അസാധാരണമായി സുഖപ്പെടുത്തി. അനേകം അത്ഭുതങ്ങരം പ്രവത്തിച്ചു. അങ്ങനെ അദ്ദേഹം പ്രസിദ്ധനായിത്തീർന്നു. സാവധാനത്തിൽ അദ്ദേഹം പ്രശസ്തമായ ഒരാശ്രമം സ്ഥാപിച്ചു.

കുറേക്കാലം കഴിഞ്ഞപ്പോരം ആർച്ചുബിഷപ്പ് ഏലിയാസ് അയാളെപ്പററി കേട്ടറിഞ്ഞു. അയാളെ ബതീലിയൂസിന്റെ മെത്രാനായി വാഴിച്ചു. അത് വിശുദ്ധ നഗരത്തിൽ നിന്ന് 90 മൈൽ ദൂരെ കടൽ തീരത്തുള്ള ആ ചെറിയ പട്ടണമാണ്. ദൈവികനായ തെയോഗ്നിയൂസ് മനസ്സില്ലാമനസ്സോടെയാണു മെത്രാൻസ്ഥാനം സ്വീകരിച്ചതു്. അദ്ദേഹം കുറേനാറം അവിടെ ആയിരിക്കവെ, കടൽ അതിർത്തികടന്ന് പട്ടണത്തിലേക്ക് ഇരച്ചുകയറാൻ തുടങ്ങി. അതിനെ വിഴുങ്ങി കടലിൽ ആഴ്ത്തിക്കളയും എന്ന മട്ടായി. നഗരവാസികളെ ശിക്ഷിക്കാനും തെയോഗ്നിയൂസിന്റെ ദൈവികകൃപ വെളിപ്പെടുത്തുന്നതിനും ദൈവം ക്രമീകരിച്ചതായിരുന്നിതു്. കടൽ ആർത്തിരമ്പിക്കയറുന്നതു കണ്ട് ഭയചകിതരായ ജനക്കൂട്ടം മെത്രാന്റെ പക്കലേക്ക് ഓടിക്കൂടി. തന്റെ പ്രാർത്ഥനയാൽ ഇതിനെ തടയണമെന്ന് അവർ അപേക്ഷിച്ചു. അവരുടെ നിരന്തരമായ അഭ്യർത്ഥനയാൽ അദ്ദേഹം കടൽത്തീരത്തുവന്ന് വെള്ളത്തിലേക്ക കടന്നു. വെള്ളം ആദ്യം കിടന്നിടത്തു്

www.malankaralibrary.com

ഒരു കുരിശു നാട്ടിയിട്ട് താഴെപ്പറയുന്ന തിരുലിഖിതവചനം കടൽജലത്തോടു പറഞ്ഞു: "കർത്താവ് ഇപ്രകാരം അരുളം ചെയ്യുന്നു. നീ ഈ കുരിശുവരെയേ വരാവൂ. ഇതു കടക്കരുത്. നിന്നിൽ തന്നെ നിന്റെ അലകാം തല്ലി അടിയട്ടെ." അവിടെ കുരിശു നാട്ടിയിട്ട് തിരിച്ചുപോന്നു. ഉടൻതന്നെ കടൽ പൂർവസ്ഥിതിയിലേക്കു പിൻവാങ്ങി. അന്നുമുതൽ ഇന്നുവരെ കടൽ എത്ര ഇളകിമറിഞ്ഞാലും, നീതിമാൻ നാട്ടിയ കുരിശിനെ സ്പർശിക്കുമ്പോൾ അതു ശക്തി കുറഞ്ഞ് പിൻതിരിയും.

എന്നാൽ തെയോഗ്നിയൂസ് പിതാവിനെപ്പററി കൂടുതലായി ഞാനെന്താണു പറയേണ്ടത്? പ്രത്യേകിച്ച്, എല്യൂസാ പട്ടണത്തിലെ ഏകാന്തവാസിയും സന്യാസ സുകൃതങ്ങളിലും സത്യപ്രബോധനത്തിലും പ്രകാശിക്കുന്നവനും തന്റെ ജീവിതവും പ്രബോധനവും വഴി നമ്മുടെ ദിവ്യപാതകളെ പ്രകാശിപ്പിക്കുന്നവനുമായ ആബാ പൗലോസ് കൃത്യമായും വിശദമായും എനിക്കു മുമ്പേ ഭാഗ്യവാനായ തെയോഗ്നയൂസിന്റെ ജീവചരിത്രം എഴുതിയിരിക്കുന്ന സഹചാര്യത്തിൽ.

മഹാനായ തെയോഗ്നിയൂസ് തന്റെ ജീവിതം വഴി സന്യാസക്രമത്തിനും സന്യാസജീവിതത്തിനും ശോഭ പരത്തി. ആത്മീയകർമ്മങ്ങളും ദിവ്യവരങ്ങളും കൊണ്ട് മെത്രാസനത്തെ അലങ്കരിച്ചു. രണ്ടുതലത്തിലും അദ്ദേഹം വളരെയധികം ശോഭിച്ച് എണ്ണപ്പെട്ടവനായി. ദൈവം അദ്ദേഹത്തിന്റെ മരണസമയം വെളിപ്പെടുത്തിക്കൊടുത്തതിനാലാകാം തന്റെ ജീവിതാവസാനം തന്റെ സ്വന്തം ആശ്രമത്തിലേക്കു പോയി. ചെറിയൊരസുഖാനന്തരം, യഥാർത്ഥമായി സന്തോഷിക്കുന്നവരുടെ വാസസ്ഥലത്തേക്ക് വേദനയോ പ്രയാസമോ കൂടാതെ അദ്ദേഹം കടന്നുപോയി.

www.malankaralibrary.com

ക്രാതെയാ മെത്രാനായിത്തീർന്ന

# നമ്മുടെ വിശുദ്ധ പിതാവ് അബ്രാമിയുസിൻെറ ജീവചരിത്രം

## 1. ആദ്യകാലം

സിറിയായിലെ മെത്രാപ്പൊലീസായ എമേസായിൽ പൗലോസ്, തെക്ലാ എന്നീ മാതാപിതാക്കളിൽ നിന്നു് സേനോയുടെ ഭരണത്തിൻെറ ആദ്യകാലത്തു് (474) പ്രശസ്ത നായ ശ്രേഷ്ഠൻ അബ്രാമിയൂസ് ജനിച്ചു. മെത്രോപ്പൊളീസി നടുത്തുള്ള ഒരാശ്രമത്തിൽവച്ചു് വളരെ ചെറുപ്പത്തിലേ അദ്ദേഹം ലോകം ഉപേക്ഷിച്ചു. അദ്ദേഹത്തിനു് അവിടെ സന്യാസ ജീവിത സംബന്ധമായ ഉത്തമ പരിശീലനം ലഭിച്ചു. അദ്ദേ ഹത്തിൻെറ പതിനെട്ടാം വയസ്സിൽ കിരാതന്മാർ ആശ്രമ ത്തിൽ കടന്നാക്രമണം നടത്തി. അപ്പോഠം ആബട്ടുമൊത്തു് കോൺസ്റ്റാൻറിനോപ്പിളിലേക്കു് ഓടിപ്പോയി. കുറേക്കാല ത്തിനുശേഷം ഈ ആബട്ടു് കോൺസ്റ്റാൻറിനോപ്പിളിലെ ഒരാ ശ്രമത്തിൻെറ അധ്യക്ഷനായിത്തീന്നു. അദ്ദേഹം ഈ ഉജ്ജ്വല താരത്തെ തൻെറ യഥാത്ഥ സഹപോരാളിയായും, അനുസരണ യുള്ള ശിഷ്യനായും, ഏററവും വിശ്വസനീയനായ കാര്യസ്ഥ നായും കൂടെ നിർത്തി. കാലം പുരോഗമിച്ചപ്പോഠം ആശ്രമത്തി നകത്തും പുറത്തും വിവിധ സുകൃതങ്ങളിൽ അബ്രാമിയൂസ് പ്രശോഭിച്ചു. സകലരോടുമുള്ള സൗഹൃദത്താലും സ്വഭാവമാധുര്യ ത്താലും ശ്രദ്ധതയാലും പെരുമാററത്തിലെ കുലീനത്വത്താലും തൻെറ ആത്മീയ ജീവിത വിശുദ്ധിയാലും അദ്ദേഹം എല്ലാ വർക്കും പ്രിയംകരനായി.

## 2. അദ്ദേഹം ക്രാതെയായിലെ സുപ്പീരിയർ ആയിത്തീരുന്നു

ഇവയും ഇതുപോലെയുള്ളവയുമായ സുകൃതങ്ങളിൽ അദ്ദേഹം പരിലസിച്ചു. തദവസരം ഹൊണോറിയാസിലെ[1]

---

1. പോന്തുസിലെ പഫ്ലഗോണിയായുടെയും ബിഥീനിയായുടെയും ഭാഗമാണ് ഹൊണോറിയാസ്.

www.malankaralibrary.com

ക്രാതെയാ പട്ടണക്കാരനായ ഒരു യോഹന്നാൻ തന്റെ മാതാപിതാക്കളുടെ കബറിങ്കൽ ഒരാശ്രമം സ്ഥാപിക്കണമെന്നു തീരുമാനിച്ചു. അയാൾ പല സർക്കാർ ജോലികളും വഹിച്ചവനും കോമെസ് ലാർജിതോരും എന്ന സ്ഥാനമുള്ളവനുമായിരുന്നു. അയാളുടെ സഹോദരൻ പ്ലാതോ ആ പട്ടണത്തിലെ മെത്രാനുമായിരുന്നു. അയാൾ അബ്രാമിയൂസിന്റെ കറതീർന്നജീവിതത്തെപ്പററിയും വിശുദ്ധ പെരുമാററത്തെപ്പററിയും കേട്ടറിഞ്ഞു. താൻ സ്ഥാപിക്കാൻ പോകുന്ന ആശ്രമത്തിന്റെ ചുമതല ഏറെറടുക്കാൻ അയാളെ വിട്ടുതരണമെന്നു് അബ്രാമിയൂസിന്റെ അധ്യക്ഷനോടപേക്ഷിച്ചു. ആബട്ട് അദ്ദേഹത്തെ അനുഗ്രഹിച്ചയച്ചു. അബ്രാമിയൂസ് ക്രാതെയായിൽ വന്നു്, ആശ്രമം പണിതു. തന്റെ 27-ാം വയസ്സിൽ, മേല്പറഞ്ഞ ക്രാതെയാ മെത്രാൻ പ്ലാതോ അദ്ദേഹത്തെ ആശ്രമാധ്യക്ഷനും വൈദികനുമാക്കി. അധ്യക്ഷനായിരുന്ന പത്തുവർഷക്കാലം അദ്ദേഹം ആശ്രമത്തെ വളരെ പ്രശസ്തമാക്കി; ധാരാളം സഹോദരന്മാരെ ഒന്നിച്ചുകൂട്ടി, അവരെ ദൈവേഷ്ടമനുസരിച്ചു നയിക്കുകയും സന്യാസ ജീവിതത്തിൽ പരിശീലിപ്പിക്കുകയും ചെയ്തു.

## 3. അദ്ദേഹം ജറുസലേമിനടുത്തുള്ള ഗോപുരത്തിൽ പ്രവേശിക്കുന്നു

അദ്ദേഹത്തെപ്പററിയുള്ള വാർത്ത എല്ലായിടത്തും വ്യാപിച്ചപ്പോൾ സന്യാസികളും അൽമായരും ഉൾപ്പെടെ നിരവധിയാളുകൾ അദ്ദേഹത്തിന്റെ പക്കലെത്തി. അദ്ദേഹത്തിന്റെ മധുരഭാഷണം ശ്രവിക്കാൻ മെത്രാന്മാരും വന്നുകൊണ്ടിരുന്നു. എന്നാൽ ചെറുപ്പം മുതൽ ഏകാന്തത ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം ഇതുമൂലം വളരെ വിഷമിച്ചു. മനസ്സുമടുത്തു് അവിടെ നിന്നോടി. ഈ ലോകത്തിന്റേതായ ഒന്നുമെടുക്കാതെ വളരെ ബുദ്ധിമുട്ടി, കഷ്ടപ്പെട്ട്, പട്ടിണികിടന്നു് അഞ്ചാം ഇൻഡിക്ഷന്റെ ആരംഭത്തിൽ, 37 വയസ്സ് പൂർത്തിയായപ്പോൾ (511) ജറുസലേമിൽ വന്നു. അവിടെ തിരുവുത്ഥാനദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വിശുദ്ധ യോഹന്നാനെ കണ്ടുമുട്ടി. അയാൾ ഒരു മുൻ സ്കൊളാരിയൂസും നമ്മുടെ വിശുദ്ധ പിതാവായ സാബാസിന്റെ ശിഷ്യനായിത്തീർന്നവനും, ഭാഗ്യവതിയായ എവുഡോസ്യ നിർമ്മിച്ച ഗോപുരത്തിന്റെ ചുമതലക്കാരനുമായിരുന്നു. എവുതീമിയസിനെപ്പററിയും സാബാസിനെപ്പററിയുമുള്ള രണ്ടു് മുൻവിവരണങ്ങളിൽ

www.malankaralibrary.com

ഈ കാര്യം സൂചിപ്പിച്ചിട്ടുണ്ടല്ലോ. അബ്രാമിയുസിന്റെ സ്വഭാവ ദൃഢതയും ഇരുത്തംവന്ന നോട്ടവും ഉചിതമായ സംഭാഷണവും മനസ്സിലാക്കിയ യോഹന്നാൻ അദ്ദേഹത്തെ ഒരു ദൈവദാസ നായി തിരിച്ചറിഞ്ഞു. വലിയ ലൗറയുടെ അതിഥിമന്ദിരത്തി ലേയ്ക്കു് അയാളെ കൂട്ടിക്കൊണ്ടുപോയി ഭാഗ്യവാനായ സാബാ സിനു് പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ അനു വാദത്തോടുകൂടെ മേല്പറഞ്ഞ ഗോപുരത്തിൽ അയാൾക്കു പ്രവേശനം നൽകി. സ്റ്റൊളാരിയുസിനോടുകൂടി ഭാഗ്യവാനായ സാബാസ് മററ് രണ്ടുപേരെക്കൂടി അവിടെ ആക്കിയിരുന്നു. അവർ ദൈവപ്രചോദിത ശ്രേഷ്ഠരും ദൈവികജ്ഞാനം ഉള്ള വരും പോൻതുസുകാരുമായ യോഹന്നാനും ഗ്രിഗറിയുമായിരുന്നു. അബ്രാമിയുസ് അത്രപിയിൽ അവരുമായി ബന്ധിതനായി, എല്ലാക്കാര്യങ്ങളിലും അവരെ അനുസരിച്ചു; ആത്മാക്കളെ രക്ഷ യിലേയ്ക്കു് നയിക്കാൻ കഴിവുററവരായി അവരെ അവൻ കണ്ടു.

## 4. ഒളിംപിയുസ് അവനോടുകൂടെ ചേരുന്നു

ഈ കാലഘട്ടത്തിൽ, ഹൊണോറിയാസിലെ ക്ലൗദിയോ പ്പൊളീസുകാരനും, പ്രശസ്തനമായ ഒരു ഒളിംപിയുസിനെ പരി ശുദ്ധാത്മാവ് ജറുസലേമിലേക്ക നയിച്ചു. ക്ലൗദിയോപ്പൊ ളീസ് ക്രാതെയാസ്സു് സമീപമായിരുന്നു. അവിടെവച്ചു് പല പ്പോഴും അബ്രാമിയുസിന്റെ ആത്മീയപ്രബോധനങ്ങൾ കേൾക്കാൻ അയാൾക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അയാൾ അബ്രാമിയുസിനെ തേടി ഇറങ്ങിയതായിരുന്നു. അദ്ദേഹം താമസിക്കുന്നിടം കണ്ടെത്തിയപ്പോൾ ഗോപുരത്തിൽ ചെന്നു് അദ്ദേഹത്തെ സന്ദർശിച്ചു. ക്രാതെയായിലേക്ക തിരികെ പോകുവാൻ അദ്ദേഹത്തെ വളരെ നിർബന്ധിച്ചു. അബ്രാമി യുസിനെ തേടിപ്പിടിച്ചുകൊണ്ടുവരണമെന്നു് റ്റ്പാതോമെത്രാൻ തുടരെത്തുടരെ നിർബന്ധിച്ചു് പറഞ്ഞതിനാലാണ് ഒളിം പിയുസ് ഈ യാത്ര തുടങ്ങിയതു്. വളരെ സന്തോഷപൂർവം അയാളെ സ്വീകരിച്ചിട്ടു് ഈ ലോകസംബന്ധമായവയെല്ലാം ഉപേക്ഷിച്ചു് ദൈവഭയത്തിനു് സ്വയം സമർപ്പിക്കാൻ അബ്രാമിയുസ് അയാളെ ദൈവവചനത്താൽ ഉപദേശിക്കുക യും നിർബന്ധിക്കുകയും ചെയ്തു. ഒളിംപിയുസ് ആ ഉപദേശം അനുസരിച്ചു. ശ്രേഷ്ഠരായ യോഹന്നാൻ, ഗ്രിഗറി, യോഹന്നാൻ സ്റ്റൊളാരിയുസ് എന്നിവരുടെ സുകൃതത്തെപ്പററിയും ജീവിത രീതിയെപ്പററിയും അറിയുകയും അവരുടെ മാതൃക തന്റെ ഉള്ളിൽ പതിയുകയും ചെയ്തപ്പോൾ ഈ ലോകം ഉപേക്ഷിക്കാ നുള്ള മാനസികാവസ്ഥ അദ്ദേഹത്തിനു കൈവന്നു. നമ്മുടെ

www.malankaralibrary.com

പിതാവായ വിശുദ്ധ സാബാസിൻെറ കൃപയുടെ ശോഭയിൽ വിശേഷവിധിയായി അദ്ദേഹം പ്രകാശിതനായി. സാബാസ് ഈ കാലത്തു് ഗോപുരത്തെ ഒരാശ്രമമാക്കി മാററിക്കൊണ്ടിരിക്കയായിരുന്നു. ഈ പിതാക്കന്മാരെ വളരെ ശ്രദ്ധയോടെ സംരക്ഷിക്കുകയും ചെയ്തിരുന്നു. ഒളിംപിയുസ് പൂർണഹൃദയത്തോടെ ദൈവത്തിനു സ്വയം സമർപ്പിച്ചു. വളരെ കുറച്ചു സമയം കൊണ്ടു് അദ്ദേഹം സുകൃതസോപാനത്തിൽ എത്തിയതിനാൽ നിർബന്ധപൂർവം അദ്ദേഹത്തെ ഡീക്കനും വൈദികനുമാക്കി. ആശ്രമഭരണത്തിൻെറ രണ്ടാം ചുമതലക്കാരനായി നിയമിച്ചു.

## 5. ക്രാതെയായിലേക്കു പോകാൻ അദ്ദേഹം നിർബന്ധിതനാകുന്നു

സ്തൊളാരിയുസിൻെറ ആശ്രമത്തിൽ നാലുവർഷം പൂർത്തിയാക്കിയപ്പോൾ താഴെപ്പറയുന്ന രീതിയിൽ ക്രാതെയായിലേക്കു പോകുവാൻ അബ്രാമിയുസ് നിർബന്ധിതനായി. മേല്പറഞ്ഞ പ്ലാതോ മെത്രാൻ പല പ്രാവശ്യം അയാളെ തിരികെ വിളിച്ചിട്ടും ഫലമുണ്ടാകാഞ്ഞതിനാൽ സഭാകാനോനാകരം എടുത്തു പ്രയോഗിക്കാൻ തുടങ്ങി: ആദ്യം അയാളെ സസ്പെൻഡു ചെയ്തു. എന്നാൽ അയാൾ അങ്ങനെതന്നെ തുടരുന്നു എന്നു് കണ്ടപ്പോൾ അയാൾക്കു് മുടക്കുകല്പന അയച്ചു. അപ്പോൾ ഭാഗ്യവാനായ യോഹന്നാൻ സ്തൊളാരിയുസ് അയാളെയുംകൂട്ടി വലിയ ലൗറയിലെത്തി അയാളുടെ കാര്യം നമ്മുടെ മഹാപിതാവായ സാബാസിനെ അറിയിച്ചു. അദ്ദേഹം, അവരിരുവരെയും കൂട്ടി വിശുദ്ധ നഗരത്തിൽ ചെന്നു് പ്രശ്നം ആർച്ചുബിഷപ്പ് ഏലിയാസിൻെറ മുമ്പിൽ അവതരിപ്പിച്ചു. ഈ മുടക്കു തീർക്കാൻ വകുപ്പു് വല്ലതും ഉണ്ടോ എന്നും ആരാഞ്ഞു. മററൊരു മെത്രാൻെറ മുടക്കു്, പ്രത്യേകിച്ചു് പട്ടം കൊടുക്കുകയും മുടക്കുകയും ചെയ്തയാൾ ജീവിച്ചിരിക്കുകയും അയാളെ കേൾക്കാതെയും, തീർക്കുന്നതു് കാനോനികമല്ലെന്നു് മഹാനായ മെത്രാൻ പ്രത്യുത്തരിച്ചു. ഇതുകേട്ടപ്പോൾ തൻെറ മെത്രാൻെറ പക്കലേക്കു തിരികെ പോകാനും മുടക്കു തീർക്കാനും ഭാഗ്യവാനായ സാബാസും യോഹന്നാനും അയാളോടു പറഞ്ഞു. പിതാക്കന്മാരുടെ ഉപദേശം സ്വീകരിച്ചുകൊണ്ടു് തൻെറ നാല്പത്തിഒന്നാംവർഷം പൂർത്തിയായപ്പോൾ ആബാ അബ്രാമിയുസ് ക്രാതെയായിലേക്കു പോയി. അവിടെയെത്തിയപ്പോൾ

www.malankaralibrary.com

സ്വന്തം മെത്രാൻ സന്തോഷപൂർവം അദ്ദേഹത്തെ സ്വീകരിക്കുകയും മുടക്കുതീർത്തു് ആശ്രമാധ്യക്ഷനായി പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു[2]. അതിനുശേഷം പ്ലാതോ മെത്രാൻ കുറേ ദിവസങ്ങൾ മാത്രമേ ജീവിച്ചുള്ളു. അദ്ദേഹം മരിച്ചപ്പോൾ ക്രാതെയാ ജനം ഒന്നടങ്കം ഏകയോഗമായി മെത്രാപ്പോലീത്തായുടെ പക്കലെത്തി അബ്രാമിയൂസിനെ മെത്രാനാക്കണമെന്നു് അപേക്ഷിച്ചു. മറെറന്തോ കാര്യത്തിനെന്നു പറഞ്ഞു് അയാളെ മെത്രാപ്പോലീത്താ വരുത്തി ക്രാതെയാ മെത്രാനായി വാഴിച്ചു.

## 6. ക്രാതെയാ മെത്രാൻസ്ഥാനം

വിസ്താരഭയത്താൽ, മെത്രാനെന്ന നിലയിൽ അദ്ദേഹം ചെയ്ത ഓരോ ഭക്തകൃത്യവും വിവരിക്കാതെ ഞാൻ വിട്ടുകളയുകയാണു്: അദ്ദേഹത്തിൻെറ അനാഥാലയങ്ങൾ, അതിഥിമന്ദിരങ്ങൾ, ആശുപത്രികൾ, പിശാചിനെ ബഹിഷ്ക്കരിക്കൽ, ആവശ്യക്കാരെ സഹായിക്കൽ, പള്ളിപണികൾ, നിരവധി അദ്ഭുത കർമ്മങ്ങൾ. മെത്രാൻ എന്ന നിലയിലുള്ള അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ അവസാനഭാഗത്തേക്കു് വേഗത്തിൽ കടക്കുകയാണു്, അദ്ദേഹം പതിനഞ്ചുവർഷം മെത്രാനായിരുന്നു് തൻെറ ജീവിതത്താലും പ്രബോധനത്താലും നഗരത്തെ പ്രകാശിപ്പിച്ചു. സഭാസംബന്ധമായ കാര്യങ്ങൾക്കായി പലയിടത്തുമുള്ള പലരെയും കാണേണ്ടതായി വന്നു. അങ്ങനെ തൻെറ ഇച്ഛയ്ക്കു വിരുദ്ധമായി ഒരിക്കൽ ഇമ്പീരിയൽ നഗരത്തിൽ പോകേണ്ടിവന്നു. സ്റ്റൊളാരിയൂസിൻെറ ആശ്രമത്തിൽ ഏകാന്തവാസിയായിരുന്നപ്പോൾ അനുഭവിച്ച സന്യാസ ഏകാന്തതയും, ഇപ്പോഴുള്ള ലൗകിക പര്യാകുലതകളും മനപ്പതർച്ചയും ഓർത്തു് അദ്ദേഹം വളരെ ദുഃഖിതനും പര്യാകുലനുമായി. അദ്ദേഹം ദൈവത്തോടു് ഇപ്രകാരം താല്പര്യപൂർവം അപേക്ഷിച്ചു പ്രാർത്ഥിച്ചു: ''ദൈവമായ കർത്താവേ, ഞാൻ മരുഭൂമിയിലേക്കു പിൻമാറുന്നതാണു് തിരുഹിതമെങ്കിൽ, നിൻെറ ഇഷ്ടം നടത്തിത്തരണമെ.''

## 7. അയാൾ വിശുദ്ധ നാട്ടിലേക്കു തിരികെ പോകുന്നു

അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ വന്നപ്പോൾ നമ്മുടെ വിശുദ്ധ പിതാവു് സാബാസ് അവിടെ ഉണ്ടെന്നു് കേട്ടു്

2. ക്രാതെയാ ആശ്രമം പോന്തുസിലാണു്.

www.malankaralibrary.com

അദ്ദേഹത്തെ കാണാൻ ആഗ്രഹിച്ചു. അവിടെയെല്ലാം താല്പര്യ പൂർവം അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. തുടർന്നുള്ള അന്വേഷണഫലമായി താൻ വരുന്നതിനു മൂന്നു ദിവസം മുൻപ് അദ്ദേഹം കോൺസ്റ്റാൻറിനോപ്പിൾ വിട്ട് ജറുസലേമിലേക്കു പോയി എന്നറിവാൻ ഇടയായി കാണാൻ കഴിയാത്തതിൽ വളരെ ദുഃഖിതനായിരിക്കെ, പിറേറരാത്രിയിൽ സാബാസ് നിദ്രയിൽ കാണപ്പെട്ടുപറഞ്ഞു: എന്നെ കോൺസ്റ്റാൻറിനോപ്പിളിൽ കാണാത്തതിൽ കുണ്ഠിതപ്പെടേണ്ട. ഈ ലോകവ്യഗ്രതകളിൽ നിന്ന് മോചിതനാകണമെന്ന് നീ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നെങ്കിൽ നിൻെറ ആശ്രമത്തിലേക്കു തിരിച്ചുപോകുക, അവിടെ നീ ആശ്വാസം കണ്ടെത്തും; നിദ്ര വിട്ടുണർന്നപ്പോൾ ആരോടും ഇതേപ്പററി യാതൊന്നും സൂചിപ്പിച്ചില്ല. സഭാസംബന്ധമായി നേടിയെടുത്ത കാര്യങ്ങളെല്ലാം കൂടെയുള്ള ഡീക്കനെ ഭരമേല്പിച്ച് വേഗത്തിൽ അവനെ മടക്കി അയച്ചു. ഈലോകസംബന്ധമായ യാതൊന്നും എടുക്കാതെ കപ്പൽ കയറി ജറുസലേമിലേക്കും അവിടെ നിന്ന് ഗോപുര ആശ്രമത്തിലേക്കും തിടുക്കത്തിൽ പോയി. അദ്ദേഹത്തിൻെറ തിരിച്ചുവരവ് യോഹന്നാൻ സ്കോളാരിയൂസിനെയും ഒളിംപിയൂസിനെയും അതീവസന്തുഷ്ടരാക്കി. ഇവർ മൂവരും ഏകാത്മാവായിത്തീർന്നു. താമസവും ഭക്ഷണവും സദ് പ്രവൃത്തികളും ഇവർക്ക് പൊതുവായിരുന്നു. ഭക്തകർമ്മങ്ങൾക്ക് ഇവർ പരസ്പരം പ്രേരിപ്പിച്ചിരുന്നു. ദൈവഹിതമനുസരിച്ചുള്ളതല്ലാതെ മററൊന്നും അവർ ചിന്തിച്ചിരുന്നില്ല. ലൗകികകാര്യങ്ങളിൽ നിന്ന് പിൻമാറി അവർ ദൈവത്തിങ്കലേക്ക് അടുത്തു. അബ്രാമിയൂസ് വന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ ഡിസംബർ അഞ്ചിന് നമ്മുടെ വിശുദ്ധ പിതാവ് സാബാസ് കടന്നു പോയി.

## 8. ഒളിംപിയൂസിൻെറയും യോഹന്നാൻ സ്കൊളാരിയൂസിൻെറയും മരണം

ഉപവാസദിവസങ്ങളിൽ യോഹന്നാൻ സ്കോളാരിയൂസിനെയും ഒളിംപിയൂസിനെയും കൂട്ടി വിശുദ്ധ അബ്രാമിയൂസ് റൂബാ മരുഭൂമിയിലേക്ക് പിൻവാങ്ങിയിരുന്നു. ഈ മരുഭൂമിയിലെ നിശ്ശബ്ദനിവാസികളെ കണ്ടപ്പോൾ, അവർ മൂവരും ഒന്നിച്ച് എട്ടുവർഷത്തോളം ഈ ജീവിതാവസ്ഥയ്ക്കു ചേർന്ന കാര്യങ്ങളിൽ തല്പരരായി അവരുടെ പ്രായശ്ചിത്ത കർമ്മങ്ങളെ അനുകരിച്ചുകൊണ്ട് ആ സ്ഥലത്തു പാർത്തു. പ്രവചനവരം

www.malankaralibrary.com

ലഭിക്കത്തക്ക വിധം മററെല്ലാ സന്യാസികളെയും ഉല്ലംഘിച്ച ശേഷം ഈ കാലത്തിൻെറ അന്ത്യത്തിൽ ഒളിംപിയുസ് മരിച്ചു.

മഹാനായ അബ്രാമിയുസ് ആത്മാവിൻെറയും ശരീരത്തിൻെറയും ഭിഷഗ്വരനായിരുന്നു. വിവിധതരം രോഗങ്ങൾക്ക സൗഖ്യംകിട്ടാൻ നിരവധിയാളുകൾ ആശ്രമത്തിൽ അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അധികം താമസിയാതെ യോഹന്നാൻ സ്റ്റൊളാരിയുസ് രോഗഗ്രസ്തനായി. ചുരുങ്ങിയ കാലത്തെ രോഗത്തിനുശേഷം, ഈ ലോകത്തിൽ നിന്നു കടന്നുപോകാൻ സമയമായി എന്നു് പരിശുദ്ധാത്മാവു് അറിയിച്ചു. അദ്ദേഹം തൻെറ അന്ത്യോപദേശങ്ങളെല്ലാം നൽകി. രോഗം തുടങ്ങി നാലാംദിവസം ജനുവരിമാസത്തിൽ (542) ക്രിസ്തുവിലേക്ക കടന്നുപോയി. അപ്പോൾ അദ്ദേഹത്തിനു് 68 വയസ്സായിരുന്നു. സുപ്പീരിയർ സ്ഥാനം രാജിവയ്ക്കുന്നതുവരെ ആശ്രമഭരണത്തിൽ കുറിയാക്കോസ് അദ്ദേഹത്തിൻെറ പിൻഗാമിയായി.

## 9. അബ്രാമിയുസിൻെറ അദ്ഭുതങ്ങൾ

വിഖ്യാതനായ അബ്രാമിയുസിനു ദൈവം കൊടുത്ത കൃപകൾ, ദൈവം തൻെറ കരുണയാൽ പരസ്യമാക്കി. ആശ്രമത്തിൽ നിന്നു് അകലെ താമസിച്ചിരുന്ന, ലെയോൺഷ്യസ് എന്നുപേരുള്ള ഒരു ശിഷ്യൻ അദ്ദേഹത്തിനുണ്ടായിരുന്നു. ആ സ്ഥലത്തുള്ള പൗലോസ് എന്നു പേരുള്ള ഒരാളെ ഈ ശിഷ്യൻ തൻെറ കൂടെ കൂട്ടിയിരുന്നു. ഈ പൗലോസിനു് ഒരു മാനസിക രോഗം ഉണ്ടായിരുന്നു. അബ്രാമിയുസിനെ കാണാൻ അയാളെയും കൂട്ടി ലെയോൺഷ്യസ്, സ്റ്റൊളാരിയുസിൻെറ ആശ്രമത്തിൽ എത്തി. അവനെ കണ്ടപ്പോൾ പിശാചു് അവനെ നിലത്തു് ഉരുട്ടിയിട്ടു് കഠിനമായി ക്ലേശിപ്പിക്കാൻ തുടങ്ങി. അവൻെറ നിലവിളികേട്ടു് ആശ്രമവാസികളെല്ലാം ഓടിക്കൂടി. പിശാചു് ദൈവദൂഷണം പറയുകയും അബ്രാമിയുസിനെ താറടിച്ചു് പുലമ്പുകയും ചെയ്തുകൊണ്ടിരുന്നു. അവൻ പറഞ്ഞു: ''അബ്രാമിയുസേ, നീ നിമിത്തം എനിക്കു ഹാ, കഷ്ടം. എന്നെ നീ എന്തിനു പീഡിപ്പിക്കുന്നു?'' അബ്രാമിയുസ് അട്ടഹസിച്ചു: ''ഈ മനുഷ്യനിൽ നിന്നു പുറപ്പെട്ടുപോകണമെന്നും ഒരു തരത്തിലും അവനിലേക്കു തിരിച്ചു വരരുതെന്നും യേശുക്രിസ്തുവിൻെറ നാമത്തിൽ ഞാൻ നിന്നോടു കല്പിക്കുന്നു''. ഉടനെ പിശാചു പുറത്തു ചാടി; ആ മനുഷ്യൻ ഉടനെ സൗഖ്യമുള്ളവനായി.

www.malankaralibrary.com

രക്തസ്രാവത്താൽ ക്ലേശിക്കുന്ന മററൊരു സഹോദരൻ സ്റ്റൊളാരിയൂസിൻെറ ആശ്രമത്തിൽ ഉണ്ടായിരുന്നു. അയാറം പലതരം മരുന്നുകറം ചെയ്തുകിലും ഒരു ഫലവും ഉണ്ടായില്ല. പൗലോസിൻെറ കാര്യത്തിൽ അബ്രാമിയൂസ് മെത്രാൻ ചെയ്തതുകണ്ട് അവൻ തൻെറ പദ്ധതി രഹസ്യമായി സൂക്ഷിച്ചു. മധ്യാഹ്ന സമയത്തു് അവൻ പള്ളിയിൽ കയറി തൻെറ വസ്ത്രമെല്ലാം ഉരിഞ്ഞുമാററിയിട്ട് അബ്രാമിയൂസ് സാധാരണയായി ഇരിക്കുന്ന സ്ഥലത്തു് കയറിയിരുന്നു. ശ്രേഷ്ഠൻെറ ഇരിപ്പിടത്തിൽ രോഗി ഇരുന്ന ക്ഷണത്തിൽതന്നെ രക്തസ്രാവം നിലച്ചു; അയാറം ആരോഗ്യവാനായിത്തീന്നു. ആശ്രമവാസികറം പെട്ടെന്നുള്ള മാററം കണ്ടപ്പോറം കാരണം തിരക്കി. അപ്പോറം അയാറം എല്ലാം വിവരിച്ചുപറഞ്ഞു. അവർക്കു് അത്ഭുതമായിപ്പോയി. എല്ലാ അത്ഭുതങ്ങളും പ്രവർത്തിക്കുന്ന ദൈവത്തിനു് അവർ നന്ദി പറയുകയും തൻെറ ദാസനായ അബ്രാമിയൂസിനു് ദൈവം കൊടുത്ത കൃപയെ പുകഴ്ത്തുകയും ചെയ്തു.

## 10. അദ്ദേഹത്തിൻെറ സത്യവിശ്വാസവും മരണവും

സത്യവിശ്വാസകാര്യത്തിൽ അബ്രാമിയൂസ് തീക്ഷ്ണനായിരുന്നു. അതിൽ നിന്നു് അകന്നവരെയെല്ലാം അദ്ദേഹം എതിർത്തിരുന്നു. പുത്രനായ ദൈവം ത്രിത്വത്തിൽ ഒരുവനാണെന്നും, അവിടുന്നു പരിപൂർണ ബൗദ്ധികാത്മാവുള്ള പരിപൂർണ മനുഷ്യനും പരിപൂർണ ദൈവവുമാണെന്നും, ദൈവത്വത്തിൽ പരിപൂർണനും മനുഷ്യത്വത്തിൽ പരിപൂർണനുമാണെന്നും, തൻെറ ദൈവത്വംവഴി അത്ഭുതം പ്രവർത്തിച്ചെന്നും തൻെറ മനുഷ്യത്വത്തിൽ പീഡ സഹിച്ചെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അദ്ദേഹത്തിൻെറ ഉജ്ജ്വലകർമ്മങ്ങളും ദൈവത്തിൽ നിന്നു് അദ്ദേഹത്തിനു കിട്ടിയ ആത്മീയ ദാനങ്ങളും അദ്ദേഹത്തെ സന്യാസാന്തസിൻെറ മഹത്വമാക്കി. വേദനയോ, പ്രയാസമോ കൂടാതെ ഡിസംബർ 6നു് മരിച്ചു് യഥാർത്ഥമായി സന്തോഷിക്കുന്നവർക്കുള്ള വാസസ്ഥലത്തേക്കു് കടന്നു; നമ്മുടെ ദൈവമായ ക്രിസ്തുവിൽ നിന്നു് സ്വർഗീയകിരീടം സ്വീകരിച്ചു. അവിടുത്തേക്കു് എന്നുമെന്നേക്കും മഹത്വവും സ്തുതിയും ആധിപത്യവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

# പുതിയ പുസ്തകങ്ങൾ

## ജി. ചേടിയത്ത്

1. കേരളത്തിലെ ക്രൈസ്തവസഭകൾ
(മൂന്നാം പതിപ്പ്) P. XVI + 464, Rs. 45/-
2. യഹോവാസാക്ഷികൾ
3. ശിശുസ്നാനം വേദാനുസൃതം
4. ത്രിയേകദൈവം
(ബാധനി പ്രസിദ്ധീകരണം)
5. മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ,
(രണ്ടാം പതിപ്പ്) 1992, P. 160. Rs. 15/-
6. ആദിമസഭാപിതാക്കന്മാർ, 1993, P. 356, Rs. 30/-
(രണ്ടാം പതിപ്പ്)
7. ഹെർമാസിൻെറ ഇടയൻ
(രണ്ടാം പതിപ്പ്) 1992, P. 144, Rs. 15/-
8. മലങ്കരസഭാചരിത്രം, (ഒന്നാം ഭാഗം) 1994, 92, Rs. 10/
9. ആദിമസഭയുടെ സന്ദേശം
(മൂന്നാം പതിപ്പ്), 1994, P. 24+326, Rs. 30/-
10. വിശുദ്ധ എവുതീമിയസിൻെറ ജീവചരിത്രം, P.10 + 90
1994, Rs. 10/-
11. പലസ്തീനായിലെ സന്ന്യാസികൾ, P. 8 + 200,
1994, Rs. 20/-

---

കോപ്പികൾക്ക്:

*1 പൗരസ്ത്യ വിദ്യാപീഠം പി. ബി. 1, വടവാതൂർ, കോട്ടയം. 686010.*

*2 സെൻറ് അലോഷ്യസ് സെമിനാരി, പട്ടം, തിരുവനന്തപുരം, 695004.*

www.malankaralibrary.com